ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ജൂലൈ-സെപ്റ്റംബർ 2024 പുസ്തകം 5 ലക്കം 3

പ്രാദേശിക സർക്കാരുകളും
പൊതുധനകാര്യ മേഖലയിലെ പുനഃക്രമീകരണവും

പ്രവാസികൾ കേരളത്തിന്റെ സാമ്പത്തിക അടിത്തറ:
കേരള മൈഗ്രേഷൻ സർവെ റിപ്പോർട്ട് - 2023

പ്രാദേശിക ഭരണരംഗത്തെ സാമ്പത്തിക അസന്തുലിതാവസ്ഥ :
ധനക്കമ്മീഷൻ കണക്കിലെടുക്കേണ്ട വസ്തുതകൾ

ഹരിതനികുതിയുടെ നിയമപരമായ സാധ്യതകളും ഇന്ത്യൻസാഹചര്യവും

ആരോഗ്യ മേഖലയിലെ ഉയരുന്നചെലവുകൾ
സംസ്ഥാനങ്ങൾക്ക് കടുത്ത ഭാരം

വൈജ്ഞാനിക സമ്പദ്ഘടനയിലേക്കുള്ള പരിണാമവും
കേരളത്തിന്റെ അനുഭവങ്ങളും

വായ്പാ നയത്തിൽ കരുതലോടെ റിസർവ് ബാങ്ക്

ആഗോള സാമ്പത്തിക ചലനങ്ങളും ഇന്ത്യയുടെ വിദേശ വ്യാപാരവും

തൊഴിലും തൊഴിലില്ലായ്മയും ഇന്ത്യൻ സാഹചര്യത്തിൽ

മിഷൻ ലൈഫ് - കാലാവസ്ഥ വ്യതിയാനം
നേരിടുന്നതിനുള്ള ഇന്ത്യൻ മാതൃക

ജി എസ് ടി : പ്രധാന നടപടികൾ

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം


എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി

എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ
താരാ എസ് നായർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

അസിസ്റ്റന്റ് എഡിറ്റർ
യു പി അനിൽകുമാർ



വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in



Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT



Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Time Offset, Thiruvananthapuram.
For private circulation. Not for sale.

*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

# ഉള്ളടക്കം

**പേജ് നമ്പർ**

1. **പ്രാദേശിക സർക്കാരുകളും പൊതുധനകാര്യ മേഖലയിലെ പുനഃക്രമീകരണവും** **3**
എം. എ ഉമ്മൻ

2. **പ്രവാസികൾ കേരളത്തിന്റെ സാമ്പത്തിക അടിത്തറ – കേരള മൈഗ്രേഷൻ സർവെ റിപ്പോർട്ട് – 2023** **22**
എസ്. ഇരുദയരാജൻ

3. **പ്രാദേശിക ഭരണരംഗത്തെ സാമ്പത്തിക അസന്തുലിതാവസ്ഥ : ധനക്കമ്മിഷൻ കണക്കിലെടുക്കേണ്ട വസ്തുതകൾ** **33**
ഷെൻസി മാത്യു

4. **ഹരിതനികുതിയുടെ നിയമപരമായ സാധ്യതകളും ഇന്ത്യൻ സാഹചര്യവും** **46**
മീനു മോഹൻ

5. **ആരോഗ്യ മേഖലയിലെ ഉയരുന്ന ചെലവുകൾ സംസ്ഥാനങ്ങൾക്ക് കടുത്ത ഭാരം** **57**
സ്വാതിവർമ്മ പി ആർ

6. **വൈജ്ഞാനിക സമ്പദ്ഘടനയിലേക്കുള്ള പരിണാമവും കേരളത്തിന്റെ അനുഭവങ്ങളും** **67**
വീണരഞ്ജിനി കെ. കെ

7. **വായ്പാ നയത്തിൽ കരുതലോടെ റിസർവ് ബാങ്ക്** **84**
അശ്വതി റേച്ചൽ വർഗീസ്

8. **ആഗോള സാമ്പത്തിക ചലനങ്ങളും ഇന്ത്യയുടെ വിദേശ വ്യാപാരവും** **90**
അഞ്ജലികൃഷ്ണ സുധാകരൻ, അമലു സെബി

9. **തൊഴിലും തൊഴിലില്ലായ്മയും ഇന്ത്യൻ സാഹചര്യത്തിൽ** **94**
റിഥിക് എം.എസ്, ഗോപിക ജി

10. **മിഷൻ ലൈഫ് – കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള ഇന്ത്യൻ മാതൃക** **102**
റിജു മോഹൻ, മുനവറ സുബൈർ

**11. GST updates** **109**
Vidya V Devan

**12. New studies on Kerala** **126**
Young scholars' forum, GIFT.

**13. What is new(s) from GIFT** **133**

**14. Call for Papers: Kerala Economy Journal** **144**

**15. KTR Advertisement** **146**

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

**പ്രസംഗം – 2**

# പ്രാദേശിക സർക്കാരുകളും പൊതുധനകാര്യ മേഖലയിലെ പുനഃക്രമീകരണവും

എം. എ ഉമ്മൻ

**സംഗ്രഹം**

*ഇന്ത്യൻ ഭരണഘടനയുടെ 73, 74 എന്നീ ഭേദഗതികളുടെ ഭാഗമായി വരുന്ന വികേന്ദ്രീകരണ, ത്രിതല പുനഃസംഘടന പാക്കേജിന് പര്യാപ്തമാകും വിധം പൊതുധനകാര്യ രംഗത്ത് പ്രചാരത്തിലുള്ള പാശ്ചാത്യ സിദ്ധാന്തങ്ങളിൽ മാറ്റം ആവശ്യമാണ്. ഇന്ത്യയിലെ പൊതുധനകാര്യ രംഗത്ത് ഒരു പൊളിച്ചെഴുത്തിന് ഉതകുന്ന വിധത്തിലുള്ള ചില ചിന്തകളാണ് ഈ ലേഖനത്തിലൂടെ അവതരിപ്പിക്കുന്നത്. പ്രാദേശിക സർക്കാരുകളുടെ ധനകാര്യം കൂടുതൽ ജീവനക്ഷമമാക്കുകയും അത് ഇന്ത്യയുടെ ധനകാര്യ ഫെഡറലിസത്തിന്റെ നിർണ്ണായക ഭാഗമായി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ കാതൽ.*

**പ്രധാന വാക്കുകൾ :** *വിപണി നിയന്ത്രിത ഫെഡറലിസം, തനത് വരുമാന സ്രോതസുകൾ, ധനപരമായ മിഥ്യാധാരണ, കർക്കശമായ ബജറ്റ്, യൂണിയൻ ധനകാര്യ കമ്മീഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ.*

പുതിയ ഒരു സാമൂഹ്യ ജനാധിപത്യ വ്യവസ്ഥ പടുത്തുയർത്തുന്നതിന് പ്രവർത്തനോന്മുഖമായ പൊതുധനകാര്യം, ഒരു ഉപകരണം എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന ചിന്തക്കാണ് നാം തുടക്കമിട്ടത്. 'മൂലധനവും അസമത്വവും' എന്ന തോമസ് പിക്കെറ്റിയുടെ പുസ്തകമാണ് ഇതിന് എനിക്ക് പ്രേരണയായത്. ഇന്ത്യൻ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, ധനകാര്യ ഫെഡറലിസം സംബന്ധിച്ച പാശ്ചാത്യ വീക്ഷണങ്ങളെ വിമർശനാത്മകമായി പരിശോധിക്കുക എന്നതിനാണ് ഞാൻ ഇവിടെ തുനിയുന്നത്. ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിലാണ് ഇത് സംബന്ധിച്ച സിദ്ധാന്തങ്ങൾ എളിയ നിലയിൽ രൂപപ്പെടുന്നതെന്ന് കാണാം. പിന്നീട് വികസിത രാജ്യങ്ങൾ കൊണ്ട് വന്ന വിവിധ നയങ്ങളുടെ ചുവട് പിടിച്ച് വിപുലമായ ഒന്നായി അത് പരിണമിക്കുകയായിരുന്നു. പ്രാദേശിക സർക്കാരുകളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇതിനകം നാം ചർച്ച ചെയ്തിട്ടുണ്ട്. പ്രാദേശിക ധനകാര്യവുമായി ബന്ധപ്പെട്ട ഘടകങ്ങൾ സിദ്ധാന്തങ്ങളുടെ തലത്തിലേക്ക് കൊണ്ട് വരുന്നത് പ്രധാനമായും ചാൾസ് ടിബൈട്ടാണ് (1956). 'വോട്ടിങ് വിത്ത് ദി ഫീറ്റ്' എന്നാണ് അദ്ദേഹത്തിന്റെ ഈ മോഡൽ പരക്കെ അറിയപ്പെടുന്നത്. വളരെ പ്രതികൂലമായ നിബന്ധനകൾക്ക് നടുവിൽ തന്റെ ഇടപാടുകൾ ക്രിയാത്മകമായി

നടത്തുന്നതിനുള്ള ഒരു ഉപഭോക്താവിന്റെ സാധ്യതകളുടെ അടിസ്ഥാനത്തിലാണ് അത് രൂപപ്പെടുന്നത്.

മസ്ഗ്രേവ് (1959) നടത്തിയ ത്രിതല വർഗീകരണ സിദ്ധാന്തം ഏറെ സുവിദിത മാണ്. സ്ഥിരത, വിതരണം, നീക്കിവയ്ക്കൽ എന്നിവയാണ് ഈ മൂന്ന് തലങ്ങൾ. വിവിധ തട്ടുകളിലായുള്ള സർക്കാരുകളുടെ ചുമതലകൾ പങ്ക് വയ്ക്കുന്നതിനെ കുറിച്ചുള്ള വളരെ പ്രധാനപ്പെട്ട മാർഗ്ഗനിർദേശങ്ങ ളായിരുന്നു അത്. വികേന്ദ്രീകൃതമായ ഒരു ഭരണ സംവിധാനത്തിൽ വിഭവങ്ങൾ പങ്ക്‌വയ്ക്കുന്ന തിൽ പ്രകടമാകുന്ന കാര്യ ശേഷിയും അതിൽ നിന്നും ലഭ്യമാകുന്ന സൗകര്യങ്ങളും ഉയർന്ന നിലവാരത്തിലുള്ള തായിരിക്കും. അതിലെ പൗരന്മാർക്ക് പൊതുവായ സേവനങ്ങളു ടെയും ഒപ്പം നികുതികളുടെയും കൂട്ടത്തിൽ നിന്നും ഏറ്റവും മികച്ച മിശ്രണം അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് തിരഞ്ഞെടു ക്കുവാൻ കഴിയുന്നു (സ്മോക്ക് (200) : 6). ധനകാര്യ ഫെഡറലിസത്തെ കുറിച്ച് മസ് ഗ്രേവിനെ തുടർന്ന് നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. കൂട്ടത്തിൽ 1972 ൽ ഓട്ട്സ് മുന്നോട്ട് വച്ച വികേന്ദ്രീകൃത സിദ്ധാന്തം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. പൊതുഉത്പന്നങ്ങളുടെ നേട്ടവും കോട്ടവും അത് പ്രയോജനപ്പെടുത്തുന്ന ജനവിഭാഗങ്ങളുടെ താല്പര്യങ്ങളുമായി ചേർന്ന് പോകുന്ന പ്രത്യേകമായ ഒരു തലമാണ് അദ്ദേഹം വിഭാവന ചെയ്യുന്നത്.

ഓരോ പ്രാദേശിക സർക്കാരും 'പറേറ്റോ എഫിഷ്യന്റ് ഔട്ട്പുട്ട്' ഫലപ്രദമായി പ്രദാനം ചെയ്യുന്ന മുറയ്ക്ക് അവിടെ ജനങ്ങളുടെ പരമാവധി ക്ഷേമം ഉറപ്പാക്കാൻ കഴിയുന്നു എന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. എന്നാൽ വികസിത രാജ്യങ്ങളിൽ പോലും ഇത്തരത്തിലുള്ള ഒരു മാതൃകാ പറേറ്റോ എഫിഷ്യന്റ് ഭരണ സംവിധാനം നിലവിൽ വരുത്തുക എന്നത് പ്രായോഗികമായി വളരെ പ്രയാസമേറിയ കാര്യമാണ്. നികുതിയോ, ഉപയോഗിക്കുന്നതിനുള്ള ചാർജ്ജോ നല്കാൻ ശേഷിയില്ലാത്ത ജനങ്ങൾ അധികമുള്ള പാവപ്പെട്ട രാജ്യങ്ങളിൽ ഇത് അസാധ്യവു മാണ്. 'റോമാ സാമ്രാജ്യം കത്തിയെരിയു മ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുന്നു' എന്ന് പറയുന്നത് പോലെ, ലോകത്തെ അതിസമ്പന്നരായ ആളുകൾ നികുതി അടക്കമുള്ള കാര്യങ്ങളിൽ ഒട്ടും വിട്ടുവീഴ്ച ചെയ്യാതിരിക്കുകയും അതേ സമയം തന്നെ നിരവധിയാളുകൾ പട്ടിണിയിലും പോഷകാഹാര കുറവ് കൊണ്ടും മരിക്കുകയും ചെയ്യുന്ന ദുരവസ്ഥയുണ്ടാകുന്നു.

പൊതുധനകാര്യത്തിന്റെ കാര്യത്തിൽ ആദ്യ തലമുറ സിദ്ധാന്തങ്ങൾ എന്ന് പറയുന്നത് ഓട്ട്സ് (2005) ചൂണ്ടിക്കാട്ടുന്നത് പോലെ ആരോ – മസ്ഗ്രേവ് – സാമുവൽസൺ വീക്ഷണമാണ്. അദ്ദേഹം അത് തന്റെ വികേന്ദ്രീകൃത സിദ്ധാന്തത്തിൽ വ്യക്തമാക്കുന്നുണ്ട്.

സവിശേഷമായ ഒരു സാഹചര്യമാണ് ഫോസ്റ്റർ, ഗ്രീർ, തോർബെക്ക് ഒന്നാം തലമുറ സിദ്ധാന്തം എന്നിവർ മുന്നോട്ട് വയ്ക്കുന്നത്. അതായത് വിവിധ തലങ്ങളിലുള്ള സർക്കാരുകൾ പൊതു സേവനങ്ങളുടെ ഏറ്റവും ഫലപ്രദമായ മാതൃകകൾ നൽകുന്നു. ഇത്തരം സേവനങ്ങൾക്ക് അവ നൽകുന്ന നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക മാതൃക ഉണ്ടെന്ന് കാണാം. ഇത്തരത്തിലുള്ള അവയുടെ ഫലങ്ങളെയാണ് 'പെർഫെക്റ്റ് മാപ്പിംഗ്' അഥവാ 'ഫസ്റ്റ് ഇക്വിവാലൻസ്' എന്ന് വിവക്ഷിക്കുന്നത്. മൻകാർ ഓൾസണിന്റെ (1969) പദാവലിയിലാണ് ഇതുള്ളത് (ഓട്സ് (2005) : 351).

സമതുലിതമായ വരുമാന വിതരണത്തിന്റെ കാര്യത്തിലും സ്ഥിരത പുലർത്തുന്ന കാര്യത്തിലും ഒന്നാം തലമുറ സിദ്ധാന്തം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. നികുതി അടക്കമുള്ള കാര്യങ്ങളിൽ ഒന്നാം തലമുറ സിദ്ധാന്തം അടിസ്ഥാന മാക്കിയുള്ള കാര്യങ്ങൾ മാസഗരവിന്റെ മോഡലിനെ ആധാരമാക്കിയാണെന്ന് കാണാം. ധനകാര്യ ഫെഡറൽ രംഗത്ത് ഗ്രാന്റുകൾ അടക്കമുള്ള

വിവിധ ധനസഹായങ്ങളുടെ കാര്യത്തിൽ തുല്യത സൃഷ്ടിക്കുക എന്ന പ്രശ്നവും ഇത് അഭിമുഖീകരിക്കുന്നുണ്ട്.

ധനകാര്യ ഫെഡറലിസത്തിന്റെ കാര്യത്തിലെ രണ്ടാം തലമുറ സിദ്ധാന്തങ്ങളിലേക്ക് വരുമ്പോൾ അവ ഒന്നാം തലമുറ സിദ്ധാന്ത ങ്ങളുടെ തന്നെ വിപുലീകൃതമായ രൂപ മാണെന്ന് കാണാം. വിപണി അധിഷ്ഠിതമായ ഫെഡറലിസത്തിന് ബീജവാപം ചെയ്യുന്ന ഒന്നാണ് ഇവ. ശക്തമായ വിപണികൾ ധനകാര്യ ഫെഡറൽ ഘടനക്ക് ജീവനക്ഷമത നൽകുന്ന ഒന്നാണെന്ന് ഈ സിദ്ധാന്തങ്ങൾ ചൂണ്ടിക്കാട്ടുന്നു (വിൽദാസിൻ–2004). പ്രാദേശിക സർക്കാരുകളുടെ ബജറ്റുകൾ നേരിടുന്ന ശക്തമായ സമ്മർദ്ദങ്ങൾക്ക് അവ മുൻതൂക്കം നൽകുകയും ചെയ്യുന്നു. ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന ഫെഡറൽ സംവിധാനത്തിൽ സാമ്പത്തികമായ ആശ്വാസ നടപടികൾക്ക് വേണ്ടി പ്രാദേശിക ഗവൺമെന്റുകൾ കേന്ദ്ര സർക്കാരിനെ ആശ്രയിക്കുന്ന രീതി പരമാവധി നിരുത്സാഹ പ്പെടുത്തുക എന്നതാണ് ഇവയുടെ അടിസ്ഥാനം. ഇന്നത്തെ ഇന്ത്യയിൽ ഈ രീതി നമുക്ക് പിന്തുടരുവാൻ കഴിയുമോ എന്ന ചോദ്യം ഉയരുന്നുണ്ട്. ഇല്ല എന്നതാണ് അതിനുള്ള ഉത്തരം.

ഇത്തരത്തിലുള്ള പാശ്ചാത്യ സിദ്ധാന്തങ്ങൾ വേണ്ടത്ര മാറ്റം കൂടാതെ നമുക്ക് സ്വീകരിക്കാൻ കഴിയില്ല എന്നതിനെ കുറിച്ചാണ് അടുത്ത ഭാഗത്ത് വ്യക്ത മാക്കുന്നത്. പ്രത്യേകിച്ച് രണ്ടു ഭരണഘടനാ ഭേദഗതികൾ വഴിയായി പ്രാദേശിക ഭരണ സംവിധാനത്തിന് നാം രൂപം നൽകിയ പശ്ചാത്തലത്തിൽ. നമ്മുടെ രാജ്യത്തിന്റെ പ്രായോഗികമായ രീതിയെ അടിസ്ഥാന മാക്കിയല്ല ഇത്തരം സിദ്ധാന്തങ്ങൾ ഉരുത്തിരി ഞ്ഞിട്ടുള്ളത്. ജനങ്ങൾക്ക് താല്പര്യമുള്ള പൊതുസേവനങ്ങൾ നൽകുന്ന ഒരു പ്രദേശത്തേക്കുള്ള കുടിയേറ്റം എന്നതും ടോബൗട്ട് ചൂണ്ടിക്കാട്ടിയ വോട്ടിംഗ് ബൈ ഫീറ്റ് എന്നതും ഇന്ത്യയിലെ ഗ്രാമങ്ങളിൽ നമുക്ക് സ്വപ്നം പോലും കാണാൻ കഴിയാത്ത ഒന്നാണ്. ജോലിക്ക് വേണ്ടി പുറത്തേക്ക് പോവുകയും പിന്നീട് സ്വന്തം നാടുകളിലേക്ക് തിരിച്ചു വരികയും ചെയ്യുക എന്നതാണ് നമ്മുടെ രീതി. 2020 മാർച്ച് മാസത്തിൽ ലോക്ക്ഡൗൺ ഘട്ടത്തിൽ ഡൽഹിയിൽ നിന്നും ജനങ്ങൾ സ്വന്തം നാടുകളിലേക്ക് കൂട്ടപലായനം ചെയ്തത് ഉദാഹരണമാണ്. പടിഞ്ഞാറൻ രാജ്യങ്ങളുടെ സിദ്ധാന്തങ്ങളുടെ ഗരിമയെ വെല്ലുവിളിക്കുന്ന തരത്തിലുള്ള ഒന്നായിരുന്നു അത്. മികച്ച പൊതു സേവനങ്ങളും ഒപ്പം കുറഞ്ഞ നികുതി ചെലവുകളുമുള്ള പ്രദേശങ്ങളിലേക്ക് കുടുംബങ്ങൾ യഥേഷ്ടം നീങ്ങുന്നു എന്നാണ് ഈ സിദ്ധാന്തങ്ങൾ പറയുന്നത്. വിപണി അധിഷ്ഠിതമാണ് ഫെഡറലിസം എന്നതാണ് ഇവർ ചൂണ്ടിക്കാട്ടുന്ന മറ്റൊരു പ്രധാന വസ്തുത.

സർക്കാരുകളെ ഒരു ചെകുത്താൻ എന്ന നിലയിലാണ് ഈ സിദ്ധാന്തങ്ങൾ വീക്ഷിക്കുന്നത് (ബ്രണ്ണൻ, ബുക്കാനൻ–1980). വിപണികളുടെ പരാജയത്തെ മറി കടക്കുന്ന തിനുള്ള ഒരു വഴിയായാണ് വികേന്ദ്രീ കരണത്തെ അവ കാണുന്നത്. എന്നാൽ ദാരിദ്ര്യത്തെ മറി കടക്കുന്നതിനായി പരിശ്രമി ക്കുകയും എല്ലാവരെയും ഉൾക്കൊള്ളുന്ന ക്ഷേമ സമൂഹമെന്ന കാഴ്ചപ്പാടുമുള്ള ഒരു സമൂഹത്തിന് അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ല ഇത്. വിപണികളുടെ പരാജയങ്ങളെ മറി കടക്കാൻ മാത്രമായുള്ള സർക്കാർ ഇടപെടൽ എന്ന കാഴ്ചപ്പാട് പുനർവിതരണം, സാമൂഹ്യ നീതി, പൊതുനന്മ തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ നടപ്പാക്കാൻ പര്യാപ്തമാവുന്ന ഒന്നല്ല.

മൂന്ന്, ധനകാര്യ ഫെഡറലിസം സംബന്ധിച്ച പഠനങ്ങൾ പൊതുവെ പഞ്ചായത്ത് സംവിധാനങ്ങളെ കാര്യമായി കണക്കിലെടു ക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതി പൂർണ്ണമായും

ഇതുമായി ബന്ധപ്പെട്ടതാണ്. മാത്രവുമല്ല, ഇത്തരം സിദ്ധാന്തങ്ങൾ സാമൂഹ്യ വികസനത്തിനും സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള ആസൂത്രണം എന്ന കാഴ്ചപ്പാടിനോട് നീതി പുലർത്തുന്നവയല്ല (ആർട്ടിക്കിൾ 243 ജി). പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, വികസന പദ്ധതികളുടെ രൂപീകരണം (ആർട്ടിക്കിൾ 243 ഇസഡ് ഡി) തുടങ്ങിയ കാര്യങ്ങളും അവ പരിഗണിക്കു ന്നില്ല. ഇന്ത്യയിലെ അധികാര വികേന്ദ്രീകരണ ശ്രമങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ വിപണി അധിഷ്ഠിതമായ സിദ്ധാന്തങ്ങൾ പ്രാദേശിക തലത്തിലുള്ള സർക്കാരുകളുടെ ചെലവഴിക്കൽ, ഘടനാപരമായ ചുമതലകൾ തുടങ്ങിയ വിഷയങ്ങളെ അംഗീകരിക്കുന്നില്ലെന്ന് കാണാം.

ഭരണഘടനാ ഭേദഗതികളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് പ്രശസ്തമായ ജനകീയ ആസൂത്രണ പരിപാടിക്ക് രൂപം നൽകുകയുണ്ടായി. അതോടൊപ്പം സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 35 മുതൽ 40 ശതമാനം വരെ പ്രാദേശിക സർക്കാരുകൾക്ക് കൈമാറുക എന്ന വമ്പൻ തീരുമാനവും കൈക്കൊണ്ടു. രണ്ടു ഭരണഘടനാ ഭേദഗതികളും പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതാണ് എന്ന് തെളിയിച്ചുകൊണ്ട് നിരവധി പരിഷ്കരണ നടപടികൾക്ക് കേരളം തുടക്കം കുറിച്ചു.

രണ്ടു സുപ്രധാന ചോദ്യങ്ങൾ ധനകാര്യ ഫെഡറൽ മേഖലയെ കുറിച്ചുള്ള പഠനങ്ങളെ നന്നായി സ്വാധീനിച്ചിരിക്കുന്നതായി കാണാം. ആര് എന്തൊക്കെ ചെയ്യണം എന്നതാണ് ആദ്യത്തെ ചോദ്യം. നികുതി ആര്, എവിടെ, എന്തിന് ചുമത്തണം എന്നത് രണ്ടാമത്തെ ചോദ്യം. ഇന്ത്യയിലെ ധനകാര്യ ഫെഡറലിസത്തിന്റെ കാര്യത്തിലെ പ്രധാനപ്പെട്ട പോരായ്മ ഇത്തരം ചോദ്യങ്ങൾ ഒരിക്കലും ഉയർന്നിട്ടില്ല എന്നതാണ്. ഭരണഘടനാ നിർമ്മാണ അസംബ്ലിയിൽ പോലും ഈ ചോദ്യങ്ങൾ ഉയർന്നു കേട്ടില്ല. എന്നാൽ ഭരണഘടനയുടെ 73,74 എന്നീ ഭേദഗതി കളുടെ ഘട്ടത്തിലാണ് ഈ ചോദ്യങ്ങൾ വീണ്ടും പ്രസക്തമായത്. അതിനുള്ള ഉത്തരം തേടേണ്ട നിലയിലേക്ക് അപ്പോൾ കാര്യങ്ങൾ എത്തിയിരുന്നു. പക്ഷെ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ആരും അവ ഉന്നയിച്ചില്ല എന്നതായിരുന്നു അനുഭവം. നയപരമായ അനിശ്ചിതത്വവും കടുത്ത ആശയക്കുഴപ്പവു മാണ് ഇതിന്റെ ഫലമായി ഉണ്ടായത് (ഉമ്മൻ പ്രസിദ്ധീകരിച്ച പ്രബന്ധങ്ങൾ – 2004, 2005, 2022).

ഇന്ത്യയുടെ സാമൂഹ്യവും ധനപരവുമായ യാഥാർഥ്യങ്ങൾ പരിഗണിക്കുമ്പോൾ ഉപഭോക്തൃ താല്പര്യം ഉയർത്തി പിടിക്കുന്ന സൂക്ഷ്മ ധനകാര്യ സിദ്ധാന്തങ്ങൾ പ്രായോഗികമല്ലെന്ന് വ്യക്തമാണ്. ഉപഭോക്തൃ ഡിമാൻഡ് നിയന്ത്രിക്കുന്ന സിദ്ധാന്തങ്ങൾ ഇന്ത്യയിൽ പ്രായോഗികമല്ല. ഇന്ത്യയിലെ ത്രിതല പ്രാദേശിക സർക്കാരുകൾ ഇത്തരത്തിലുള്ള പാശ്ചാത്യ വികസിത മോഡലുകൾക്ക് അനുയോജ്യമല്ലെന്ന് കാണാവുന്നതാണ്. ഇന്ത്യയുടെ ജനാധിപത്യ സംവിധാനത്തിൽ കാണുന്ന ഒരു പ്രത്യേകത പ്രാദേശിക സർക്കാരുകൾക്കുള്ള സവിശേഷമായ റോളാണ്. അത് വികസനവുമായി ബന്ധപ്പെട്ട കാഴ്ചപ്പാടിൽ ഊന്നിയുള്ളതാണ് ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്ക് മുൻതൂക്കമുള്ള ഒരു സിദ്ധാന്തം പൗരന്മാരുടെ പങ്കാളിത്തത്തിൽ ഊന്നിയുള്ള ഇന്ത്യൻ സംവിധാനത്തിൽ അനുയോജ്യമല്ലെന്നും നമുക്ക് വിലയിരുത്താവുന്നതാണ്. ഗ്രാമസഭകൾ ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നു. ഗ്രാമസഭകളിൽ എല്ലാ പൗരന്മാരും ചേർന്ന് വികസനപ്രശ്നങ്ങളും മുൻഗണനകളും ചർച്ച ചെയ്യുന്നു. സ്ത്രീകൾക്കും, പിന്നോക്ക വിഭാഗങ്ങൾക്കുമുള്ള സംവരണം അടക്കമുള്ള പല കാര്യങ്ങളും ഇക്കാര്യത്തിൽ ഇന്ത്യയെ വ്യത്യസ്തമാക്കുന്നു.

ആറ്, ഇന്ത്യയുടെ പ്രാദേശിക ഭരണ സംവിധാനങ്ങൾ പരിഗണിക്കുമ്പോൾ, കൃത്യമായ ബജറ്റ് അച്ചടക്കം പാലിക്കുക

എന്നത് പ്രയാസമേറിയ ഒരു കാര്യമാണ്. എന്നിരുന്നാലും ബജറ്റിനെ കുറിച്ചുള്ള വിദഗ്ധ കാഴ്ചപ്പാടുകൾ ഇക്കാര്യത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

ചെലവിന്റെ കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് കൂടുതൽ അധികാരം കൈമാറുമ്പോൾ അവയുടെ ബജറ്റിന് കൂടുതൽ സഹായം ലഭ്യമാക്കേണ്ടതായി വരുന്നു. പ്രാദേശികമായുള്ള കടമെടുക്കൽ അടക്കമുള്ള കാര്യങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി, ദേശീയ നികുതി വരുമാനത്തിൽ നിന്നുള്ള വിഹിതത്തിന്റെ കാര്യത്തിൽ ഊന്നൽ നൽകേണ്ടതായി വരുന്നു. പ്രാദേശിക തലത്തിലുള്ള ബജറ്റ് സംവിധാനമാണ് ഇതിനുള്ള പരിഹാര മാർഗമായി നിർദേശിക്കാൻ കഴിയുന്നത് (ഡാനിയൽസ് –2016:45).

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനതായ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുക എന്നത് ഇന്ത്യയുടെ സാഹചര്യത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്.

### 5.0 ധനകാര്യ കമ്മീഷനുകളും ത്രിതല സംവിധാനവും

ഇന്ത്യയിൽ രാഷ്ട്രീയവും ഘടനപരവും സാമ്പത്തികവും ചുമതലകളുടെ കാര്യത്തിലുമുള്ള മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് ധനകാര്യ ഫെഡറൽ ബന്ധങ്ങൾ ഉരുത്തിരിയുന്നത്. ഇക്കാര്യത്തിൽ ഉണ്ടായ ഏറ്റവും ശ്രദ്ധേയമായ മാറ്റം ഭരണഘടനയുടെ 73,74 ഭരണഘടനാ ഭേദഗതികളാണ്. പ്രാദേശിക സർക്കാരുകളും ധനകാര്യ കമ്മീഷനും ഇക്കാര്യത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്. മൂന്ന് പ്രധാന തലക്കെട്ടുകളിലായി നമുക്ക് ഇതിനെ വിശദമാക്കാം. ധനകാര്യ കമ്മീഷനും ഭരണഘടനാപരമായ അധികാരവും, ധനകാര്യ കമ്മീഷന്റെ സമീപനം, ധനകാര്യ കമ്മീഷനും ധനകാര്യ സംതുലിതാവസ്ഥയും എന്നിവയാണവ.

### 5.1 ധനകാര്യ കമ്മീഷനും ഭരണഘടനാപരമായ അധികാരവും

73,74 എന്നീ ഭരണഘടനാ ഭേദഗതികൾ വഴി ഭരണഘടനയിൽ പാർട്ട് 9, പാർട്ട് 9 എ എന്നീ ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയുണ്ടായി. ജനാധിപത്യപരമായ വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഘടനാപരമായ വലിയ മാറ്റങ്ങൾക്ക് ഇത് വഴിയൊരുക്കി. ഗ്രാമീണ, നഗര വികസന വകുപ്പുകളുടെ അനുബന്ധം എന്ന നിലയിൽ പ്രവർത്തിച്ചിരുന്ന പഞ്ചയത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഭരണഘടനാപരമായ പ്രത്യേക പദവി സിദ്ധിക്കുകയുണ്ടായി. പാർട്ട് 9, പാർട്ട് 9 എ എന്നിവയുടെ ഭാഗമല്ലെങ്കിലും 280 (3) (ബി ബി), 3 (സി) എന്നീ സെക്ഷനുകൾ വികേന്ദ്രീകരണ പരിഷ്കാരങ്ങളുടെ ഭാഗമായി കൂട്ടിച്ചേർത്തു.

ബി ബി) പഞ്ചായത്തുകളുടെ സാമ്പത്തിക സ്രോതസുകൾ വർധിപ്പിക്കുന്ന തരത്തിൽ സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ട് കൂടുതൽ വിപുലീകരിക്കുക.

സി) സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാര്ശകളുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളുടെ വിഭവശേഷി ഉയർത്തുന്ന വിധത്തിൽ സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വിപുലീകരിക്കുക.

ധനകാര്യ കമ്മീഷനുകളുടെ പരിഗണന വിഷയങ്ങളിൽ ഇത് വളരെ പ്രധാനപ്പെട്ട സ്ഥാനം നേടുന്നു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ഘട്ടം വരെ അക്കാദമിക് സമൂഹവും പ്രഫഷനലുകളും നയരൂപീകരണ കർത്താക്കളും കാര്യമായ രീതിയിൽ ഇത് കണക്കിലെടുത്തിരുന്നില്ല എന്നതാണ് ഇതിന് കാരണം. പ്രാദേശിക ഭരണകൂടങ്ങളുടെ വിഭവശേഷി ഉയർത്തുന്നത് എന്തിനെന്ന ചോദ്യം പ്രസക്തമാണ് (ഉമ്മൻ–1998). ഓരോ പൗരനും ആരോഗ്യം, വിദ്യാഭ്യാസം,

കുടിവെള്ളം, വീട് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും പ്രാദേശിക തലങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുകയും ചെയ്യുക എന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനപ്പെട്ട കാര്യമാണ്. എന്നാൽ ആസൂത്രണത്തിന്റെ കാര്യത്തിൽ നമുക്ക് 60 വർഷത്തെ അനുഭവമുണ്ടെങ്കിലും ഇത്തരം അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ നാം പരാജയപ്പെടുകയാണ്. ഇവയെ കുറേക്കൂടി വിശാലാടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതുണ്ട്.

രണ്ട്, ഈ രണ്ടു ഭാഗങ്ങളുടെ പ്രധാന അജണ്ട വികേന്ദ്രീകരണ പരിഷ്കരണ നടപടികളാണെങ്കിലും 243 എൽ, 243 വൈ, 243 ജി, 243 ഡബ്ള്യു, 243 ഇസഡ് ഡി എന്നീ അനുബന്ധ ക്ളോസുകൾ കൂടി പരിഗണിക്കപ്പെടേണ്ടതുണ്ട്. 243 എൽ, 243 വൈ എന്നിവയിലാണ് സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ രൂപീകരണത്തെ കുറിച്ച് പറയുന്നത്. യൂണിയൻ ധനകാര്യ കമ്മീഷന്റെ മാതൃകയിലാണ് ഇതും വരുന്നത്. വിഭവങ്ങളുടെ വിതരണം, കുത്തനെയും വിലങ്ങനെയുമുള്ള അസമത്വങ്ങൾ ഇല്ലാതാക്കൽ തുടങ്ങിയ കാര്യങ്ങൾ വരുമ്പോൾ പ്രാദേശിക ഭരണകൂടങ്ങളെ സംസ്ഥാന സർക്കാരുകൾക്ക് തുല്യമെന്ന് നിലയിലാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. 243 ജി, 243 ഡബ്ള്യു എന്നീ അനുച്ഛേദങ്ങൾ സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും ഉറപ്പ് വരുത്തുന്ന കാര്യത്തിൽ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് കാര്യമായ അധികാരങ്ങൾ നൽകുന്നുണ്ട്. ആർട്ടിക്കിൾ 243 ഇസഡ് ഡി പ്രകാരമാണ് ജില്ലാ ആസൂത്രണ സമിതിക്ക് രൂപം നൽകുന്നത്. യൂണിയൻ ഫിനാൻസ് കമ്മീഷൻ (യു എഫ് സി), സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ (എസ് എഫ് സി) എന്നിവ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നു. ഗ്രാന്റുകളും മറ്റും നൽകുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ തുല്യത ഉറപ്പാക്കുക എന്നത് യൂണിയൻ ധനകാര്യ കമ്മീഷന്റെ ചുമതലയാണെങ്കിൽ സംസ്ഥാനങ്ങൾക്കകത്ത് പ്രാദേശിക ഭരണ കൂടങ്ങൾ തമ്മിൽ സംതുലിതാവസ്ഥ സൃഷ്ടിക്കുന്നതിനാണ് സംസ്ഥാന കമ്മീഷനുകൾ ഊന്നൽ നൽകുന്നത്.

മൂന്ന്, 'സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ' എന്ന ഭരണഘടനയിലെ പ്രയോഗത്തെ അനുചിതമായ രീതിയിലും ചില നിയന്ത്രണങ്ങൾക്കുമായി ചില ധനകാര്യ കമ്മീഷനുകൾ ഉപയോഗപെടുത്തിയതായി കാണാം. പതിനൊന്നാം ധനകാര്യ കമ്മീഷൻ ഇത് ഒഴിവാക്കണമെന്ന അഭിപ്രായത്തിലായിരുന്നു. എന്നാൽ മറ്റു കമ്മീഷനുകൾ ഇത് 'സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ കണക്കിലെടുത്ത ശേഷം' എന്ന് മാറ്റണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇത് തീർച്ചയായും പ്രസക്തിയുള്ള ഒന്നാണെങ്കിലും ഇന്ത്യയിലെ ധനകാര്യ ഫെഡറൽ രംഗത്തെ ജൈവപരമായ ബന്ധത്തെ ഭരണഘടന ഉയർത്തിപ്പിടിക്കുന്നു എന്നത് മർമ്മ പ്രധാനമായ കാര്യമാണ്. ദൗർഭാഗ്യവശാൽ, ധനകാര്യ കമ്മീഷനുകൾ അതിനെ കാര്യമായി കണക്കിലെടുത്തിട്ടില്ല. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ റിപ്പോർട്ടുകളെ അവഗണിക്കുന്ന തരത്തിലുള്ളതായിരുന്നു പൊതുവിൽ അവയുടെ നിലപാടുകൾ. ചില കമ്മീഷനുകൾ മോശം പരാമർശങ്ങൾ നടത്തിയതായും കാണാം (12,13 ധനകാര്യ കമ്മീഷനുകൾ). നിരാകരിക്കുക എന്നത് താരതമ്യേന എളുപ്പമാണ്. എന്നാൽ അവയെ കുറിച്ച് ആഴത്തിൽ പഠിക്കുക എന്നത് ശ്രമകരവുമാണ്. ഇതിനെ ദേശീയമായ കാഴ്ചപ്പാടോടെ വീക്ഷിക്കണമെന്നാണ് എന്റെ പക്ഷം.

### 5.2 ധനകാര്യ കമ്മീഷനുകളുടെ സമീപനം – ഒരു വിമർശനം

ഇന്ത്യയിലെ ധനകാര്യ മേഖലയിലെ വികേന്ദ്രീകരണത്തെ കുറിച്ച് പഠനം

നടത്തുമ്പോൾ ധനകാര്യ കമ്മീഷനുകളുടെ സമീപനങ്ങളെ വിമർശനാത്മകമായ രീതിയിൽ പരിശോധിക്കുക എന്നത് ആവശ്യമായ ഒരു കാര്യമാണ്. ഭരണഘടനയിൽ പ്രാദേശിക സർക്കാരുകൾ എന്ന് വ്യക്തമായി പറയുമ്പോൾ ധനകാര്യ കമ്മീഷനുകൾ 'ലോക്കൽ ബോഡികൾ' എന്ന പ്രയോഗമാണ് നടത്തിയിരിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാത്രമാണ് ഇതിനൊരപവാദം.

പ്രാദേശിക സർക്കാരുകളുടെ കാര്യത്തിൽ എല്ലാ ധനകാര്യ കമ്മീഷനുകളും അവയുടെ ശുപാർശകൾക്കായി ഒരു പൊതു അടിസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. 13,14 ,15 എന്നീ കമ്മീഷനുകൾ ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിച്ചിരിക്കുന്നതായി കാണാം. പൊതുവായി മിക്ക കാര്യങ്ങളിലും യോജിപ്പ് പ്രകടമാണെങ്കിലും ഇവയെല്ലാം തമ്മിൽ ശക്തമായ വിയോജിപ്പുകളും നമുക്ക് കാണാവുന്നതാണ്. തുടർച്ച, പ്രസക്തമായ മാറ്റങ്ങൾ എന്നിവ പരിഷ്കരണ നടപടികളുടെ കേന്ദ്രബിന്ദുവാണ്. വികേന്ദ്രീകരണ നടപടികളുടെ കാര്യത്തിൽ ഇത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

പ്രാദേശിക ഗവണ്മെന്റുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നേരിട്ട് അധികാരങ്ങളില്ലായിരുന്നുവെങ്കിലും പത്താം ധനകാര്യ കമ്മീഷൻ പരിഷ്കരണ നടപടികളുടെ പ്രാധാന്യം ഉൾക്കൊള്ളുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അവർ സ്വമേധയാ നേരിട്ടുള്ള വിഹിതം നൽകുകയും ചെയ്തു. 9, 12 എന്നീ പട്ടികകളിൽ ഉൾപ്പെടുന്ന ചുമതലകൾ, ഫണ്ടുകൾ എന്നിവയുടെ കൈമാറ്റം ഇവ ഒരുമിച്ചു തന്നെയായിരിക്കണം എന്ന വീക്ഷണമാണ് ഈ കമ്മീഷൻ കൈക്കൊണ്ടത്. ഇക്കാര്യത്തിലുള്ള നിയമപരമായ തടസങ്ങൾ മറി കടക്കുക എന്നത് ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്.

പത്താം ധനകാര്യ കമ്മീഷൻ അധികമായി വിഭവകൈമാറ്റം നടത്തേണ്ടതിന്റെ ആവശ്യകതയും തിരിച്ചറിയുകയുണ്ടായി. എല്ലാ ധനകാര്യ കമ്മീഷനും ഒരു കാര്യത്തിൽ യോജിപ്പ് പ്രകടമാക്കുകയുണ്ടായി. ഇന്ത്യയുടെ ഫെഡറൽ ഘടനയിൽ മൂന്നാമതൊരു തലം അനിവാര്യമെന്നതായിരുന്നു അത്. മാത്രവുമല്ല, അധികാര വികേന്ദ്രീകരണ യജ്ഞങ്ങളെ ശക്തമായ നിലയിൽ അവയെല്ലാം പിന്തുണക്കുകയും ചെയ്തു.

അഞ്ചു ധനകാര്യ കമ്മീഷനുകൾ അവരുടെ ശുപാർശകൾ തയ്യാറാക്കുന്നതിനുള്ള ഒരു മാർഗ്ഗനിർദേശ സ്രോതസായി സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പരിഗണിക്കുകയുണ്ടായില്ല. എന്നാൽ ആ റിപ്പോർട്ടുകൾ തീരെ നിലവാരമില്ലാത്തവയാണെന്ന തരത്തിൽ ഉണ്ടായ വിമർശനങ്ങൾ പ്രഫഷണലായ ഒരു സമീപനമല്ല. ഇതിനകം 90 റിപ്പോർട്ടുകൾ സംസ്ഥാന കമ്മീഷനുകൾ സമർപ്പിക്കുകയുണ്ടായി (ചിലപ്പോൾ അത് 150 നുമുകളിലാകാം). സ്വാഭാവികമായി അവയുടെയെല്ലാം നിലപാടുകൾ ഒരേ രീതിയിലാകണമെന്നില്ല.

രണ്ടു കാര്യങ്ങളാണ് ഇവിടെ പരിഗണിക്കേണ്ടത്, ഒന്ന്, നിബന്ധനകൾ, പ്രവർത്തനം എന്നിവ സംബന്ധിച്ച കാര്യങ്ങൾ, രണ്ട്, അക്കൗണ്ട്, ആഡിറ്റ് എന്നിവ സംബന്ധിച്ച വിഷയങ്ങൾ.

ഗ്രാന്റുകളുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ് പ്രകടനം സംബന്ധിച്ച നിബന്ധനകൾ. കാരണം, പ്രവർത്തനത്തിലെ നൈരന്തര്യം, മാറ്റം മുതലായവ ഉൾക്കൊള്ളുന്നതിന് ഇത് ആവശ്യമാണ്. നിബന്ധനകൾ ഒന്നും കൂടാതെ നൽകുന്ന ഗ്രാന്റുകൾ പൊതുവെ ജനാധിപത്യപരവും സ്വയംഭരണ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതുമാണ് എന്നാണ് വിവക്ഷിക്കാറുള്ളത്. എന്നാൽ ത്രിതല സമ്പ്രദായത്തിൽ 2.5 ലക്ഷം വരുന്ന പ്രാദേശിക സർക്കാരുകളെ നിയന്ത്രിക്കുന്നത് 3 .2 ദശലക്ഷം വരുന്ന തിരഞ്ഞെടുക്കപെടുന്ന ജനപ്രതിനിധികളാണ്. അവർ ഭരണപരമായ കാര്യങ്ങളിലോ സാമ്പത്തിക മാനേജ്

മെന്റിലോ വേണ്ടത്ര പ്രാവീണ്യം ഉള്ളവരാകണമെന്നില്ല.

ഗ്രാന്റുകൾ നൽകുന്ന കാര്യത്തിൽ ധനകാര്യ കമ്മീഷനുകൾ ചില നിബന്ധനകൾക്ക് ഊന്നൽ നൽകാറുണ്ട്. ഒരു തരത്തിലുമുള്ള നിബന്ധനകൾ കൂടാതെയുള്ള ധനസഹായം ഇല്ലെന്ന് തന്നെ പറയാം. പത്താം ധനകാര്യ കമ്മീഷൻ മുതൽ മുന്നോട്ട് വയ്ക്കുന്ന ഒരു കാര്യം ശമ്പളം, കൂലി തുടങ്ങിയ ആവശ്യങ്ങൾക്കായി ഗ്രാന്റുകൾ ഉപയോഗിക്കുവാൻ പാടില്ല എന്നതാണ്. 11, 12 കമ്മീഷനുകൾ ചെലവഴിക്കുന്ന കാര്യത്തിൽ ചില നിബന്ധനകൾ കൂടി ഉൾപ്പെടുത്തിയാണ് ഗ്രാന്റുകൾ അനുവദിച്ചത്. പതിനൊന്നാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചത് ഗ്രാന്റുകളുടെ ഒന്നാമത്തെ ദൗത്യം പ്രാദേശിക സർക്കാരുകളുടെ അക്കൗണ്ടുകൾ നിലവാരമുള്ളതാക്കുക എന്നതാണ്. സാമ്പത്തികമായ വിവരങ്ങളുടെ ശേഖരം (ഡേറ്റ ബേസ്) രൂപപ്പെടുത്തുക എന്നതായിരുന്നു രണ്ടാമത്തെ നിബന്ധന. ശേഷമുള്ള തുക പ്രാഥമിക വിദ്യാഭ്യാസം, പ്രാഥമിക ആരോഗ്യം, കുടിവെള്ളം, തെരുവ് വിളക്ക് കത്തിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. പൊതുവിൽ ഗ്രാന്റുകൾ കർക്കശമായ ഉപാധികൾ ഇല്ലാതെയാണ് നൽകിയത്. എന്നാൽ അതുപയോഗിച്ച് ശമ്പളം നൽകുന്നതിന് വിലക്കുണ്ടായിരുന്നു. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ പ്രകാരം ഗ്രാമീണ, നഗര ഭരണകൂടങ്ങൾക്ക് ധനസഹായം നൽകുകയാണ് ചെയ്തത്.

പഞ്ചായത്തുകൾക്ക് നൽകുന്ന ഗ്രാന്റുകൾ ശുദ്ധജല വിതരണം, മാലിന്യ നിർമാർജനം എന്നീ കാര്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കണമെന്ന നിബന്ധന പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ മുന്നോട്ട് വച്ചു. ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിൽ മൊത്തം ധനസഹായത്തിന്റെ നേർപകുതി പൊതു, സ്വകാര്യ സഹകരണത്തോടെയുള്ള (പി പി പി) ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി നീക്കിവച്ചു. അതോടൊപ്പം നഗര, ഗ്രാമപ്രദേശങ്ങളുടെ ഭരണസമിതികൾ ആവശ്യമായ വിവരങ്ങളുടെ സമാഹരണത്തിനും ആധുനിക സാങ്കേതിക വിദ്യയും മാനേജ്മെന്റ് രീതികളും ഉപയോഗിച്ച് അക്കൗണ്ടുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും മുന്തിയ പരിഗണനന നല്കണമെന്നും നിർദ്ദേശമുണ്ടായി. പ്രത്യേക ഉദ്ദേശത്തോടെയുള്ള പദ്ധതികൾക്കായി പണം നീക്കി വയ്ക്കുക എന്നത് തുടർന്നുള്ള ധനകാര്യ കമ്മിഷനുകളും പതിവാക്കി. ഇക്കാര്യത്തിൽ നഗര –ഗ്രാമ വ്യത്യാസം ഉണ്ടായിരുന്നുവെന്ന് കാണാം. ഉദാഹരണത്തിന്, പതിനഞ്ചാം ധനകാര്യ കമ്മിഷൻ നൽകിയ ഗ്രാന്റുകളുടെ 60 ശതമാനവും കുടിവെള്ള വിതരണം, മഴവെള്ള സംഭരണം, മാലിന്യ നിർമാർജനം തുടങ്ങിയ ആവശ്യങ്ങൾക്കായിരുന്നു. 40 ശതമാനം തുക അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞു. എന്നാൽ ഇതേ ഫോർമുല തന്നെ അല്പം ചില വ്യത്യാസങ്ങളോടെയാണ് നഗരങ്ങളിൽ നടപ്പാക്കിയത്.

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിലാണ് മികച്ച പ്രവർത്തനം അടിസ്ഥാനമാക്കി ധനസഹായം അനുവദിക്കുക എന്ന നിലപാടിലേക്ക് മാറിയത്. വികേന്ദ്രീകൃത ഭരണസംവിധാനം നന്നായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരുകളെ പ്രേരിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഗ്രാന്റുകളുടെ 34.6 ശതമാനം ഇപ്രകാരം നീക്കിവയ്ക്കപ്പെട്ടു. ഈ കമ്മീഷൻ, പഞ്ചായത്തുകൾക്ക് ആറ് നിബന്ധനകളും മുനിസിപ്പാലിറ്റികൾക്കു ഒൻപത് നിബന്ധനകളും പ്രത്യേകമായി നിർവചിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾക്ക് നാല് നിബന്ധനകളും മുന്നോട്ട് വയ്ക്കുകയുണ്ടായി. ബജറ്റിംഗ്, ആഡിറ്റിംഗ്, സ്വത്ത് നികുതി,

ഓംബുഡ്സ്മാൻ സംവിധാനം തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ടായിരുന്നു നിബന്ധനകളിൽ അധികവും. പ്രാദേശികമായ ഭരണസംവിധാനങ്ങളും രാജ്യത്തെ ജനാധിപത്യ സംവിധാനങ്ങളും ശക്തിപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഈ പരിഷ് കാരം തുടർന്നുള്ള കമ്മിഷനുകളും തുടർന്നു. ഇത് ഒരു സുപ്രധാന വഴിത്തിരിവായിരുന്നു.

14, 15 എന്നീ കമ്മീഷനുകൾ ഈ രീതി പിന്തുടർന്നുവെങ്കിലും അതിനായി നീക്കി വയ്ക്കുന്ന ഫണ്ടുകളിൽ കുറവ് വരുത്തു കയുണ്ടായി. അതോടൊപ്പം നിബന്ധനകളിൽ അയവ് വരുത്തുകയും ചെയ്തു. പ്രവർത്തന ത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം ലഭിക്കുന്നതിന് പ്രാദേശിക ഭരണകൂടങ്ങൾ തനത് വരുമാന സ്രോതസുകൾ വർധിപ്പിക്കണം, ആഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കണം എന്നീ വ്യവസ്ഥകൾ പതിന്നാലാം ധനകാര്യ കമ്മീഷൻ മുന്നോട്ട് വയ്ക്കുകയുണ്ടായി. മുനിസിപ്പാലിറ്റികൾ ഓരോ വർഷവും സേവനങ്ങളുടെ കാര്യത്തിൽ അടിസ്ഥാന രേഖകൾ പ്രസിദ്ധീകരിക്കണമെന്ന് പുതിയ നിബന്ധനയും ഇതോടൊപ്പം കൊണ്ട് വന്നു. ഇത് നൽകുന്നതിനുള്ള നടപടി ക്രമങ്ങളും അതിനായി നൽകുന്ന തുകയുടെ കാര്യവും സംസ്ഥാന സർക്കാരുകൾക്ക് നിർണ്ണയിക്കാം. 2017 –18 ൽ നടപ്പാക്കിയ മിഷൻ അന്ത്യോദയ പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകൾ വികസന പദ്ധതി രൂപീകരിക്കണം എന്നതടക്കമുള്ള അധിക നിർദേശങ്ങളും വന്നു.

14,15 കമ്മീഷനുകൾ പ്രകടനത്തെ അടിസ്ഥാന മാക്കിയുള്ള ധനസഹായം എന്ന ആശയം തുടരുകയുണ്ടായി. പക്ഷെ ആ ഇനത്തിൽ നൽകുന്ന തുകയുടെ വലുപ്പം കുറയ്ക്കുകയും നിബന്ധനകൾ കൂടുതൽ ഉദാരമാക്കുകയും ചെയ്തു. പതിനഞ്ചാം ധനകാര്യ കമ്മിഷനാകട്ടെ ഇത് ലഭിക്കുന്നതിനു ചില യോഗ്യതകൾ നിർണ്ണയിക്കുകയും ചെയ്തു. എല്ലാ പ്രാദേശിക സർക്കാരുകളും തൊട്ടു തലേവർഷത്തെ കണക്കുകൾ വെബ് സൈറ്റിൽ പ്രസിദ്ധീ കരിക്കുകയും അതിനു മുൻപുള്ള വർഷത്തെ ആഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കുകയും വേണം എന്നതാണ് അതിലൊന്ന്. നഗര മേഖലകളിൽ സ്വത്ത് നികുതിക്ക് അടിസ്ഥാന നിരക്ക് നിർണയിക്കുക എന്നതാണ് രണ്ടാമത്തെ കാര്യം. സംസ്ഥാനങ്ങളുടെ ജി എസ് ഡി പി വളർച്ചയോടൊപ്പം സ്വത്ത് നികുതി ഉയരണം എന്ന നിബന്ധനയും നിർണ്ണയിച്ചു. ഇത് തീർച്ചയായും പ്രകടനത്തെ അടിസ്ഥാനമ ാക്കിയുള്ള ഒന്നായിരുന്നു. മാത്രവുമല്ല, ആഡിറ്റ് ചെയ്ത കണക്കുകൾ യഥാസമയം സമർപ്പിക്കുന്ന കാര്യത്തിലെ ദീർഘ കാലമായുള്ള ഒരു പ്രശ്നത്തിനുള്ള പരിഹാരം തേടലുമായിരുന്നു. പ്രകടനത്തിന്റെ കാര്യത്തിൽ കമ്മീഷൻ നേരിട്ട് ഗ്രാന്റ് നൽകുന്നത് തിരഞ്ഞെടുക്കപ്പെട്ട നഗരമേഖലകൾക്കായി പരിമിതപ്പെടുത്തുകയുണ്ടായി. 'മില്യൺ പ്ലസ് സിറ്റീസ് ചലഞ്ച് ഫണ്ട്' (എം സി എഫ്) എന്നതിന്റെ ഭാഗമായിരുന്നു ഇത്. നഗരങ്ങളിലെ വായുവിന്റെ ഗുണനിലവാരം, കുടിവെള്ള വിതരണം, ശുചിത്വം, ഖരമാലിന്യ നിർമാർജനം തുടങ്ങിയ കാര്യങ്ങൾ മെച്ചപ്പെടുത്തുക എന്നീ കാര്യങ്ങളുമായി ബന്ധപെടുത്തിയായിരുന്നു ഇത്.

**കണക്കുകളും ഫൈനാൻഷ്യൽ റിപ്പോർട്ടിങ്ങും**

പ്രാദേശിക ഭരണകൂടങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കേണ്ടത് അനിവാര്യമായ ഒരു കാര്യമാണ്. ഇക്കാര്യത്തിൽ മെച്ചപ്പെട്ട പ്രകടനത്തിന് പ്രോത്സാഹനവും തിരിച്ചുള്ളതിന് ശിക്ഷയും നൽകുക എന്ന തന്ത്രം സമർത്ഥമായ രീതിയിൽ സമന്വയിപ്പിക്കുക എന്നത് ആവശ്യമാണെന്ന് കാണാം. പ്രാദേശിക തലത്തിലെ ഫൈനാൻഷ്യൽ റിപ്പോർട്ടിങ് രീതി മെച്ചപ്പെടുത്തുക എന്നത് ആവശ്യമായ ഒന്നാണ്. പൊതുഫണ്ടുകൾ ബുദ്ധിപൂർവവും സത്യ സന്ധമായും ഫലപ്രദമായും വിനിയോഗിക്കേണ്ട തുണ്ട്. എന്നാൽ പതിനൊന്നാം ധനകാര്യ കമ്മീഷൻ മുതൽ തന്നെ ഇത്തരം കാര്യങ്ങൾ കാര്യമായി പരിഗണിക്കുന്നുണ്ടെങ്കിലും ഭാഗികമായി മാത്രമേ വിജയം കൈവരിക്കാൻ

കഴിഞ്ഞിട്ടുള്ളു. പതിനഞ്ചാം കമ്മീഷൻ കൊണ്ട് വന്ന ഗ്രാന്റുകൾ ലഭ്യമാക്കുന്നതിനുള്ള 'എൻട്രി ലെവൽ കണ്ടീഷൻ' ഏറെ പ്രാധാന്യ മർഹിക്കുന്ന ഒന്നാണ്. ഇത് പക്ഷെ ഒന്നാമത്തെ പടിമാത്രമേ ആകുന്നുള്ളൂ. കണക്കുകൾ കൃത്യമായി തയാറാക്കുക എന്നതിന് പുറമെ ബജറ്റിംഗ്, ആഡിറ്റിംഗ് തുടങ്ങിയ കാര്യങ്ങളും നിരീക്ഷിക്കപ്പെടേണ്ടവയാണ്. പ്രാദേശിക സർക്കാരുകളുടെ പുരോഗതിക്കും ഒപ്പം വികേന്ദ്രീകൃത ജനാധിപത്യ സംവിധാനത്തിനും ഇത് ആവശ്യമായ ഒന്നാണ്.

പ്രാദേശിക സർക്കാരുകളുടെ അക്കൗണ്ടു കളുടെ കാര്യത്തിൽ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. എ) സമയബന്ധിതമായി കണക്കുകൾ ലഭ്യമാകാതിരിക്കുക, പ്രത്യേകിച്ച് ആഡിറ്റ് ചെയ്ത കണക്കുകൾ. ബി) അതിന്റെ തരംതിരിക്കലും അത് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കണക്കു കളിലേക്ക് ആവശ്യമായ മാറ്റങ്ങളോടെ ഉൾപ്പെടുത്തുകയും ചെയ്യുക. പതിനൊന്നാം കമ്മീഷന്റെ കാലം മുതൽ ഇത്തരം കാര്യങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. പ്രാദേശിക സർക്കാരുകളുടെ കണക്കുകൾ ജില്ലാ, സംസ്ഥാന, കേന്ദ്ര തലങ്ങളിൽ ഓൺ ലൈനായി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ അപ്പോൾ മുതൽ ശക്തമായിരുന്നു. പക്ഷെ, ഈ ശ്രമം ഇന്നും കാര്യമായ പുരോഗതി നേടിയിട്ടില്ലെന്നതാണ് വസ്തുത. കൺട്രോളർ ആൻഡ് ആഡിറ്റർ ജനറലിന് ഇത് സംബന്ധിച്ച ഉത്തരവാദിത്വം നൽകണ മെന്നാണ് പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ. ആഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ സംസ്ഥാന അസംബ്ലിയുടെ സമിതിക്ക് സമർപ്പിക്കുകയും വേണം. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ പ്രവർത്തനത്തിന് ഇത്തരത്തിലുള്ള വിവരങ്ങൾ സഹായകരമാണെന്നാണ് പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടത്. സംസ്ഥാന ധനകാര്യ കമ്മീഷനുകൾക്ക് പ്രാദേശിക സർക്കാരു കളുടെ വരുമാനവും ചെലവുകളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതിന് ഇത് സഹായകരമാണ്. ഡേറ്റ ബേസ് ഉണ്ടാക്കുന്നതിനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും കൂടുതൽ മുൻതൂക്കം നൽകേണ്ടതുണ്ട്.

ശരിയായ ഒരു അക്കൗണ്ടിംഗ് സംവിധാനത്തിന്റെ ആവശ്യകത കൃത്യമായി ചൂണ്ടിക്കാണിക്കുന്നത് പന്ത്രണ്ടാം ധനകാര്യ കമ്മീഷനാണ്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ആവശ്യങ്ങൾ താഴെ തട്ടിൽ നിന്നും തന്നെ മനസിലാക്കുന്നതിന് ഇത് ആവശ്യമായ ഒന്നാണ്. വിഭവങ്ങളുടെ വിതരണത്തിന്റെ കാര്യത്തിലെ വ്യതിയാനം ശരിയായി വിലയിരുത്തുക എന്നത് ഫണ്ടുകൾ കൈമാറുന്ന കാര്യത്തിലെ മർമ്മ പ്രധാനമായ കാര്യമാണ്. ഫെഡറൽ സംവിധാനത്തിന്റെ വിജയത്തിനും ഇത് ആവശ്യമായ ഒന്നാണ്. സി എ ജി സാങ്കേതികമായ നിർദേശങ്ങളും മേൽനോട്ടവും നിർവഹിക്കണണ മെന്ന് പതിമൂന്നാം ധനകാര്യ കമ്മീഷൻ പറയുമ്പോൾ തന്നെ, ആഡിറ്റിംഗിന്റെ പ്രധാന പങ്ക് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നിർവഹിക്കണമെന്നാണ് നിർദേശിച്ചിരിക്കുന്നത്. അതുകൊണ്ട് എല്ലാ സംസ്ഥാന സർക്കാരുകളും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശക്തമാക്കണം. പ്രാദേശിക ഭരണകൂടങ്ങൾ നൽകുന്ന കണക്കുകളിൽ നിന്ന് തനത് നികുതി വരുമാനം, നിർദേശിക്കപ്പെട്ടിരിക്കുന്ന നികുതികൾ, സംസ്ഥാന ധനകാര്യ കമ്മീഷനിൽ നിന്നുള്ള ഗ്രാന്റുകൾ, കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികൾ നൽകുന്ന ഇതര സഹായങ്ങൾ മുതലായവ വേർതിരിച്ചു കാണേണ്ടതുണ്ട് എന്നാണ് പതിന്നാലാം കമ്മീഷൻ അഭിപ്രായപ്പെട്ടത്. സ്വകാര്യ അക്കൗണ്ടന്റുമാരെ ആശ്രയിക്കുന്നത് പ്രാദേശിക തലത്തിൽ അഴിമതി വർധിക്കുന്നതിന് കാരണമാകുമെന്നും കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു.

സംസ്ഥാനങ്ങൾ സുസ്ഥിരമായി ഏറ്റെടുത്ത് മുന്നോട്ട് കൊണ്ട് പോകുന്നതിലൂടെ മാത്രമേ ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾക്ക്

കാര്യമായ ഫലം ഉളവാക്കുവാൻ കഴിയൂ. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുന്നോട്ട് വച്ച 9 മാർഗനിർദേശ തത്വങ്ങൾ ഇവിടെ പ്രസക്തമാവുകയാണ്. സഹകരണ ഫെഡറ ലിസത്തിനൊപ്പം മൂന്ന് തലങ്ങളി ലായുള്ള പ്രാദേശിക ഭരണകൂടങ്ങൾക്ക് ജനങ്ങൾക്ക് നിലവാരമുള്ള സേവനങ്ങൾ നൽകുന്നതിന് തത്വധിഷ്ഠിതമായ ഒരു സമീപനം ആവശ്യമാണെന്ന് കാണാം.

ഭരണഘടനാ ഭേദഗതികൾ നിലവിൽ വന്ന ശേഷം അഞ്ച് ധനകാര്യ കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് തങ്ങളുടെ മുൻഗാമികളിൽ നിന്നും വ്യത്യസ്തമായി മൂന്നാമതൊരു തലം കൂടി ഈ കമ്മീഷനുകൾക്ക് പരിഗണിക്കേണ്ടതായി വന്നു. പൊതുധനകാര്യത്തെ അഴിച്ചു പണിയേണ്ട ഒരു സാഹചര്യം ഈ കമ്മീഷനുകൾക്ക് ഉണ്ടായി. 11,12 കമ്മീഷനുകളുടെ പരിഗണന വിഷയങ്ങൾ പരിശോധിച്ചാൽ യൂണിയൻ ഗവൺമെന്റിന്റെയും ഒപ്പം സംസ്ഥാനങ്ങളുടെയും ധനകാര്യം അവയ്ക്ക് അവലോകനം ചെയ്യേണ്ടതുണ്ടായിരുന്നു. മാത്രവുമല്ല, ഇന്ത്യയിലെ പൊതുധനകാര്യത്തെ സമൂലമായി പരിവർത്തനം ചെയ്യേണ്ട സ്ഥിതിയും അവയ്ക്കുണ്ടായതായി കാണാം. പരിഗണന വിഷയങ്ങളിൽ കൃത്യമായി ഊന്നി നിന്നുകൊണ്ട് പ്രാദേശിക സർക്കാരുകളെ ചിത്രത്തിൽ നിന്നും ഒഴിവാക്കി നിർത്തി. എന്നാൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ ധനാഗമ മാർഗ്ഗങ്ങളും ചെലവുകളും ഒഴിവാക്കി പോവുക എന്നത് അസാധ്യമായ ഒരു കാര്യമാണ്. പ്രാദേശിക ഭരണസംവിധാനങ്ങൾക്ക് സംസ്ഥാനങ്ങൾക്കെന്ന പോലെ തന്നെ ആവശ്യമായ ഫണ്ടുകൾ കൈമാറുക എന്നത് ഭരണഘടനാ സ്ഥാപനമായ ധനകാര്യ കമ്മീഷനുകളുടെ ചുമതലയുമാണ്. പൊതുവായ ലക്ഷ്യങ്ങളും പ്രാദേശിക ഭരണസംവിധാനങ്ങളുടെ ലക്ഷ്യങ്ങളും നേടുക എന്നത് അതിന്റെ സമഗ്രതയിൽ തന്നെ പരിശോധിക്കപ്പെടേണ്ട കാര്യമാണ്.

പ്രാദേശിക സർക്കാരുകളുടെ കാര്യം പരിഗണിക്കാതെ രാജ്യത്തിൻറെ പൊതു ധനകാര്യത്തിന്റെ പുനഃസംഘടന എന്നത് പ്രായേണ അസാധ്യമായ ഒരു കാര്യമാണ്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ധനകാര്യ സ്ഥിതിയിലെ അസന്തുലിതാവസ്ഥ പരിഗണിക്കാതെ നമുക്ക് തിരശ്ചീന തലത്തിലുള്ള സമത്വം സൃഷ്ടിക്കുക എന്നത് സാധ്യമാവുകയില്ല.

73, 74 എന്നീ ഭരണഘടനാ ഭേദഗതി കൾക്കൊപ്പം ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കുന്ന ഭരണഘടനയുടെ അനുച്ഛേദം 280 ഭേദഗതി ചെയ്യുകയുണ്ടായി. ധനകാര്യ ഫെഡറൽ സംവിധാനത്തിലേക്ക് പ്രാദേശിക സർക്കാരുകളെ ബന്ധിപ്പിക്കുക എന്ന ദൗത്യമാണ് ഇതിന് പിന്നിലുണ്ടായിരുന്നത്. 11, 12 എന്നീ പട്ടികകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുമതലകൾ കൈമാറ്റം ചെയുന്നത് അത് സംബന്ധിച്ച ഫണ്ടുകളും അധികാരങ്ങളും കൈമാറാതെ പോകുന്ന സാഹചര്യത്തിൽ യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടാത്ത തരത്തിലുള്ളതാണ്. ജനാധിപത്യ വികേന്ദ്രീ കരണം, പ്രാദേശിക ജനാധിപത്യം, സാമ്പത്തികമായ വികസനം, സാമൂഹ്യ നീതി തുടങ്ങിയ കാര്യങ്ങളിലും പ്രാദേശിക സർക്കാർ സംവിധാനങ്ങൾ പടുത്തുയർ ത്തുന്ന കാര്യത്തിൽ മാറ്റം, തുടർച്ച എന്നിവ സംബന്ധിച്ച വിശാലമായ കാഴ്ചപ്പാടുകളും പ്രസക്തമാണെന്ന് കാണാം. എന്നാൽ ഇക്കാര്യങ്ങളിൽ തുടർച്ചയായ മുന്നേറ്റം ഉണ്ടാക്കുന്ന കാര്യത്തിൽ പരാജയം ഉണ്ടാകുന്നത് ധനകാര്യ കമ്മീഷനുകളുടെ കുറ്റം കൊണ്ടാണെന്ന് ആരോപിക്കുന്നതിൽ കഴമ്പില്ല.

കൃത്യമായ ഒരു ഫിനാൻഷ്യൽ റിപ്പോർട്ടിങ് സംവിധാനത്തിന് വിശ്വസനീയമായ ഒരു വിവര ശേഖരം ആവശ്യമാണ്. പതിനൊന്നാം കമ്മീഷൻ മുതലുള്ള എല്ലാ കമ്മീഷനുകളും ഇതിനുള്ള ശ്രമം തുടർന്നു. കണക്കുകൾ സൂക്ഷിക്കുന്നതിനും കൃത്യമായി ആഡിറ്റിംഗ് നടത്തുന്നതിനും കമ്മീഷനുകൾ പ്രോത്സാഹനം നൽകുകയുണ്ടായി. എന്നാൽ ഈ ശ്രമങ്ങൾ വേണ്ടത്ര വിജയം കൈവരിക്കുകയുണ്ടായില്ല. പതിനൊന്നാം കമ്മീഷൻ വരുമാനം,

ചെലവുകൾ എന്നിവയുടെ കാര്യത്തിൽ ഒരു സംഗ്രഹ രൂപം അവതരിപ്പിക്കുകയുണ്ടായി. എന്നാൽ കമ്മീഷൻ ഇതിനായി ശേഖരിച്ച വിവരങ്ങൾ ഫലപ്രദമായി ഉപയോഗപെടുത്തിയില്ല. ലഭ്യമായ വിവരങ്ങളുടെ ചില പോരായ്മകളാണ് ഇതിന് കാരണമായി മാറിയത്. 12, 13 കമ്മീഷനുകളും പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ ധനകാര്യ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. പന്ത്രണ്ടാം കമ്മീഷൻ പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട വിശകലനങ്ങൾ നടത്തുന്ന തിനായി ഈ വിവരങ്ങൾ പരിമിതമായി പ്രയോജനപ്പെടുത്തുകയുണ്ടായി. എന്നാൽ പതിമൂന്നാം കമ്മിഷനാകട്ടെ, ഇത്തരം വിവരങ്ങൾ ഉപയോഗിക്കുകയുണ്ടായില്ല എന്ന് മാത്രമല്ല, ആ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 14, 15 എന്നീ കമ്മീഷനുകൾ ഇത്തരം വിവരങ്ങൾ പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തു. രണ്ടു കമ്മീഷനുകളും പക്ഷെ ഇതിൽ ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു. പതിനഞ്ചാം കമ്മീഷൻ ഇപ്രകാരം പറയുന്നു, "നികുതിദായകരുടെ പണം ഉപയോഗിക്കുന്ന ഏതൊരു ഭരണസംവിധാനവും അവയുടെ കണക്കുകൾ പൊതുഇടങ്ങളിൽ സമയ ബന്ധിതമായി പ്രസിദ്ധപ്പെടുത്തേണ്ടത് നല്ല ഭരണസംവിധാനത്തിന്റെ ഏറ്റവും പ്രാഥമികമായ ഉപാധിയാണ്" (റിപ്പോർട്ട് – പേജ് 175). ഈ കമ്മീഷൻ മുന്നോട്ട് വച്ച അർഹത എന്ന മാനദണ്ഡത്തിൽ പൊതുസമൂഹം ഇനിയും പ്രതീക്ഷ അർപ്പിക്കുകയാണ്.

ധനകാര്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് പ്രാഥമികമായി വേണ്ടത് ശരിയായ അക്കൗണ്ടിംഗ് രീതിയാണ്. എന്നാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുടെയും ഭാഗത്ത് നിന്നും അക്ഷന്തവ്യമായ കൃത്യവിലോപം സംഭവിച്ചിട്ടുള്ളതായി കാണാം. രണ്ടു ദശകം മുൻപ് പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ഇപ്രകാരം ചൂണ്ടിക്കാട്ടുകയുണ്ടായി. വിവരങ്ങൾ ലഭ്യമല്ലാതിരിക്കുന്നത് സേവനങ്ങളുടെ കാര്യത്തിൽ തുല്യത കൈവരുത്തുന്ന വിധത്തിൽ ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നത് അസാധ്യമാക്കുന്ന സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് വിവരശേഖരം ഉണ്ടാക്കുന്ന കാര്യത്തിന് ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. അതുപോലെ ഏറ്റവും താഴെ തലത്തിൽ പോലും കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്ന സ്ഥിതിയുണ്ടാകണം (പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്, വോള്യം 2 , പേജ് 154). പ്രാദേശിക സർക്കാരുകൾ യൂണിയൻ സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ബജറ്റ് തയാറാക്കൽ രീതി പിന്തുടരുന്ന കാലത്തോളം അവയ്ക്ക് ശക്തമായ പൊതുധനകാര്യ രീതിയും റിപ്പോർട്ടിങ് സംവിധാനവും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതല്ല.

എന്നാൽ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഇക്കാര്യത്തിലുള്ള നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ ധനകാര്യ സംവിധാനത്തിലേക്ക് മൂന്നാമത്തെ തലത്തെ കൂടി ഉൾപ്പെടുത്തുന്നതിന് അവർ സമർത്ഥമായ നീക്കം നടത്തുകയുണ്ടായി. ഡിവിസിബിൾ പൂളിൽ നിന്നുള്ള വരുമാനം ഷെയർ ചെയ്യുന്നത് സംസ്ഥാന സർക്കാരുകളുടെ അവകാശമാണ് എന്ന നിലയുണ്ട്. കമ്മീഷന്റെ അഭിപ്രായത്തിൽ പരമ്പരാഗതമായ രീതിയിലുള്ള വിഭവ കൈമാറ്റം ഇനിയങ്ങോട്ട് പ്രവർത്തനക്ഷമമാകാൻ പ്രയാസമാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള വിഭവങ്ങളുടെ പങ്ക് പ്രാദേശിക സർക്കാരുകൾക്കും ലഭ്യമാകേണ്ടതുണ്ട് എന്ന നിലപാട് അവർ കൈക്കൊണ്ടു. അന്താരാഷ്ട്ര തലത്തിൽ പിന്തുടരുന്ന മികച്ച രീതിയുടെ ചുവട് പിടിച്ചായിരുന്നു ഇത്. വിവരങ്ങളുടെ ശേഖരം സൂക്ഷിക്കുന്ന കാര്യത്തിലും കൃത്യമായ അക്കൗണ്ടിംഗ് രീതികൾ പിന്തുടരുന്നതിനും പ്രോത്സാഹനം നൽകുക എന്ന സമീപനമാണ് കമ്മീഷൻ സ്വീകരിച്ചത്. എന്നാൽ ഇക്കാര്യത്തിൽ ഇനിയും കാര്യമായ പുരോഗതി

കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന യാഥാർഥ്യം നമുക്ക് മുന്നിലുണ്ട്. മൂന്നാമതായി, പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള ഗ്രാന്റ് വിതരണ രീതിക്ക് ഈ കമ്മിഷൻ തുടക്കം കുറിച്ചു. തങ്ങൾക്ക് മുൻപുണ്ടായിരുന്ന കമ്മീഷനുകളിൽ നിന്ന് വ്യത്യസ്തമായി ഭരണഘടനാപരമായ ചുമതലകൾ നിർവഹിക്കുന്നതിന് പ്രാദേശിക ഭരണ സംവിധാനങ്ങളെ തുടർച്ചയായി ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന നിലപാടാണ് അവർക്കുണ്ടായിരുന്നത്.

ധനസഹായങ്ങളുടെ കാര്യമെടുക്കുമ്പോൾ രണ്ട് കാര്യങ്ങളാണ് കമ്മീഷൻ ശുപാർശ ചെയ്തത്. ഒന്ന്, അടിസ്ഥാന ധനസഹായം, മറ്റൊന്ന് പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള ധനസഹായം. പഞ്ചായത്തുകൾക്ക് ആറെണ്ണവും നഗര ഭരണസഭകൾക്ക് ഒമ്പതെണ്ണവും വീതം. താഴെ തട്ടിലേക്കുള്ള വിതരണം സംസ്ഥാനങ്ങളുടെ ബജറ്റിന്റെ ഭാഗമായി മാറ്റുക. അതുമൂലം സർക്കാർ വകുപ്പുകളുടെ ഇടപെടലും നിയന്ത്രണവും ഒരു പരിധി വരെ കുറയ്ക്കാൻ കഴിയുന്നതാണ്. പ്രാദേശിക ഭരണ കൂടങ്ങളുടെ അധികാര സീമയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന വിധത്തിൽ പല രീതിയിലുള്ള സർക്കാർ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പതിമൂന്നാം ധനകാര്യ കമ്മിഷൻ വിലയിരുത്തുകയുണ്ടായി. ഇത്തരത്തിലുള്ള സംവിധാനങ്ങളെ സാമ്പത്തികമായും പ്രവർത്തനപരമായും നിർവീര്യമാക്കുക എന്നത് ആവശ്യമാണ് (എഫ് സി 13 റിപ്പോർട്ട് – പേജ്–171). എന്നാൽ ഒരു ധനകാര്യ കമ്മീഷനും ഇക്കാര്യം ഗൗരവത്തിൽ കണക്കിലെടുക്കുകയുണ്ടായില്ല. പ്രാദേശിക ജനാധിപത്യ പ്രക്രിയയെ നിരുത്സാഹപ്പെടുത്തുന്ന വിധത്തിൽ അവ ഇന്നും പ്രവർത്തനം നിർബാധം തുടരുകയാണ്.

പതിമൂന്നാം ധനകാര്യ കമ്മീഷൻ മുന്നോട്ട് വച്ച ചില നിബന്ധനകൾ സുപ്രധാനവും തുടർന്നു പോകേണ്ടതുമാണെന്ന് നമുക്ക് കാണാം. എന്നാൽ ഇക്കാര്യത്തിൽ പതിന്നാലാം കമ്മീഷൻ കൊണ്ട് വന്ന തിരുത്തലുകൾ പക്ഷെ പതിമൂന്നാം കമ്മിഷന്റെ നിർദേശങ്ങൾ തുടർന്നു കൊണ്ട് പോകുന്നതിന് പര്യാപ്തമായില്ല. ഗ്രാമ പഞ്ചായത്തുകൾക്കുള്ള അടിസ്ഥാന ഗ്രാന്റിന്റെ പങ്ക് 65 ൽ നിന്നും 90 ശതമാനമായി പതിന്നാലാം കമ്മീഷൻ ഉയർത്തുകയുണ്ടായി. എന്നാൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ആഡിറ്റ് ചെയ്ത അക്കൗണ്ടുകൾ സമർപ്പിക്കുന്നതിനുമുള്ള വിഹിതം 10 ശതമാനമാക്കി കുറയ്ക്കുകയും ചെയ്തു. മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ ഇത് 80:20 എന്ന അനുപാതത്തിലായിരുന്നു. പഞ്ചായത്തുകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലുള്ള വിഹിതം എന്ന രീതി പതിനഞ്ചാം ധനകാര്യ കമ്മീഷൻ പിന്തുടർന്നില്ല. പകരം ഭവന നിർമ്മാണ നഗരകാര്യ മന്ത്രാലയത്തിന്റെ കീഴിൽ പുതിയ നഗരങ്ങളുടെ രൂപീകരണത്തിനായി ഇത് നീക്കി വച്ചു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ സ്വീകരിച്ച സമീപനങ്ങളുടെ ശ്രദ്ധേയമായ ഒരു ഭാഗം, പ്രാദേശിക സർക്കാരുകളുമായി ബന്ധപ്പെട്ട് മുന്നോട്ട് വച്ച 9 അടിസ്ഥാന തത്വങ്ങളാണ് (അനുബന്ധം 5 എ കാണുക). ഒരു കാര്യം സുവ്യക്തമാണ്, ഇതിലൊന്ന് പോലും ജനാധിപത്യപരമായ വികേന്ദ്രീകരണം, ധനകാര്യ ഫെഡറലിസത്തിൽ പ്രാദേശിക ഭരണകൂടങ്ങളുടെ പങ്ക് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ടതല്ല. അതിവേഗത്തിലുള്ള നഗരവത്കരണ പ്രക്രിയയയുമായി ബന്ധപ്പെട്ട വെല്ലുവിളികൾക്കാണ് കാര്യമായ ഊന്നൽ നൽകപ്പെട്ടത്. 2011 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം ഇന്ത്യൻ ജനതയുടെ 55.3 ശതമാനം അധിവസിക്കുന്നത് നഗര സ്വഭാവങ്ങളോട് കൂടിയ പ്രദേശങ്ങളിലാണ്.

ഈ കമ്മീഷനുകൾ മുന്നോട്ട് വച്ച രണ്ട് പ്രധാന കാര്യങ്ങൾ എടുത്തുപറയേണ്ടതായുണ്ട്. എ) സംസ്ഥാന ധനകാര്യ കമ്മിഷനുകളുടെ പങ്കിന് നൽകിയിട്ടുള്ള

മുൻതൂക്കവും സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും ധനകാര്യ മാനേജ് മെന്റിന്റെ കാര്യത്തിൽ അതിന്റെ പങ്ക് ശക്തിപെടുത്താലും. ബി) ഗ്രാമീണ, നഗര മേഖലകളിൽ അടിസ്ഥാന സേവനങ്ങൾ നൽകുന്നത് മെച്ചപ്പെടുത്തുന്നതിനായി ഫണ്ട് നീക്കിവയ്ക്കൽ. എന്നാൽ ഇക്കാര്യങ്ങളിൽ കൈവരിച്ചിട്ടുള്ള പുരോഗതി പല കാര്യങ്ങളും അവശേഷിപ്പിക്കുന്നുണ്ട്.

ചുരുക്കത്തിൽ ധനകാര്യ കമ്മീഷന്റെ സംവിധാനങ്ങളുമായി ഭരണതലത്തിലെ മൂന്നാം തലത്തെ കൂടി ബന്ധിപ്പിക്കുക എന്ന ചരിത്രപരമായ ദൗത്യം ഏറെ നിർണ്ണായ കമാണ്. സംസ്ഥാനതലങ്ങളിലെ വിവിധ സ്ഥാപനങ്ങളെ വികേന്ദ്രീകരണ പ്രക്രിയ യുമായി ബന്ധിപ്പിക്കുന്നതിൽ ഉണ്ടായിരിക്കുന്ന പാകപ്പിഴകൾ ഈ ഘട്ടത്തിൽ വളരെ പ്രധാനമായി ഉയർന്നു വരുന്ന ഒന്നാണ്.

### 5.3 ധനകാര്യ കമ്മീഷനും ധനകാര്യ സമതുലിതാവസ്ഥയും

വിഭവങ്ങൾ, ചെലവുകളുടെ ഉത്തരവാദിത്വങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന കുത്തനെയുള്ള അസമത്വവും വിഭവങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അതിലെ അംഗങ്ങൾ തമ്മിൽ ഉടലെടുക്കുന്ന അസമത്വ വുമായി ബന്ധപ്പെട്ട കാര്യങ്ങളും അടങ്ങുന്ന പ്രശ്നങ്ങളെയാണ് പൊതുവിൽ ധനപരമായ ബാലൻസിംഗ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ വിഭവശേഷിയെ സഹായിക്കുന്ന തരത്തിൽ ഓരോ സംസ്ഥാനത്തിന്റെയും പൊതു (കൺസോളിഡേറ്റഡ്) ഫണ്ടിനെ പിന്തുണക്കുന്നതിനുള്ള ഭരണഘടനാപരമായ അധികാരം സംസ്ഥാനങ്ങൾ തമ്മിൽ ഉടലെടുക്കുന്ന അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിനു ലക്ഷ്യമിട്ടുള്ളതാണ്. ഇതിനെ കുത്തനെയുള്ള ബാലൻസ്, തിരശ്ചീന തലത്തിലുള്ള ബാലൻസ് എന്ന രണ്ടു വിഭാഗങ്ങളായാണ് പരിശോധിക്കുന്നത്.

#### 5. 3.1 – കുത്തനെയുള്ള ബാലൻസ്

ധനപരമായ അന്തരം കണക്കാക്കുക ഏറെ പ്രയാസമേറിയ ഒരു കാര്യമാണ്. റവന്യു അന്തരമാണ് ഇതിൽ മുഖ്യമായും വരുന്നത്. ഗ്രാമീണ മേഖലയിൽ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിന് 1.42 ട്രില്യൺ രൂപ വേണമെന്നാണ് പതിനൊന്നാം ധനകാര്യ കമ്മീഷൻ നടത്തിയ പഠനത്തിൽ നിന്നും വെളിവായിരിക്കുന്നത്. 86000 കോടി രൂപയുടെ മൂലധനച്ചെലവുകൾ ഇതിനു പുറമെ ആവശ്യമാണ്. എന്നാൽ ആവശ്യമായ തുകയുടെ 3.5 ശതമാനം മാത്രമാണ് ഈ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. പതിനഞ്ചാം കമ്മീഷന്റെ സ്ഥിതി കൂടി നമുക്ക് താരതമ്യം ചെയ്യാം. 2021–2025 കാലയളവിൽ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 10 ട്രില്യനും മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ 12.27 ട്രില്യനും ആവശ്യമാണെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ.

ഗ്രാമങ്ങളുടെ കാര്യത്തിൽ അതിന്റെ 23 ശതമാനവും നഗര മേഖലയുടെ കാര്യത്തിൽ 10.5 ശതമാനവുമാണ് കമ്മീഷൻ ശുപാർശ ചെയ്തത്. അതിവേഗത്തിൽ നടക്കുന്ന നഗരവൽക്കരണ പ്രക്രിയയുടെ കാര്യത്തിൽ വിഭവങ്ങളുടെ കുറവ് ഒരു വലിയ പ്രശ്നമാണ് എന്നത് ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട് (രേഖാചിത്രം 1), (രേഖാചിത്രം 2).

വിഭവങ്ങളുടെ കുത്തനെയുള്ള വിഭജന ത്തിന്റെ സ്ഥിതി ഒന്ന്, രണ്ട് എന്നീ രേഖാചിത്രങ്ങളിൽ നിന്നും ലഭ്യമാകുന്നു. ഇതിൽ പത്താം ധനകാര്യ കമ്മീഷൻ അത്തരത്തിൽ വിതരണം ചെയ്യുന്നതിന് പ്രത്യേകമായ അധികാരമില്ലാതിരുന്നിട്ടും ഡിവിസിബിൾ പൂളിന്റെ 1.38 ശതമാനം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി കൾക്കുമായി നീക്കിവയ്ക്കുകയുണ്ടായി. ഇത് ഒന്നാം രേഖാചിത്രത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ കാര്യമായ വിധത്തിൽ വിഭവങ്ങൾ ലഭ്യമാകുന്നത്

**5.1. Table 7.2:** Criteria for Distribution of Grants to States for Local Governments by Finance Commissions

(in per cent)

| Criteria | FC-10 | FC-11 | FC-12 | RLG | FC-13 | ULG | FC-14 | FC-15 |
|---|---|---|---|---|---|---|---|---|
| Population | 100 | 40 | 40 | | 50 | | 90 | 90 |
| Census | 1971 | 1971 | 2001 | | 2001 | | 2011 | 2011 |
| Geographical Area | | 10 | 10 | | 10 | | 10 | 10 |
| Distance from highest per capita income | | 20 | 20 | 10 | | 20 | | |
| Index of decentralisation | | 20 | | | 15 | | | |
| Index of deprivation | | | 10 | | | | | |
| Revenue effort | | 10 | 20 | | | | | |
| Proportion of scheduled castesscheduled tribes in population | | | | 10 | | 0 | | |
| FC local body grants utilisation index | | | | | 5 | | | |

*Source: Report of the Fifteenth Finance Commission, Chapter 7, P.173.*

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിലാണ്. ഈ കമ്മീഷന്റെ ഘട്ടത്തിൽ എല്ലാ വർഷവും പഞ്ചായത്തുകൾക്ക് ഉയർന്ന വിഹിതം ലഭ്യമാവുകയുണ്ടായി. പതിനഞ്ചാം കമ്മീഷനാണ് നഗരവത്കരണത്തിന്റെ പ്രാധാന്യം കാര്യമായി ഉൾക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും കുടിവെള്ളം, ശുചിത്വം, ഖര മാലിന്യ നിർമാർജനം, പ്രാഥമിക ആരോഗ്യം തുടങ്ങിയ അടിസ്ഥാന സേവനങ്ങൾ മിക്കവാറും പ്രദേശങ്ങളിൽ ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുകയാണ്.

**5.3.2 – തിരശ്ചീനതലത്തിലുള്ള ബാലൻസ്**

കുത്തനെയുള്ള വിഭവകൈമാറ്റം വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാരണം, കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാരുകൾ മുഖേനയാണ് പ്രവർത്തിക്കാൻ കഴിയുക. എന്നാൽ സംസ്ഥാനങ്ങളുടെ പൊതു ഫണ്ടിനെ എത്രകണ്ട് ശക്തിപെടുത്താനാകുമെന്നത് തിരശ്ചീന തലത്തിലുള്ള വിതരണത്തിനായുള്ള മാനദണ്ഡങ്ങൾ ആശ്രയിച്ചാണ്. പട്ടിക 5.1 ഇത് വ്യക്തമാക്കുന്നുണ്ട്.

പട്ടികയിൽ നിന്നും ജനസംഖ്യ, ഭൂപ്രദേശത്തിന്റെ വിസ്തൃതി തുടങ്ങിയ ഘടകങ്ങളാണ് എല്ലാ കമ്മീഷനുകളും മാനദണ്ഡമായി പൊതുവിൽ പരിഗണിച്ചിരിക്കുന്നത് എന്ന് മനസിലാക്കാവുന്നതാണ്. പത്താം കമ്മീഷൻ ജനസംഖ്യ എന്ന മാനദണ്ഡത്തെ കുറേക്കൂടി വിശാലാടിസ്ഥാനത്തിൽ പരിഗണിച്ചിട്ടുള്ളതായി കാണാവുന്നതാണ്. 14,15 കമ്മീഷനുകളും ഇത് പരിഗണിച്ചുവെങ്കിലും 90 ശതമാനം വെയ്റ്റേജാണ് നൽകിയിട്ടുള്ളത്. പതിനൊന്നാം കമ്മീഷൻ ഒഴിച്ചുള്ള ഒരു കമ്മീഷനും വികേന്ദ്രീകരണ പ്രവർത്തനങ്ങളെ കൂടുതൽ പ്രോത്സാഹനം നൽകുന്നതിനുള്ള മാനദണ്ഡമായി പരിഗണിച്ചിട്ടില്ലെന്ന് കാണാം. 11,12,13 എന്നീ കമ്മീഷനുകളാകട്ടെ, ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനത്തിൽ നിന്നുള്ള അകലം എന്ന മാനദണ്ഡമാണ് എല്ലാ കൈമാറ്റങ്ങൾക്കും അടിസ്ഥാനമായി പരിഗണിച്ചിട്ടുള്ളത്. കുടിവെള്ളം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിലെ അന്തരത്തിന്റെ സൂചകമാണ് മറ്റൊരു സുപ്രധാന മാനദന്ധം. പക്ഷെ തുടർന്നുള്ള കമ്മീഷനുകൾ ഇത് ഉപേക്ഷിച്ചു. പ്രാദേശിക തലത്തിൽ നൽകുന്ന ഗ്രാന്റുകളുടെ പ്രയോഗം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് പക്ഷെ പതിമൂന്നാം കമ്മീഷൻ മാത്രമാണ് കാര്യമായി പരിഗണിച്ചത്. ചുരുക്കത്തിൽ ഇത്തരത്തിൽ നിർണ്ണയിച്ച മാനദണ്ഡങ്ങൾ പലതും സുചിന്തിതമായ പരിശോധനകളുടെയും വിലയിരുത്തലിന്റെയും ഭാഗമായല്ല രൂപപ്പെട്ടത് എന്നത് എടുത്തു പറയേണ്ട ഒന്നാണ്.

**Appendix A**

Nine Guiding Principles of the XVth Finance Commission

i. Relevant ToR and the Constitutional provisions.

ii. Pre-requisite of timely online availability in the public domain of both the accounts of the previous year and audited accounts of the year before the previous year for availing of grants for both rural and urban local bodies.

iii. Pre-requisite of notifying minimum floor on property tax rates by States in order to increase the buoyancy of revenue of urban local bodies.

iv. Inclusive and uniform approach for all three tiers within rural local bodies, Excluded Areas and cantonment areas.

v. Inter se rural and urban share of devolution in the context of the evolving urban complexities and challenges.

vi. Differential needs of urban habitations, including the special needs of emerging large urban areas as "agglomeration economies".

vii. Air pollution in Million-Plus urban agglomerations.

viii. Focus on national priorities related to

(a) strengthening of primary health care and Fifteenth Finance Commission 188 creation of diagnostics infrastructure for management of disease and epidemics at the local level;

(b) solid waste management;

(c) provisioning for drinking water and sanitation; and

(d) promoting and incentivising water recycling, rejuvenation and rainwater harvesting.

**Figure 1:** Local government grant as a percent of divisible pool (FC-10 to FC-15)




*Source: FC Report XIV and and XV*

**Figure 2:** Grants to Local Governments by various Finance commissions disaggregated to Rural and Urban local governments.




*Source: As above. Note: FC-15 does not include grants for primary health sector.*

ix. Importance of generation of internal resources like revenues from property taxation and tax on professions.

■

(പ്രൊഫസർ എം എ ഉമ്മൻ, ഗിഫ്റ്റിലെ ഡിസ്റ്റിം ഗ്യൂഷ്ഡ് ഫെല്ലോയാണ് )

**End Notes**

1 The literature on the merits and demerits of Tiebout model also with empirical support are ably summarized in King (1984). Wallace Oates who pointed out that this model 'involves a set of assumptions so patently unrealistic as to verge on the outrageous' [See Oates (1981):93], years later affirms that it played "a major role in the literature in local public finance"[Oates (2005):354].

2 Anwar Shah (1994) treated India as a two tier federation although the 73rd amendment was passed in 1992.

3 On this, see Oommen (2022)

4 The need to evolve a national training policy to build the capabilities of the 3 million local governments elected representatives conspicuously remains left out. Some UFCs, prominently FC-13strongly emphasized this.

5 Though two advisory groups, one for panchayats and another for municipalities were constituted for the FC-11, they never convened a meeting nor consulted them. (I was a member of the panchayat group). This is reflective of the indifference of FC-11 towards LGs.

## References

1 Bahl, Roy W. and J. F, Linn, (1992): *Urban Public Finance in Developing Countries,* Oxford University Press, New York.

2 Bird M Richard.(2000); *"Intergovernmental Fiscal Relations: Universal Principles, Local Applications,"* International Center for Public Policy Working Paper Series, at AYSPS, GSU paper 0002, International Center for Public Policy, Andrew Young School of Policy Studies, Georgia State University

3 Charles M. Tiebout, (1956);. "A Pure Theory of Local Expenditures," *Journal of Political Economy,* University of Chicago Press, vol. 64, pages 416-416.

4 King, David (1984), *Fiscal Tiers - The Economics of multi-level government,* George Allen and Unwise.

5 Laura Von Daniels, 2016. *Fiscal Decentralization and Budget Control,* Edward Elgar Publishing, number 15830.

6 Litvack J., Ahmad J., & Bird R. (1998). "Rethinking decentralization in developing countries?. The World Bank.

7 Mulgan, R. (1997) 'Processes of Accountability', *Australian Journal of Public Administration* 56(1): 25-36.

8 Musgrave (1983); *"Samuelson on Public Goods"* in Samuelson on public goods. in E. C. Brown & R. Solow (Eds.),Paul Samuelson and modern economic theory.

9 Oates, W.E. (1972) *Fiscal Federalism*. Harcourt Brace Jovanovich, New York.:

10 Oates, Wallace 2005. "Toward A Second-Generation Theory of Fiscal Federalism," International Tax and Public Finance, *Springer;* International Institute of Public Finance, vol. 12(4), pages 349-373, August.

11 Oates, Wallace E, 1981. "On Local Finance and the Tiebout Model," *American Economic Review*, American Economic Association, vol. 71(2), pages 93-98, May.

12 Olson, Mancur, Jr, 1969. "The Principle of "Fiscal Equivalence": The Division of Responsibilities among Different Levels of Government," *American Economic Review*, American Economic Association, vol. 59(2), pages 479-487, May.

13 Oommen (1998), "Eleventh Finance Commission and Local Bodies-Tasks and Options", *Economic and Political Weekly* , Vol. 33, Issue No. 51.

14 Oommen M A (2022); "The Mission Antyodaya Project: A Powerful Tool to Rejig Decentralisation and Horizontal Equity", *Economic and Political Weekly,* Vol. 57, Issue No. 35.

15 Oommen, M.A (2004): "Fiscal Decentralisation to Rural Governments?, Volume IV - Kerala Case Study, Rural Development Unit, World Bank.

16 Oommen, M.A.(2005): "Twelfth Finance Commission and Local Bodies", *Economic and Political Weekly,* Vol. 40, Issue No. 20.

17 Shah, Anwar. (1994). *The reform of intergovernmental fiscal relations in developing and emerging market economies.* Washington, DC: World Bank

18 Wildasin, David. (2004). "The Institutions of Federalism: Toward an Analytical Framework?,. *National Tax Journal.* 57. 10.17310/ntj.2004.2.06.

19 Yingyi Qian & Barry R. Weingast, 1997. "Federalism as a Commitment to Reserving Market Incentives," Journal of Economic Perspectives, American Economic Association, vol. 11(4), pages 83-92, Fall.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

# പ്രവാസികൾ കേരളത്തിന്റെ സാമ്പത്തിക അടിത്തറ – കേരള മൈഗ്രേഷൻ സർവെ റിപ്പോർട്ട് – 2023

എസ്. ഇരുദയരാജൻ

**സംഗ്രഹം**

*2023 ലെ കേരള മൈഗ്രേഷൻ സർവെ (കെ എം എസ്) ആഗോളതലത്തിൽ നടക്കുന്ന കുടിയേറ്റ പഠനങ്ങളുടെ ഭാഗമായി കേരളത്തിൽ നടന്ന ഒമ്പതാമത്തെ സർവേയാണ്. കെ. സി സഖറിയ, എസ്. ഇരുദയരാജൻ എന്നിവർ 1998 മുതൽ തന്നെ കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ വിവിധ വശങ്ങൾ പഠിക്കുന്നതിനായി സവിശേഷമായ രീതികൾ ആവിഷ്കരിക്കുകയുണ്ടായി. തുടക്കത്തിൽ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ (സി ഡി എസ്) നേതൃത്വത്തിലാണ് സർവെ നടന്നിരുന്നതെങ്കിൽ, കെ എം എസിന്റെ 2023 പതിപ്പിന്റെ പൂർണ്ണ ചുമതല ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനായിരുന്നു (ഗിഫ്റ്റ്). സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് നോൺ റെസിഡന്റ് കേരളൈറ്റ്സ് അഫയേഴ്സ് (നോർക്ക) എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെയും ഒപ്പം ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റ് (ഐ ഐ എം ഡി) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയുമാണ് ഈ പ്രവർത്തനം സംഘടിപ്പിച്ചത്. മൂന്ന് ഘട്ടങ്ങളിലായാണ് സർവെ നടത്തിയത്. ഇതിലെ പാനൽ സർവേയുടെ ഒന്നാം ഘട്ടത്തിൽ 11 വിഭാഗങ്ങളിലായി 10000 കുടുംബങ്ങളാണ് പങ്കെടുത്തത്. 20000 കുടുംബങ്ങൾ പങ്കെടുത്ത രണ്ടാം ഘട്ട സർവേയുടെ വിവരങ്ങളെ ആധാരമാക്കിയാണ് ഈ ലേഖനം തയ്യാറാക്കിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ കുടിയേറ്റം, പ്രവാസികളുടെ തിരിച്ചുവരവ് , കാലാവസ്ഥാ വ്യതിയാനവും സ്ത്രീകളും, വിദേശത്തേക്ക് പോയ കുടുംബങ്ങളിലെ കുട്ടികളുടെയും പ്രായമേറിയവരുടെയും സ്ഥിതി തുടങ്ങിയ പ്രത്യേക വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് സർവേയുടെ മൂന്നാം ഘട്ടം നടന്നത്.*

**പ്രധാന വാക്കുകൾ :** *കുടിയേറ്റം, റെമിറ്റൻസ്, കേരളം, വിദ്യാർത്ഥികളുടെ കുടിയേറ്റം, പാനൽ വിവരങ്ങൾ*

കെ. സി സക്കറിയ, എസ്. ഇരുദയരാജൻ എന്നിവരുടെ നേതൃത്വത്തിൽ 1998 ലാണ് ആദ്യമായി കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരെ കുറിച്ചുള്ള ഒരു സർവേ (കേരള മൈഗ്രേഷൻ സർവ്വേ – കെ എം എസ്) നടന്നത്. എന്നാൽ അതിന് ശേഷം കേരളത്തിൽ നിന്നും ഇതര രാജ്യങ്ങളിലേക്ക് ചേക്കേറുന്ന ആളുകളുടെ എണ്ണത്തിൽ അഭൂതപൂർവമായ വളർച്ചയുണ്ടായി. 1998 ൽ 1.4 ദശലക്ഷമായിരുന്ന കുടിയേറ്റക്കാരുടെ എണ്ണം 2003 ൽ 1.8 ദശലക്ഷമായും 2008 ൽ 2.2 ദശലക്ഷമായും ഉയർന്നു. 2013 ൽ അത്

2.4 ദശലക്ഷം എന്ന റെക്കോഡ് തോതിലേക്ക് വർദ്ധിക്കുകയുണ്ടായി. പക്ഷെ 2018 ലേക്കെത്തുമ്പോൾ എണ്ണം 2.1 ദശലക്ഷമായി കുറഞ്ഞു. ഇതിന് പല കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കേരളത്തിലെ ജനസംഖ്യ വളർച്ചയിൽ ഉണ്ടായ മാറ്റം, ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ഗൾഫ് രാജ്യങ്ങളിൽ നടപ്പാക്കിയ ശക്തമായ സ്വദേശിവത്കരണം, സാമ്പത്തിക പ്രതിസന്ധി, കമ്പനികൾ പ്രവർത്തനം അവസാനിപ്പിച്ചത്, തൊഴിൽ മാർക്കറ്റിലെ ഡിമാന്റിൽ ഉണ്ടായ മാറ്റങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ ഉൾപ്പടെയുള്ള മേഖലകളിൽ നിന്നും തൊഴിൽ രംഗത്തുണ്ടായ കടുത്ത മത്സരം തുടങ്ങിയ നിരവധി കാരണങ്ങൾ നമുക്ക് നിരത്താൻ കഴിയും. തൊഴിൽ രംഗത്ത് മത്സരം കടുത്തതോടെ കുറഞ്ഞ വേതനത്തിൽ പണിയെടുക്കാൻ തയ്യാറാകുന്നവരുടെ എണ്ണവും കൂടി.

2018 ലെ കെ എം എസ് പൂർത്തിയായതിന് ശേഷമാണ് കേരളം ഒരു മഹാപ്രളയത്തിന് സാക്ഷിയായത്. തുടർന്ന് 2020 ലും 2021 ലും കോവിഡ് മഹാമാരി പടർന്നു പിടിച്ചു. ഇത് വിദേശത്ത് ജോലി ചെയ്യുന്നവരുടെ വൻതോതിലുള്ള തിരിച്ചു വരവിന് കാരണമായി. തൊഴിൽ നഷ്ടമായതും വിസ കാലാവധി പൂർത്തിയായതും സാമ്പത്തിക പ്രതിസന്ധിയും ശമ്പളം വെട്ടികുറച്ചതും ഉൾപ്പടെ നിരവധി കാരണങ്ങളാലാണ് സ്വദേശത്തേക്കുള്ള ഈ മടക്കം. 2022 മാർച്ച് 11 ന് സംസ്ഥാന ധനമന്ത്രി നടത്തിയ ബജറ്റ് പ്രസംഗത്തിൽ ഇങ്ങനെ 1.4 ദശലക്ഷം പേർ മടങ്ങിയെത്തിയതായി പറയുന്നുണ്ട്. 2023 ൽ ഡിപ്പാർട്ട്മെന്റ് ഓഫ് നോൺ റെസിഡന്റ് കേരളലൈറ്സ് അഫയേഴ്സ് (നോർക്ക) കെ എം എസിന്റെ ഒമ്പതാം പതിപ്പിന് തുടക്കം കുറിച്ചു. 2022 ൽ നടന്ന മൂന്നാം ലോക കേരള സഭയുടെ ശുപാർശ പ്രകാരമായിരുന്നു അത്. ഇന്റർനാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റിന്റെ (ഐ ഐ എം എ ഡി) സാങ്കേതിക സഹായത്തോടെ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനാണ് (ഗിഫ്റ്റ്) സർവെ നടത്തിയത്.

**കെ എം എസ് – 2023**

1998 ലെ ആദ്യ കെ എം എസിൽ 10000 കുടുംബങ്ങളിൽ നിന്നാണ് സാമ്പിൾ എന്ന നിലയിൽ വിവരങ്ങൾ ശേഖരിച്ചത്. 2018 ൽ അത് 15000 ആയി ഉയർത്തി. ഐ ഐ എം എ ഡിയുടെ സ്ഥാപക പ്രസിഡന്റായ കെ. സി സഖറിയയുടെ മാർഗ്ഗനിർദേശപ്രകാരം 2023 ലെ സർവേയിൽ 14 ജില്ലകളിലെ 77 താലൂക്കുകളിൽ നിന്നുമായി 20000 കുടുംബങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. 'റാൻഡം സാംപ്ലിങ്' രീതിയാണ് ഇതിന് ഉപയോഗിച്ചത്. ഓരോ ജില്ലയെയും ഗ്രാമീണ മേഖല, നഗര മേഖല എന്നിങ്ങനെ രണ്ടായി തിരിച്ച് 28 വിഭാഗങ്ങളായി തിരിച്ചാണ് സാമ്പിൾ തയ്യാറാക്കിയത്.

സർവേക്കായി സംസ്ഥാന വ്യാപകമായി 500 പ്രത്യേക കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുകയും ഓരോന്നിൽ നിന്ന് 40 വീതം കുടുംബങ്ങളെയും തിരഞ്ഞെടുക്കുകയുണ്ടായി. സാമ്പിൾ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ കുറ്റമറ്റ രീതിയിലുള്ള ഒരു പ്രാതിനിധ്യവത്കരണത്തിന് ഇത് സഹായകമായി. 1956 ൽ കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷം നടന്ന വിപുലമായ ഒരു സാമ്പത്തിക – സാമൂഹ്യ സർവെ ആയിരുന്നു ഇത്. ദേശീയ കുടുംബാരോഗ്യ സർവേയിൽ (എൻ എഫ് എച്ച് എസ്–5) കേരളത്തിൽ നിന്നും 12330 കുടുംബങ്ങളെയാണ് തിരഞ്ഞെടുത്തത്. കെ എം എസിൽ പങ്കെടുത്ത കുടുംബങ്ങളിൽ 28 ശതമാനത്തിന്റെ കാര്യത്തിൽ ഗൃഹനാഥ സ്ത്രീകളായിരുന്നു. 2011 ലെ സെൻസസ് കണക്കിനായി എടുത്ത 25.3 ശതമാനത്തേക്കാൾ 2.7 ശതമാനം കൂടുതലായിരുന്നു ഇതെന്ന് കാണാം. അതിന് പുറമെ പരമ്പരാഗത രീതിയിൽ കടലാസിൽ തയ്യാറാക്കുന്നതിന് പകരം ഡിജിറ്റൽ

ഫോർമാറ്റിലാണ് വിവരങ്ങൾ ശേഖരിച്ചത്. വിവരശേഖരണത്തിനായി പരിശീലനം സിദ്ധിച്ച 300 പേരുടെ സഹായത്തോടെ 'കോബോ ടൂൾ ബോക്സ്' എന്ന സാങ്കേതിക വിദ്യയായണ് ഉപയോഗിച്ചത്.

**കേരളത്തിൽ നിന്നുള്ള കുടിയേറ്റം**

2023 ലെ കെ എം എസ് പ്രകാരം കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം 2.2 ദശലക്ഷം എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇക്കാര്യത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഏറെക്കുറെ ഒരു സ്ഥിരത പ്രകടമാണ്. അതിന് മുൻപുള്ള ഒരു ദശകക്കാലത്തെ ഇടിവ് പരിഗണിക്കുമ്പോൾ ഇപ്പോഴുള്ള സ്ഥിരമായ ട്രെൻഡ് കൗതുകകരമാണ്. 2023 ൽ പ്രവാസികളുടെ മൊത്തം എണ്ണത്തിൽ 32388 പേരുടെ വർധന കാണാമെങ്കിലും 9 ജില്ലകളുടെ കാര്യത്തിൽ 2018 ആയി താരതമ്യം ചെയ്യുമ്പോൾ എണ്ണം കുറയുന്ന പ്രവണതയാണ് കാണുന്നത്. വിദേശത്തേക്കുള്ള കുടിയേറ്റം ഏറെക്കുറെ ഒരു പരിധിയിലെത്തിയെന്ന് വേണമെങ്കിൽ ഇതിനെ വിവക്ഷിക്കാവുന്നതാണ്. വിദ്യാഭാസ ആവശ്യങ്ങൾക്കായി വിദേശത്തെക്ക് പോകുന്നവരുടെ എണ്ണത്തിലുണ്ടായ വർധനയാണ് കുടിയേറുന്നവരുടെ എണ്ണം കുറയാതിരിക്കാനുള്ള പ്രധാന കാരണം. 2018 ൽ 129763 വിദ്യാർത്ഥികൾ അന്യ രാജ്യങ്ങളിലേക്ക് പോയപ്പോൾ 2023 ൽ അത് ഇരട്ടിയോളം ഉയർന്ന് 250000 ആയി. കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ ഘടനയിൽ ഇത് കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. അതായത് നന്നേ ചെറുപ്പത്തിൽ തന്നെ, ഏതാണ്ട് 17 വയസാകുമ്പോൾ തന്നെ വിദേശത്തേക്ക് പോകുന്നവരാണ് ഇക്കൂട്ടരിൽ അധിക പങ്കും. 2023 ലെ കെ എം എസ് പ്രകാരം കേരളത്തിൽ നിന്നും മൊത്തം പോകുന്നവരുടെ എണ്ണത്തിൽ 11.3 ശതമാനം പേർ വിദ്യാർത്ഥികളാണ്. ചെറിയ പ്രായത്തിൽ തന്നെ മികച്ച വിദ്യാഭ്യാസ അവസരങ്ങൾ തേടി സംസ്ഥാനം വിടുന്നവരുടെ എണ്ണം അടിയ്ക്കടി കൂടി വരികയാണ്.

100 വീടുകൾക്ക് എത്ര പ്രവാസികൾ എന്ന കണക്ക് പരിശോധിക്കുമ്പോൾ 2023 ൽ നേരിയ തോതിലുള്ള കുറവ് കാണാവുന്നതാണ്. എന്നാൽ സർവേയിൽ പങ്കെടുത്ത കുടുംബങ്ങളിൽ പകുതിയെണ്ണവും കുടിയേറ്റവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ഒന്നുകിൽ വിദേശത്തേക്ക് പോയതോ അല്ലെങ്കിൽ വിദേശത്തു നിന്നുള്ള തിരിച്ചുവരവോ ആയാണ് അത്. കേരളത്തിൽ അഞ്ചു കുടുംബങ്ങളിൽ രണ്ടെണ്ണത്തിൽ വിദേശത്ത് ജോലി ചെയ്യുന്ന ഒരാളെങ്കിലും ഉണ്ട് എന്നാണ് സർവേയിൽ കണ്ടെത്തിയത്. കേരളത്തിന്റെ സമ്പദ്ഘടനയിലും കേരളീയ സമൂഹത്തിലും ഇവർ ചെലുത്തുന്ന സ്വാധീനം ഒട്ടും ചെറുതല്ല. സർവേയിൽ പങ്കാളികളായ 20000 കടുംബങ്ങളിൽ 16.2 ശതമാനം കുടുംബങ്ങളിൽ ഒരാളെങ്കിലും വിദേശത്താണ്. എന്നാൽ 2018 ൽ ഇത് 17.3 ശതമാനമായിരുന്നു. വിദേശത്തേക്ക് പോയവരും തിരിച്ചുവന്നവരുമായരുടെ കണക്കെടുക്കുമ്പോൾ (മൊത്തം എൻ ആർ കെ) അത് ഏതാണ്ട് 4 ദശലക്ഷമാണ്. 2018 ൽ ഇത് 3.41 ദശലക്ഷമാണ്. 2023 ൽ സർവേ നടത്തുമ്പോൾ കണ്ടെത്താൻ കഴിഞ്ഞ രസകരമായ ഒരു കാര്യം, സംസ്ഥാനത്തുടനീളം ഒട്ടേറെ വീടുകൾ പൂട്ടികിടക്കുന്നതാണ്. കുടുംബ സമേതം വിദേശത്തേക്ക് ചേക്കേറിയതാണ് ഇതിന് കാരണം. ഇപ്രകാരം 4.2 ലക്ഷം കുടുംബങ്ങൾ വിദേശത്ത് വാസമുറപ്പിച്ചതായാണ് 2023 ലെ സർവേയിൽ കണ്ടെത്താൻ കഴിഞ്ഞത്. ആഗോള തലത്തിൽ മലയാളികളുടെ എണ്ണം ഏകദേശം 5 ദശലക്ഷം എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കേരളത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് പോയവരുടെ എണ്ണം 3 ദശലക്ഷമാണ്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസി

കളുള്ള താലൂക്ക് മലപ്പുറം ജില്ലയിലെ തിരൂരാണ്. ഇക്കാര്യത്തിൽ തുടർച്ചയായ വർഷങ്ങളിൽ തിരൂർ ഒന്നാം സ്ഥാനത്താണ്. 2023 ലെ സർവേ അനുസരിച്ച് 100000 പ്രവാസികളാണ് ഇവിടെയുള്ളത്. ഏറ്റവും കുറവ് പേർ വിദേശത്തേക്ക് പോയിട്ടുള്ള താലൂക്ക് ഇടുക്കി ജില്ലയിലെ ദേവികുളമാണ്. കേരളത്തിന്റെ വടക്കൻ ജില്ലകളിലാണ് പ്രവാസികളുടെ എണ്ണം ഉയർന്ന തോതിലുള്ളത്. 2023 ലെ കണക്കുകൾ പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 377647 പേർ വിദേശത്തേക്ക് പോയിട്ടുണ്ട്. മതം തിരിച്ചുള്ള കണക്കെടുത്താൽ 41.9 ശതമാനം പങ്കാളിത്തവുമായി മുസ്ലിം വിഭാഗക്കാരാണ് ഒന്നാം സ്ഥാനത്ത്. 35.2 ശതമാനവുമായി ഹിന്ദുക്കളാണ് രണ്ടാം സ്ഥാനത്ത്. ക്രിസ്ത്യാനികൾ 22.3 ശതമാനവുമാണ്. കുടിയേറുന്ന രാജ്യങ്ങളുടെ കാര്യത്തിലും കഴിഞ്ഞ ഏതാനും വർഷങ്ങളിൽ മാറ്റങ്ങൾ പ്രകടമാണ്. എന്നിരുന്നാലും ഗൾഫ് കോ ഓപ്പറേഷൻ കൗൺസിൽ (ജി സി സി) രാജ്യങ്ങൾ തന്നെയാണ് ഇപ്പോഴും ഏറ്റവും പ്രധാന കേന്ദ്രം. നേരത്തെ പ്രവാസികളുടെ ഇഷ്ട കേന്ദ്രങ്ങളിലൊന്ന് സൗദി അറേബ്യാ ആയിരുന്നെങ്കിൽ പുതിയ കെ എം എസ് കണക്കുകൾ കാണിക്കുന്നത് യു എ ഇ ആണ് ഏറ്റവും ആകർഷകമായ രാജ്യം എന്നാണ്. 2023 ലും യു എ ഇ തന്നെയാണ് മുന്നിൽ. 2018 ൽ 89.2 ശതമാനം പേരും ജി സി സി രാജ്യങ്ങളിലേക്കാണ് പോയിരുന്നതെങ്കിൽ 2023 ലെ സർവേയിൽ അത് 80.5 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ജി സി സി ഇതര രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം 2018 ൽ 10.8 ശതമാനം ആയിരുന്നെങ്കിൽ 2023 ൽ 19.5 ശതമാനമായി ഉയർന്നു. പഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾ കൂടുതലായും ജി സി സി ഇതര രാജ്യങ്ങൾ തിരഞ്ഞെടുക്കുന്നതാണ് ഇതിന് കാരണം.

അതുപോലെ സ്ത്രീകളുടെ പങ്കാളിത്തം 2018 ലെ 15.8 ശതമാനത്തിൽ നിന്നും 2023 ൽ 19.1 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇവരുടെ കാര്യത്തിലും താല്പര്യം ജി സി സി രാജ്യങ്ങളിൽ നിന്നും മാറി പാശ്ചാത്യ രാജ്യങ്ങളായി മാറിയിട്ടുണ്ട്. സ്ത്രീകളിൽ 40.5 ശതമാനം പേരും പോയത് യൂറോപ്യൻ രാജ്യങ്ങളിലേക്കാണ്. എന്നാൽ പുരുഷന്മാരുടെ കാര്യത്തിൽ ഇത് കേവലം 14.6 ശതമാനമാണ്. പ്രവാസികളായ സ്ത്രീകളുടെ കാര്യത്തിൽ 71.5 ശതമാനം പേരും ഡിഗ്രി പഠനം പൂർത്തിയാക്കിയവരാണ്. പുരുഷന്മാരുടെ കാര്യത്തിൽ ഇത് 34.7 ശതമാനവും. പ്രവാസികളുടെ എണ്ണത്തിന്റെ കാര്യത്തിൽ പുരുഷന്മാർ തന്നെയാണ് മുന്നിൽ. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അന്തരം ഏറ്റവും കുറവ് കോട്ടയം ജില്ലയിലും ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലുമാണ്.

### പ്രവാസികളുടെ തിരിച്ചുവരവ്

സംസ്ഥാനത്തേക്ക് തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം 1.8 ദശലക്ഷമാണ്. 2018 ൽ ഇത് 1.2 ദശലക്ഷമായിരുന്നു. ആരോഗ്യ മേഖലയിൽ ആഗോളതലത്തിൽ തന്നെ ഉണ്ടായ കടുത്ത പ്രതിസന്ധിയും സാമ്പത്തിക മാന്ദ്യവുമാണ് ഇതിന് മുഖ്യ കാരണം. കുടിയേറ്റ നിയമങ്ങൾ കർക്കശമാക്കിയതും തൊഴിലവസരങ്ങൾ കുറഞ്ഞതും തിരിച്ചു വരവ് കൂടുതൽ ശക്തമാക്കിയതായി കാണാം. പലർക്കും പുതിയ തൊഴിലുകൾ കണ്ടെത്താൻ കഴിഞ്ഞില്ല. അത് അവർക്ക് മേൽ കടുത്ത സമ്മർദ്ദത്തിന് കാരണമായി. ജോലി നഷ്ടപ്പെട്ടതും നിർബന്ധിതമായി രാജി സമർപ്പിക്കേണ്ടി വന്നതും മഹാമാരി ഉളവാക്കിയ വെല്ലുവിളികളും നിരവധി പേരെ കേരളത്തിലേക്ക് തിരികെ പോരാൻ നിർബന്ധിതമാക്കി. ഇതിൽ 18.4 ശതമാനം പേരും ജോലി നഷ്ടപ്പെട്ടത് മൂലമാണ് തിരികെ പോന്നത്. കേവലം 4.4 ശതമാനം പേർ മാത്രമാണ് തങ്ങളുദ്ദേശിച്ച ലക്ഷ്യങ്ങൾ പൂർത്തിയാക്കിയ ശേഷം മടങ്ങിയെത്തിയത്. മലയാളികൾക്ക് ഏറ്റവും പ്രിയങ്കരമായ യു എ ഇയിൽ നിന്ന് തന്നെയാണ് ഏറ്റവും കൂടുതൽ പേർ മടങ്ങിയെത്തിയത്.

തിരിച്ചെത്തിയവരിൽ 36 ശതമാനം പേർ യു എ ഇയിൽ നിന്നുള്ളവരാണ്.

### വിദേശത്തു നിന്നുള്ള പണമയക്കൽ

2023 ലെ കെ എം എസ് പ്രകാരം മഹാമാരിക്ക് ശേഷം കേരളത്തിലേക്കുള്ള പണമയക്കലിൽ പ്രകടമായ വർധന കാണാവുന്നതാണ്. 2018 ൽ 85092 കോടി രൂപയായിരുന്ന പണവരവ്, 2023 ൽ 216893 കോടി രൂപയായി കുതിച്ചുയർന്നു. 154.9 ശതമാനം വർധന. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ പ്രതിശീർഷ വരുമാനം 61118 രൂപയാണെന്ന് കാണാം. കുടുംബങ്ങളിലേക്കുള്ള പണവരവ് 20.6 ശതമാനം ഉയർന്ന് 37058 കോടി രൂപയായി. അതുപോലെ കുടുംബങ്ങളുടെ ശരാശരി വരുമാനത്തിലും കാണാം പ്രകടമായ വർധന. 2018 ൽ 96185 രൂപയായിരുന്ന അത് 2023 ൽ 223729 രൂപയായി വർധിച്ചു. എന്നാൽ ശ്രദ്ധേയമായ ഒരു കാര്യം, ഇപ്രകാരം വിദേശത്ത് നിന്നും വരുമാനം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം കുറഞ്ഞു വരികയാണെന്നതാണ്. 2018 ൽ 16 ശതമാനം കുടുംബങ്ങൾക്ക് ഇത്തരത്തിൽ വരുമാനം ലഭിച്ചിരുന്നെങ്കിൽ 2023 ൽ 12 ശതമാനമായി താഴ്ന്നു. ഇന്ത്യയിലെ മൊത്തം എൻ ആർ ഐ നിക്ഷേപത്തിന്റെ 21 ശതമാനവും കേരളത്തിലാണ്. 2019 മുതൽ കേരളം ഇതേ സ്ഥാനത്ത് തുടരുകയാണ്. കേരളത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്ന കാര്യത്തിൽ വിദേശത്തു നിന്നുള്ള പണത്തിന് നിർണ്ണായകമായ പങ്കാണുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം റവന്യു വരുമാനത്തിന്റെ 1.7 ഇരട്ടിയാണ് വിദേശത്തു നിന്നുള്ള വരുമാനം. കേരളത്തിന്റെ സംസ്ഥാന അറ്റ ആഭ്യന്തര ഉല്പാദനത്തിൽ (നെറ്റ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്റ്റ് – എൻ എസ് ഡി പി) എൻ ആർ ഐ പണത്തിന്റെ പങ്ക് 2023 ൽ 23.2 ശതമാനമായി വർധിച്ചു. 2018 ൽ ഇത് 13.5 ശതമാനമായിരുന്നു. 2023 ലെ സർവേയിൽ ആദ്യമായി കേരളത്തിൽ നിന്നും പുറത്തേക്ക് പോകുന്ന പണത്തിന്റെ അളവും കണക്കാക്കുകയുണ്ടായി. 43378 കോടി രൂപയാണ് ഇപ്രകാരം പോകുന്നത്. ഇങ്ങോട്ട് വരുന്ന പണത്തിന്റെ 20 ശതമാനത്തോളം വരുമിത്.

കൗതുകകരമായ ഒരു കാര്യം, പണത്തിന്റെ വരവിൽ കൊല്ലം ജില്ല മലപ്പുറത്തെ കടത്തിവെട്ടി എന്നതാണ്. മൊത്തം വരവിന്റെ 17.8 ശതമാനം കൊല്ലം ജില്ലയിലാണ്. 16.2 ശതമാനമാണ് മലപ്പുറം ജില്ലയിലെത്തിയത്. മുൻവർഷങ്ങളിൽ കണ്ടതുപോലെ ഏറ്റവും കൂടുതൽ വിദേശ വരുമാനം ലഭിച്ചത് മുസ്ലിം വിഭാഗത്തിൽ ഉൾപെട്ടവർക്കാണ്, 40.1 ശതമാനം. ഹിന്ദു കുടുംബങ്ങൾക്ക് 39.1 ശതമാനവും ക്രിസ്ത്യാനികൾക്ക് 20.8 ശതമാനവും ലഭിച്ചു. 73.3 ശതമാനം കുടുംബങ്ങൾക്കും മാസംതോറും വരുമാനം ലഭിക്കുന്നുണ്ട്. ഇനി ഇത് ചെലവാക്കുന്ന രീതി നോക്കിയാൽ, 15.8 ശതമാനം പണവും വിനിയോഗിച്ചിട്ടുള്ളത് വീടുകളും സ്ഥാപനങ്ങളും മോടി പിടിപ്പിക്കുന്നതിനാണ്. വായ്പകൾ തിരിച്ചടക്കുന്നതിന് 14 ശതമാനവും 10 ശതമാനം വിദ്യാഭ്യാസ ആവശ്യങ്ങൾക്കും വിനിയോഗിച്ചിട്ടുള്ളതായി കാണാം.

### ആഭ്യന്തര കുടിയേറ്റം

അന്യ സംസ്ഥാനങ്ങളിലേക്ക് ചേക്കേറിയ മലയാളികളുടെ എണ്ണം 0.5 ദശലക്ഷമാണ്. കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്ര എന്നീ മൂന്ന് സംസ്ഥാനങ്ങളിലേക്കാണ് ഏറ്റവും കൂടുതൽ പേർ പോയിട്ടുള്ളത്. ഇക്കാര്യത്തിൽ പാലക്കാട് ജില്ലയാണ് ഒന്നാം സ്ഥാനത്തുള്ളത്, 55601 പേർ. 53756 പേരുമായി എറണാകുളം ജില്ല രണ്ടാം സ്ഥാനത്തും 48330 പേരുമായി കൊല്ലം ജില്ല മൂന്നാം സ്ഥാനത്തുമാണ്. ഇങ്ങനെ പോകുന്ന ആളുകളുടെ കാര്യത്തിൽ തൊഴിലില്ലായ്മ കുറയുന്നു എന്നതാണ് ശ്രദ്ധേയമായ കാര്യം. തൊഴിലില്ലായ്മയുടെ നിരക്ക് 15.1 ശതമാനത്തിൽ നിന്നും 2.4 ശതമാനമായി കുറഞ്ഞു. ഇതര സംസ്ഥാനങ്ങളിലേക്ക് പോകുന്നവരുടെയുംതിരികെയെത്തുന്നവരുടെയും കൂട്ടത്തിൽ പുരുഷന്മാരാണ് കൂടുതൽ; യഥാക്രമം 64.4

ശതമാനവും 75.2 ശതമാനവും. എന്നാൽ വിദ്യാർത്ഥികളുടെ കാര്യത്തിൽ സ്ത്രീകളാണ് മുൻപന്തിയിൽ. 57.8 ശതമാനം. തിരികെയെത്തുന്ന വിദ്യാർത്ഥിനികളുടെ എണ്ണം 35.8 ശതമാനം എന്ന തോതിലാണ്. വനിതാ വിദ്യാർത്ഥികൾ പൊതുവെ അന്യ സംസ്ഥാനങ്ങളിൽ ജോലി നേടി അവിടെ തുടരാൻ താത്പര്യപ്പെടുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

**നയപരമായ ശുപാർശകൾ**

2023 ലെ കുടിയേറ്റ സർവേ ചൂണ്ടിക്കാണിക്കുന്ന പ്രധാന വസ്തുത, കുടിയേറ്റം കേരളത്തിലെ ജനസംഖ്യ വിതരണത്തെയും സാമ്പത്തിക മേഖലയെയും നിർണ്ണായകമായി സ്വാധീനിക്കുന്നു എന്നാണ്. അതുകൊണ്ട് തന്നെ നയപരമായ ഒട്ടേറെ ഇടപെടലുകൾ ഇക്കാര്യത്തിൽ ആവശ്യമാണ്. വിദ്യാർത്ഥികളുടെ കുടിയേറ്റമാണ് ഇതിൽ ഏറ്റവും നിർണ്ണായകമായി മാറിയിരിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഇത് ഏതാണ്ട് ഇരട്ടിയായതായി കാണാം. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ മേഖലയിൽ കാതലായ മാറ്റമാണ് ഇത് ആവശ്യപ്പെടുന്നത്. അതുപോലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഭാവിയിൽ വിദേശത്തേക്ക് പോകുന്നവർക്ക് അതിനുള്ള സുരക്ഷിത മാർഗം ഒരുക്കുകയും വേണം. വിദേശത്തേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസികളുടെയും അതിനായി ഭാഷാ പരിശീലനം നൽകുന്ന സ്ഥാപനങ്ങളുടെയും കാര്യത്തിൽ കർശനമായ നിരീക്ഷണവും നിയന്ത്രണവും ആവശ്യമാണ്. വ്യാജ റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ പോലുള്ള ക്രിമിനൽ കുറ്റങ്ങൾ തടയുന്നതിന് ഇത് അനിവാര്യമാണ്. വിദേശത്തു നിന്നും മികച്ച വിദ്യാഭ്യാസവും പരിശീലനവും ലഭിച്ച വിദ്യാർത്ഥികളെ സംസ്ഥാനത്തേക്ക് തിരികെയെത്തിക്കുന്നതിനുള്ള നയപരമായ നീക്കങ്ങൾ വേണ്ടതാണ്. സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകുന്ന മികച്ച മസ്തിഷ്കങ്ങൾ നമുക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ ഇത് വളരെ നിർണ്ണായകമാണ്.

കേരളത്തിൽ നിന്നും വിദേശ രാജ്യങ്ങളിലേക്കും അന്യ സംസ്ഥാനങ്ങളിലേക്കും പോയിട്ടുള്ള പ്രവാസികളിൽ 76.9 ശതമാനവും തൊഴിലാളികളാണ്. അവർക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാകുന്നതിന്, നൈപുണ്യ വികസനം ആവശ്യമാണ്. അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ എസ് എ പി) പോലുള്ള പരിപാടികളിൽ വിദേശത്തുള്ള ഇത്തരം തൊഴിലാളികളെ കൂടി ഉൾപ്പെടുത്തണം. ജി സി സി രാജ്യങ്ങളെ കുടിയേറ്റ തൊഴിലാളികൾ അമിതമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിന് ഇത് സഹായകമാണ്. വിദേശത്ത് കൂടുതൽ അവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന രാജ്യങ്ങളുമായി ധാരണാപത്രം ഒപ്പിടാൻ കഴിഞ്ഞാൽ അത് കുടിയേറ്റ പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായകരമാകുന്നതാണ്. വിദേശത്ത് നിന്നും തിരിച്ചെത്തുന്നവരുടെ കാര്യത്തിൽ ഉചിതമായ പുനരധിവാസ പദ്ധതികൾ ആവശ്യമാണ്. പ്രവാസികളുടെ ലോകത്ത് നടക്കുന്ന അതിവേഗത്തിലുള്ള മാറ്റങ്ങൾ സൂക്ഷ്മതയോടെയും കൃത്യമായ ഇടവേളകളിലും നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. കേരള മൈഗ്രേഷൻ സർവേയുടെ ചെറിയ പതിപ്പ് എല്ലാ വർഷവും നടപ്പാക്കുന്നത് ഉചിതമാണ്. 5000 പേരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ഇത് നടപ്പാക്കാവുന്നതാണ്.

13.3 ദശലക്ഷം പ്രവാസികളുൾപ്പെടുന്ന ഒരു ലോക കേരള സഭയാണ് 2023 ലെ കെ എം എസ് മുന്നിൽ കാണുന്നത്. കേരളത്തിന്റെ ജനസംഖ്യയുടെ ഏതാണ്ട് മൂന്നിലൊന്ന് (38 ശതമാനം) പ്രവാസികളാണ്. എന്നാൽ ഈ രംഗത്തെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ വേണ്ടത്ര വിജയം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 5 ദശലക്ഷം മലയാളികൾ വിദേശത്ത് ജോലി ചെയ്യുന്ന സാഹചര്യത്തിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ മാതൃകയിൽ ഒരു

'മൈഗ്രേഷൻ ഡെവലപ്മെന്റ് ബാങ്ക്' എന്ന ആശയത്തെ കുറിച്ച് നാം ചർച്ച ചെയ്യേണ്ട സമയം സമാഗതമായിരിക്കുകയാണ്. പ്രവാസി കൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ കഴിയുന്ന തിനൊപ്പം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശക്തമായ സംവിധാനങ്ങളും സജ്ജമാകണം. ഒപ്പം തന്നെ അവരുമായി ബന്ധപ്പെടുന്ന വിവിധ സംഘടനകളെ പിന്തുണയ്ക്കാൻ കഴിയണം. അത്തരം നടപടികൾ പ്രവാസി ലോക ത്തിന്റെ സാദ്ധ്യതകൾ കേരളത്തിന്റെ സമഗ്ര വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ളതാകണം.

■

*(പ്രൊഫ എസ് ഇരുദയ രാജൻ, ഹോണററി ഫെലോ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, ചെയർ, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ് മെന്റ്).*

## References

Rajan S I (2020a) Covid-19-led migration crisis: a critique of policies. Economic and Political Weekly 55(48): 13-16.

Rajan S I (2020b) No package for internal migrants. In: The Stimulus Package in five Instalments Does it Make the Economy More Self-Reliant? (Commentary on India's Economy and Society Series). Trivandrum: Centre for Development Studies, pp. 23-25.

Rajan S I (2020c) Migrants at a crossroads: COVID-19 and Challenges to Migration. Migration and Development 9(3): 323-330.

Rajan S I (ed.) (2012) India Migration Report 2012: Global Financial Crisis, Migration and Remittances. Routledge.

Rajan S.I and Balasubramanyam Pattath. 2022. What Next for the COVID-19 Return Emigrants? Findings from the Kerala Return Emigrant Survey 2021. Chapter 14 in S Irudaya Rajan (ed). 2022. India Migration Report 2021: Migrant's Health. Routledge.

Rajan SI, Arokkiaraj H (2022) Return Migration from the Gulf Region to India Amidst COVID-19. In: Triandafyllidou A (ed.) Migration and Pandemics: Spaces of Solidarity and Spaces of Exception. Cham: Springer, pp. 207-225.

Rajan SI, Oommen GZ (2020b) The South Asian-Gulf migrant crisis. Chennai: The Hindu, 29 July. Available at: https://www.thehindu.com/opinion/op-ed/the-south-asian-gulf-migrant-crisis/article32215146.ece

Rajan SI, Oommen GZ (eds) (2020a) Asianization of migrant workers in the Gulf countries. Singapore: Springer.

Rajan, S I and K C Zachariah (2019) Emigration and Remittances: New Evidences from the Kerala Migration Survey, 2018. Centre for Development Studies Working Paper No. 483.

Rajan, S. I. (Ed.). (2020). India Migration Report 2020: Kerala Model of Migration Surveys. Routledge.

Rajan, S.I and B Pattath (2021). Kerala Return Emigrant Survey 2021: What Next for Return Migrants of Kerala? 2019) Centre for Development Studies Working Paper No. 504.

Rajan, S.I and C S Akhil. (2021). Empty Handed and Demoralized: New Evidences of Wage Theft among Indian Return Migration during COVID-19. Policy Brief No.2. Migration Forum in Asia and The International Institute of Migration and Development.

Rajan, S.I and C.S Akhil.(2019).Re-integration of Return Migrants and State Responses. Productivity, Volume 60, No.2, Pp.136-142.

Rajan, S.I and C.S Akhil.(2022). Non-payment of Wages among Gulf returnees in the first wave of COVID 19. Chapter 13 in S Irudaya Rajan (ed). 2022. India Migration Report 2022: Health Professionals Migration. Routledge.

Rajan, S.I and Pooja Batra. 2022. Return Migrants and the first wave of COVID 19: Results from the Vande Bharat returnees. Chapter 6 in S Irudaya Rajan (ed). 2022. India Migration Report 2021: Migrant's Health. Routledge.

Zachariah, K C and S Irudaya Rajan (2004). Gulf Revisited: Economic Consequences of Emigration from Kerala, Emigration and Unemployment. Centre for Development Studies Working Paper No. 363.

Zachariah, K C and S Irudaya Rajan (2005). Unemployment in Kerala at the Turn of the Century: Insights from CDS Gulf Migration Studies Centre for Development Studies Working Paper No. 374.

Zachariah, K C and S Irudaya Rajan (2007) Economic and Social Dynamics of Migration in Kerala, 1999-2004: Analysis of Panel Data Centre for Development Studies Working Paper No. 384.

Zachariah, K C and S Irudaya Rajan (2007) Migration, Remittances and Employment: Short-term Trends and Long term Implications. Centre for Development Studies Working Paper No. 395.

Zachariah, K C and S Irudaya Rajan (2010) Migration Monitoring Study, 2008: Emigration and Remittances in the Context of Surge in Oil Prices. Centre for Development Studies Working Paper No. 424.

Zachariah, K C and S Irudaya Rajan (2011) From Kerala to Kerala Via the Gulf: Emigration Experiences of Return Emigrants. Centre for Development Studies Working Paper No. 443.

Zachariah, K C and S Irudaya Rajan (2011) Impact of the Global Recession on Migration and Remittances in Kerala: New Evidences from the Return Migration Survey (RMS) 2009. Centre for Development Studies Working Paper No. 432.

Zachariah, K C and S Irudaya Rajan (2011) Inflexion in Kerala's Gulf Connection: Report on Kerala Migration Survey 2011. Centre for Development Studies Working Paper No. 450.

Zachariah, K C and S Irudaya Rajan (2015) Dynamics of Emigration and Remittances in Kerala: Results from the Kerala Migration Survey 2014. Centre for Development Studies Working Paper No. 463.

Zachariah, K C, P R G Nair and S IrudayaRajan (2006).Return Emigrants in Kerala: Welfare, Rehabilitation and Development. Manohar Publishers and Distributors, New Delhi.

Zachariah, K.C, B A Prakash and S Irudaya Rajan (2002). Gulf Migration Study: Employment, Wages and Working Conditions of Kerala Emigrants in the United Arab Emirates. Centre for Development Studies Working Paper No. 326.

Zachariah, K.C, E T Mathew and S Irudaya Rajan (1999). Impact of Migration on Kerala's Economy and Society. Centre for Development Studies Working Paper No. 297.

Zachariah, K.C, E T Mathew and S Irudaya Rajan (2000). Socio-economic and Demographic Consequences of Migration in Kerala. Centre for Development Studies Working Paper No. 303.

Zachariah, K.C, E T Mathew and S IrudayaRajan, (2001a).Impact of Migration on Kerala's Economy and Society. International Migration, Volume 39. No.1, Pp. 63-88

Zachariah, K.C, E T Mathew and S IrudayaRajan, (2001b).Social, Economic and Demographic Consequences of Migration in Kerala. International Migration, Volume 39. No.2, Pp. 43-72

Zachariah, K.C, E T Mathew and S IrudayaRajan, (2003).Dynamics of Migration in Kerala: Dimensions, Differentials, and Consequences. Orient Blackswan, Hyderabad.

Zachariah, K.C, P R G Nair and S Irudaya Rajan (2001). Return Emigrants in Kerala: Rehabilitation Problems and Development Potential Centre for Development Studies Working Paper No. 319.

## Migration Estimates by Districts and Taluks in Kerala, 2023

| | Return Emigrants | Emigrants | Return Out-migrants | Out-migrants |
|---|---|---|---|---|
| Chirayinkeezhu | 66781 | 43112 | 4043 | 2611 |
| Nedumangad | 33370 | 10585 | 2334 | 4749 |
| **Thiruvananthapuram** | **48042** | **29478** | **639** | **1533** |
| Neyyattinkara | 37502 | 24741 | 6566 | 6055 |
| Thiruvananthapuram | 185695 | 107917 | 13582 | 14948 |
| Karunagappally | 35022 | 32540 | 8527 | 12272 |
| Kunnathur | 12055 | 16583 | 5132 | 5783 |
| Pathanapuram | 19890 | 46447 | 3686 | 5826 |
| Kottarakkara | 37903 | 56979 | 10808 | 14488 |
| Kollam | 53610 | 43266 | 8416 | 9961 |
| **Kollam** | **158481** | **195815** | **36569** | **48330** |
| Thiruvalla | 11801 | 17698 | 6300 | 5257 |
| Mallappally | 6249 | 9706 | 1541 | 3251 |
| Ranni | 5804 | 17412 | 0 | 1451 |
| Kozhencherry | 10374 | 29287 | 4909 | 5584 |
| Adoor | 6693 | 27521 | 1012 | 9003 |
| **Pathanamthitta** | **40921** | **101624** | **13762** | **24546** |
| Cherthala | 13094 | 13118 | 10031 | 12617 |
| Ambalappuzha | 14029 | 24679 | 12558 | 6098 |
| Kuttanad | 7487 | 12364 | 1138 | 5796 |
| Karthikappally | 16217 | 33630 | 6638 | 5539 |
| Chengannur | 14962 | 12698 | 2370 | 3952 |
| Mavelikkara | 33705 | 37628 | 10198 | 8299 |
| Alappuzha | 99494 | 134116 | 42932 | 42301 |
| Meenachil | 14245 | 37065 | 6646 | 6694 |
| Vaikom | 11116 | 32193 | 7333 | 9033 |
| Kottayam | 28809 | 39964 | 17606 | 18061 |
| Changanassery | 12972 | 17667 | 2972 | 6737 |
| Kanjirappally | 7135 | 16935 | 2704 | 3559 |
| **Kottayam** | **74277** | **143824** | **37261** | **44084** |
| Devikulam | 0 | 860 | 0 | 1146 |
| Udumbanchola | 4268 | 13392 | 905 | 4520 |
| Thodupuzha | 8608 | 7875 | 2974 | 3096 |
| Peerumedu | 596 | 3177 | 596 | 1788 |
| **Idukki** | **13472** | **25304** | **4475** | **10550** |
| Kunnathunad | 18527 | 25176 | 4311 | 9649 |
| Aluva | 15447 | 27793 | 3198 | 4157 |
| Paravur | 13119 | 18023 | 7628 | 2101 |

| | Return Emigrants | Emigrants | Return Out-migrants | Out-migrants |
|---|---|---|---|---|
| Kochi | 37019 | 30088 | 2599 | 5868 |
| Kanayannur | 50856 | 53572 | 32249 | 27523 |
| Muvattupuzha | 14118 | 18052 | 2210 | 1958 |
| Kothamangalam | 2763 | 14252 | 2499 | 2499 |
| **Ernakulam** | **151849** | **186956** | **54695** | **53756** |
| Talappilly | 43251 | 49767 | 17669 | 4739 |
| Chavakkad | 47007 | 54164 | 4992 | 7424 |
| Thrissur | 47810 | 35254 | 28376 | 15041 |
| Kodungallur | 40830 | 31440 | 3361 | 2475 |
| Mukundapuram | 60541 | 62552 | 12627 | 10193 |
| **Thrissur** | **239439** | **233177** | **67026** | **39874** |
| Ottappalam | 42791 | 73286 | 9312 | 18544 |
| Mannarkad | 12961 | 10250 | 1238 | 4102 |
| Palakkad | 17112 | 20314 | 14544 | 21943 |
| Chittur | 5230 | 7474 | 0 | 6611 |
| Alathur | 14595 | 12953 | 0 | 4401 |
| **Palakkad** | **92689** | **124277** | **25094** | **55601** |
| Ernad | 52589 | 57359 | 828 | 2210 |
| Nilambur | 63696 | 42470 | 2231 | 744 |
| Perinthalmanna | 22964 | 48747 | 0 | 2302 |
| Tirur | 70058 | 109133 | 11873 | 8418 |
| Tirurangadi | 122933 | 80379 | 0 | 0 |
| Ponnani | 18936 | 39559 | 601 | 2626 |
| **Malappuram** | **351176** | **377647** | **15533** | **16300** |
| Vadakara | 64949 | 69148 | 4082 | 12094 |
| Quilandy | 64830 | 59882 | 7412 | 9844 |
| Kozhikode | 80509 | 64667 | 7551 | 22557 |
| **Kozhikode** | **210288** | **193697** | **19045** | **44496** |
| Mananthavady | 6657 | 9288 | 2445 | 4084 |
| Sulthan Bathery | 8060 | 15966 | 1408 | 8515 |
| Vythiri | 1792 | 7087 | 2567 | 6578 |
| Wayanad | 16509 | 32341 | 6420 | 19178 |
| Taliparamba | 27232 | 60164 | 5287 | 9746 |
| Kannur | 25248 | 58717 | 5425 | 9932 |
| Thalassery | 53927 | 93326 | 8395 | 23866 |
| **Kannur** | **106408** | **212208** | **19107** | **43544** |
| Kasaragod | 22243 | 47492 | 1217 | 6161 |
| Hosdurg | 27819 | 37881 | 571 | 8757 |
| **Kasaragod** | **50062** | **85372** | **1788** | **14918** |
| **Kerala** | **1790758** | **2154275** | **357289** | **472426** |

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

GIFT GULATI INSTITUTE OF FINANCE AND TAXATION

# പ്രാദേശിക ഭരണരംഗത്തെ സാമ്പത്തിക അസന്തുലിതാവസ്ഥ : ധനക്കമ്മിഷൻ കണക്കിലെടുക്കേണ്ട വസ്തുതകൾ

ഷെൻസി മാത്യു

**സംഗ്രഹം**

*പ്രാദേശികമായി ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും പ്രാവർത്തികമാക്കുന്ന വിധത്തിൽ ആസൂത്രണ രംഗത്തും വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ (എൽ എസ് ജി) വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. പ്രാദേശിക ഭരണകൂടങ്ങൾക്ക് കൈമാറിയിരിക്കുന്ന ചുമതലകൾ കൃത്യമായി നിർവഹിക്കുന്നതിനും ചെലവുകൾ സംബന്ധമായ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനും ആവശ്യമായ വിഭവശേഷി ഉണ്ടാകണമെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. എന്നാൽ തനത് വരുമാനം എന്നതിനുപരിയായി വിവിധ ഗ്രാന്റുകളെയാണ് ഇത്തരം കാര്യങ്ങൾക്കായി അവ കൂടുതലായി ആശ്രയിക്കുന്നതെന്ന് കാണാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം വരുമാനത്തിന്റെ 95 ശതമാനത്തിലേറെ ഇത്തരത്തിലുള്ള ധനസഹായങ്ങളാണ് (പഞ്ചായത്ത് ധനകാര്യ റിപ്പോർട്ട്, ആർ ബി ഐ – 2024). ഈ സാഹചര്യത്തിൽ കുത്തനെയും വിലങ്ങനെയുമുള്ള സാമ്പത്തിക അസമത്വം എന്ന പ്രശ്നത്തെ ധനകാര്യ കമ്മീഷനുകൾ എങ്ങനെയാണ് കൈകാര്യം ചെയ്തിട്ടുള്ളതെന്നതിനെ കുറിച്ചുള്ള ഒരു പരിശോധനയാണ് ഈ ലേഖനത്തിൽ നടത്തിയിരിക്കുന്നത്. അതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ ധനപരമായ അടിത്തറ ശക്തിപ്പെടുത്തുന്ന കാര്യത്തിലും ജനാധിപത്യപരമായ അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിലും മുൻ ധനകാര്യ കമ്മീഷനുകളുടെ സമീപനം എന്തായിരുന്നുവെന്നാണ് പരിശോധിക്കുന്നത്. പ്രാദേശിക ഭരണകൂടങ്ങളുടെ പ്രാധാന്യം കമ്മീഷനുകൾ വേണ്ട വിധം പരിഗണിച്ചിട്ടുണ്ടോ, അവ അവഗണിക്കപ്പെടുകയുണ്ടായോ തുടങ്ങിയ കാര്യങ്ങൾ മുൻനിർത്തിയാണ് ഇക്കാര്യം പരിശോധിക്കുന്നത്.*

**പ്രധാന വാക്കുകൾ :** *പ്രാദേശിക ഭരണസംവിധാനം, ഫെഡറലിസം, ധനപരമായ അന്തരം, ധനപരമായ അസന്തുലിതാവസ്ഥ, ധനസഹായം (ഗ്രാന്റ് ഇൻ എയ്ഡ്).*

പ്രാദേശികതലത്തിലുള്ള വികസനത്തിന്റെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. പ്രത്യേകിച്ച് ഇന്ത്യയെ പോലെ പ്രാദേശികമായ അസമത്വം ഏറെ പ്രകടമായ ഒരു രാജ്യത്ത്. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകൾ എന്നീ ഭരണ തലങ്ങൾ കഴിഞ്ഞുള്ള തലം എന്ന നിലയിൽ

പ്രാദേശികമായ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിലും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിന്റെ കാര്യത്തിലും അവ ഏറെ പ്രധാനപ്പെട്ട റോളാണ് നിർവഹിക്കുന്നത്. ഇതിനാധാരമായി വർത്തിക്കുന്നത് ഇന്ത്യ അംഗീകരിച്ചിട്ടുള്ള ഫെഡറൽ തത്വങ്ങളാണ്. വരുമാനവും ചെലവുകളും ഓരോ തട്ടിലും എപ്രകാരം പങ്ക് വയ്ക്കുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനമെന്ന് കാണാം. എന്നാൽ ഏറ്റവും മുകളിലുള്ള രണ്ടു തട്ടുകളെ മാത്രം കേന്ദ്രീകരിച്ചാണ് ചർച്ചകൾ പലപ്പോഴും ഉണ്ടാകാറുള്ളത്. പ്രാദേശികതലത്തിലുള്ള സർക്കാരുകളുടെ കാര്യത്തിൽ മുൻഗണന ലഭിക്കുന്നുണ്ടോ, അവയ്ക്ക് വേണ്ടത്ര പരിഗണന നല്കപ്പെടുന്നുണ്ടോ എന്നിത്യാദി കാര്യങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടേണ്ടതുണ്ട്.

പ്രാദേശിക സർക്കാരുകൾ എന്ന ആശയം രാജ്യത്ത് പല നിലയിൽ നില നിന്നിരുന്ന ഒന്നുതന്നെയാണ്. എന്നാൽ 1992 ലെ 73,74 ഭരണഘടനാ ഭേദഗതികളാണ് ഈ സംവിധാനത്തിന് സവിശേഷമായ പ്രാധാന്യം കല്പിച്ചു നൽകിയത്. ഇതിന്റെ തുടർച്ചയായി ഉണ്ടായ 280 (3) എന്ന അനുച്ഛേദത്തിന്റെ ഭേദഗതി വഴിയായി ബിബി,സി എന്നീ ഉപവകുപ്പുകൾ കൂട്ടിച്ചേർക്കപ്പെടു കയുണ്ടായി. വിഭവങ്ങൾ കൈമാറുക വഴി പ്രാദേശിക ഭരണകൂടങ്ങളെ സാമ്പത്തികമായി ശക്തിപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ കാതൽ. ഇത്തരത്തിൽ വിഭവകൈമാറ്റം സംഭവിക്കുമ്പോൾ അത് വരുമാന വിതരണത്തിൽ സമതുലിതാവസ്ഥ സൃഷ്ടിക്കുന്നതിന് സഹായകമാകും എന്നതാണ് അതിന്റെ താത്വികമായ അടിത്തറയെന്ന് കാണാം (ഉമ്മൻ എം എ – 1995, ഹ്രിഷ് ഡബ്ള്യു. ഇ–1970). അതായത് വിഭവ വിതരണത്തിന്റെ രംഗത്ത് കുത്തനെയുള്ള സമതുലിതാവസ്ഥ കാത്തുസൂക്ഷിക്കുക എന്നതായിരുന്നു ഈ ഭരണഘടനാ ഭേദഗതിയുടെ ദൗത്യം. അതുകൊണ്ട് ഭരണഘടനാ ഭേദഗതിക്ക് ശേഷം പ്രാദേശിക സർക്കാരുകളുടെ സാമ്പത്തികമായ അടിത്തറയിൽ പോസിറ്റീവായ മാറ്റം വന്നിട്ടുണ്ടോ എന്നതും അസമത്വം പരിഹരിക്കുന്ന കാര്യത്തിൽ ധനകാര്യ കമ്മീഷനുകൾ എത്രമാത്രം ഫലപ്രദമാണ് എന്നിത്യാദി കാര്യങ്ങളെ കുറിച്ചുളള അന്വേഷണത്തിന് പ്രത്യേകം പ്രസക്തിയുണ്ട്. ഈ സാഹചര്യത്തിൽ മുൻ ധനകാര്യ കമ്മീഷനുകൾക്ക് ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്ന കാര്യത്തിൽ എത്രമാത്രം ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് ഈ ലേഖനം പരിശോധിക്കുന്നത്.

**ധനപരമായ അസന്തുലിതാവസ്ഥ**

**കുത്തനെയുള്ള അസമത്വം**

പ്രാദേശിക ഭരണസംവിധാനങ്ങൾക്ക് ലഭ്യമാകുന്ന വിഭവശേഷി അവയുടെ ചെലവുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമാണ്. തനതായി ഫണ്ട് കണ്ടെത്തുന്ന കാര്യത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പരിമിതികളുണ്ട്. അതുകൊണ്ട് മുകൾത്തട്ടിലുള്ള സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ധനസഹായത്താലാണ് അവ പ്രവർത്തിക്കുന്നത്. എന്നാൽ ഇത്തരത്തിൽ ഉണ്ടാകുന്ന ധനപരമായ കുറവിന്റെ വ്യാപ്തി കണ്ടെത്തുക പ്രയാസകരമായ ഒരു കാര്യമാണ്. പ്രാദേശികതലത്തിൽ അതിനാവശ്യമായ കൃത്യമായ വിവരങ്ങളുടെ അപര്യാപ്ത തയാണ് ഇതിന് മുഖ്യകാരണം. ഇത് പരിഹരിക്കുന്നതിന് മുൻ ധനകാര്യ കമ്മീഷനുകൾ വിവിധ സ്ഥാപനങ്ങളെയും ഏജൻസികളെയും ചുമതലപെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ, ഗ്രാമീണ വികസന മന്ത്രാലയം, നഗരവികസന മന്ത്രാലയം തുടങ്ങിയ വിവിധ മന്ത്രാലയങ്ങൾ ധന കമ്മിഷനുകൾക്ക് മുൻപാകെഅവരുടെ നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇത്തരം വസ്തുതകളുടെ അടിസ്ഥാന

ത്തിലാണ് ധനകാര്യ കമ്മീഷനുകൾ വിഭവങ്ങൾ പങ്ക് വയ്ക്കുന്ന കാര്യത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാറുള്ളത്.

73,74 ഭരണഘടനാ ഭേദഗതികൾ ഉണ്ടായതിന് ശേഷം ആറ് ധനകാര്യ കമ്മീഷനുകളാണ് നിലവിൽ വന്നത്. നിർണ്ണായകമായ നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതും പ്രാദേശിക ഭരണ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായകവുമായ നിരവധി നിർദേശങ്ങൾ അവ മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇതിലേക്കായി വിവിധ കമ്മീഷനുകൾ (പത്താം ധനകാര്യ കമ്മീഷൻ ഒഴികെ) മുന്നോട്ടുവച്ചിട്ടുള്ള റ്റേംസ് ഓഫ് റഫറൻസുകൾ ഏറെക്കുറെ സമാനമായിരുന്നുവെന്ന് കാണാം.

ഭരണഘടനാ ഭേദഗതികൾ ഉണ്ടാകുന്നതിന് ഒരു വർഷം മുൻപാണ് പത്താം ധനകാര്യ കമ്മീഷൻ രൂപീകൃതമായത്. അതിന്റെ പരിഗണന വിഷയങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് പ്രത്യേകം ഗ്രാന്റ് നൽകണം എന്ന കാര്യം ഉൾപ്പെട്ടിരുന്നില്ല. എന്നിരുന്നാലും കമ്മീഷൻ 5381 കോടി രൂപ ഇപ്രകാരം നൽകുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി (രേഖാചിത്രം–1). മൊത്തം ഡിവിസിബിൾ പൂളിന്റെ 1.38 ശതമാനമായിരുന്നു ഇത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യം ഗ്രാമവികസന മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 7500 കോടി രൂപയായിരുന്നു. യഥാർത്ഥത്തിൽ ശുപാർശ ചെയ്തതാകട്ടെ അതിന്റെ 58 ശതമാനവും (പട്ടിക–1). അതുപോലെ, 500 കോടി രൂപയാണ് നഗര വികസന മന്ത്രാലയം മുന്നോട്ട് വച്ചത്. നഗരങ്ങളിലെ ഭരണസംവിധാനങ്ങൾക്ക് 5987 കോടി രൂപ മുതൽ 12980 കോടി രൂപ വരെ വേണമെന്നാ യിരുന്നു നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് അർബൻ അഫയേഴ്സിന്റെ കണക്ക് (പത്താം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്).



Figure 1: Grants to Local Bodies (in crores) – FC recommendations

*Source: XV FC report, Chapter 7, Page 172*

പതിനൊന്നാം ധനകാര്യ കമ്മീഷൻ 10000 കോടി രൂപയാണ് ശുപാർശ ചെയ്തത്. പ്രാഥമിക വിദ്യാഭ്യാസം, പ്രാഥമിക ആരോഗ്യ സംരക്ഷണം, കുടിവെള്ള വിതരണം, തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, മൃതദേഹ സംസ്കരണ ഉപാധികളും അതിനുള്ള സ്ഥലവും, മറ്റു പൊതുസേവനങ്ങൾ മുതലായ ബഹുവിധ ആവശ്യങ്ങളുടെ നിർവഹണത്തിനായാണ് ഇത് അനുവദിച്ചത്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സി ആൻഡ് എ ജി) മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിംഗിനും ആവശ്യമായ പണം ഈ കമ്മീഷൻ ശുപാർശ ചെയ്യുകയുണ്ടായി. കമ്മീഷൻ മുൻതൂക്കം നൽകിയ മറ്റൊരു രംഗം പ്രാദേശിക ഭരണകൂടങ്ങൾക്ക് ആവശ്യമായ വിവരങ്ങളുടെ ശേഖരണ മായിരുന്നു. അതിനായി പ്രത്യേക ഗ്രാന്റ് കമ്മീഷൻ ശുപാർശ ചെയ്യുകയുണ്ടായി.

പതിനൊന്നാം ധനകാര്യ കമ്മീഷൻ എൻ ഐ ആർ ഡിയുടെ നേതൃത്വത്തിൽ ഒരു പഠനം നടത്തുകയുണ്ടായി. 225731 കോടി രൂപയാണ് പഠനം ആവശ്യമായി കണ്ടത്. അതിൽ 83603 കോടി രൂപ മൂലധനച്ചെലവു കൾക്ക് വേണ്ടിയായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ശുപാർശ ചെയ്യപ്പെട്ടത് 8000 കോടി രൂപ, അതായത് 3.5 ശതമാനം മാത്രമായിരുന്നു. എൻ ഐ പി എഫ് പി നടത്തിയ പഠനം നഗരങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 6907 കോടി രൂപ മുതൽ 32598 കോടി രൂപ വരെ ആവശ്യമാണെന്നാണ് കണ്ടെത്തിയത്. പക്ഷെ നല്കിയതാകട്ടെ, കേവലം 2000 കോടി മാത്രവും. അതുപോലെ ഗ്രാമ വികസന, നഗര വികസന മന്ത്രാലയങ്ങൾ നൽകിയ ശുപാർശയുടെയും വളരെ കുറച്ച് ഭാഗം മാത്രമാണ് യഥാർത്ഥത്തിൽ അനുവദിച്ചത്.

ജലവിതരണം, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തു ന്നതിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ 20000 കോടി രൂപ അനുവദിക്കണമെന്നാണ് ശുപാർശ ചെയ്തത്. പ്രാദേശിക ഭരണസംവിധാനങ്ങൾക്ക് വേണ്ടി മാത്ര മായുള്ള പ്രത്യേക ശുപാർശയായിരുന്നു ഇത്. ഇതിന് പുറമെ, പ്രാദേശിക ഭരണകൂടങ്ങൾ അവയുടെ ധനകാര്യ പ്രവർത്തനങ്ങളും കണക്കുകളും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കൃത്യമായി സൂക്ഷിക്കുന്നതിന് മുൻഗണന നൽകുന്നതിനും ഊന്നൽ നൽകു കയുണ്ടായി. 5000 കോടി രൂപയാണ് ഇതിനായി ശുപാർശ ചെയ്തത്. എൻ ഐ പി എഫ് പി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ തുകയുടെ 6.8 ശതമാനം മാത്രമായിരുന്നു ഇത്. എൻ ഐ ആർ ഡി നടത്തിയ പഠനത്തിൽ നിന്നും സംസ്ഥാനങ്ങൾ പഞ്ചായത്തുകൾക്ക് നൽകേണ്ട വിഹിതം സംബന്ധിച്ച കൃത്യ മായ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹ ചര്യത്തിൽ ഇത്തരത്തിൽ ധനകാര്യ കമ്മീഷൻ നൽകിയ ശുപാർശയും പഠനത്തിന്റെ നിഗമനവും തമ്മിലുള്ള വ്യത്യാസം കൃത്യമായി രേഖപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. എന്നാൽ ഗ്രാമീണ വികസന മന്ത്രാലയവും ജല വിതരണ വകുപ്പും നൽകിയത് 52668 കോടി രൂപയുടെ ശുപാർശയായിരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത താകട്ടെ ഇതിന്റെ 38 ശതമാനമാണ്.

പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ പ്രാദേശിക ഭരണ കൂടങ്ങൾക്ക് നൽകുന്ന തുക 87519 കോടി രൂപയായി കുതിച്ചുയർന്നു. ഇതിൽ 64408 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കു 23111 കോടി രൂപയും അനുവദിച്ചു. പക്ഷെ, ഈ തുക ഗ്രാമ വികസന മന്ത്രാലയവും ജലവിതരണ വകുപ്പും ശുപാർശ ചെയ്തതിന്റെ 24

**Table 1**: The Gap between Estimated amount and the FC Recommendation

| FC | LB Type | Estimated By | Estimated amount (in crores) | Actual as % of Estimated |
|---|---|---|---|---|
| FC X | RLB | Ministry of Rural Development | 7500 | 58.41 |
| | ULB | Ministry of Urban Development | 500 | 200.00 |
| | | National Institute of the Urban Affairs+ | 12980 | 7.70 |
| FC XI | RLB | Ministry of Rural Development | 22500 | 35.56 |
| | | Memoranda of 18 states | 33115 | 24.16 |
| | | Study done by the NIRD* | 225731 | 3.54 |
| | ULB | Ninth plan document | 50000 | 4.00 |
| | | India infrastructure report, 1996 (Rakesh Mohan committee) | 125000 | 1.60 |
| | | Zakaria committee norms (1963) updated in 1997-98 | 72099 | 2.77 |
| | | Ministry of Urban Development | 18500 | 10.81 |
| | | Memoranda of 18 states | 39900 | 5.01 |
| | | The study done by NIPFP^ | 32598 | 6.14 |
| FC XII | RLB | Ministry of Rural Development @ | 23468 | 37.89 |
| | | Department of drinking water supply (DDWS) $ | 29200 | |
| | | Study done by the NIRD # | - | - |
| | ULB | Ministry of Urban Development | 76896 | 6.50 |
| | | The study done by NIPFP | 74000 | 6.76 |
| FC XIII | RLB | Ministry of Rural Development! | 217967 | 24.20 |
| | | Department of drinking water supply (DDWS) | 48160 | |
| | ULB | Ministry of Urban Development | 125871 | 18.36 |
| FC XV | RLB | Ministry of Rural Development & | 1012000 | 23.40 |
| | ULB | Ministry of Urban Development ~ | 1575575 | 8.22 |

+ funds requirement ranges from Rs.5987 crores (Actual is 16.7% of it) to Rs.12980 crores
* Rs.83603 crore (capital expenditure)
^ funds requirement ranges from Rs. 6907 crores (Actual is 29.96% of it) to Rs.32598 crores
@ Rs.23468 crores at the rate of Rs.2 lakh/ gram panchayat/ annum
$ 29200 crore (to fill gaps in water supply & sanitation)
# The study could not succeed in assessing the net additional resource flow from the states to the panchayats
! Rs.122967 crores (operational infrastructure)
& Rs.12000 crores (additional grant)
~ Rs.348575 crores (devolution) and Rs.1227000 crores (bridging the gap of municipalities)

*Source: Various FC reports*

ശതമാനം മാത്രമായിരുന്നു. നഗര വികസനത്തിന് അനുവദിച്ച തുക നഗര വികസന മന്ത്രാലയം ശുപാർശ ചെയ്തതിന്റെ 18 ശതമാനം മാത്രവും. രണ്ടു രീതിയിലാണ് ഈ സഹായം അനുവദിച്ചത്. അടിസ്ഥാന തലത്തിലുള്ള സഹായവും പ്രകടനത്തിന്റെ അടിസ്ഥാനത്തിലുള്ള സഹായവുമാണ് അത്. ഇത്തരത്തിൽ പ്രകടനത്തിന്റെ അടിസ്ഥാനത്തിലുള്ള ധനസഹായം ലഭിക്കുന്നതിന് ഗ്രാമീണ ഭരണകൂടങ്ങൾക്ക് ആറ് നിബന്ധനകളും നഗരങ്ങൾക്ക് ഒൻപത് നിബന്ധനകളും ബാധകമാക്കിയിരുന്നു. ഭരണഘടനയുടെ പാർട്ട് 9, 9 എ എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന മേഖലകൾക്കായി പ്രത്യേക മേഖല ഗ്രാന്റും അനുവദിക്കുകയുണ്ടായി. ഇതും അടിസ്ഥാന സഹായം, പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലുള്ള സഹായം എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട്. ഈ സഹായം ലഭിക്കുന്നതിന് സംസ്ഥാനങ്ങൾ നാല് പ്രധാന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. പ്രകടനത്തിന്റെ അടിസ്ഥാനത്തിലുള്ള ഗ്രാന്റുകൾ സംസ്ഥാനങ്ങൾക്ക് നേടിയെടുക്കാൻ കഴിയുന്നില്ലെങ്കിൽ പ്രത്യേക വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അതിന്റെ പുനർവിതരണം ഉറപ്പാക്കണം എന്നു കൂടി നിർദേശിക്കപ്പെട്ടിരുന്നു.

പതിന്നാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഗ്രാന്റുകൾക്കും ഇപ്രകാരം രണ്ടു ഭാഗങ്ങളാണുണ്ടായിരുന്നത്, അടിസ്ഥാന ഗ്രാന്റും പ്രകടനത്തിന്റെ അടിസ്ഥാനത്തിലുള്ള ഗ്രാന്റും. പഞ്ചായത്തുകളുടെ കാര്യത്തിൽ ഇതിന്റെ അനുപാതം 90 : 10 എന്ന രീതിയിലും. മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ 80:20 എന്ന രീതിയിലുമായിരുന്നു. അടിസ്ഥാന പൗര സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് അടിസ്ഥാന ധനസഹായം നൽകുന്നത്. എന്നാൽ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. ഇത്തരത്തിൽ ഈ



**Figure 2: Local Body Grants - Vertical imbalance**

*Source: Calculated*

കമ്മീഷൻ പഞ്ചായത്തു കൾക്ക് 200292 കോടി രൂപയും നഗരസഭകൾക്ക് 87144 കോടി രൂപയുമാണ് ശുപാർശ ചെയ്തത്.

ശുചീകരണ പ്രവർത്തനങ്ങൾ, കുടിവെള്ള വിതരണം, ഖരമാലിന്യ നിർമാർജനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാകുന്ന വിധത്തിലുള്ള ശുപാർശ കളാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നൽകിയത്. അതായത് പഞ്ചായത്തുകൾക്കു ലഭിക്കുന്ന ഗ്രാന്റുകളുടെ 50 ശതമാനവും ശുചീകരണ പ്രവർത്തനങ്ങൾക്കും കുടിവെള്ള വിതരണം, മഴവെള്ള സംഭരണം എന്നിവയ്ക്കുമായി നീക്കിയിരുന്നു. അതുപോലെ, നഗരങ്ങളുടെ കാര്യത്തിൽ കുടിവെള്ള വിതരണം, മഴവെള്ള സംഭരണം, പുന രുപയോഗ പ്രവർത്തനങ്ങൾ, ഖരമാലിന്യ നിർമാർജനം തുടങ്ങിയ മേഖലകൾക്കായി 50 ശതമാനവും നീക്കിവയ്ക്കുകയുണ്ടായി. 2020–21 സാമ്പത്തിക വർഷത്തിൽ ഒരു മില്യണിൽ അധികം ജന സംഖ്യയുള്ള നഗരങ്ങൾക്കായി 9229 കോടി രൂപ നീക്കിവച്ചപ്പോൾ അതിൽ 4400 കോടി രൂപ അന്തരീക്ഷ ഗുണനിലവാരം മെച്ചപ്പെടുത്തു ന്നതിനും 4829 കോടി രൂപ ജലവിതരണം, ഖരമാലിന്യ നിർമാർജനം എന്നിവയ്ക്ക് വേണ്ടിയുമായിരുന്നു. മൊത്തത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് 236805 കോടി രൂപയും മുനിസിപ്പാലിറ്റി കൾക്കു 121055 കോടിയുമാണ് കമ്മീഷൻ നീക്കിവച്ചത്. ഇത് ഗ്രാമീണ വികസന മന്ത്രാലയം ശുപാർശ ചെയ്ത തിന്റെ 23 ശതമാനവും നഗര വികസന മന്ത്രാലയം ശുപാർശ ചെയ്തതിന്റെ 8 ശതമാനവും മാത്രമാണ്.

ഇത്തരത്തിൽ വിവിധ ഏജൻസികൾ നൽകുന്ന ശുപാർശകളും ധനകാര്യ കമ്മീഷന്റെ യഥാർത്ഥ അവാർഡും തമ്മിൽ കാണുന്ന പ്രകടമായ അന്തരം സൂചിപ്പിക്കുന്നത്, ഇത്തരത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക്

**Table 2:** Grants to LBs (in crores)

| | RLBs | | | ULBs | | | Total | | |
|---|---|---|---|---|---|---|---|---|---|
| FC | Recommended | Released | % | Recommended | Released | % | Recommended | % | Released |
| FC-X | 4381 | 3576 | 81.6 | 1000 | 834 | 83.4 | 5381 | 4410 | 81.96 |
| FC-XI | 8000 | 6602 | 82.5 | 2000 | 1752 | 87.6 | 10000 | 8354 | 83.54 |
| FC-XII | 20000 | 18927 | 94.6 | 5000 | 4470 | 89.4 | 25000 | 23397 | 93.59 |
| FC-XIII | 64408 | 58257 | 90.7 | 23111 | 18980 | 82.1 | 87519 | 77237 | 88.25 |
| FC-XIV | 200292 | 179491 | 89.6 | 87144 | 74259 | 85.2 | 287436 | 253750 | 88.28 |
| FC-XV* | 236805 | - | - | 121055 | - | - | 357860 | - | - |

* Grants for primary health sector (Rs.70051 crore), Grants for incubation of new cities (Rs.8000 crores) and Grants for shared municipal services (Rs.450 crores) are not included.

*Source: XV FC report, Chapter 7, Page 172*

നൽകുന്ന തുക അവരുടെ സുഗമമായ പ്രവർത്തനങ്ങൾക്ക്മതിയാകാതെ വരുന്നു എന്നാണ്. ഫണ്ടുകളുടെ വിതരണത്തിൽ കുത്തനെ കാണുന്ന അസമത്വം രണ്ടാം രേഖാചിത്രത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ ഗ്രാമവികസന, നഗര വികസന മന്ത്രാലയങ്ങൾ ചേർന്ന് നൽകിയ ശുപാർശ മൊത്തം ഡിവിസിബിൾ പൂളിന്റെ 3.2 ശതമാനമാണെന്ന് കാണാം. എന്നാൽ കമ്മീഷൻ നൽകിയ ശുപാർശ യാകട്ടെ 0.8 ശതമാനവും. എന്നാൽ കമ്മീഷൻ കാലാവ ധിയിൽ വിതരണം ചെയ്തതാകട്ടെ, അതിന്റെ 84 ശതമാനം മാത്രവും. (പട്ടിക–2). ഇത്തരത്തിൽ മന്ത്രാലയങ്ങൾ നൽകുന്ന ശുപാർശയും ധനകാര്യ കമ്മീഷന്റെ അവാർഡും തമ്മിലുള്ള അന്തരം കൂടി വരുന്നത് കാണാം. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിലാണ് ഇത് ഏറ്റവും ഉയർന്ന തോതിലായത്. ഇരു മന്ത്രലയങ്ങളും ഡിവിസിബിൾ പൂളിന്റെ 25 ശതമാനം ശുപാർശ ചെയ്തപ്പോൾ യഥാർത്ഥത്തിൽ വിതരണം ചെയ്തത് 4.2 ശതമാനം മാത്രമാണ്.

### സംസ്ഥാനങ്ങൾക്കിടയിലെ ധനപരമായ അന്തരം

ധനകാര്യ കമ്മീഷനുകൾ നൽകുന്ന ശുപാർശകൾക്കും വിതരണം ചെയ്യുന്ന തുകയ്ക്കും ഒപ്പം പ്രധാനപ്പെട്ട ഒന്നാണ് സംസ്ഥാനങ്ങൾക്കിടയിൽ ഇത് എപ്രകാരം വിതരണം ചെയ്യപ്പെടുന്നു എന്നത്. ഓരോ ധനകാര്യ കമ്മീഷനും ഇതിനായി പ്രത്യേക രീതികളാണ് പിന്തുടർന്നത് (പട്ടിക–3). ഇത്തരത്തിൽ ഓരോ സംസ്ഥാനത്തിനും ലഭ്യമാകേണ്ട ഓരോ കമ്മീഷൻ കാലാവധി യിലും വിഹിതം സംബന്ധിച്ച വിവരങ്ങൾ പട്ടിക നാലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പത്താം ധനകാര്യ കമ്മീഷൻ 1971 ലെ കാനേഷുമാരി കണക്കുകളാണ് പരിഗണിച്ചത്. അതനുസരിച്ച് ഉത്തർപ്രദേശ്, ബീഹാർ, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾ. ഈ സംസ്ഥാനങ്ങൾക്കാണ് ജനസംഖ്യാനു പാതികമായി ഏറ്റവും ഉയർന്ന വിഹിതം ലഭ്യമായത്.

പതിനൊന്നാം ധനകാര്യ കമ്മീഷനും ഈ രീതി തന്നെയാണ് പിന്തുടർന്നത്. അതു കൊണ്ട് ഗ്രാമീണ, നഗര മേഖലകളിലെ ജനസംഖ്യക്ക് അനുസൃത മായി 40 ശതമാനം വിഹിതം നൽകു കയുണ്ടായി. എന്നാൽ ധനസഹായ വിതരണത്തിനുള്ള ഏക ഉപാധി ഇതായിരുന്നില്ല. അധികാര വികേന്ദ്രീകരണം (20 ശതമാനം), വരുമാനം വർധിപ്പിക്കുന്ന തിനുള്ള ശ്രമങ്ങൾ (10 ശതമാനം), ഉയർന്ന കാർഷിക പ്രതിശീർഷ വരുമാനം (20 ശതമാനം) തുടങ്ങിയ മാനദണ്ഡങ്ങൾക്ക് ആവശ്യമായ വെയ്റ്റേജ് നൽകുകയും ചെയ്തു. ഇത്തരത്തിലുള്ള പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയ തോടെ ഏറ്റവും കൂടുതൽ വിഹിതം ലഭിക്കുന്ന സംസ്ഥാനങ്ങളുടെ കാര്യത്തിൽ ചില മാറ്റങ്ങൾ ഉണ്ടായി. ജനസംഖ്യക്ക് തന്നെയാണ് ഏറ്റവും ഉയർന്ന പരിഗണന നൽകിയത് എന്നതിനാൽ ഏറ്റവും കൂടുതൽ വിഹിതം ലഭിച്ചത് ഉത്തർപ്രദേശിന് തന്നെയാണ്. എന്നാൽ ആ സംസ്ഥാന ത്തിന്റെ വിഹിതം നേരിയ തോതിൽ കുറയു കയുണ്ടായി. മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് തൊട്ടടുത്ത സ്ഥാനങ്ങളിൽ വന്നത്. അവയുടെ വിഹിതം നേരിയ തോതിൽ കൂടുകയുണ്ടായി. ഇക്കാ ലയളവിൽ ബീഹാർ അല്പം പിന്നോക്കം പോയതായും കാണാവുന്നതാണ്.

പന്ത്രണ്ടാം ധനകാര്യ കമ്മീഷനും ജനസംഖ്യക്ക് പ്രാധാന്യം നൽകുന്ന രീതി തന്നെയാണ് പിൻതുടർന്നത് . ജനസംഖ്യക്ക് (2001 ലെ ജനസംഖ്യ) 40 ശതമാനവും ഭൂമിശാസ്ത്രപരമായ പ്രത്യേകകൾക്ക് 10

**Table 3:** Criteria for Distribution of Grants to States for LGs

| | FC-X | FC-XI | FC-XII | FC-XIII | | FC-XIV | FC-XV |
|---|---|---|---|---|---|---|---|
| | | | | RLG | ULG | | |
| Census | 1971 | 1971 | 2001 | 2001 | | 2011 | 2011 |
| Population | 100 | 40 | 40 | 50 | 50 | 90 | 90 |
| Geographical Area | | 10 | 10 | 10 | 10 | 10 | 10 |
| Distance from highest per capita income | | 20 | 20 | 10 | 20 | | |
| Index of decentralisation | | 20 | | 15 | 15 | | |
| Index of deprivation | | | 10 | | | | |
| Revenue effort | | 10 | 20 | | | | |
| Proportion of scheduled castes scheduled tribes in population | | | | 10 | 0 | | |
| FC local body grants utilization index | | | | 5 | 5 | | |
| | 100 | 100 | 100 | 100 | 100 | 100 | 100 |

*Source: XV FC report, Chapter 7, Page 173*

**Table 4:** Local Body grant - Share of States

| State | FC X | FC XI | FC XII | FCXIII | FC IV | FC V |
|---|---|---|---|---|---|---|
| Andhra Pradesh | 7.93 | 9.20 | 7.84 | 8.29 | 4.28 | 4.32 |
| Assam | 2.74 | 2.50 | 2.32 | 2.13 | 2.22 | 2.64 |
| Bihar | 10.67 | 8.80 | 7.06 | 6.59 | 8.24 | 8.26 |
| Chhattisgarh | | | 2.81 | 2.42 | 2.38 | 2.39 |
| Gujarat | 4.82 | 4.80 | 5.38 | 4.22 | 5.23 | 5.26 |
| Haryana | 1.84 | 1.80 | 1.92 | 1.77 | 2.08 | 2.08 |
| Jharkhand | | | 2.32 | 2.25 | 2.77 | 2.78 |
| Karnataka | 5.43 | 5.20 | 4.84 | 7.54 | 5.27 | 5.29 |
| Kerala | 3.80 | 4.00 | 4.54 | 3.11 | 2.67 | 2.68 |
| Madhya Pradesh | 7.63 | 8.70 | 8.10 | 6.51 | 6.52 | 6.56 |
| Maharashtra | 8.92 | 9.70 | 11.10 | 10.07 | 9.55 | 9.59 |
| Odisha | 4.09 | 3.90 | 3.63 | 3.58 | 3.70 | 3.72 |
| Punjab | 2.49 | 2.10 | 1.98 | 2.04 | 2.28 | 2.29 |
| Rajasthan | 4.75 | 5.90 | 5.80 | 5.96 | 6.31 | 6.36 |
| Tamil Nadu | 7.49 | 6.60 | 5.77 | 6.33 | 5.92 | 5.94 |
| Telangana | | | | | 3.05 | 3.04 |
| Uttar Pradesh | 16.37 | 15.70 | 13.78 | 14.79 | 16.01 | 16.05 |
| West Bengal | 8.43 | 7.80 | 6.66 | 6.68 | 7.25 | 7.26 |

*Source: Computed based on the data from various FC reports*

ശതമാനം തുടങ്ങിയ രീതിയിലായിരുന്നു വെയ്റ്റേജ് നൽകിയത്. പതിനൊന്നാം ധനകാര്യ കമ്മീഷൻ പിന്തുടർന്ന പ്രതിശീർഷ വരുമാനത്തിൽ നിന്നുമുള്ള അകലം എന്ന മാനദണ്ഡത്തിന് ഈ കമ്മീഷൻ 20 ശതമാനം വെയ്റ്റേജ് നൽകുകയുണ്ടായി. തനത് വരുമാനം ഉയർത്തുന്നതിന് നൽകുന്ന വെയ്റ്റേജ് 20 ശതമാനമാക്കി ഉയർത്തി. പ്രാദേശിക ഭരണകൂടങ്ങളുടെ തനത് വരുമാനം ഉയർത്തുന്നതിന് 10 ശതമാനം, പ്രാദേശിക ഭരണകൂടങ്ങളുടെ സംസ്ഥാന തനത് വരുമാന വിഹിതം ഉയർത്തുന്നതിന് 10 ശതമാനവും എന്ന രീതിയിലായിരുന്നു ഇത്. വികേന്ദ്രീകരണ സൂചിക ഉപയോഗിക്കുന്നതിന് ബദലായി പ്രത്യേകമായ സൂചിക കമ്മീഷൻ രൂപപ്പെടുത്തുകയുണ്ടായി.

അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്ക് നൽകുന്ന പ്രാമാണ്യം പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ എടുത്തുകളയുകയുണ്ടായി. മിക്കവാറും എല്ലാ സംസ്ഥാനങ്ങളും 73, 74 ഭരണഘടനാ ഭേദഗതികൾ കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട് എന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. അധികാര വികേന്ദ്രീകരണം അടക്കമുള്ള സൂചകങ്ങൾ ഒഴിവാക്കപ്പെട്ടപ്പോൾ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിത ങ്ങളിൽ കാര്യമായ മാറ്റം സംഭവിച്ചു ഒന്നാം സ്ഥാനത്ത് ഉത്തർപ്രദേശ് തന്നെ തുടർന്നു എങ്കിലും സംസ്ഥാനത്തിന്റെ വിഹിതത്തിൽ തൊട്ടു മുൻപുള്ള ധനകാര്യ കമ്മീഷനുകളുടെ ഘട്ടത്തേക്കാൾ കുറവുണ്ടായിട്ടുണ്ട്. മഹാരാഷ്ട്ര രണ്ടാം സ്ഥാനം നിലനിർത്തി. പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള വിഹിതത്തിന്റെ കാര്യത്തിൽ ആന്ധ്രപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളെ മറി കടന്ന് മധ്യപ്രദേശ് മൂന്നാം സ്ഥാനത്തെത്തി.

ഡേറ്റയിലെ വിശ്വാസമില്ലായ്മയെ തുടർന്ന് ഡിറെപ്രവേഷൻ സൂചിക, റവന്യു വരുമാനം ഉയർത്തുന്നതിന് നടത്തിയ ശ്രമങ്ങൾ, എന്നീ മാനദണ്ഡങ്ങൾ പതിമ്മൂന്നാം ധനകാര്യ കമ്മീഷൻ ഒഴിവാക്കുകയായിരുന്നു. അതിന് പകരം ഓരോ സംസ്ഥാനത്തെയും പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഉൾപെട്ടവരുടെ ശതമാനകണക്ക് ഒരു മാനദണ്ഡമെന്ന നിലയിൽ പരിഗണിക്കുവാൻ ഈ കമ്മീഷൻ നിർദേശിച്ചു. ഗ്രാമീണ, നഗര മേഖലകൾക്ക് പ്രത്യേകമായ വെയ്റ്റേജ് നൽകുന്ന രീതി അവലംബിച്ചത് അനുസരിച്ച് ഗ്രാമീണ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽപ്പറഞ്ഞ മാനദണ്ഡത്തിൽ 10 ശതമാനം മുൻതൂക്കം നൽകി ജനസംഖ്യക്ക് 50 ശതമാനം, പ്രദേശ വിസ്യതിക്ക് 10 ശതമാനം, പ്രതീശീർഷ വരുമാന വ്യത്യാസത്തിന്റെ കാര്യത്തിൽ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് 10 ശതമാനവും നഗര മേഖലകളിലേതിന് 20 ശതമാനവും വീതം വെയ്റ്റേജ് നൽകുകയുണ്ടായി പ്രതിശീർഷ വരുമാന വ്യത്യാസം എന്ന മാനദണ്ഡത്തിൽ നഗര മേഖലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വെയ്റ്റേജ് നൽകിയത് ജാതി പരമായ പരിഗണനകൾ അവിടെ കൂടുതൽ പ്രാമുഖ്യം നേടുന്നു എന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഇതോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാന്റുകളുടെ ഫലപ്രദമായ വിനിയോഗം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ 5 ശതമാനം വെയ്റ്റേജ് കണക്കാക്കി. അനുവദിക്കുന്ന പണത്തിന്റെ പിൻവലിക്കൽ അടിസ്ഥാനമാക്കിയായിരുന്നു ഇതിനായുള്ള സൂചിക തയാറാക്കിയത്. ഇതിനായി കണക്കിലെടുത്തത് പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത ഗ്രാന്റുകൾ വിനിയോഗിച്ചത് പരിശോധിക്കുക എന്ന മാനദണ്ഡമായിരുന്നു (പതിമൂന്നാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട്, പേജ് – 177). ഈത്രയും മാനദണ്ഡങ്ങൾ പരിഗണിക്കപ്പെട്ട ഈ കമ്മീഷന്റെ ഘട്ടത്തിൽ

വിഹിതം ഉയർത്തിക്കൊണ്ട് ഉത്തർപ്രദേശ് ഒന്നാം സ്ഥാനം നിലനിർത്തി. മഹാരാഷ്ട്ര രണ്ടാം സ്ഥാനം നിലനിർത്തിയെങ്കിലും അവരുടെ വിഹിതം കുറയുകയായിരുന്നു. വിഹിത ത്തിൽ വർധന വരുത്തി ആന്ധ്രപ്രദേശ് മൂന്നാം സ്ഥാനത്തും, വിഹിതത്തിൽ കാര്യമായ വർധനയോടെ കർണ്ണാടകം നാലാം സ്ഥാനത്തുമെത്തി.

എന്നാൽ മുൻകമ്മീഷനുകളുടെ നിർദേശങ്ങളിൽ നിന്നും വ്യത്യസ്തമായ പാതയിലായിരുന്നു പതിന്നാലാം ധനകാര്യ കമ്മീഷന്റെ നീക്കം. എല്ലാ സംസ്ഥാനങ്ങൾക്കും തുല്യമായ പരിഗണന നൽകുന്ന വിധത്തിൽ കൃത്യമായ സൂചികകൾ തയാറാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടു കളായിരുന്നു ഇതിനു കാരണം. ഇത്തരത്തിൽ കൃത്യതയോടെ സൂചികകൾ തയാറാക്കിയാലും യഥാർത്ഥത്തിൽ നൽ കേണ്ടുന്ന വിഹിതം കണക്കാക്കാൻ അടിസ്ഥാനതലത്തിൽ കൃത്യതയുള്ള ഡേറ്റ ഇല്ലാ ത്തതിനാൽ സാധിക്കില്ല എന്ന നിഗമനമാണ് കമ്മീഷനുണ്ടായിരുന്നത്. അതുകൊണ്ട് 2011 ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നഗര, ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ എണ്ണം കണക്കാക്കി ഗ്രാന്റ് നിർണ്ണയിക്കുക എന്ന രീതിയാണ് അവർ കൈക്കൊണ്ടത്. ജനസംഖ്യക്ക് 90 ശതമാനവും പ്രദേശ വിസ്തൃതിക്ക് 10 ശതമാനവുമായിരുന്നു കമ്മീശൻ നൽകിയ വെയ്റ്റേജ് (പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്, പേജ് – 111). ഇതേ മാനദണ്ഡം തന്നെയാണ് പതിനഞ്ചാം ധനകാര്യ കമ്മീഷനും പിന്തുടർന്നത്. അവരും ജനസംഖ്യക്ക് 90 ശതമാനവും പ്രാദേശികമായ വിസ്തൃതിക്ക് 10 ശതമാനവും വെയിറ്റേജ് നൽകി (പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് – പേജ് – 173). അതിനാൽ ഗ്രാന്റുകളുടെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ സ്ഥാന ക്രമത്തിൽ മാറ്റമുണ്ടായില്ല. ഇവിടെ ജനസംഖ്യയുടെയും വലുപ്പത്തിന്റെയും കാര്യത്തിൽ മുന്നിൽ നിന്ന സംസ്ഥാനങ്ങൾ തന്നെ ആദ്യ സ്ഥാനങ്ങളിൽ ഇടം പിടിച്ചു. ഉത്തർപ്രദേശ്, മഹാരാഷ്ട, ബീഹാർ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളായിരുന്നു ഒന്നാം നിരയിൽ–(പട്ടിക – 5).

പൊതുവെ നോക്കുമ്പോൾ പത്താം കമ്മീഷൻ മുതൽ പതിനഞ്ചാം കമ്മീഷൻ വരെയുള്ള കാലയളവിൽ, സംസ്ഥാന വിഹിതം ലഭിക്കുന്ന കാര്യത്തിലെ സംസ്ഥാനങ്ങളുടെ പട്ടികയിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ലെന്ന് കാണാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധന സഹായത്തിന്റെ കാര്യത്തിൽ ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര ബീഹാർ, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ മുൻനിരയിൽ തുടർന്നു. ജനസംഖ്യ, പ്രാദേശിക പിന്നോക്കാവസ്ഥ എന്നിവ പ്രധാന മാനദണ്ഡങ്ങളായി എടുത്തതു കൊണ്ടാണ് അത് സംഭവിച്ചത്. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ കാര്യ മെടുത്താൽ ഈ കമ്മീഷൻ കാലയളവിൽ ഗ്രാന്റ് വിഹിതം വലിയ തോതിൽ കുറയുന്ന സാഹചര്യമുണ്ടായി. കേരളത്തോടൊപ്പം, മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട്, മധ്യപ്രദേശ്, ചത്തിസ്ഗഢ് എന്നീ സംസ്ഥാനങ്ങൾക്കും കാര്യമായിതന്നെ നഷ്ടം സംഭവിച്ചു. എന്നാൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ജനസംഖ്യ, പ്രദേശവിസ്തൃതി എന്നീ ഘടകങ്ങൾക്കൊപ്പം റവന്യു വരുമാനം ഉയർത്തുന്നതിന് നടത്തിയ ശ്രമങ്ങൾ, വരുമാനത്തിന്റെ കാര്യത്തിലെ സൂചിക എന്നീ ഘടകങ്ങൾ കൂടി പരിഗണിച്ചതിനാൽ കേരളം, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളുടെ വിഹിതം ഇതിനെക്കാൾ ഏറെ മെച്ചമായിരുന്നു. പതിമൂന്നാം കമ്മീഷന്റെ കാലയളവിൽ തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾക്കാണ് മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾക്കായുള്ള

**Table 5:** Share Difference

| | Between FC XIV and FC XII, FC XIII | | Between FC XV and FC XII, FC XIII | | FCXV-FCXIII |
|---|---|---|---|---|---|
| | FCXV-FCXIV | FC XIV-FC XII | FC XIV-FC XIII | FC XV-FCXII | |
| Andhra Pradesh | -3.56 | -4.01 | -3.52 | -3.97 | 0.04 |
| Assam | -0.10 | 0.09 | 0.32 | 0.51 | 0.42 |
| Bihar | 1.18 | 1.65 | 1.20 | 1.67 | 0.02 |
| Chhattisgarh | -0.43 | -0.04 | -0.42 | -0.03 | 0.01 |
| Gujarat | -0.15 | 1.01 | -0.12 | 1.04 | 0.03 |
| Haryana | 0.16 | 0.31 | 0.16 | 0.31 | 0.00 |
| Jharkhand | 0.45 | 0.52 | 0.46 | 0.53 | 0.01 |
| Karnataka | 0.43 | -2.27 | 0.45 | -2.25 | 0.02 |
| Kerala | -1.87 | -0.44 | -1.86 | -0.43 | 0.01 |
| Madhya Pradesh | -1.58 | 0.01 | -1.54 | 0.05 | 0.04 |
| Maharashtra | -1.55 | -0.52 | -1.51 | -0.48 | 0.04 |
| Odisha | 0.07 | 0.12 | 0.09 | 0.14 | 0.02 |
| Punjab | 0.30 | 0.24 | 0.31 | 0.25 | 0.01 |
| Rajasthan | 0.51 | 0.35 | 0.56 | 0.40 | 0.05 |
| Tamil Nadu | 0.15 | -0.41 | 0.17 | -0.39 | 0.02 |
| Telangana | | | | | -0.01 |
| Uttar Pradesh | 2.23 | 1.22 | 2.27 | 1.26 | 0.04 |
| West Bengal | 0.59 | 0.57 | 0.60 | 0.58 | 0.01 |

*Source: Computed from Table 3*

സൂചിക, ജന സംഖ്യയിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം തുടങ്ങിയ മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചതായിരുന്നു ഇതിന് കാരണം. ഇവിടെ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിലവിലെ ധനസ്ഥിതിയും വർധിച്ചുവരുന്ന ആവശ്യങ്ങളും പരിഗണുക്കുമ്പോൾ ജനസംഖ്യ, പ്രാദേശികവിസ്തൃതി എന്നിവക്ക് മാത്രം പ്രാധാന്യം കൊടുത്ത് മുന്നോട്ടു പോയാലുണ്ടാകുന്ന അപകടാവസ്ഥയെക്കുറിച്ച് ഉയുന്ന ആശങ്ക ചെറുതല്ല.

**ഉപസംഹാരം**

പ്രാദേശിക തലത്തിലെ ധനപരമായ അസമത്വത്തിന്റെ കാര്യം വരുമ്പോൾ പ്രധാനമായും രണ്ടു കാര്യങ്ങളാണ് ഉയർന്നു വരുന്നത്. ഒന്ന്, പ്രാദേശിക ഭരണ കൂടങ്ങളിൽ നിക്ഷിപ്തമായ ഉത്തര വാദിത്വങ്ങൾ പൂർത്തീകരിക്കുന്നതിന് അവയ്ക്ക് കൂടുതൽ ഫണ്ട് ആവശ്യമാണ്. ജി എസ് ടി സമ്പ്രദായം നിലവിൽ വന്നതോടെ പ്രാദേശിക ഭരണകൂടങ്ങൾക്ക് തനതായി ഫണ്ട് കണ്ടെത്തുക എന്നത് വലിയ വെല്ലുവിളിയാണ്.

സംസ്ഥാന ഗവണ്മെന്റുകളുടെ നികുതി അധികാരങ്ങൾ വല്ലാതെ വെട്ടികുറയ്ക്കപ്പെട്ടിരിക്കുന്ന പ്രസ്തുത സാഹചര്യത്തിൽ പതിനാറാം ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം ഉയർത്തേണ്ടത് അനിവാര്യമാണ്. അതോടൊപ്പം പ്രാദേശികതല ഭരണകൂടങ്ങൾക്കുള്ള ഗ്രാന്റുകളുടെ കാര്യത്തിലെ നിലവിൽ പിന്തുടർന്നു വരുന്ന മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കമ്മീഷൻ തയാറാകണമെന്നതാണ് മറ്റൊരു പ്രധാനകാര്യം.

മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ജനസംഖ്യ, പ്രാദേശവിസ്തൃതി എന്നീ മാനദണ്ഡങ്ങൾ മാത്രം പരിഗണിക്കുമ്പോൾ ഗ്രാന്റ് വിഹിതത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൽ തമ്മിൽ വലിയ അന്തരം പ്രകടമാകുന്നു എന്ന വസ്തുത നാം കണക്കിലെടുക്കണം. അതുകൊണ്ട് സമത്വം, കാര്യക്ഷമത, മികച്ച പ്രകടനം തുടങ്ങിയ ചില ഘടകങ്ങൾക്ക് കൂടി പുതിയ കമ്മീഷൻ മുൻതൂക്കം കൊടുക്കണം. അതിനായി മുൻകമ്മീഷനുകൾ സ്വീകരിച്ച ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനത്തിൽ നിന്നുള്ള അകലം, വികേന്ദ്രീകരണ രംഗത്തെ നേട്ടങ്ങളുടെ സൂചിക, പ്രാദേശിക ഗ്രാന്റുകളുടെ വിനിയോഗത്തിന്റെ സൂചിക തുടങ്ങിയവയുടെ മാതൃകയിൽ ഉചിതമായ ചില മാനദണ്ഡങ്ങൾ കൂടി രൂപീകരിക്കേണ്ടത് ആവശ്യമാണ്.

■

(ഡോ.ഷെൻസി മാത്യു, റിസർച്ച് അസോസിയേറ്റ്, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, തിരുവനന്തപുരം).

## References

Government of India (1994), *Report of the Tenth Finance Commission,* New Delhi, pp. 46-48

Government of India (2000), *Report of the Eleventh Finance Commission,* New Delhi, pp. 71-85

Government of India (2004), *Report of the Twelfth Finance Commission,* New Delhi, pp. 136-160

Government of India (2009), *Report of the Thirteenth Finance Commission,* New Delhi, pp. 149-185

Government of India (2014), *Report of the Fourteenth Finance Commission',* New Delhi., pp. 98-125

Government of India (2020), *Report of the Fifteenth Finance Commission',* New Delhi., pp. 169-303

Oommen, M.A. and Datta, A. (1995). *Panchayat and their Fnance,* Institute of Social Sciences, New Delhi.

Panchayat Finance Report (2024). Reserve Bank of India.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

# ഹരിതനികുതിയുടെ നിയമപരമായ സാധ്യതകളും ഇന്ത്യൻ സാഹചര്യവും

മീനു മോഹൻ

**സംഗ്രഹം**

*മലിനീകരണം ഇല്ലാത്ത ജീവിത പരിസരം ജനങ്ങളുടെ മൗലികാവകാശമാണ് എന്ന് പ്രഖ്യാപിക്കുന്നത് കൊണ്ട് മാത്രം കാർബൺ പുറന്തള്ളൽ, അനുബന്ധമായ വായുമലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിയില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നമ്മുടെ അന്തരീക്ഷത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ആവശ്യമായ ധനസമാഹരണം അടക്കം പല രീതിയിലുള്ള ശ്രമങ്ങൾ ഇതിന് ആവശ്യമാണ്. ഈ മേഖലയിലെ ഒരു പുതിയ ആശയമാണ് ഹരിത നികുതി അഥവാ ഗ്രീൻ ടാക്സ് എന്നത്. മലിനീകരണം സൃഷ്ടിക്കുന്നവർ തന്നെ അത് പരിഹരിക്കുന്നതിനുള്ള യത്നങ്ങൾക്ക് ആവശ്യമായ പണം നൽകുക എന്നതാണ് ഇതിന്റെ കാതൽ. ലോകത്തെ പല രാജ്യങ്ങളും ഇത്തരത്തിൽ ഹരിത നികുതിക്ക് ആവശ്യമായ നയസമീപനങ്ങൾ സ്വീകരിച്ചിട്ടുള്ളതായി കാണാം. ഹരിത നികുതി എന്ന ആശയം പ്രവർത്തികമാക്കുന്ന കാര്യത്തിൽ രാജ്യാന്തരതലത്തിൽ നടക്കുന്ന ശ്രമങ്ങളെ കുറിച്ചുള്ള ഒരു അവലോകനമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം. അതോടൊപ്പം ഇക്കാര്യത്തിൽ ഇന്ത്യ സ്വീകരിച്ചിട്ടുള്ള നടപടികളെ കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നു.*

**പ്രധാന വാക്കുകൾ :** *കാർബൺ എമിഷൻ, റിന്യൂവബിൾ എനർജി, ഗ്രീൻ ടാക്സ്, എനർജി കൺസർവേഷൻ ആക്ട്*

## ആമുഖം

പരിസ്ഥിതി മലിനീകരണം എന്ന പ്രശ്നം ഇന്ന് ലോകം നേരിടുന്ന വലിയ വെല്ലുവിളിയാണ്. കാർബൺ ഡൈ ഓക്സൈഡ്, മറ്റു രാസവതകങ്ങൾ എന്നിവ അടക്കമുള്ള മാരകമായ വാതകങ്ങളുടെ ആധിക്യം അന്തരീക്ഷത്തിൽ വർധിക്കുന്നതിന് ഇത് കാരണമാകുന്നു. സൂര്യന്റെ തീഷ്ണമായ ഉഷ്ണതരംഗം ഭൗമഅന്തരീക്ഷത്തിലേക്ക് പ്രവേശിക്കുന്ന 'ഗ്രീൻ ഹൌസ് ഗ്യാസ് എഫക്ടിന്' ഇത് കാരണമായി മാറുന്നു. സ്വാഭാവികമായി തന്നെ പ്രകൃതിയിൽ കണ്ട് വരുന്ന ഒരു ഗ്രീൻ ഹൌസ് ഗ്യാസാണ് (ജി എച്ച് ജി) കാർബൺ ഡൈ ഓക്സൈഡ് (സി ഒ 2). എന്നാൽ ഭൂമിയുടെ അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ ബാലൻസ് നിലനിർത്തുന്നതിന് കാർബൺ സൈക്കിൾ സഹായിക്കുന്നു. മനുഷ്യന്റെ അശാസ്ത്രീയമായ രീതിയിലുള്ള പല ഇടപെടലുകളും ഇത്തരത്തിൽ ഹരിതഗൃഹ

വാതകങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കാരണമാകുന്നുണ്ട്. ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് ഇതിന് നല്ലൊരു ഉദാഹരണമാണ്. കൽക്കരി ഉപയോഗിക്കുന്നതും അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡ് ഗണ്യമായി വർധിക്കുന്നതിന് കാരണമായി മാറുന്നു (സ്പിരു പരസ്ചിവ്, ലിസിക്ക സിമോണ പരസ്ചിവ്). വ്യാവസായിക വിപ്ലവത്തെ തുടർന്നുള്ള നാളുകളിലാണ് കാർബൺ ബഹിർഗമനം കാര്യമായ തോതിൽ ഉയർന്നത്. ഭൂമിയുടെ അന്തരീക്ഷത്തെ ഇത് ഏറെ ദോഷകരമായി ബാധിക്കുകയും ചെയ്തു. വ്യവസായ വിപ്ലവത്തിന് ശേഷമുള്ള ഘട്ടം പരിശോധിച്ചാൽ ഭൂമിയുടെ അന്തരീക്ഷ താപനിലയിൽ ഒരു ഡിഗ്രി സെൽഷ്യസിന്റെ വർധന കാണാ വുന്നതാണ്. വൻതോതിൽ ഉണ്ടായിട്ടുള്ള കാർബൺ ബഹിർഗമനമാണ് ഇതിന് പ്രധാന കാരണം. വീണ്ടും സമതുലിതമായ ഒരു സ്ഥിതിയിലേക്ക് ഭൂമിയുടെ അന്തരീക്ഷത്തെ എത്തിക്കുന്നതിന് നിരവധി വർഷങ്ങൾ ആവശ്യമാണ്. കൂടുതൽ കാർബൺ പുറന്തള്ളുന്നതിന് കൂടുതൽ നികുതി ഏർപെടുത്തുന്നതടക്കമുള്ള നടപടികളിലേക്ക് നാം കടക്കേണ്ടതുണ്ട്. ഹരിത ഊർജ സ്രോതസുകൾ കൂടുതൽ പ്രയോജനപ്പെടു ത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിന് കൂടുതൽ നികുതി ഏർപ്പെടുത്തൽ അടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

## ഉയരുന്ന കാർബൺ ബഹിർഗമനവും ആഗോളതാപനവും

ആഗോളതാപനം ഭൂമിയിലെ കാലാവസ്ഥയുടെ താളം തെറ്റിക്കുന്നു എന്നത് ഒരു അടിസ്ഥാന വസ്തുതയാണ്. ആഗോളതാപനമെന്ന പ്രതിസന്ധിയുടെ ഒരു പരിഹാര മാർഗം, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തിന്റെ തോത് കുറയ്ക്കുക എന്നതാണ്. മാനവരാശിക്ക് മാത്രമല്ല, ലോകത്തെ സർവ്വചരാചരങ്ങളുടെയും നിലനിൽപിന് ഇത് വലിയ ഭീഷണിയാണ് സൃഷ്ടിക്കുന്നത്. ഏത് രാജ്യമാണ് ഇതിന് കാരണക്കാരായ മാറുന്നത് എന്നതിലുപരിയായി ലോകത്തെ എല്ലാ ജീവജാലങ്ങൾക്കും പാരിസ്ഥിതികമായ നീതി നിഷേധം കൂടിയായി അത് മാറുകയും ചെയ്യുന്നു.

2022 ൽ നടന്ന കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച ഒരു പഠനം വ്യക്തമാക്കുന്നത്, ഊർജ ഉല്പാദന, വിതരണ മേഖലയാണ് ഏറ്റവും കൂടുതൽ ജി എച്ച് ജി ബഹിർഗമനത്തിന് കാരണമാകുന്നത് എന്നാണ്. 34 ശതമാനത്തിലധികമാണ് ഇങ്ങനെ ഉണ്ടാകുന്നത്. 24 ശതമാനവുമായി വ്യവസായ മേഖലയാണ് രണ്ടാം സ്ഥാനത്ത് വരുന്നത്. കൃഷി, വനങ്ങളുടെ നാശം, മറ്റു രീതിയിലുള്ള അശാശ്ത്രീയമായ ഭൂവിനിയോഗം തുടങ്ങിയ ഘടകങ്ങൾ 22 ശതമാനം ബഹിർഗമനത്തിന് കാരണമാകുന്നു. ഗതാഗത മേഖലയുടെ പങ്ക് 15 ശതമാനവും കെട്ടിട നിർമാണ മേഖല 6 ശതമാനവും പങ്കാളിത്തം വഹിക്കുന്നതായി കാണാം. പൊതുവെ പരിശോധിക്കുമ്പോൾ വ്യവസായങ്ങളും കെട്ടിട നിർമാണ മേഖലയും പരോക്ഷമായുള്ള ബഹിർഗമനത്തിന്റെ 90 ശതമാനത്തിനും കാരണക്കാരാണ്. ഇവ ഉണ്ടാക്കുന്ന ജി എച്ച് ജി ബഹിർഗമനം യഥാക്രമം 24 ശതമാനത്തിൽ നിന്നും 34 ശതമാനമായും ആറ് ശതമാനത്തിൽ നിന്ന് 16 ശതമാനമായും ഉയർന്നിട്ടുണ്ട്. ഊർജ വിതരണ മേഖല ഹരിത ഗൃഹ വാതക ബഹിർഗമനത്തിന്റെ 12 ശതമാനത്തിനും കാരണക്കാരാണ്.

ഇന്ന് ലോകത്ത് ഏറ്റവും അധികം ഉപയോഗിക്കുന്നത് ഫോസിൽ ഇന്ധനങ്ങളാണ്. അതുകൊണ്ട് കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗം ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്നതാണ്. എന്നാൽ അതോടൊപ്പം തന്നെ ലോകത്ത് ഇന്ന്

അവശേഷിക്കുന്ന ഇത്തരത്തിലുള്ള ഇന്ധനങ്ങളുടെ ശാസ്ത്രീയമായ വിനിയോഗം ഉറപ്പ് വരുത്തേണ്ടതുമുണ്ട്. വികസ്വര രാജ്യങ്ങൾ പ്രധാനമായും ഇത്തരം ഇന്ധനങ്ങളെയാണ് കൂടുതലായി ആശ്രയിക്കുന്നത് എന്ന പ്രശ്നവുമുണ്ട്. അതുകൊണ്ട് ദേശീയ തലത്തിലും പ്രാദേശികതലങ്ങളിലും നിയമങ്ങൾ, നയങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ മാറ്റം ഉണ്ടാകേണ്ടതുണ്ട്. ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വ്യവസായ ങ്ങൾക്കും ഇതര പ്രവർത്ത നങ്ങൾക്കും നിലവിൽ നൽകി വരുന്ന സബ്സിഡി കുറയ്ക്കുക എന്നത് ഇതിന് ഒരു മാർഗ്ഗമാണ്. അതിനൊപ്പം അവയ്ക്ക് ഹരിത നികുതി ഏർപ്പെടുത്തുകയും പുനരുപയോഗ ഊർജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപന ങ്ങൾക്ക് പ്രോത്സാഹനം നൽകുകയും വേണം.

ഇന്ത്യ അടക്കമുള്ള വികസ്വര രാജ്യങ്ങൾ സാമ്പത്തിക വളർച്ചയും മലിനീകരണ നിയന്ത്രണവും കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങളും കൃത്യമായ രീതിയിൽ ബാലൻസ് ചെയ്യുക എന്നത് മർമ്മപ്രധാനമാണ്. ഇക്കാര്യത്തിൽ ഈ രാജ്യങ്ങൾ ക്രിയാത്മകമായ പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട് . എല്ലാ രീതിയിലുമുള്ള മലിനീകരണ പ്രവർത്ത നങ്ങളും പൂർണ്ണമായും അവസാനിപ്പിച്ച ശേഷം സാമ്പത്തിക വളർച്ച കൈവരിക്കുക എന്നത് അസാധ്യമായ കാര്യമാണ്. കാർബൺ പുറന്തള്ളുന്ന കാര്യത്തിൽ ഇന്ത്യ ഇന്ന് ലോകത്ത് മൂന്നാം സ്ഥാനത്താണ്. ഇക്കാര്യത്തിൽ നിയമപരമായ ചില മുൻകൈകൾ ഇന്ത്യയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ട് എന്നത് വസ്തുതയാണ്. സ്റ്റോക്ക്ഹോം പ്രഖ്യാപനം ഇതിന്റെ ഭാഗമാണ്. വനങ്ങളും പരിസ്ഥിതിയും സംരക്ഷിക്കുക എന്നത് സർക്കാരിന്റെ ഭരണഘടനാപരമായ ബാധ്യത കൂടിയായ തിനാൽ പ്രത്യേകിച്ചും. ദീർഘകാലമായി ഇത്തരം ശ്രമങ്ങൾ പുരോഗമിക്കുന്നു ണ്ടെങ്കിലും ഇന്ത്യയിൽ മലിനീകരണം ഉയർന്ന തോതിൽ തന്നെയാണ്. ഇത് കുറയ്ക്കുന്നതിന് അതിവേഗ നടപടികളും നയസമീപനങ്ങളും ആവശ്യമാണ്. മറിച്ചാണെങ്കിൽ ഉണ്ടാകുന്ന പ്രത്യാ ഘാതങ്ങൾ അതിരൂക്ഷമായിരിക്കും. ഇന്ത്യയിലെ മൊത്തം ജി എച്ച് ജി എമിഷന്റെ 37 ശതമാനവും ഹരിത വാതകങ്ങളാണ്. അതിൽ തന്നെ 75.8 ശതമാനം ഉല്പാദിതമാകുന്നത് ഊർജ മേഖലയിൽ നിന്നാണ് (രേഖാചിത്രം 1 കാണുക), രേഖാചിത്രം 2–ഇന്ധനം ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദനം ഇന്ത്യയിൽ (2020)

**ഹരിത നികുതി: അർത്ഥവും നിർവചനവും**

പുതുതായി ആവിഷ്കരിക്കപ്പെട്ട ഒരു നികുതിയാണ് ഹരിത നികുതി. കാർബൺ പുറംതള്ളൽ അടക്കമുള്ള മലിനീകരണ കാര്യങ്ങൾക്കുള്ള ഒരു പരിഹാര മാർഗമായാണ് ഇത് നിർദേശിക്ക പ്പെട്ടിരിക്കുന്നത്. പരിസ്ഥിതി മലിനീകരണം ഉളവാക്കുന്ന പ്രശ്നങ്ങളെ കുറിച്ച് എല്ലാവരും ഇന്ന് ബോധവാന്മാരാണ്. അതിനാൽ രാജ്യാന്തരതലത്തിലും ദേശീയതലത്തിലും സുസ്ഥിര വികസന പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം കല്പിക്കപെടുന്നുണ്ട്. വികസനവും പരിസ്ഥിതി സംരക്ഷണവും പൊരുത്തപ്പെട്ടു പോകേണ്ട സാഹചര്യം ഇന്നുണ്ട്. അപ്രകാരം മാത്രമേ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിവർത്തിക്കുന്ന തിനൊപ്പം ഭാവി തലമുറക്ക് വേണ്ടി വിഭവങ്ങൾ സംരക്ഷിക്കാനും നമുക്ക് കഴിയൂ. സുസ്ഥിര വികസന തത്വങ്ങളുടെ അടിസ്ഥാനത്തിൽ മലിനീകരണം കുറയ് ക്കുന്നതിനുള്ള വിഭിന്നമായ വഴികൾ നാം തേടേണ്ടതുണ്ട്. പരിസ്ഥതി സംരക്ഷണം എന്ന ആശയം ഉയർത്തി പിടിച്ച് പ്രവർത്തിക്കുന്ന കമ്പനികൾക്കും വ്യവ സായങ്ങൾക്കും പ്രോത്സാഹനം നൽ കേണ്ടത് ആവശ്യമാണ് (കാസി മുഹമ്മദ്

**Figure 1: Percentage of Green Gas Emission in India**




*Source: Extracted from NITI Aayog's India Climate and Energy Dashboard: Economy- wide emissions (2019) available at https://iced.niti.gov.in/climate-and-environment/ghg-emissions/ economy-wide*

**Figure 2: Electricity generation by fuel type in India (2020)**




*Source: IMF WP 23/218 A Framework for Climate Change Mitigation in India available at www.imf.org.*

കമാലുദ്ദീൻ) ഇത് ഒരുതരത്തിൽ പരിസ്ഥിതിയെ ഹനിക്കുന്ന പ്രവർത്തനങ്ങൾ നിരുത്സാഹ പ്പെടുത്തുന്നതിനൊപ്പം ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിന് സഹായകമാവുകയും ചെയ്യുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കു ന്നതിനുള്ള പ്രധാനപ്പെട്ട നയപരമായ സമീപനമാണ് ഹരിത നികുതി. സമ്പദ്ഘടനയെ ഒരു ഹരിത സമ്പദ്ഘടന യായി പരിവർത്തനപ്പെടുത്തുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞനായ പിഗോ ആണ് ഈ ആശയം ആദ്യമായി അവതരിപ്പിച്ചത്. സമൂഹത്തിനും പരിസ്ഥിതിക്കും നാശ മുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തന ങ്ങൾക്ക് നൽകുന്ന ശിക്ഷ എന്ന നിലയിലാണ് ആദ്ദേഹം ഇതിനെ വിഭാവന ചെയ്തത് (ഹൈതം നോബനി, സൈഫുള്ള) മലിനീകരണം കുറയ്ക്കുന്ന പ്രവർത്തന ങ്ങൾക്ക് ഹരിത നികുതി പിന്തുണ നൽകുന്നു. അതുകൊണ്ട് കാർബൺ പുറന്തള്ളൽ ഉണ്ടാക്കുന്ന, പരിസ്ഥിതിക്ക് വിനാശം ഉണ്ടാക്കുന്ന സാമ്പത്തിക പ്രവർത്തന ങ്ങളാണ് പൊതുവിൽ ഇത്തരം നികുതിക്ക് വിധേയമാകുന്നത്.

കാർബൺ പുറന്തള്ളുന്ന പ്രക്രിയക്ക് പരിഹാരമായി നിർബന്ധമായും നൽകേണ്ട നികുതി എന്നാണ് ഐക്യരാഷ്ട്ര സംഘടന (യു.എൻ) ഇതിനെ നിർവചിച്ചട്ടുള്ളത്. അന്തരീക്ഷത്തിൽ കാർബൺ അധിഷ്ഠിത ബഹിർഗമനത്തെ കുറയ്ക്കുന്നതിന് സഹായ കമാകുന്ന ഈ നികുതിക്ക് വ്യക്തമായ പാരിസ്ഥിതിക ലക്ഷ്യവും യു.എൻ. നിർവചിക്കുന്നു. ഉല്പാദനത്തിനുള്ള വിവിധ ഉപാധികൾ പരിസ്ഥിതിക്ക് ആഘാത മേല്പിക്കുമ്പോൾ ഏർപ്പെടുത്തുന്ന പരോക്ഷ നികുതി എന്ന നിലയിലാണ് ഐ എം എഫ് ഇതിനെ വിവക്ഷിക്കുന്നത്. ഗ്യാസോലിന് ഏർപ്പെടുത്തിയിട്ടുള്ള എക്സൈസ് തീരുവ ഉദാഹരണമാണ്. പരിസ്ഥിതിക്ക് ദോഷകര മായ പ്രത്യാഘാതം ഉളവാക്കുന്ന ഓരോ ഭൗതിക യുണിറ്റിനുമുള്ള നികുതി എന്ന രീതിയിലാണ് യൂറോപ്യൻ യൂണിയൻ വ്യാഖ്യാനിച്ചിരിക്കുന്നത്.

ഇക്കാരണങ്ങളാൽ ഹരിത നികുതി ഏർപ്പെടുത്തുക വഴി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പോസിറ്റീവായ ചലനങ്ങൾ ഉളവാക്കാൻ കഴിയുന്നതായി കാണാം. പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത തരത്തിലുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കു ന്നതിന് ഈ നികുതി പ്രേരിപ്പിക്കുന്നു എന്നത് പ്രധാനമാണ്. ഇത്തരത്തിലുള്ള പ്രവർത്തന ങ്ങൾക്ക് പ്രോത്സാഹനം നൽകുക വഴി പുനരുപയോഗ ഊർജ സ്രോതസുകൾ കൂടുതലായി ഉപയോഗിക്കുന്നതിന് പ്രേരണ നൽകുകയും ചെയ്യുന്നു. ഹരിത നികുതി എന്നത് ഏറെ പ്രധാനപ്പെട്ട ഒരു നയപരമായ നീക്കമായി കാണേണ്ടതുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിലും ഒപ്പം പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്ന കാര്യത്തിലും അതിന് നിർണ്ണായ കമായ പങ്ക് വഹിക്കാൻ കഴിയുന്നു.

### കാർബൺ ബഹിർഗമനം കുറയ്ക്കുന്ന തിനുള്ള യത്നവും ഹരിത നികുതിയും

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും സുസ്ഥിര വികസനം എന്ന ആശയവും ഇന്ന് ലോകവ്യാപകമായി അംഗീകരിക്കപ്പെട്ട ഒന്നാണ്. തൊള്ളായിരത്തിഎൺപതുകൾ മുതൽക്ക് തന്നെ സുസ്ഥിര വികസനം എന്ന ആശയം ആഗോള സമൂഹത്തിൽ വേര് പിടിച്ചിരുന്നതായി കാണാം. തുടർന്ന് യുണൈറ്റഡ് നേഷൻസ് വേൾഡ് കമ്മീഷൻ ഓൺ എൻവയേൺമെൻറ് ആൻഡ് ഡെവലപ്മെന്റ് (ബ്രന്റ്ലാൻഡ് റിപ്പോർട്ട് – "അവർ കോമൺഫ്യൂച്ചർ"–1987) നയ രൂപീകരണ വേളയിൽ പരിസ്ഥിതിക്ക് മുഖ്യ പ്രാധാന്യം ഉണ്ടാകണമെന്ന ആവശ്യം മുന്നോട്ട് വയ്ക്കുകയുണ്ടായി. അതോടൊപ്പം തന്നെ കാലാവസ്ഥ വ്യതിയാനം, മലിനീകരണം, വിഭവങ്ങളുടെ മാനേജ്മെന്റ്

തുടങ്ങിയ വിഷയങ്ങൾ നയപരമായ പൊതു ധാരണയുടെ ഭാഗമായി ഉയർന്നു വരണമെന്ന ആശയവും മുന്നോട്ട് വയ്ക്കുകയുണ്ടായി. 1992 ലെ റിയോ എർത്ത് സമ്മിറ്റിന്റെ ഭാഗമായാണ് ഇത്തരം ചില നിർദേശങ്ങൾ ഉയർന്നു വന്നത്.

കാലാവസ്ഥാ സംബന്ധമായ കാര്യങ്ങളിൽ മനുഷ്യന്റെ തെറ്റായ ഇടപെടലുകൾ തടയമാണെന്ന ആവശ്യത്തിന് മുൻതൂക്കം ലഭിച്ച ആദ്യത്തെ രേഖ എന്ന് പറയാവുന്നത് 1992 ൽ അംഗീകരിക്കപ്പെട്ട 'യുണൈറ്റഡ് നേഷൻസ് ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചേഞ്ച്' (റിയോ ഉച്ചകോടി) എന്നതാണ്. സാമ്പത്തിക വികസനത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ സുസ്ഥിരമായ രീതിയിൽ തന്നെ അതിനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നാണ് ഈ രേഖ പ്രധാനമായും ആവശ്യപ്പെടുന്നത്. 1972 ലെ സ്റ്റോക്ക്ഹോം പ്രഖ്യാപനത്തിന്റെ പ്രാധാന്യം ഊന്നി പറഞ്ഞുകൊണ്ട്, കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനുള്ള വിവിധ നടപടികളെ കുറിച്ച് അത് പ്രതി പാദിക്കുന്നുണ്ട്. ശാസ്ത്രീയവും സാങ്കേതി കവും സാമ്പത്തികവുമായ പരിഗണനകൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. മാത്രവു മല്ല, ഇത്തരം നടപടികൾ തുടർച്ചയായ പരിശോധനകൾക്ക് വിഷയീഭവിക്കേണ്ടതു മുണ്ട്. നമ്മുടെ കാലാവസ്ഥാ സംവിധാനത്തെ സംരക്ഷിക്കുക എന്നത് ഇന്നത്തെ തലമുറയുടെ മാത്രമല്ല, ഭാവി തലമുറയുടെ കൂടി ഉത്തരവാദിത്വമാണ് എന്ന് ചൂണ്ടിക്കാട്ടി ക്കൊണ്ട് അതിനായുള്ള അടിസ്ഥാന തത്വങ്ങൾ വിവിധ രാജ്യങ്ങൾക്ക് മുൻപാകെ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ വികസിത, വികസ്വര രാജ്യങ്ങൾക്ക് മുന്നിൽ വ്യത്യസ്ത രീതിയിലുള്ള ഉത്തരവാദിത്വ ങ്ങളാണ് റിയോ ഉച്ചകോടിയുടെ നിഗമനങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള പൊതു ധാരണകൾക്ക് പുറമെ, 1992 ലെ കൺവെൻഷനിൽ ഇക്കാര്യത്തിൽ മുഖ്യ ഉത്തരവാദിത്വം വികസിത രാജ്യങ്ങൾക്കാണ് എന്ന നിലപാടിനാണ് കൂടുതൽ പ്രാമുഖ്യം ലഭിച്ചത്.

എന്നാൽ 1997 ലെ ക്യോട്ടോ പ്രൊട്ടോ ക്കോളിലേക്ക് വരുമ്പോൾ 92 ലെ ഉച്ചകോടിയുടെ നിഗമനങ്ങൾ പ്രാവർത്തി കമാക്കുക എന്ന വിഷയത്തിനാണ് മുൻതൂക്കം നൽകുന്നതെന്ന് കാണാം. പൊതുവായതെങ്കിലും വ്യതിരിക്തമായ ഉത്തരവാദിത്വങ്ങളെ കുറിച്ചും ഒപ്പം തനത് സാധ്യതകളെ കുറിച്ചുമാണ് ഇവിടെ കൂടുതൽ മുൻതൂക്കം നൽകുന്നതെന്ന് കാണാം. ഹരിതഗൃഹ വാതകങ്ങൾ കാര്യമായി പുറന്തള്ളുന്ന വികസിത രാജ്യങ്ങൾക്ക് ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വമുണ്ട് എന്ന നിലപാടാണ് ക്യോട്ടോ പ്രോട്ടോക്കോളിലുള്ളത്. ഇത്തരത്തിൽ വാതകങ്ങൾ പുറംതള്ളുന്നത് ഏഴു വർഷത്തിനുള്ളിൽ കുറയ്ക്കുന്ന കാര്യത്തിൽ മുഖ്യമായ ഉത്തരവിദിത്വം വഹിക്കേണ്ട രാജ്യങ്ങളുടെ ഒരു ലിസ്റ്റ് ഈ ഉച്ചകോടിയുടെ രേഖകളിൽ അനുബന്ധ മായി ചേർത്തിട്ടുണ്ട്. ജോയിന്റ് ഇമ്പ്ലിമെന്റേഷൻ (ജെ ഐ), ക്ളീൻ ഡെവലപ്മെന്റ് മെക്കാനിസം (സി ഡി എം) എന്ന രണ്ടു സംവിധാനങ്ങളും ഇത് മുന്നോട്ട് വയ്ക്കുന്നുണ്ട്. കാർബൺ പുറന്തള്ളൽ കുറയ്ക്കുക, ഹരിതഗൃഹ വാതകങ്ങളുടെ വിപത്ത് തടയുന്നതിനായി പരിസ്ഥിതി സൗഹൃദമായ നയങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇത്തരം സംവിധാനങ്ങളുടെ മുഖ്യദൗത്യം.

1992 ൽ നടന്ന ആഗോള ഉച്ചകോടിയുടെ തീരുമാനങ്ങൾ, പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, നടപ്പാക്കുക എന്നതായിരുന്നു '97 ൽ നടന്ന ക്യോട്ടോ ഉച്ചകോടിയുടെ പ്രധാന അജണ്ട. പൊതുവായതും എന്നാൽ വ്യതിരിക്ത മായതുമായ ഉത്തരവാദിത്വങ്ങൾ, നടപ്പാക്കു ന്നതിനുള്ള സാദ്ധ്യതകൾ എന്നതിനെ കേന്ദ്രീകരിക്കുന്നതായിരുന്നു ചർച്ചകളുടെ

ഉള്ളടക്കം. അതുപോലെ ഹരിത ഗൃഹ വാതകങ്ങൾ പുറന്തള്ളുന്ന കാര്യത്തിൽ വികസിത രാജ്യങ്ങൾക്കാണ് കൂടുതൽ ഉത്തരവാദിത്വം എന്ന കാര്യവും പ്രത്യേകം പരിഗണിക്കപ്പെട്ട വിഷയമാണ്. അനുബന്ധ മെന്ന നിലയിൽ ഇത്തരത്തിൽ വാത കങ്ങളുടെ ബഹിർഗമനം കുറയ്ക്കേണ്ട രാജ്യങ്ങളുടെ ഒരു പട്ടിക ഈ കൺ വെൻഷൻ തയാറാക്കുകയുണ്ടായി. ഏഴു വർഷമാണ് ഇതിനായി നൽകിയ പരിധി. കൂട്ടായ കർമ്മപദ്ധതി എന്ന നിലയിൽ രണ്ടു സംവിധാനങ്ങൾ കൂടി മുന്നോട്ട് വയ്ക്കുകയുണ്ടായി. സംയുക്തമായ നടപ്പാക്കൽ, ക്ളീൻ ഡെവലപ്മെന്റ് മെക്കാനിസം (സി ഡി എം) എന്നിവയാണ് അവ . കാർബൺ പുറന്തള്ളൽ കുറയ്ക്കുക, പരിസ്ഥിതി സൗഹൃദമായ നയങ്ങൾക്ക് മുൻതൂക്കം നൽകുക എന്നിവയായിരുന്നു ഇതിന്റെ പ്രധാന അജണ്ട.

ഈ രണ്ട് പ്രധാന കൺവെഷനുകളും 2013 ലെ ദോഹ ഭേദഗതിയും 2016 ലെ പാരീസ് ഉടമ്പടിയുമാണ് പരിസ്ഥിതി സംരക്ഷണ രംഗത്ത് സുസ്ഥിര വികസനത്തിന്റെ താത്വിക അടിത്തറയായി വർത്തിക്കുന്നത്. മലിനമാക്കുന്നവർ കൂടുതൽ ചെലവ് വഹിക്കുക, തെറ്റായ പ്രവർത്തനങ്ങൾ വഴിയായി പരിസ്ഥിതിക്ക് കോട്ടം വരുത്തുന്നവർ അതിനുള്ള നഷ്ടപരിഹാരം നൽകുക എന്ന ആശയത്തിലാണ് ഇത് അധിഷ്ഠിതമായിരിക്കുന്നത്. അതിനു പുറമെ, ഐക്യരാഷ്ട്ര സംഘടനയുടെ പതി മൂന്നാമത്തെ സുസ്ഥിര വികസന ലക്ഷ്യം, കാലാവസ്ഥാ വ്യതിയാനം അടക്കമുള്ള കാര്യങ്ങളിൽ ഓരോ രാജ്യത്തെയും അവരുടെ നയങ്ങൾ, നിയമങ്ങൾ തുടങ്ങിയ മേഖലകളിൽ നിയമപരമായി ബാധ്യ സ്ഥരാക്കുക എന്ന നിർദേശം ഉൾക്കൊള്ളു ന്നുണ്ട്. ഈ ലക്ഷ്യം നടപ്പാക്കുന്നതിന് ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക, അവശേഷിക്കുന്ന ഫോസിൽ ഇന്ധനങ്ങൾ ശാസ്ത്രീയമായ രീതിയിൽ വിനിയോഗിക്കുക എന്നതും വളരെ പ്രധാനപെട്ടതാണ്. വികസ്വര രാജ്യങ്ങളാണ് ഫോസിൽ ഇന്ധനങ്ങളെ കൂടുതലായി ആശ്രയിക്കുന്നത് എന്നതിനാൽ ആ രാജ്യങ്ങളിൽ വിലക്കയറ്റം ഒഴിവാക്കുന്ന രീതിയിൽ വേണം ഈ നിർദേശങ്ങൾ നടപ്പിൽ വരുത്തുവാൻ.

ഹരിത നികുതി നടപ്പാക്കുന്ന കാര്യത്തിൽ കൃത്യമായ ചില നിർദേശങ്ങൾ ഓർഗനൈ സേഷൻ ഫോർ ഇക്കണോമിക് കോ ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ് (ഒ ഇ സി ഡി) മുന്നോട്ട് വയ്ക്കുന്നുണ്ട്. മാലിന്യ നിർമാർജനം, ജല മലിനീകരണം, വായു മലിനീകരണം തുടങ്ങിയ വിവിധങ്ങളായ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കു ന്നതിന് ഹരിത നികുതി ഫലപ്രദമായ മാർഗമാണെന്ന് ഒ ഇ സി ഡി (2010) ചൂണ്ടിക്കാട്ടുന്നു. ഒ ഇ സി ഡിയുടെ നിരവധി അംഗരാജ്യങ്ങൾ ഹരിത നികുതി നടപ്പാക്കു കയുണ്ടായി. പെട്രോളിയം ഉത്പന്നങ്ങളെ ജി എസ് ടി പരിധിയിൽ കൊണ്ടുവന്നശേഷം അനുബന്ധമായി ഇത്തരം നികുതി ഏർപ്പെടുത്തുക എന്നതാണ് പൊതുവെ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്ക പ്പെട്ടിട്ടുള്ള രീതി. ഇന്ധനങ്ങളിലെ കാർബൺ, സൾഫർ എന്നിവയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ഹരിത നികുതി ഈ രാജ്യങ്ങളിൽ വ്യത്യസ്തമാണെന്ന് കാണാം.

ഐക്യരാഷ്ട്ര സംഘടനയുടെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ഉച്ചകോടി 2015 ൽ പാരീസിൽ ചേരുകയുണ്ടായി. ഇതിന്റെ പ്രധാന ലക്ഷ്യം ആഗോളതലത്തിൽ ശരാശരി അന്തരീക്ഷ താപനില വ്യവസായ വത്കരണത്തിനു മുൻപുള്ള തോതിലേക്ക്, അതായത് 2 ഡിഗ്രി സെൽഷ്യസിന് താഴെ എത്തിക്കുക എന്നതായിരുന്നു. താപ നിലയിൽ ഉണ്ടാകുന്ന വർധന 1.5 ഡിഗ്രി സെൽഷ്യസ് എന്ന നിലയിലേക്ക് ക്രമീ കരിക്കുക എന്നതും ഇതിലുൾപ്പെടുന്നു.

ഹരിതഗൃഹ വാതകങ്ങളുടെ തോത് കുറയ്ക്കുന്നതിനുള്ള ദീർഘ കാലാടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് (എൽ ടി–എൽ ഡിഡി) ഈ സമ്മേളനം തുടക്കം കുറിക്കുകയുണ്ടായി. ആവശ്യമായ രാജ്യങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുക എന്നത് ഇതിന്റെ പ്രധാന അജണ്ടയാണ്. ഇക്കാര്യത്തിൽ 'കാലാവസ്ഥാ സാമ്പത്തികം' (ഇഹശാമലേ എശിമിരല) എന്ന ആശയത്തിന് സമ്മേളനം രൂപം നൽകി. 2015 ലെ തീരുമാനങ്ങൾ തുടർന്ന് വന്ന ഉച്ചകോടികളിൽ കൃത്യമായ രീതിയിലുള്ള പുനഃപരിശോധനനകൾക്ക് വിധേയമാക്കുകയും ചെയ്തു.

ലോക വ്യാപാര സംഘടനയുടെ ആഭിമുഖ്യത്തിലാണ് ഈ ഉച്ചകോടി ചേർന്നത്. 57 അംഗരാജ്യങ്ങൾ ഇതിനെ തുടർന്ന് പരിസ്ഥിതി സംരക്ഷണത്തിനായുള്ള പ്രത്യേക നികുതികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ഊർജം, മാനുഫാക്റ്ററിങ്, രാസവസ്തുക്കൾ തുടങ്ങിയ മേഖലകളിലാണ് ഇത്തരം നികുതി നിർദേശങ്ങൾ കൂടുതലായി ഉയർന്നു വന്നത്. ഇരുപത്തിയെട്ടാമത് യുണൈറ്റഡ് നേഷൻസ് ക്ളൈമറ്റ് ചേഞ്ച് കോൺഫറൻസ് അഥവാ കോൺഫറൻസ് ഓഫ് ദി പാർട്ടിസ് (സി ഒ പി 28) ഇത്തരത്തിൽ മലിനീകരണത്തിന് കരണക്കാരാകുന്ന ഓരോ കാശിയുടെയും ഉത്തരവാദിത്വം വിശകലനം ചെയ്യുകയുണ്ടായി. പാരീസ് സമ്മേളനത്തിന്റെ തീരുമാന പ്രകാരം സി ഒ പി 28 ആഗോളതലത്തിലുള്ള ആദ്യത്തെ 'സ്റ്റോക്ക് ടേക്ക്' എന്ന് വിലയിരുത്താവുന്നതാണ്. കാലാവസ്ഥാ വ്യതിയാനം എന്ന ഗൗരവമേറിയ വിഷയത്തിൽ ലോക രാജ്യങ്ങൾക്ക് പരിമിതമായി മാത്രമാണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ എന്ന വിലയിരുത്തലായിരുന്നു ഈ സമ്മേളനത്തിൽ ഉണ്ടായത്. പ്രത്യേകിച്ച് ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ, വികസ്വര രാജ്യങ്ങൾക്ക് സഹായങ്ങൾ നൽകുക തുടങ്ങിയ വിഷയങ്ങളിൽ. ഇത്തരം കാര്യങ്ങളിൽ 2030 നകം എങ്ങനെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാം എന്ന വിഷയത്തിൽ ഈ രാജ്യങ്ങൾ ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

### ഹരിത നികുതി ഇന്ത്യയിൽ

പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ ഇന്ത്യ എന്നും മുൻനിരയിൽ തന്നെയാണ്. ഭരണഘടനയുടെ 21, 48 എ എന്നീ അനുച്ഛേദങ്ങൾ പ്രകൃതിയെ സംരക്ഷിക്കുക എന്നത് രാജ്യത്തിൻറെ മുഖ്യ ഉത്തരവാദിത്വമായും മലിനീകരണം ഇല്ലാത്ത പരിസ്ഥിതി ജനങ്ങളുടെ മൗലികാവകാശമായും കാണുന്നു. അതോടൊപ്പം ഇന്ത്യയിലെ നിയമസംവിധാനം വായു, ജലം, ഭൂമി തുടങ്ങിയ വിഭവങ്ങൾ പ്രകൃതിയുടെ വരദാനമായി വിലയിരുത്തുകയും അവയെ സുസ്ഥിരമായി നിലനിർത്തുന്ന രീതിയിൽ വിനിയോഗിക്കണമെന്നും വിവിധ വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എം സി മേത്ത + വി കമൽനാഥ് (1997), എം സി മേത്ത + യൂണിയൻ ഓഫ് ഇന്ത്യ, ഇന്ത്യൻ കൗൺസിൽ ഫോർ എൻവിറോ ലീഗൽ ആക്ഷൻ + യൂണിയൻ ഓഫ് ഇന്ത്യ (1996) തുടങ്ങിയ കേസുകളിലെ വിധിന്യായങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. അപകടകരമായ ഏതെങ്കിലും സാധനങ്ങളുടെ പുറന്തള്ളൽ ഉണ്ടാവുന്നുണ്ടെങ്കിൽ അതിന് ഉത്തരവാദിയാവുന്ന ആൾ തന്നെ എല്ലാവിധ മുൻകരുതലുകളും എടുക്കുകയും അതിനുള്ള പരിഹാര മാർഗ്ഗങ്ങൾക്ക് വേണ്ടി വരുന്ന ചെലവുകൾ വഹിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിൽ പല നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവ നടപ്പാക്കുന്ന കാര്യത്തിൽ നിരവധി പ്രതിസന്ധികൾ ഉണ്ടാകുന്നുണ്ട്. അതിന് ഒരു പരിധി വരെയുള്ള പരിഹാര മാർഗമാണ് ഹരിത നികുതി. നിലവിൽ ഊർജം,

ഗതാഗതം എന്നീ രണ്ട് മേഖലകളിലാണ് ഇത്തരത്തിൽ ഹരിത നികുതി അടിസ്ഥാന മാക്കിയുള്ള നയങ്ങൾ നടപ്പാക്കിയിട്ടുള്ളത്.

1992 ൽ നികുതി പരിഷ്കരണ കമ്മറ്റിയാണ് ഇതിനുള്ള ആദ്യശ്രമം തുടങ്ങിയത്. ചില പ്രത്യേക അസംസ്കൃത സാധനങ്ങൾക്ക് ഉയർന്ന നികുതി ഏർപ്പെടുത്തുക എന്ന നിർദേശമാണ് അവർ മുന്നോട്ട് വച്ചത്. എന്നാൽ പിന്നീട് ഉണ്ടായ നിയമനിർമ്മാണ ങ്ങളിൽ ഈ നിർദേശം കാര്യമായി പരിഗണിക്കപ്പെട്ടില്ല. പതിമൂന്നാം ധനകാര്യ കമ്മീഷൻ പരിസ്ഥിതി മലിനീകരണം ഉളവാക്കുന്ന എല്ലാ ഉത്പന്നങ്ങൾക്കും എക്സൈസ് തീരുവ ചുമത്തണമെന്ന് ശുപാർശ നൽകിയിരുന്നു. എന്നാൽ പ്രകൃതി വാതകങ്ങൾ അടക്കമുള്ള ഉത്പന്നങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്ന കാര്യത്തിൽ കൃത്യമായ ഒരു തീരുമാനം ഉണ്ടായില്ല. കൂടുതൽ പഠനവും എല്ലാ വശങ്ങളുടെയും പരിശോധനയും ആവശ്യമാണെന്നുമുള്ള ചിന്തയുടെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഇതിനു പുറമെ, ഈ കമ്മീഷൻ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മൂന്ന് പ്രത്യേക ഗ്രാന്റുകൾ ഏർപ്പെടുത്തണമെന്ന ശുപാർശ മുന്നോട്ട് വച്ചിരുന്നു. വനവത്കരണ പ്രവർത്തനങ്ങൾ, ജല സ്രോതസുകളുടെ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കൽ, പുനരുപയോഗ ഊർജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളാണ് ഇതിനായി നിർദേശിച്ചത്. ഇത്തരം നടപടികൾ ഇന്ത്യ ഒരു പരിസ്ഥിതി സൗഹൃദ രാജ്യമാണെന്ന പ്രതീതി ഉളവാക്കുന്നതിന് ഏറെ സഹായകരമായ ഒന്നാണ്.

2010 ലാണ് ഇന്ത്യയിൽ ആദ്യമായി ഹരിത നികുതി സമ്പ്രദായം കൊണ്ട് വന്നത്. കൽക്കരി, ലിഗ്നൈറ്റ്, പീറ്റ് തുടങ്ങിയ ഉത്പന്നങ്ങൾക്ക് ഊർജ സെസ്സ് ഏർപെടുത്തി ക്കൊണ്ടായിരുന്നു ഇത്. എന്നാൽ 2017 ൽ ജി എസ് ടി നടപ്പാക്കി യപ്പോൾ ഈ സെസ്സ് ജി എസ് ടി നഷ്ടപരിഹാര സെസിൽ ലയിപ്പിക്കു കയായിരുന്നു. ഇതിനു മുൻപ് തന്നെ 2001 ലെ ഊർജ സംരകഷണ നിയമം കൂടുതൽ പരിസ്ഥിതി സൗഹൃദമായ ഊർജ സ്രോതസു കളുടെ വിനിയോഗം ഉറപ്പ് വരുത്തുന്ന തരത്തിലുള്ളതായിരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് കണ്ടെത്തുക എന്നത് നിയമത്തിന്റെ ഭാഗമായിരുന്നു. ഇതിന്റെ അൻപത്തിയാറാം വകുപ്പ് കേന്ദ്ര സർക്കാരിന് ഇതിനാവശ്യമായ ചട്ടങ്ങളും പദ്ധതികളും രൂപീകരിക്കാൻ അധികാരം നൽകുന്നുണ്ട്.

2022 ൽ നിലവിൽ വന്ന ഊർജ സംരകഷണ ഭേദഗതി നിയമം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് ഇന്ത്യയുടെ പ്രധാന ഊർജ സ്രോതസുകൾ പെട്രോളിയം, കൽക്കരി എന്നിവയിൽ നിന്നും മാറ്റുക എന്നതിനൊപ്പം കാർബൺ ട്രേഡിങ് പദ്ധതി നടപ്പാക്കുക എന്നതുമായിരുന്നു. നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചേഞ്ച് (എൻ എ പി സി സി) ഇതിനായി എട്ടു ദേശീയ ലക്ഷ്യങ്ങൾക്കാണ് രൂപം നൽകിയത്. 2008 ൽ തുടക്കം കുറിച്ച ഇത്, കാർബൺ പുറന്തള്ളൽ കുറയ്ക്കുക, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുക എന്നീ സുപ്രധാന ലക്ഷ്യങ്ങൾ മുന്നോട്ട് വയ്ക്കുന്നു. ഗ്രീൻ ഇന്ത്യ മിഷൻ, നാഷണൽ മിഷൻ ഫോർ എൻഹാൻസ്ഡ് എനർജി എഫിഷ്യൻസി എന്നിവ ഉൾക്കൊള്ളുന്ന ഈ എട്ട് ലക്ഷ്യങ്ങൾ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിന് ബഹുമുഖമായ കർമ്മ പദ്ധതി മുന്നോട്ട് വയ്ക്കുന്നു.

2022 ലെ ഊർജ സംരക്ഷണ ഭേദഗതി നിയമമാണ് കാർബൺ ക്രെഡിറ്റ് ട്രേഡിങ് സംവിധാനം ആവിഷ്കരിച്ചത്. ഇതു വഴിയായി രെജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് കാർബൺ ക്രെഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നു. ഹരിത സബ്സിഡി, കാർബൺ നികുതി ഈടാക്കൽ എന്നിവയാണ് ഇതിന്റെ പ്രധാന ഭാഗം.

എന്നാൽ ജി ഡി പിയിൽ ഇത് ഉളവാക്കാവുന്ന ആഘാതം, പൊതുവിൽ ചെലവുകൾ കുറയ്ക്കുന്ന തരത്തിലുള്ളതാണോ തുടങ്ങിയ കാര്യങ്ങൾ കൂടി പരിഗണിച്ച ശേഷമേ സർക്കാരിന് ഇത് നടപ്പാക്കാൻ കഴിയൂ.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ റോഡുകളും ഗതാഗതവും സംബന്ധിച്ച വർക്കിങ് ഗ്രൂപ്പിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഗതാഗത മേഖല ഫോസിൽ ഇന്ധനങ്ങളെ കാര്യമായി ആശ്രയിക്കുന്നുണ്ടെന്ന് കാണാം. വായു മലിനീകരണത്തിനുള്ള ഏറ്റവും പ്രധാന കാരണം ഇതാണ്. ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ ഇതിൽ ഏറെ പ്രധാനമാണ്. ഇക്കാര്യത്തിൽ നയപരമായ ഇടപെടലുകൾ അനിവാര്യമാണെന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. 10 വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തുക, പരിസ്ഥിതി സൗഹൃദമായ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുക, ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് എൽ പി ജി, സി എൻ ജി, ഹൈബ്രിഡ് രീതികളിലേക്ക് മാറുന്നത് പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികൾ ഇക്കാര്യത്തിൽ ആവശ്യമാണ്. പഴയ വാഹനങ്ങൾക്ക് ഹരിത നികുതി ചുമത്തുന്നത് 2017 മുതൽ കേരളം നടപ്പാക്കുന്നുണ്ട്. എട്ട് വർഷത്തിലേറെ പഴക്കമുള്ള വാണിജ്യ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഹരിത നികുതി നൽകേണ്ടതുണ്ട്. 10 ശതമാനം നികുതിയാണ് ഇങ്ങനെ ഈടാക്കുന്നത്. എന്നാൽ 2022 –23 ലെ ബജറ്റ് നിർദേശപ്രകാരം 15 വർഷത്തിന് മേൽ പഴക്കമുള്ള വാഹനങ്ങളുടെ ഹരിത നികുതി 50 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭാവിയിലെ സ്ഥിതി കൂടി വിലയിരുത്തി കൂടുതൽ നടപടികൾ ആവശ്യമാണ്.

**ഭാവി നടപടികൾ**

2070 ആകുമ്പോഴേക്ക് കാർബൺ പുറന്തള്ളൽ നെറ്റ് സീറോ നിലവാരത്തിലേക്ക് താഴ്ത്തുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ നടപടികളും നയരൂപീകരണവും അനിവാര്യമാണ്. സാധ്യമായ എല്ലാ മാർഗങ്ങളെയും കുറിച്ചുള്ള വ്യക്തമായ ധാരണയാണ് ഇതിൽ ഏറെ പ്രധാനം. അതുപോലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് പരമാവധി ഉയർത്തുക എന്നതും പരമ പ്രധാനമാണ്. ഇത്തരം നടപടികൾ ജി ഡി പി വളർച്ചയേയും സാമ്പത്തിക മേഖലയുടെ വളർച്ചയെയും എപ്രകാരം ബാധിക്കുന്നു എന്ന വിലയിരുത്തലും വളരെ പ്രധാനമാണ്. ഗുജറാത്തിനെതിരെ റിലയൻസ് ഇൻഡസ്ട്രീസ് എന്ന 2013 ലെ ഒരു കേസിൽ പുനരുപയോഗിക്കാവുന്ന സ്രോതസുകൾ അല്ലാതെയുള്ള മർഗങ്ങളിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് നികുതി ഏർപ്പെടുത്തുന്നതിൽ ഭരണഘടനാവിരുദ്ധമായി ഒന്നുമില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. പരമ്പരഗതമായി തുടരുന്ന രീതിയിൽ തന്നെ ഊർജ ഉത്പാദനം തുടരുന്നത് മലിനീകരണത്തിന്റെ തോത് ഉയരുന്നതിന് കാരണമാവുകയും അത് പൊതുജനാരോഗ്യത്തെയും പരിസ്ഥിതിയെയും ബാധിക്കുന്ന വിധത്തിലുമാകുന്നുണ്ട്. അതുകൊണ്ട് അത്തരം ഉല്പാദകർക്ക് അത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് കൂടുതൽ പണം നൽകുന്നതിനുള്ള ബാധ്യതയുണ്ട്

■

(ഡോ. മീനു മോഹൻ, അസിസ്റ്റന്റ് പ്രൊഫസർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, തിരുവനന്തപുരം)

## End notes

1 Working Group III, Report on Climate Change 2022 Mitigation of Climate Change https://www.ipcc.ch/report/ar6/wg3/downloads/report/IPCC_AR6_WGIII_SummaryForPolicymakers.pdf

2 UNITED NATIONS, UNITED NATIONS HANDBOOK ON CARBON TAXATION FOR DEVELOPING COUNTRIES (DEPARTMENT OF ECONOMIC AND SOCIAL AFFAIRS PUB., 2021).

3 Regulation (EU) No 691/2011 https://eur-lex.europa.eu/legal-content/EN/ALL/?uri=celex%3A32011R069.

## References


A. Jayakumar and K. Beemabai, *Impact of Green Tax Reforms in India,* 6(1) JOURNAL OF EMERGING TECHNOLOGIES AND INNOVATIVE RESEARCH (JETIR) 219, 219-25 (2019).

Arjun Pal, *Green Taxation: Its Impact and Necessity in India,* 2020 10.13140/RG.2.2.36376.62724.

Endalew, G. (2010). *GHG emissions and the Kyoto Protocol.* ECBI Brief paper Oxford. https://www.iied.org/g03018.

Haitham Nobanee & Saif Ullah, Mapping green tax: A bibliometric analysis and visualization of relevant research, 6 SUITABLE FUTURES (2023) https://www.sciencedirect.com/science/article/pii/S2666188823000254#:~:text=The%20implementation%20of%20green%20taxes,and%20discourage%20environmentally%20damaging%20practices.

IMF, *A Framework for Climate Change Mitigation in India* WP/23/218 (2023) www.imf.org.

Katherine Lofts, Sharowat Shamin, Sharaban Tahura Zaman & Dr. Robert Kibug, Feature-Brief on Sustainable Development Goal 13 on Taking Action on Climate Change and Its Impacts: Contributions of International Law, Policy and Governance, 13(1) MJSDL - RDDDM 183-192 (2017).

Kazi Mohammed Kamal Uddina, Md. Mominur Rahman B, & Shuvabrata Sahac, The impact of green tax and energy efficiency on sustainability: Evidence from Bangladesh, 11 ENERGY REPORTS, 2306-18 (2023).

Prakash Bhatia and Kanishka Gupta, *A Feasibility Study of Implementation of Green Tax,* 9(2) INTERNATIONAL JOURNAL OF SCIENTIFIC & TECHNOLOGY RESEARCH 1499, 1495-500(2020).

Spiru Paraschiv and Lizica Simona Paraschiv, Trends of carbon dioxide (CO2) emissions from fossil fuels combustion (coal, gas and oil) in the EU member states from 1960to 2018, 6 Energy Reports 237-242 (2020).

Tailon Martins, Lisson Castro Barreto et. al., Fossil fuels consumption and carbon dioxide emissions in G7 countries: Empirical evidence from ARDL bounds testing approach, 291, Environmental Pollution (2021) https://www.sciencedirect. com/science/article/abs/pii/S0269749121016754.

കേരള ഇക്കോണമി
പുസ്തകം 5 ലക്കം 3
ജൂലൈ – സെപ്റ്റംബർ 2024

# ആരോഗ്യ മേഖലയിലെ ഉയരുന്ന ചെലവുകൾ സംസ്ഥാനങ്ങൾക്ക് ആരോഗ്യകരമോ?

സ്വാതിവർമ്മ പി ആർ

**സംഗ്രഹം**

*ഐക്യരാഷ്ട്ര സംഘടന 2015ൽ പ്രഖ്യാപിച്ച മൂന്നാമത്തെ സുസ്ഥിര വികസന ലക്ഷ്യവും (എസ് ഡി ജി) അതിന്റെ ഉപ ലക്ഷ്യങ്ങളും കൈവരിക്കുന്നതിൽ എല്ലാവർക്കും ആരോഗ്യ സുരക്ഷ ഉറപ്പാക്കുക (UHC) എന്നത് ഏറെ പ്രാധാന്യമേറിയ വസ്തുതയാണ്. ഓരോ രാജ്യവും അതിലെ പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നത്തിനുള്ള അളവുകോൽ കൂടിയാണ് Universal Health Coverage (UHC)–നെ കാണുന്നത്. ആരോഗ്യ സംരക്ഷണത്തിന്റെ കാര്യത്തിൽ സാമ്പത്തികമായ പരിമിതികൾ വെല്ലുവിളിയാകുന്നില്ല എന്നത് ഉറപ്പാക്കേണ്ടത് രാജ്യത്തിന്റെ കടമയാണ്. രോഗം വരുന്നതിനെ തടയൽ, ചികിത്സ, പുനരധിവാസം, പാലിയേറ്റീവ് സംരക്ഷണം എന്നിവ അടക്കമുള്ള വിവിധ സേവനങ്ങൾ ഉൾക്കൊള്ളുന്നതിനെയാണ് സമഗ്ര ആരോഗ്യ സംരക്ഷണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.*

*ഇത്തരത്തിൽ സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിനും എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ ആരോഗ്യ മേഖലയിൽ നിരവധി പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2009–10 മുതൽ 2022–23 വരെയുള്ള കാലയളവിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പൊതു ആരോഗ്യ മേഖലയിലെ ചെലവഴിക്കലിനെ (പി എച്ച് ഇ) കുറിച്ചുള്ള ഒരു പഠനമാണ് ഈ പേപ്പറന്റെ ലക്ഷ്യം. ഇക്കാര്യത്തിൽ കേരളം നടത്തിയിട്ടുള്ള ശ്രമങ്ങളെ പ്രത്യേകം പരിശോധിക്കുകയും ചെയ്യുന്നു. മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ പൊതുആരോഗ്യ മേഖലയിലെ ചെലവഴിക്കൽ കുറവാണെന്ന് വിലയിരുത്തേണ്ടി വരും.*

*ആരോഗ്യ രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് പേര് കേട്ട ഒരു സംസ്ഥാനമാണ് കേരളം. സംസ്ഥാനം ബോധപൂർവ്വം ഈ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ തന്നെയാണ് ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾക്ക് മുഖ്യ കാരണം. 2020–21, 2021–22 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിലെ ചെലവഴിക്കൽ ഗണ്യമായ തോതിൽ ഉയരുകയുണ്ടായി. കോവിഡ് മഹാമാരി, നിപ്പ വൈറസ് ബാധ, വെള്ളപ്പൊക്കം തുടങ്ങിയ കാരണങ്ങളാലാണ് പൊതുവെ ഇത്തരത്തിൽ ചെലവുകൾ ഉയർന്നത്. സംസ്ഥാനത്തിന്റെ പൊതുവായ ധനസ്ഥിതി പരിഗണിക്കുമ്പോൾ ഈ പ്രതിസ്ന്ധി ഘട്ടങ്ങളെ തരണം ചെയ്യാനായത് മികച്ച നേട്ടം തന്നെയാണ്. എന്നാൽ ആരോഗ്യ മേഖലയിൽ ഉയർന്ന മുതൽ മുടക്ക് നടത്തുമ്പോഴും സംസ്ഥാനത്ത് ജനങ്ങൾ ആരോഗ്യ സംരകഷണത്തിനും ചികിത്സക്കുമായി (ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ – ഒ ഒ പി) കൂടുതൽ പണം ചെലവഴിക്കേണ്ടി വരുന്ന സാഹചര്യവുമുണ്ട്. പൊതു ആരോഗ്യ മേഖലയിൽ കൂടുതൽ നിക്ഷേപം വരുത്തുന്ന നിലയിലേക്ക്*

*നയപരമായ മാറ്റങ്ങൾ ആവശ്യമാണെന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ജനങ്ങൾക്ക് ഉണ്ടാകുന്ന ഭാരം ലഘൂകരിക്കുന്നതിന് ഇത് ആവശ്യമാണ്. കേന്ദ്രത്തിന്റെ സഹായം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കേരളം കൂടുതൽ ചെലവഴിക്കേണ്ടി വരികയാണ്. സംസ്ഥാനവും കേന്ദ്രവും യോജിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.*

**പ്രധാന വാക്കുകൾ :** *എസ് ഡി ജിദ, യൂണിവേഴ്സൽ ഹെൽത്ത് കവറേജ് (യു എച്ച് സി), ഔട്ട്–ഓഫ്–പോക്കറ്റ് ചെലവ് (ഒ ഒ പി ഇ), കെ എ എസ് പി – പി എം ജെ എ വൈ*

**1. ആരോഗ്യ മേഖലയിലെ ചെലവുകളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ**

2030 വർഷത്തോടെ എസ് ഡി ജി മൂന്നിന്റെ ലക്ഷ്യമായ എല്ലാവർക്കും ആരോഗ്യ സുരക്ഷ കൈവരിക്കുന്നതിലേക്ക് ലോകം അതിവേഗം നീങ്ങുകയാണ്. രണ്ടു പ്രധാന സൂചികകളിൽ നിന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. അത് യു എച്ച് സി (യൂണിവേഴ്സൽ ഹെൽത്ത്കെയർ) സേവന സൂചികയും, catastrophic ഹെൽത്ത് എക്സ്പെന്റിച്യുർ. ഈ ലക്ഷ്യങ്ങൾ നേടുന്ന കാര്യത്തിൽ ഇന്ത്യ എവിടെ നിൽക്കുന്നു എന്ന് നോക്കാം. യു എച്ച് സി സർവീസ് കവറേജ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം അറുപത്തി മൂന്നാമതാണ്. ജി–20 രാജ്യങ്ങളിൽ catastrophe ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെന്റിച്ചൂർ (OOPE) ചെലവഴിക്കലിന്റെ കാര്യത്തിൽ ഇന്ത്യ ഒന്നാം നിരയിൽ വരുന്ന രാജ്യങ്ങളുടെ കൂട്ടത്തിലാണ്.

ജി ഡി പിയുടെ ശതമാനം എന്ന നിലയിൽ പരിശോധിക്കുമ്പോൾ ആരോഗ്യ രംഗത്തെ ഇന്ത്യയുടെ ചെലവുകൾ, ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വിപുലമാക്കുന്ന കാര്യത്തിലെ നിശ്ചയദാർഢ്യം പ്രകടമാക്കുന്നതാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളെടുത്താൽ ഇന്ത്യയുടെ ആരോഗ്യ മേഖലയിലെ ചെലവുകളിൽ പ്രകടമായ മാറ്റങ്ങൾ സംഭവിക്കുന്നത് കാണാം. സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ, നയപരമായ മാറ്റങ്ങൾ, പൊതു ആരോഗ്യ മേഖലയിലെ പരിഷ്കാരങ്ങൾ എന്ന് തുടങ്ങി നിരവധി ഘടകങ്ങൾ ഇതിനെ സ്വാധീനിക്കുന്നുണ്ട്. 2017 ൽ പ്രഖ്യാപിച്ച ദേശീയ ആരോഗ്യ നയം എല്ലാ പ്രായത്തിൽ പെട്ടവർക്കും സാധ്യമായ ഏറ്റവും ഉയർന്ന ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ളതാണ്. രോഗങ്ങൾ വരുന്നത് തടയുവാനും സാമ്പത്തികമായ പ്രയാസങ്ങൾ ഇല്ലാതെ തന്നെ എല്ലാവർക്കും ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതുമാണ്.

ഈ ലക്ഷ്യങ്ങൾ നേടുന്നതിന് ആരോഗ്യ മേഖലയിലെ ചെലവുകൾ ജി ഡി പിയുടെ 1.2 ശതമാനം (2023) എന്ന നിലയിൽ നിന്ന് 2025 ഓടെ 2.5 ശതമാനം എന്ന നിലയിലേക്ക് ഉയർത്തണമെന്ന് ആരോഗ്യ നയം വിഭാവന ചെയ്യുന്നു.

2011–12 മുതൽ 2022–23 വരെയുള്ള ഘട്ടത്തിലെ ഓരോ സംസ്ഥാനത്തെയും പ്രതിശീർഷ ആരോഗ്യചെലവുകൾ പരിഗണിക്കുമ്പോൾ പല രീതിയിലാണെന്ന് കാണാം. (രേഖാചിത്രം – 1.1). മുൻഗണനകൾ, സമീപനങ്ങൾ എന്നിവയുടെ കാര്യത്തിൽ ഈ വ്യത്യസ്തത കാണാവുന്നതാണ്. ഓരോ സംസ്ഥാനത്തിന്റെയും ചെലവഴിക്കൽ, കോവിഡ് മഹാമാരി പോലെ ആരോഗ്യ മേഖലയിലെ പ്രതിസന്ധി ഘട്ടത്തിലുള്ള പ്രതികരണങ്ങൾ തുടങ്ങിയ കാര്യങ്ങളിലും

**Figure 1.1** - Health Expenditure as a per centage of GDP (India) 2011-2022




*Source: Based on WHO, Author Compilation.*

പ്രകടമായ വ്യത്യാസങ്ങൾ കാണാം. 2021 –22 സാമ്പത്തിക വർഷത്തിൽ പൊതു ആരോഗ്യ മേഖലയിലെ കേരളത്തിന്റെ ചെലവുകൾ 4 ശതമാനം എന്ന നിലയിലേക്ക് ഉയരുകയുണ്ടായി. തുടർച്ചയായി ഇത്തരത്തിൽ ചെലവുകൾ ഉയരുന്നത് കാണിക്കുന്നത്, ആരോഗ്യ മേഖലയുടെ കാര്യത്തിലും മികച്ച സേവനങ്ങൾ എല്ലാവർക്കും ഉറപ്പാക്കുകയും വേണം എന്ന കേരളത്തിന്റെ ജാഗ്രതയാണ്. (1 .1 മുതൽ 1.16 വരെയുള്ള ചാർട്ടുകൾ കാണുക). വിവിധ സംസ്ഥാനങ്ങളുടെ പൊതു ആരോഗ്യ മേഖലയിലെ പ്രതിശീർഷ ചെലവഴിക്കൽ (2011–12 മുതൽ 2022–23 വരെ)

മാനവശേഷി വികസന രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ധനകാര്യ രംഗത്തെ പ്രതിസന്ധി ഒരു പ്രധാന വെല്ലുവിളിയാണ് (എം എ ഉമ്മൻ, റിഫോംസ് ആൻഡ് കേരള മോഡൽ – ഇ പി ഡബ്ള്യു, 2008). പൊതു ആരോഗ്യ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയുള്ള ചെലവഴിക്കലിന്റെ തോത് കുറയുന്നത് ഇത്തരം വെല്ലുവിളികൾ കൂടുതൽ ശക്തമാക്കുകയാണ്.

### 2. ആരോഗ്യ മേഖലയിലെ ചെലവഴിക്കൽ കുറയ്ക്കുന്നതിൽ (catastrophic health expenditure)

ആരോഗ്യ ഇഷുറൻസ് പദ്ധതികൾ വഴിയുള്ള സംരക്ഷണം വളരെ നിർണ്ണായകമാണ്. അപ്രതീക്ഷിതമായി ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഇൻഷുറൻസ്, സാമ്പത്തിക ഭാരത്തിൽ നിന്നും ആളുകൾക്ക് സംരക്ഷണം നൽകുന്നു. കുടുംബ ബജറ്റിന്റെ 10 മുതൽ 25 ശതമാനം വരെ ചികിത്സ ചെലവുകൾക്ക് വേണ്ടി ചെലവഴിക്കേണ്ടി വരുന്ന കുടുംബങ്ങൾ മൊത്തം ജനസംഖ്യയുടെ എത്ര ഭാഗം എന്ന് കണക്കാക്കിയാണ് catastrophic expenditure

Trends in States Per capita Public Health Expenditure from 2011-12 to 2021-22

Chart 1.1.




Chart 1.2.




Chart 1.3.




Chart 1.4.




Chart 1.5.




Chart 1.6.



Chart 1.7




Chart 1.8




Chart 1.9.




Chart 1.10.




Chart 1.11.




Chart 1.12.



**Chart 1.13.**




**Chart 1.14.**




**Chart 1.15.**




**Chart 1.16.**




*Source: Based on CAG reports. Author calculation.*

*Note: Based on 2011 Census population.*

നിർണ്ണയിക്കുന്നത്. എസ് ഡി ജി സൂചികയുടെ അടിസ്ഥാനത്തിൽ ഇതിന്റെ കുറഞ്ഞ പരിധി 10 ശതമാനമാണ്. എന്നാൽ 2000–ത്തിൽ ആഗോളാടിസ്ഥാനത്തിൽ 9.6 ശതമാനമായിരുന്ന ഈ അനുപാതം 2015 ൽ 12.7 ശതമാനമായി ഉയർന്നു. 2019 ൽ 13.5 ശതമാനമായി. 100 കോടി ആളുകളുടെ അടിസ്ഥാനത്തിലാണ് ഈ കണക്കെടുപ്പ്. 19.8 ശതമാനവുമായി പശ്ചിമ പസഫിക് മേഖലയാണ് ഇക്കാര്യത്തിൽ മുന്നിൽ നിൽക്കുന്നത്. തെക്കു കിഴക്കൻ ഏഷ്യൻ മേഖലയിൽ 16.1 ശതമാനമാണ്. അമേരിക്കയിൽ 7.8 ശതമാനവും യൂറോപ്യൻ മേഖലയിൽ 7.9 ശതമാനവുമാണ്.

ആരോഗ്യ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി എത്രത്തോളമാണ് എന്ന് മനസിലാക്കുന്നതിന് ചികിത്സാ കാര്യങ്ങൾക്കായി ജനങ്ങൾ സ്വന്തം പോക്കറ്റിൽ നിന്ന് എത്രമാത്രം പണം ചെലവഴിക്കുന്നുണ്ട് എന്നതിന്റെ പരിശോധന

ആവശ്യമാണ്. 2016–17 ലെ ദേശീയ ആരോഗ്യ കണക്കുകളിലെ വിവരങ്ങൾ പ്രകാരം കേരളത്തിൽ സ്വന്തം നിലയിൽ ചെല വഴിക്കേണ്ടി വരുന്നത്, 58.7 ശതമാനമാണ് എന്നാണ്. 2004 ലെ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ (എൻ എസ് എസ് ഒ) 2014 ലെ കണക്കുകളും ഇത് ശരി വയ്ക്കുന്നു. ഈ കണക്കുകൾ വിശകലനം ചെയ്യുമ്പോൾ ഗ്രാമീണ മേഖലയിൽ 12 ശതമാനം ആളുകളും നഗര പ്രദേശങ്ങളിൽ 8 ശതമാനം പേരും ദാരിദ്ര്യ രേഖക്ക് താഴെയാണെന്ന് കാണാം. ആരോഗ്യ കാര്യങ്ങൾക്ക് വേണ്ടി വരുന്ന ചെലവുകൾ ഇതിന് ഒരു പ്രധാന കാരണമാണ് (പീറ്റർ ബർമൻ, രാജീവ് അഹൂജ) അതായത് പൊതു ആരോഗ്യ മേഖലയിൽ സർക്കാർ ചെലവഴിക്കൽ ഗണ്യമായി ഉയരുമ്പോഴും ആളുകളുടെ (OOPE)ചെലവുകൾ ഉയരുന്നു എന്നത് ഒരു പ്രതിസന്ധിയായി മാറുകയാണ്. അതുകൊണ്ട് ഒ ഒ പി ചെലവുകൾ കുറയുന്ന രീതിയിൽ നയപരമായ മാറ്റങ്ങൾ ആവശ്യമാണ്. സമഗ്രമായ പൊതു ജനാരോഗ്യ കവറേജ്, സാമ്പത്തിക സംരക്ഷണം തുടങ്ങിയ കാര്യങ്ങളാണ് ഇതിന് ആവശ്യമായി വരുന്നത്. പൊതുവിൽ പരിശോധിക്കുമ്പോൾ കേന്ദ്ര സഹായം ആരോഗ്യ മേഖലയിൽ കുറയുകയാണ്. ഇത് സംസ്ഥാനങ്ങളുടെ മേൽ അധിക ഭാരം അടിച്ചേൽപ്പിക്കുന്നു. പൊതു ആരോഗ്യ മേഖലയിലെ ചെലവുകളും ഒ ഒ പി ചെലവുകളും ബാലൻസ് ചെയ്ത് നിർത്തുക എന്നത് ആരോഗ്യ മേഖലയുടെ നേട്ടങ്ങളുടെ ഫലങ്ങൾ എല്ലാവരിലുമെത്തിക്കുന്നതിന് ആവശ്യമാണെന്ന് കാണാം (പട്ടിക 1 .1)

പട്ടികയിലെ വിവരങ്ങൾ തയാറാക്കി യിരിക്കുന്നത്, നാഷണൽ ഹെൽത്ത് സിസ്റ്റം റിസോർസ് സെന്റർ ആണ്. 2014 ലെ ഹെൽത്ത് ആൻഡ് മോർബിഡിറ്റി സർവേ, 2011 ലെ കൺസ്യൂമർ എക് സ്പെൻഡിച്ചർ സർവേ തുടങ്ങിയവയുടെ സംസ്ഥാനം തിരിച്ചുള്ള വിവരങ്ങൾ ഇതിനായി വിശകലനം ചെയ്തിരിക്കുന്നു.

1.1 പട്ടികയിൽ നിന്നും വ്യക്തമാകുന്നത്, സ്വന്തം നിലയിലുള്ള ചികിത്സ ചെലവു കളുടെ കാര്യത്തിൽ പല രീതിയിലുള്ള വ്യത്യാസങ്ങൾ ഉണ്ട് എന്നതാണ്. സ്വകാര്യ, പൊതു ആതുര ശുശ്രൂഷ കേന്ദ്രങ്ങൾ എന്ന നിലയിലും ഓരോ ചികിത്സയുടെ പ്രത്യേകതകൾ മൂലവുമാണ് ഇത്തരം വ്യത്യാസം വരുന്നത്. അതായത് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുമ്പോൾ ചെലവുകൾ ഉയരുന്നു. ഇവിടെയാണ് ആരോഗ്യ ഇൻഷുറൻസിന്റെ പ്രസക്തി. പോക്കറ്റിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നത് പരമാവധി പരിമിതപ്പെടുത്തുക എന്നതാണ് ഇൻഷുറൻസ് പദ്ധതികളുടെ പ്രധാന ലക്ഷ്യം. അത് ദുരന്തങ്ങൾ ഉണ്ടാകുമ്പോഴുള്ള ചികിത്സ ചെലവുകളിൽ നിന്നും വളരെ ഉയർന്ന മെഡിക്കൽ ചെലവുകളിൽ നിന്നും ഉപഭോക്താക്കൾക്ക് സംരക്ഷണം നൽകുന്നു.

### 3. ആരോഗ്യ മേഖലയുടെ പരിണാമം കേരളത്തിൽ – കെ എ എസ് പി , പി എം ജെ വൈ കവറേജ്

എല്ലാവർക്കും ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ചികിത്സക്ക് വേണ്ടി വരുന്ന വ്യക്തിപരമായ ചെലവുകൾ കുറയ്ക്കുന്ന തിനുമായി 2018 ൽ കേന്ദ്ര സർക്കാർ ആയുഷ്മാൻ ഭാരത് എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങൾ, പ്രധാനമന്ത്രി ജന ആരോഗ്യ യോജന (പി എം–ജെ എ വൈ) എന്നിങ്ങനെ രണ്ടു ഭാഗങ്ങളാണ് ഈ പദ്ധതിക്കുള്ളത്. ആരോഗ്യ ചെലവുകൾ കുറയ്ക്കുന്ന ലോകത്തെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായിട്ടാണ് ഇതിനെ വിശേഷിപ്പിച്ചിട്ടുള്ളത്. 10.74 കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ ചികിത്സ

**Table 1.1. I**ndicators on Healthcare Utilization and Out of Pocket Expenditures (OOPE), 2014 (current prices)[2]

| Indicators | Kerala | | All India | |
|---|---|---|---|---|
| Utilization Indicators | Rural | Urban | Rural | Urban |
| Proportion (per thousand) of ailing persons | 310 | 306 | 89 | 118 |
| % of non-hospitalized cases using public facility | 35 | 29 | 25 | 20 |
| % of non-hospitalized cases using private facility | 62 | 65 | 64 | 73 |
| % of non-hospitalized cases using Informal care (friends/relatives/ | 3 | 6 | 11 | 7 |
| Proportion (per thousand) of hospitalized persons | 117 | 99 | 44 | 49 |
| % of hospitalized cases using public facility | 35 | 33 | 42 | 32 |
| % of hospitalized cases using private facility | 65 | 67 | 58 | 68 |
| Out of Pocket Expenditures on Healthcare (OOPE) | | | | |
| Hospitalization Expenditure (excluding child birth) (In Rs.) | | | | |
| OOPE per hospitalized case (Rs)-All | 17303 | 13995 | 14473 | 21985 |
| OOPE per hospitalized case (Rs)-Public | 2871 | 2674 | 5369 | 7189 |
| OOPE per hospitalized case (Rs)-Private | 24978 | 19640 | 21034 | 28958 |
| Child Birth Expenditure (as inpatient) (In Rs.) | | | | |
| OOPE per child birth-(Rs)All | 13624 | 14873 | 5518 | 11033 |
| OOPE per child birth (Rs)- Public | 1651 | 1510 | 1572 | 2094 |
| OOPE per child birth (Rs)- Private | 19147 | 20903 | 14727 | 19107 |
| Non-hospitalized expenditure (In Rs.) | | | | |
| OOPE per non-hospitalized ailing person (Rs) in last 15 days - Public | 140 | 172 | 404 | 395 |
| OOPE per non-hospitalized ailing person (Rs) in last 15 days - Private | 425 | 426 | 649 | 778 |
| OOPE on antenatal care (ANC) per pregnant woman (Rs)-Public | 2856 | 3343 | 1388 | 1859 |
| OOPE on ANC per pregnant woman (Rs)-Private | 6744 | 5708 | 4791 | 5727 |
| % of diagnostics expenditure as a proportion of outpatient medical expenditure | 13% | 10% | 11% | 12% |
| % of drugs expenditure as a proportion of outpatient medical expenditure | 74% | 75% | 73% | 68% |
| % of drugs expenditure as a proportion of outpati ent medical expenditure-Public | 72% | 91% | 76% | 67% |
| *OOPE is net of reimbursements | | | | |

*Source:* *Healthcare Financing Division National Health Systems Resource Centre Ministry of Health and Family Welfare, Government of India.*

സഹായം ഇത് വഴി ലഭിക്കുന്നു. അതായത് 50 കോടിയിൽപരം ആളുകൾക്ക് നേരിട്ട് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഇന്ത്യയിലെ ജനസംഖ്യയുടെ ഏറ്റവും താഴെ തട്ടിൽ വരുന്ന 40 ശതമാനത്തോളം ആളുകളാണ് ഇവർ. SECC പി എം – ജെ എ വൈ പദ്ധതിയുടെ ചെലവ് കേന്ദ്രവും സംസ്ഥാനവും പങ്കിടുന്നു. ഇത് നടപ്പാക്കുന്നതിനുള്ള മാതൃക സംസ്ഥാന സർക്കാരുകൾക്ക് തീരുമാനി ക്കാവുന്നത്. ട്രസ്റ്റ്, ഇൻഷുറൻസ് കമ്പനികൾ, എന്നിവ വഴിയായോ സംയുക്ത മേഖലയിലോ ഇത് നടപ്പാക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അവകാശമുണ്ട്. (SECC) ഡേറ്റയിൽ ഉൾപ്പെടുന്ന കൂടുതൽ പേരെ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിനും സംസ്ഥാന സർക്കാരുകൾക്ക് കഴിയും. എന്നാൽ ഇങ്ങനെ കൂടുതലായി ചേർക്കുന്ന മുഴുവൻ ആളുക ളുടെ ചെലവും അതാത് സംസ്ഥാന സർക്കാർ തന്നെ വഹിക്കേണ്ടതാണ്. 2018 ൽ സംസ്ഥാന സർക്കാർ എൻ എച്ച് എയുമായി ഒരു കരാർ ഉണ്ടാക്കുകയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കു ന്നതിനായി സ്റ്റേറ്റ് ഹെൽത് ഏജൻസിക്ക് (എസ് എച്ച് എ) രൂപം നൽകുകയും ചെയ്തു. ആർ എസ് ബി വൈ, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി, മുതിർന്ന പൗരന്മാർക്കായുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആയുഷ്മാൻ ഭാരത് PMJAY-ൽ ആയുഷ്മാൻ ഭാരത് PMJAY-ൽ സംയോജിപ്പിച്ചു കൊണ്ടാണ് കേരളം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയത്.

പി എഫ് എച്ച് ഐ പദ്ധതി വഴിയുള്ള ഗുണഭോക്താക്കളുടെ എണ്ണം കേരളത്തിൽ വർധിച്ചു വരുന്നതായി കാണാം. 41.99 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് (രേഖാചിത്രം 1.3).

സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പാക്കുന്ന പദ്ധതിയിൽ ഓരോ

**Figure 1.3** KASP-ABPMJAY Beneficiary enrolment status 2024-Kerala




*Source: SHA, Kerala.*

കുടുംബത്തിനും 1050 രൂപ വീതം പ്രീമിയം വരുന്നുണ്ട്. ഇതിൽ 23.97 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് പ്രീമിയം ഇനത്തിൽ 631.20 രൂപ വീതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നത്. ബാക്കി വരുന്ന 18.02 ലക്ഷം കുടുംബങ്ങളുടെ പ്രീമിയം തുക പൂർണ്ണമായും വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. കുടുംബാംഗങ്ങളുടെ പ്രായം, എണ്ണം ഇവയൊന്നും പരിഗണിക്കാതെയാണ് സംസ്ഥാന സർക്കാർ ഇവരെ പദ്ധതി ഗുണഭോക്താക്കളാക്കിയിരിക്കുന്നത്. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേക നിബന്ധനകൾ ഒന്നും കൂടാതെ ഇതിന്റെ പ്രയോജനം ലഭ്യമാകുന്നു. ഇതിന് പ്രത്യേക മുൻഗണകൾ ഇല്ല. പദ്ധതിയിൽ ചേരുന്നതിന് ഫീസുകൾ ഒന്നും ഈടാക്കുന്നില്ല. കേരളത്തിലെ 197 സംസ്ഥാന സർക്കാർ ആശുപത്രികളിലും 4 കേന്ദ്ര സർക്കാർ ആശുപത്രികളിലും 364 സ്വകാര്യ ആശുപത്രികളിലും ഇത് ലഭ്യമാണ്. മരുന്നുകൾ, വിവിധ പരിശോധനകൾ, ഡോക്ടർമാരുടെ ഫീസ്, മറ്റു അനുബന്ധ ചെലവുകൾ, ഓപ്പറേഷൻ ചെലവുകൾ, ഐ സി യു തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഇതിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ 89 പാക്കേജുകളിലായി വേറെയും സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. എന്നാൽ ഇതിലൊന്നും ഉൾപ്പെടാതെ പോകുന്ന ചികിത്സകൾക്ക് പ്രത്യേകമായി ക്ലെയിം ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ട്. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നതിന് മൂന്ന് ദിവസം മുൻപ് മുതൽ ഈ ആനുകൂല്യത്തിന് അർഹയതയുണ്ട്. ആശുപത്രി വാസം കഴിഞ്ഞാൽ ഡോക്ടറുടെ നിർദേശമനുസരിച്ച് 15 ദിവസത്തേക്കുള്ള മരുന്നും സൗജന്യമായി ലഭിക്കുന്നു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയുടെ കീഴിൽ ഒറ്റത്തവണ ചികിത്സ സഹായമായി രണ്ടു ലക്ഷം രൂപ ലഭിക്കുന്നു. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ചികിത്സ സഹായമായി മൂന്ന് ലക്ഷം രൂപ വരെ അനവദിക്കാറുണ്ട് . കെ എ എസ് പി പദ്ധതി നടപ്പാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും കെ ബി എഫ് സൗകര്യവും ലഭ്യമാണ്. ഈ പദ്ധതി വഴിയായി ഇതുവരെ 39854 കുടുംബങ്ങളുടെ 276589 ബില്ലുകളിലായി 226.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാർ ഇത്തരം പദ്ധതികളുടെ കാര്യത്തിൽ വലിയ തോതിൽ നേട്ടം അവകാശപെടുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് പദ്ധതികൾ അധിക ഭാരമാണ് സൃഷ്ടിക്കുന്നതെന്ന് കാണാൻ കഴിയും.

■

(ഡോ. സ്വാതി വർമ്മ പി ആർ, പോസ്റ്റ്–ഡോക് ഫെല്ലോ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ തിരുവനന്തപുരം (അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് തെരേസാസ് കോളേജിൽ നിന്ന് ഡെപ്യൂട്ടേഷനിലാണ്)).

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

# വൈജ്ഞാനിക സമ്പദ്ഘടനയിലേക്കുള്ള പരിണാമവും കേരളത്തിന്റെ അനുഭവങ്ങളും

വീണരഞ്ജിനി കെ. കെ

**സംഗ്രഹം**

*ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന്റെ വികസനം ഉറപ്പാക്കുന്ന തരത്തിൽ, വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിലേക്കുള്ള പരിണാമത്തിൽ ചില ഘടകങ്ങളുടെ ഉൾച്ചേരൽ എപ്രകാരം വർത്തിക്കുന്നു എന്നതിനെ കുറിച്ചുള്ള ഒരു വിശകലനമാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്. വൈജ്ഞാനിക സമ്പദ്വ്യവസ്ഥ അഥവാ നൂതനമായ മാറ്റങ്ങൾ നയിക്കുന്ന ഒരു സമ്പദ്വ്യവസ്ഥ എന്നാൽ, വിജ്ഞാനമായിരിക്കും സാമ്പത്തിക മുന്നേറ്റത്തിനുള്ള അതിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തേജകം. അതുകൊണ്ട് അത്തരമൊരു സമ്പദ്വ്യവസ്ഥയിൽ വിദ്യാഭ്യാസം, ആരോഗ്യം, ഐ സി ടി, നൂതന ആശയങ്ങൾ, ഗവേഷണ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ തുടർച്ചയായ നിക്ഷേപം അനിവാര്യമാകുന്നു. മാത്രവുമല്ല, വിജ്ഞാനത്തെ സാമ്പത്തിക പുരോഗതിക്ക് ഉപയുക്തമാക്കുന്ന വിധത്തിൽ പൊതുസംവിധാനങ്ങളുടെ രൂപപ്പെടുത്തലും ആവശ്യമായി വരുന്നു. ഇക്കണോമെട്രിക് ആയ ഒരു വിശകലനം നടത്തുമ്പോൾ കേരളത്തിന്റെ വികസന രംഗത്തെ മുന്നേറ്റത്തിന് നിയാമകമായി മാറിയത് ഇത്തരത്തിൽ ഒരു വൈജ്ഞാനിക സമ്പദ്ഘടനയുടെ അടിസ്ഥാന മേഖലകളിൽ നടത്തിയിട്ടുള്ള നിക്ഷേപമാണെന്ന് കാണാം. അത്,സാമ്പത്തിക വളർച്ചയിൽ നിർണ്ണായകമാകുന്ന തരത്തിൽ കേരളത്തെ ക്രിയാത്മകമായ ഒരു ദിശയിലേക്ക് നയിച്ചതായി നമുക്ക് കാണാം. ഇത്തരത്തിലുള്ള പരസ്പര ബന്ധിതമായ ഘടകങ്ങളുടെ പ്രവർത്തനവും അത്തരം സംവിധാനങ്ങളിലേക്കുള്ള പരിവർത്തനവും കേരളത്തിന്റെ സമ്പദ്ഘടനയെ വൈജ്ഞാനികമായ ഒരു മുന്നേറ്റം നയിക്കുന്ന ഒരു ഇടമാക്കി മാറ്റിയിട്ടുണ്ട്.*

***പ്രധാന വാക്കുകൾ :*** *വൈജ്ഞാനിക സമ്പദ്വ്യവസ്ഥ, യുണിറ്റ് റൂട്ട്, കോഇന്റഗ്രേഷൻ, സാമ്പത്തിക വളർച്ച.*

## ആമുഖം

റോമർ (1986, 1990), ഒ ഇ സി ഡി (1996), പവൽ, സ്നേൽമാൻ (2004) തുടങ്ങിയ വിവിധ വളർച്ച മോഡലുകൾ ചൂണ്ടിക്കാട്ടുന്നത്. സാമ്പത്തിക വളർച്ചയുടെ തോത് നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകം വിജ്ഞാനമാണ് എന്നാണ്. അതുകൊണ്ട് വിജ്ഞാനത്തിന്റെ ആവിഷ്കാരവും അതിന്റെ വിതരണവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. സാമ്പത്തിക പ്രവർത്തനങ്ങളിലെ മുഖ്യ ഘടകമായ ഉല്പാദനത്തിൽ വിജ്ഞാനം നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയടക്കമുള്ള

വിവിധ രംഗങ്ങളിൽ വിജ്ഞാനത്തിന്റെ ഉല്പാദനവും വ്യാപനവും പ്രയോഗവും തമ്മിലുള്ള താരതമ്യം നിർണ്ണയിക്കുന്ന ഒരു പുതിയ സമീപനം ഒ ഇ സി ഡി (2000) മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇന്ന് ഭൗതികമായ ഘടകങ്ങളെക്കാൾ വിജ്ഞാനത്തിനാണ് ആഗോള സാമ്പത്തിക വളർച്ച കൂടുതൽ പ്രാധാന്യം കൽപിക്കുന്നത് എന്ന് കാണാം. അത് ലോകം ഏറെക്കുറെ അംഗീകരിച്ചു കഴിഞ്ഞു. സാമ്പത്തിക വളർച്ച ത്വരിതമാക്കുന്നതിനുള്ള ഒരു മൂലക്കല്ലായി വിജ്ഞാനം മാറുന്നുവെന്ന് സാരം. ആഗോളതലത്തിൽ അത് മത്സരക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നു. അമേരിക്കയിലും മറ്റു വികസിത രാഷ്ട്രങ്ങളിലും സാമ്പത്തിക വളർച്ചയുടെ 70 ശതമാനത്തോളം നേടാൻ കഴിഞ്ഞിട്ടുള്ളത് സാങ്കേതിക രംഗത്തെ മുന്നേറ്റം കൊണ്ടാണ് (ഹോഗൻ–2011). ഒരു സമ്പദ്ഘടനയെ വിജ്ഞാനം അഥവാ നൂതന ആശയങ്ങളാൽ നയിക്കപ്പെടുന്ന ഒന്നാക്കി മാറ്റുക എന്നത് ഇന്നത്തെ മാറിയ സാഹചര്യത്തിൽ ഒരു ആവശ്യമാണ്. ലോകത്ത് ഏറ്റവുമധികം യുവാക്കളുള്ള അഞ്ചാമത്തെ രാജ്യം എന്ന നിലയിൽ, ഇന്ത്യയിലെ യുവാക്കൾക്ക് ആവശ്യമായ നൈപുണ്യം നൽകേണ്ടത് അനിവാര്യമായ ഒന്നാണ് (ദേശീയ യുവജന നയം–2021). ഒരു വൈജ്ഞാനിക സമ്പദ്ഘടനയുടെ സുസ്ഥിരമായ മുന്നേറ്റത്തിന് നൂതന ആശയങ്ങൾ , സാങ്കേതിക മേഖലയിലെ വികാസം എന്നിവയ്ക്ക് തുടർച്ചയായ മുന്നേറ്റം ഉണ്ടാകണമെന്നാണ് ഒ ഇ സി ഡി (2001) ചൂണ്ടിക്കാട്ടുന്നത്.

എല്ലാത്തരത്തിലുള്ള സമ്പദ്വ്യവസ്ഥകളെയും വൈജ്ഞാനിക സമ്പദ്വ്യവസ്ഥ എങ്ങനെയാണ് പോസിറ്റീവായി സ്വാധീനിച്ചിട്ടുള്ളതെന്ന് ദൽമാൻ (2006) വിശദമാക്കിയിട്ടുണ്ട്. വികസിത വ്യാവസായിക രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അത് നൈപുണ്യമുള്ള തൊഴിൽ സേനയെയും മികച്ച അടിസ്ഥാന സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് സഹായകമായി. ഒപ്പം മാനുഫാക്റ്ററിങ് മേഖലയിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ നിർമിക്കുന്നതിനും നല്ല സേവന മേഖല പടുത്തുയർത്തുന്നതിനും സഹായകമായി. പ്രകൃതി വിഭവങ്ങൾ സമൃദ്ധമായുള്ള രാജ്യങ്ങൾക്ക് മികച്ച സാങ്കേതിക വൈദഗ്ധ്യവും മൂല്യവർധനയുള്ള ഉത്പന്നങ്ങളും ലഭ്യമാക്കുന്നതിനും ഇത് സഹായിച്ചിട്ടുണ്ട് ഉപഭോക്താക്കളുമായി കൂടുതൽ അടുത്ത ബന്ധം സൃഷ്ടിക്കുന്നതിന് ഐ സി ടി മേഖലയിലെ വികസനം പല രാജ്യങ്ങൾക്കും മുതൽക്കൂട്ടായി എന്ന് കാണാം. വികസ്വര രാജ്യങ്ങളുടെ കാര്യത്തിൽ വികസന പ്രക്രിയയിലെ അനാവശ്യമായ പല തട്ടുകളും ഒഴിവാക്കി മുന്നേറുന്നതിന് ഇത് സഹായക മായിട്ടുണ്ട്. സാങ്കേതിക വിദ്യ, ഒരു കുതിച്ചു ചാട്ടത്തിനും വിദേശ നിക്ഷേപം ആകർഷിച്ചു കൊണ്ട് ആഗോള സമ്പദ്വ്യവസ്ഥയുടെ ഭാഗമായി മുന്നേറുവാനും അവയ്ക്ക് അവസരമൊരുക്കി.

കേരളത്തിന്റെ കാര്യമെടുത്താൽ സാമൂഹ്യ പരിഷ്കർത്താക്കളാണ് വൈജ്ഞാനിക സമ്പദ്ഘടനയുടെ ബീജാവാപം നടത്തിയിട്ടുള്ളതെന്ന് കാണാം. സാമ്പത്തിക സുസ്ഥിരത, സാംസ്കാരികമായ സമന്വയം എന്നിവയിലാണ് അത് അധിഷ്ഠിതമായിരിക്കുന്നത്. ജനാധിപത്യ ബോധമുള്ളവരും മതേതരവും ഊർജസ്വലവുമായ ഒരു ജനതയുടെ സാന്നിധ്യമാണ് കേരളത്തിന്റെ മുതൽക്കൂട്ട് . ഏത് തരത്തിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനും മുന്നോട്ട് പോകുന്നതിനും ഇത് കേരളത്തിന് എക്കാലവും കരുത്തായി മാറിയെന്ന് കാണാം. ആഗോള തലത്തിൽ തന്നെ അംഗീകാരം നേടിയിട്ടുള്ള സാർവത്രികമായ വിദ്യാഭ്യാസം, ആരോഗ്യ സുരക്ഷ തുടങ്ങിയ ഘടകങ്ങൾ കേരളത്തിന്റെ മുന്നേറ്റത്തിൽ നാൾവഴികളായി (എളംകുളം പി എൻ കെ – 1970). ഇത്തരത്തിൽ കേരളത്തെ വിജ്ഞാനത്തിന്റെ ഒരു കേന്ദ്രമാക്കി മാറ്റുന്നതിൽ മാറി മാറി ഭരിച്ച എല്ലാ സർക്കാരുകൾക്കും അവരുടേതായ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു ദീർഘവീക്ഷണം സർക്കാർ ചെലവുകളിൽ വലിയ വർധന വരുന്നതിനും കാരണമായി മാറിയിട്ടുണ്ട്.

പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം, ഐ സി ടി തുടങ്ങിയ മേഖലകളിൽ. വിദ്യാഭ്യാസ മേഖലയിൽ സാമാന്യം ഉയർന്ന നിലവാരം സൃഷ്ടിക്കാൻ ഇതുവഴി കേരളത്തിന് കഴിഞ്ഞു. അതുകൊണ്ട് വിപ്ലവകരമായ ഈ മാറ്റത്തിന് വേണ്ടി എല്ലാ ഭരണസംവിധാനങ്ങളും ഉണർന്നു പ്രവർത്തിക്കുന്ന സ്ഥിതിയുണ്ടായി. ഇത് ഒരു അപൂർവമായ കാര്യമാണ്. ഇക്കാരണങ്ങളാലെല്ലാം കേരളം ഇതിനകം തന്നെ ഒരു വൈജ്ഞാനിക സമ്പദ്ഘടന എന്ന നിലയിൽ സുവിദിതമാണ്.

**വൈജ്ഞാനിക സമ്പദ്വ്യവസ്ഥക്ക് മുന്നിലുള്ള കടമ്പകളും ലോകബാങ്കിന്റെ ചട്ടക്കൂടും**

സുസ്ഥിരമായ സാമ്പത്തിക വളർച്ചയും പുരോഗതിയും കൈവരിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗമായി വിജ്ഞാനത്തെ ലോകബാങ്ക് (1998) കാണുന്നു. മികച്ച വൈജ്ഞാനിക അടിത്തറ സമ്പത്തിന്റെ ഉത്പാദനം സാധ്യമാക്കുന്നതിന് ആവശ്യമാണ്. ധനകാര്യ സ്ഥാപനങ്ങൾ, നൂതന ആശയങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഏറ്റവും മികച്ച സാങ്കേതിക വിദ്യകൾ എന്നിവ അതിനെ സഹായിക്കുന്ന ഘടകങ്ങളാണ്. ഉത്പാദനക്ഷമത ഉയർത്തിക്കൊണ്ട് അത് സുസ്ഥിര വികസന പ്രക്രിയയെ സഹായിക്കുന്നു. ഇത്തരത്തിൽ വിജ്ഞാനം ഒരു സമ്പദ്വ്യവസ്ഥയെ എത്രമാത്രം മുന്നോട്ട് നയിക്കുന്നു എന്ന് കണ്ടെത്തുന്നതിനുള്ള ഉപാധി എന്ന നിലയിൽ വിജ്ഞാന അവലോകന രീതിശാസ്ത്രത്തിന് (നോളജ് അസസ്മെന്റ് മെത്തഡോളജി) ലോക ബാങ്ക് രൂപം നൽകി. വിശാലാടിസ്ഥാനത്തിൽ പറഞ്ഞാൽ, അത്തരത്തിലുള്ള ഒരു സമ്പദ്ഘടനയുടെ അടിസ്ഥാന ശിലകളാണ് അവ. സുസ്ഥിരമായ സാമ്പത്തിക മുന്നേറ്റത്തിലേക്ക് നയിക്കുന്നതിന് സഹായകമാകുന്ന ഇത്തരത്തിലുള്ള എല്ലാ സ്തംഭങ്ങളും വളരെ പ്രധാനപ്പെട്ടവയാണെന്ന് കാണാം (രേഖാചിത്രം-1).

വിജ്ഞാനത്തെ കേന്ദ്രീകരിച്ചുള്ള ഒരു സമ്പദ്വ്യവസ്ഥയുടെ സാധ്യതകൾ പൊതുവെ വിലയിരുത്തപ്പെടുന്നത് നാലു കാര്യങ്ങളിലാണ്. ഭരണപരമായ ഘടനയും സാമ്പത്തിക ഉത്തേജനവും, വിവര സംവേദന സാങ്കേതിക വിദ്യകൾ (ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജീസ് – ഐ സി ടി), നൂതന ആശയങ്ങൾ, സാങ്കേതിക വിദ്യ




*Source: Based on World Bank, 2018*

എന്നിവയുടെ സ്വാംശീകരിക്കൽ, വിദ്യാഭ്യാസവും പരിശീലനവും എന്നിവയാണ് അവ. ഇതിൽ ഒന്നാമത്തെ ഘടകം, നൂതന ആശയങ്ങളും നിലവിലെ അറിവുകളും ഫലപ്രദമായി പ്രയോഗികവത്കരിക്കുന്നതിനും സംരംഭകത്വ വളർച്ചക്കും ആവശ്യമായ ഉത്തേജനം നൽകുന്നു. വിദ്യാഭ്യാസം, പരിശീലനം എന്നിവ വിജ്ഞാനത്തെ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുന്നതിനും അത് വിതരണം ചെയ്യുന്നതിനും സഹായ മാകുന്നു. സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകൾ അടങ്ങുന്ന നൂതന ആശയങ്ങൾ വികസിപ്പിക്കുന്ന സംവിധാനം പ്രാദേശിക ആവശ്യങ്ങൾ മുൻ നിർത്തി വിജ്ഞാനത്തെ നവീകരിക്കാൻ യത്നിക്കുന്നതിനൊപ്പം പുതിയ സാങ്കേതിക വിദ്യകൾ കരുപ്പിടിപ്പിക്കുന്നതിന് സഹായകമായി വർത്തിക്കുകയും ചെയ്യുന്നു. ഐ സി ടി അടിസ്ഥാന സൗകര്യങ്ങൾ, വിവരങ്ങൾ കൈമാറുന്നതിനുള്ള ഏറ്റവും മികച്ച സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നു. വൈജ്ഞാനിക സമ്പദ്വ്യവസ്ഥ എന്ന ആശയത്തെ പ്രവർത്തികമാക്കുന്നതിന്റെ അളവുകോലായ ഇന്ത്യൻ ഇന്നവേഷൻ സൂചിക ഇത്തരത്തിലുള്ള വിവരങ്ങളെ (എനേബിലേഴ്സ്) ഇൻപുട്ട് ആയും അതിന്റെ പ്രകടനത്തെ (പെർഫോമൻസ്) ഔട്പുട്ട് ആയും അവതരിപ്പിക്കുന്നു (ഇന്ത്യ ഇന്നവേഷൻ ഇൻഡക്സ് – 2020).

നേരത്തെ സൂചിപ്പിച്ച നാലു ഘടകങ്ങളും പരസ്പര പൂരകങ്ങളാണ്. കാരണം, ഈ നാലു കാര്യങ്ങളിലുമുള്ള പുരോഗതിയെ ആധാര മാക്കിയാണ് അതിന്റെ വിജയം കുടി കൊള്ളുന്നത്. ഇവയുടെ വളർച്ച വികസനത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് സമ്പദ്ഘടനയെ നയിക്കുന്നു. ഉല്പാദന മേഖലയിലെ വിദഗ്ധമായ ഇൻപുട്ട് ആണ് ഇതിന് കാരണം. ഈ സാഹചര്യത്തിൽ ഈ ലേഖനം ശ്രമിക്കുന്നത്, ഒരു വൈജ്ഞാനിക സമ്പദ്ഘടന എന്ന നിലയിലേക്കുള്ള കേരളത്തിന്റെ മാറ്റത്തിന് എന്തെല്ലാം ഘടകങ്ങൾ സഹായകമായിട്ടുണ്ട് എന്ന് കണ്ടെത്തുന്നതിനാണ്.

**വിവരസ്രോതസുകളും രീതിശാസ്ത്രവും**

ഒരു സമ്പദ്വ്യവസ്ഥ വൈജ്ഞാനിക സമ്പദ്ഘടനയായി മാറുന്നതിന് വേണ്ടി നടത്തുന്ന പൊതുവിലുള്ള അതിന്റെ തയാറെടു പ്പിനെയാണ് വൈജ്ഞാനിക സമ്പദ്വ്യവസ്ഥ സൂചിക (നോളജ് ഇക്കോണമി ഇൻഡക്സ് – കെ ഇ ഐ) എന്നത് കൊണ്ട് സൂചിപ്പിക്കുന്നത്. ലോകബാങ്ക് തയ്യാറാക്കിയിട്ടുള്ള വിജ്ഞാന വിശകലന രീതിശാസ്ത്രം ഉപയോഗിച്ചാണ് ഇത് തയാറാക്കുന്നത്. നേരത്തെ സൂചിപ്പിച്ചിട്ടുള്ള നാല് അടിസ്ഥാന കാര്യങ്ങളിൽ തുടർച്ചയായ നിക്ഷേപം ആവശ്യമാണ്. അതുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക വികസനത്തെ ആധാരമാക്കി, വൈജ്ഞാനിക സമ്പദ്വ്യവസ്ഥക്ക് അടിസ്ഥാനമാകുന്ന ഘടകങ്ങളെ കുറിച്ചാണ് ഈ പഠനം പ്രതിപാദിക്കുന്നത്. വൈജ്ഞാനിക സമ്പദ്ഘടനയുടെ അടിത്തറയെ കുറിച്ചും 1980–2021 ഘട്ടത്തിലെ വൈജ്ഞാനിക സമ്പദ്ഘടന യിലേക്കുള്ള മാറ്റത്തെ കുറിച്ചുമാണ് ഇതിലെ പ്രതിപാദ്യം.

ഇനി ഈ പഠനത്തിനായി സ്വീകരിച്ചിട്ടുള്ള വിവിധ ഘടകങ്ങൾ ഏതൊക്കെയെന്ന് നോക്കാം. നെറ്റ് ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്റ്റ് (എൻ എസ് ഡി പി), പ്രൈമറി, സെക്കണ്ടറി, ത്രിതീയ തലങ്ങളിലെ , ഉന്നത വിദ്യാഭ്യാസം , സാങ്കേതിക വിദ്യാഭ്യാസം എന്നിവ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗ്രോസ് എൻറോൾമെൻറ് അനുപാതം, സാക്ഷരതാ നിരക്ക്, വിദ്യാഭ്യാസ മേഖലയിലെ സർക്കാർ ചെലവുകൾ, ഐ സി ടി അനുബന്ധമായ ഘടകങ്ങൾ, പേറ്റന്റുകളുടെ എണ്ണം തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാന മാക്കിയുള്ള റിസർച്ച് ഔട്ട്പുട്ട്, ബാങ്ക് നിക്ഷേപം, ബാങ്ക് ശാഖകളുടെ വർധന എന്നിവ കണക്കാക്കിയുള്ള സാമ്പത്തിക സംവിധാനത്തിന്റെ ജീവനക്ഷമത എന്നിവയാണ് അവ. പല അടിസ്ഥാന വർഷങ്ങളെ ആധാരമാക്കിയാണ് ഇവ കണക്കാക്കിയിട്ടുള്ളത് എന്നതിനാൽ അവയെ 1995=100 എന്ന ഒറ്റ അടിസ്ഥാന വർഷത്തിലാക്കിയിട്ടുണ്ട്.

വിവിധ ദ്വിതീയ സ്രോതസ്സുകളിൽ നിന്നാണ് വിവരങ്ങൾ എടുത്തിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 'കേരള ഇക്കണോമിക് റിവ്യൂ' എന്ന പ്രസിദ്ധീകരണത്തിൽ നിന്നാണ് എൻ എസ് ഡി പി, ഗ്രോസ് എൻറോൾമെൻറ് അനുപാതം, വിദ്യാഭ്യാസ മേഖലയിലെ സർക്കാർ ചെലവ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ എടുത്തിട്ടുള്ളത്. സെൻസസ് ഓഫ് ഇന്ത്യയിൽ നിന്നും കേരള സംസ്ഥാന സാക്ഷരതാ മിഷൻ എന്നിവയിൽ നിന്നുമാണ് സാക്ഷരത സംബന്ധിച്ച വിവരങ്ങൾ എടുത്തിരിക്കുന്നത്. ഐ സി ടി മേഖലയിലെ സർക്കാർ ചെലവുകൾ ആധാരമാക്കിയാണ് അതിന്റെ സ്വാധീനം കണക്കാക്കിയിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പദ്ധതി രേഖകളെയാണ് ഇതിന് ആധാരമാക്കിയിട്ടുള്ളത്. റിസർവ് ബാങ്കിന്റെ വിവിധ റിപ്പോർട്ടുകൾ, സംസ്ഥാനതല ബാങ്കേഴ്സ് കമ്മറ്റിയുടെ നിക്ഷേപം, ബാങ്ക് ശാഖകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളാണ് സാമ്പത്തിക ജീവനക്ഷമത കണക്കാക്കുന്നതിന് അടിസ്ഥാന മാക്കിയിരിക്കുന്നത്.

**അനുബന്ധമായ ലേഖനങ്ങൾ**

റോമർ, ലൂക്കാസ് എന്നിവരുടെ വളർച്ച സംബന്ധമായ സിദ്ധാന്തങ്ങൾ, വിജ്ഞാനം, മാനവശേഷി മൂലധനം തുടങ്ങിയ കാര്യങ്ങൾക്ക് വളർച്ചയിലുള്ള സ്വാധീനത്തിലേക്ക് വെളിച്ചം വീശുന്നവയാണ് (റോമർ – 1986, ലൂക്കാസ് – 1988). വിജ്ഞാനം, മാനേജ്മെന്റ് എന്നിവയെ കുറിച്ചുള്ള തന്റെ ഗവേഷണത്തിൽ വിന്റർ (1987) ഇക്കാര്യത്തിലുള്ള ചില പരിമിതികളെ കുറിച്ച് സൂചിപ്പിക്കുന്നുണ്ട് ഇതിനാവശ്യമായ പദാവലികൾ, വിജ്ഞാനം എത്രമാത്രം സ്വാധീനിക്കുന്നു എന്നതിനെ കുറിച്ചുള്ള ആശയങ്ങളുടെ സ്വാംശീകരണം തുടങ്ങിയ കാര്യങ്ങളിലാണ് ഇത്തരം പരിമിതി നിലനിൽക്കുന്നത്. ഈ പ്രബന്ധവും അതേ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. സാമ്പത്തിക ചലനങ്ങളുടെ പ്രഭവ കേന്ദ്രം എന്നത് സാങ്കേതിക വൈദഗ്ദ്യത്തിന്റെ ഉത്പാദനം, വിതരണം, പ്രയോഗം എന്നതിന്റെ അടിസ്ഥാന മാക്കിയാണെന്നാണ് ഒ ഇ സി ഡി (1999) നിരീക്ഷണം. വിജ്ഞാനം, മൂലധനം, തൊഴിൽ എന്നിവയെ ഉല്പാദന രംഗത്ത് നിഷ്പ്രഭ മാക്കുന്നു എന്നാണ് ഡ്രക്കർ പ്രതിപാദിക്കുന്നത്.

ഫലപ്രദമായ ആർ ആൻഡ് ഡി , ഇന്നവേഷൻ തന്ത്രങ്ങൾക്ക് രൂപം നൽകുക എന്നത് സർക്കാരിന്റെ ചുമതലയാണ്. ഐ സി ടി മേഖലക്ക് ലഭ്യമാക്കേണ്ട ഫണ്ടിനെ പറ്റി ഭട്ടാചാര്യ, കുനാൽ (2007) എന്നിവർ ചൂണ്ടിക്കാട്ടുന്നുണ്ട്. മികച്ച മാനവശേഷി മൂലധനം സൃഷ്ടിക്കുന്നതിന് ഇത് ആവശ്യ മാണെന്ന് അവർ വാദിക്കുന്നു. ഓൺലൈൻ വിദ്യാഭ്യാസം, ഇ – ലേണിങ് എന്നിവയെ കുറിച്ചുള്ള പഠനങ്ങൾ ഇത്തരം കാര്യങ്ങൾ ഇന്ത്യയെ പോലുള്ള വികസ്വര രാജ്യങ്ങളിൽ കൂടുതൽ ആവശ്യമാണെന്ന് വ്യക്ത മാക്കുന്നുണ്ട്. പരമ്പരാഗത ശൈലിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഐ സി ടി രംഗത്ത് കൂടുതൽ മുതൽമുടക്കേണ്ടത് ആവശ്യമാണ് . ഇൻഫർമേഷൻ സൂപ്പർ ഹൈവേ പോലുള്ള സാദ്ധ്യതകൾ ചൂഷണം ചെയ്യുന്നതിന് ഇത് ആവശ്യമാണ്.

പ്രവർത്തനത്തിലൂടെ പഠിക്കുക എന്ന ആശയത്തെ മുൻനിർത്തി 1962 ൽ ആരോ എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ ചില സംഭാവനകൾ നൽകുകയുണ്ടായി. അനുഭവത്തിന്റെ അടിസ്ഥാന ത്തിലുള്ള പഠന രീതികൾക്കാണ് അദ്ദേഹം മുൻതൂക്കം നൽകിയത്. ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള പഠനം എന്ന ആശയത്തിനാണ് റോസൻബർഗ് (1982) മുന്നോട്ട് വച്ചത്. കൂടുതൽ പരിചയ സമ്പത്ത് ആർജിക്കുന്നത് വഴി ഉല്പാദനത്തിലെ കാര്യക്ഷമത വർധിക്കുന്നു എന്ന വാദമാണ് അദ്ദേഹം അവതരിപ്പിച്ചത്. എയർലൈൻ കമ്പനികളുടെ കാര്യമാണ് ഉദാഹരണമായി അദ്ദേഹം നിരത്തിയത് . എന്നാൽ എ പി ഇ സി (2003) പറയുന്നത്, ഒരു വികസ്വര സമൂഹത്തിൽ പുതിയ വിജ്ഞാനം ഉണ്ടാകുന്നതും

ആർജിക്കുന്നതും പ്രാദേശികമായ ബിസിനസ് സാദ്ധ്യതകൾ വർധിപ്പിക്കുന്നതിലും നിയമ സംവിധാനങ്ങളുടെ പരിഷ്കരണത്തിലും കൂടുതൽ ഗവേഷണ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും ഉന്നത വിദ്യാഭ്യാസം, ഐ സി ടി അടിസ്ഥാന സൗകര്യം എന്നിവയുടെ വികാസത്തിലുമാണ് നില കൊള്ളുന്നത് എന്നാണ്. മികച്ച ഇന്നവേഷൻ സംവിധാനം രൂപപ്പെടുന്നതും വൈഞ്ജാനിക സമ്പദ്ഘടനയെ സഹായിക്കുന്ന സാമ്പത്തികവും സ്ഥാപന പരവുമായ അടിസ്ഥാന സൗകര്യങ്ങളുടെ നിലനില്പും അനിവാര്യമാണെന്നാണ് ഹിഡിറ്റ് (2016) വാദിക്കുന്നത്. സങ്കേതമായ അടിസ്ഥാന സൗകര്യങ്ങളും നൈപുണ്യമുള്ള തൊഴിൽ സേനയും ഇതിന് കൂടുതൽ സഹായമാണെന്നും അദ്ദേഹം പറയുന്നു.

മനോജ്, സന്ദീപ് (2017) എന്നിവർ വിശദമാക്കുന്നത് സാമൂഹ്യമായ സമത്വം, സാങ്കേതിക തികവുള്ള, നൈപുണ്യം നേടിയ ധാരാള തൊഴിലാളികളാൽ സമ്പന്നമായ അനുകൂലമായ സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങൾ ഒരു സംസ്ഥാനത്തെ സാധ്യതകൾ കൂടുതലുള്ള ഒരു മേഖലയായി മാറ്റുന്നതിന് സഹായകമാകുമെന്നാണ്. ഡിജിറ്റൽ അസമത്വം ഇല്ലാതാകുന്ന അതിവേഗമുള്ള പുരോഗതിയിലേക്ക് ഇത് ആ സമൂഹത്തെ നയിക്കുന്നു. 2001 ൽ ഒ ഇ സി ഡിയും 2004 ൽ ലോകബാങ്കും ചൂണ്ടിക്കാട്ടിയത് ഐ സി ടി, വിദ്യാഭ്യാസം എന്നീ ഘടകങ്ങളുടെ പ്രാധാന്യമാണ്. അത് ലഭ്യമാകാത്തവർ പ്രായേണ അരികുവത്കരിക്കപ്പെടുന്നു എന്ന വസ്തുതയാണ് അതിൽ അടിവരയിട്ട് പറയുന്നത്. അത്തരമാളുകൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ ഇടം പൊതുവെ കുറയുന്നു എന്നും ചൂണ്ടിക്കാട്ടുന്നു.

അംബ്രമോവിറ്റസ്, ഡേവിഡ് (1996) എന്നിവർ പറയുന്നത്, ഉയർന്ന തോതിലുള്ള മൂലധനം, നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിലും അത് സ്വംശീകരിക്കുന്നതിലും പ്രകടമാക്കുന്ന കഴിവ് തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് വൈജ്ഞാനിക സമ്പദ്ഘടനയുടെ നിലനിൽപ്പ് എന്നാണ്. ഗവേഷണവും വികസനവും എന്നത് മുതൽ ഫാക്ടറികൾ വരെയും തുടർന്ന് ഉപഭോക്താക്കളിൽ എത്തുന്നത് വരെയുള്ള ഓരോ ഘട്ടത്തിലും ഇത് തെളിയുന്നു എന്നതാണ് അതിന്റെ പ്രത്യേകത. ജി ഡി പിയിലെ വളർച്ചയുടെ അനുപാതം ഇത്തരത്തിലുള്ള അദൃശ്യമായ മൂലധനത്തിന്റെ ഫലമാണെന്നാണ് അദ്ദേഹം വാദിക്കുന്നത്. സ്കൂളുകളിലെ പ്രവേശനത്തിന്റെ തോതും പ്രതിശീർഷ ജി ഡി പിയുടെ വളർച്ചയും തമ്മിലുള്ള ബന്ധമാണ് ബാരോ (1991) വിലയിരുത്തുന്നത്. 1960 മുതൽ 1985 വരെയുള്ള ഘട്ടത്തിലെ 98 രാജ്യങ്ങളിലെ വിവരങ്ങളാണ് ഇതിനായി അദ്ദേഹം ശേഖരിച്ചത്. 1960 ലെ സ്കൂൾ പ്രവേശനത്തിന്റെ വിവരങ്ങളാണ് ഇതിന് അടിസ്ഥാനമാക്കി എടുത്തിട്ടുള്ളത്.

ആധുനിക ലോകത്തെ സമ്പദ്ഘടന വിവരങ്ങളെ അമിതമായി ആശ്രയിക്കുന്ന തരത്തിലുള്ളതാണ്. സാമ്പത്തിക പുരോഗതിക്ക് വൈജ്ഞാനിക മേഖലയുടെ മുന്നേറ്റം ആവശ്യവുമാണ്. ആഗോളവത്കരണത്തിന്റെ ഈ പുതിയ യുഗത്തിൽ ഇത്തരത്തിലുള്ള മത്സരം വികസനത്തിന്റെ ആണിക്കല്ലായി മാറുകയും ചെയ്തിട്ടുണ്ട്. വൈജ്ഞാനിക സമ്പദ്ഘടനകളെ സംബന്ധിച്ചിടത്തോളം മത്സരിധിഷ്ഠിതമായ ഒരു സാഹചര്യം അനിവാര്യമെന്ന് കാണുവാൻ കഴിയും (ബർഖോർഡറി–2019).

**വൈജ്ഞാനിക സമ്പദ്ഘടനയുടെ രൂപീകരണവും കേരളവും**

ഐ സി ടി, വിദ്യാഭ്യാസം, മാനവവിഭവശേഷി, നൂതന ആശയ സംവിധാനം, സാമ്പത്തികവും ഘടനപരവുമായ പ്രോത്സാഹനങ്ങൾ തുടങ്ങിയ നാല് ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമ്പദ്ഘടനയുടെ പ്രകടനത്തിന്റെ സ്കോറിനെ അടിസ്ഥാനമാക്കിയാണ്

വൈജ്ഞാനിക സമ്പദ് സൂചിക (കെ ഇ ഐ) രൂപീകരിക്കുന്നത്. വൈജ്ഞാനിക സമ്പദ്ഘടനയുടെ നാല് നെടുംതൂണുകൾ എന്ന

നിലയിലാണ് ലോകബാങ്ക് ഇതിനെ വിശേഷിപ്പിക്കുന്നത്. ശരിക്ക് പറഞ്ഞാൽ, ഒരു വൈജ്ഞാനിക സമ്പദ്ഘടനയുടെ മൂലക്കല്ല് ഇതാണ്. സുസ്ഥിരമായ സാമ്പത്തിക വികസനത്തിലേക്ക് ഇതേ നയിക്കുന്നു. വൈജ്ഞാനിക സമ്പദ്ഘടനയുടെ അടിസ്ഥാനമായി അത് മാറുകയും ചെയ്യുന്നു. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ കേരളം വൈജ്ഞാനിക സമ്പദ്ഘടന എന്ന നിലയിലേക്ക് പരുവപ്പെട്ടതായി വിലയിരുത്താൻ കഴിയുന്ന താണ്. എന്താണ് വിജ്ഞാനത്തിന്റെ അടിസ്ഥാനം എന്നത് ഒരു നിർണ്ണായകമായ ചോദ്യമാണ്. വിദ്യാഭ്യാസം അതിലെ ഏറ്റവും പ്രധാനമായ ഒരു കാര്യമാണ്.

ഏത് തട്ടിലായാലും വിദ്യാഭ്യാസം എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് വിലയിരുത്താൻ കഴിയും. അതുപോലെ വിജ്ഞാനത്തിന്റെ വികാസത്തിൽ സർക്കാർ വഹിക്കുന്ന പങ്കും പ്രധാനപ്പെട്ട ഒന്നാണ്. അതിനെ നേരിട്ട് നിയന്ത്രിക്കുന്ന തരത്തിലോ വിജ്ഞാനത്തിന്റെ നിർമാണത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതോ ആകണം സർക്കാർ നയങ്ങൾ. സർവ്വകലാശാലകൾ, സ്കൂളുകൾ, ഐ സി ടി തുടങ്ങിയ മേഖലകൾ പൊതുഫണ്ടുകൾ വിനിയോഗിച്ച് പ്രവർത്തിക്കുന്ന തരത്തിലുള്ളതാകണം. ഇത്തരത്തിലുള്ള വിജ്ഞാനത്തിന്റെ സൃഷ്ടിയാണ് നൂതന ആശയങ്ങളുടെ പ്രയോഗികവത്കരണത്തിലേക്ക് നയിക്കുന്നതെന്ന് കാണാം. അതുകൊണ്ട് പേറ്റന്റുകൾ അടക്കമുള്ള വഴികളിലൂടെ അത് സുരക്ഷിതമാക്കേണ്ടത് ആവശ്യമാണ്.

## കേരളവും വൈജ്ഞാനിക സമ്പദ്ഘടനയും: ചില സുപ്രധാന ഘടകങ്ങളുടെ പ്രവർത്തനം

വൈജ്ഞാനിക സമ്പദ്ഘടനയുടെ ചില അടിസ്ഥാന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്കും ഇതര സംസ്ഥാനങ്ങളുമായുള്ള താരതമ്യവും പട്ടിക ഒന്നിൽ നൽകിയിട്ടുണ്ട്. മാനവശേഷി മൂലധനത്തിന്റെ കാര്യത്തിൽ 59.72 എന്ന സ്കോറോടെ കേരളം ദേശീയ തലത്തിൽ രണ്ടാം സ്ഥാനത്ത് നിലയുറപ്പിച്ചിരിക്കുന്നതായി കാണാം. 62.80 എന്ന സ്കോറുമായി തമിഴ്നാടാണ് ഒന്നാം സ്ഥാനത്ത് വരുന്നത്. ബിസിനസ് ചെയ്യുന്നതിനുള്ള മികച്ച സാഹചര്യത്തിന്റെ കാര്യത്തിൽ 37.12 എന്ന സ്കോറുമായി കേരളമാണ് ഒന്നാം സ്ഥാനത്ത്. ഏണാബ്ലെഴ്സ്, പെർഫോമേഴ്സ് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളം മികച്ച നിലയിലാണെന്നും വ്യക്തമാണ് (പട്ടിക 1).

യുവാക്കളുടെ തൊഴിൽ പര്യാപ്തത പരിഗണിക്കുമ്പോൾ കേരളം മൂന്നാമതാണെന്ന് കാണാം (ഇന്ത്യ സ്കിൽസ് റിപ്പോർട്ട്–2022). 'ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ' കാര്യത്തിൽ കേരളം ഇപ്പോൾ ഒന്നാം സ്ഥാനത്താണ്. 2022–23 സാമ്പത്തിക വർഷത്തെ സംരംഭകത്വ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഒരു ലക്ഷം സംരംഭങ്ങൾ ഒരു വർഷം കൊണ്ട് തുറക്കുക എന്നതായിരുന്നു സർക്കാരിന്റെ ലക്ഷ്യം. എന്നാൽ ഒരു വർഷം കൊണ്ട് 1.39 ലക്ഷം സംരംഭങ്ങൾക്ക് തുടക്കം കുറിക്കുവാൻ കേരളത്തിന് കഴിഞ്ഞു. ദേശീയതലത്തിൽ ആരോഗ്യ രംഗത്തെ റാങ്കിങ്ങിൽ കേരളം 82.2 എന്ന സ്കോറുമായി ഒന്നാം സ്ഥാനത്താണ് (നീതി ആയോഗ് – 2020).

## സാമ്പത്തികവും ഔദ്യോഗികവുമായ നില

സ്കോറുമായി കേരളമാണ് ഒന്നാം സ്ഥാനത്ത്. ഏണാബ്ലെഴ്സ്, പെർഫോമേഴ്സ് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേരളം മികച്ച നിലയിലാണെന്നും വ്യക്തമാണ് (പട്ടിക 1).

യുവാക്കളുടെ തൊഴിൽ പര്യാപ്തത പരിഗണിക്കുമ്പോൾ കേരളം മൂന്നാമതാണെന്ന് കാണാം (ഇന്ത്യ സ്കിൽസ് റിപ്പോർട്ട്–2022). 'ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ' കാര്യത്തിൽ കേരളം ഇപ്പോൾ ഒന്നാം സ്ഥാനത്താണ്. 2022–23 സാമ്പത്തിക വർഷത്തെ സംരംഭകത്വ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഒരു ലക്ഷം

**Table 1:** Score and ranks of "enablers" and "performers"

| | Parameters | Score | Rank |
|---|---|---|---|
| Enablers | Human Capital | 59.72 | 2 |
| | Investment | 9.18 | 7 |
| | Knowledge Workers | 15.34 | 8 |
| | Business Environment | 37.12 | 1 |
| | Safety and Legal Environment | 63.46 | 5 |
| Performers | Knowledge Output | 17.86 | 7 |
| | Knowledge Diffusion | 30.54 | 7 |

*Source: India Innovation Report, 2021*

കമ്മിയിലും താരതമ്യേന സുസ്ഥിരത ഉണ്ടാവുകയും പണപ്പെരുപ്പം വലിയ തോതിലുള്ള മാറ്റങ്ങൾക്ക് വിധേയമാകാത്ത തരത്തിലുള്ളതുമായിരിക്കണം എന്നാണ്. സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിന്റെ കീഴിൽ വിലകളിലും മറ്റും ഉണ്ടാകുന്ന മാറ്റത്തെ ട്രാക്ക് ചെയ്യുന്നതിന് കേരള ഗവണ്മെന്റ് സെന്റർ ഫോർ പ്രൈസ് റിസർച്ച് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. വിലകളുടെ കാര്യത്തിൽ നിരീക്ഷണവും നിയന്ത്രണവും ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഇത്. അതിന് പുറമെ, സംസ്ഥാന സർക്കാർ വിലക്കയറ്റം തടയുന്നതിന് വിപണി ഇടപെടൽ കാര്യക്ഷമമായി നടപ്പാക്കി വരികയും ചെയ്യുന്നുണ്ട്. അളവു തൂക്ക വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും സംയുക്തമായി വിപണിയിൽ ആവശ്യമായ പരിശോധനകൾ നടത്തുന്നു. വിലനിലവാരം പ്രദർശിപ്പിക്കാത്ത കടയുടമകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ ഭരണതല ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നുണ്ട്.

വൈജ്ഞാനിക സമ്പദ്വ്യവസ്ഥയിൽ നിന്നും പ്രതീക്ഷിക്കുന്ന ഫലം ഉളവാകണമെങ്കിൽ നിക്ഷേപ അവസരങ്ങൾ കൂടുതൽ ഉണ്ടാകുന്ന വിധത്തിൽ സാമ്പത്തിക സംവിധാനം ഉണ്ടാകേണ്ടതുണ്ട്. കേരളത്തിൽ വാണിജ്യ ബാങ്കുകളുടെ 6724 ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലെ മൊത്തം ബാങ്ക് ശാഖകളുടെ 4.34 ശതമാനം വരുമിത്. കേരളത്തിലെ ബാങ്ക് നിക്ഷേപത്തിലെ വളർച്ച പരിഗണിക്കുമ്പോൾ ബാങ്ക് ശാഖകളുടെ ശ്രിംഖല കരുത്തുറ്റ ഒന്നാണെന്ന് വിലയിരുത്താൻ കഴിയും. വളർച്ചയുടെ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 2).

സാമ്പത്തികമായ ഉൾപ്പെടുത്തലിന്റെ കാര്യങ്ങൾ ബാങ്ക് ശാഖകളുടെ വിപുലീ കരണവുമായും ബാങ്ക് ഡെപ്പോസിറ്റുമായി ബന്ധപ്പെടുന്നതാണ്. ഒ എൽ എസ് റിഗ്രഷൻ ഫലം ഉപയോഗിച്ച് തയാറാക്കിയിരിക്കുന്ന ഇത് ഒന്നാം സമവാക്യത്തിൽ പ്രതിനിധീകരിക്കുന്നുണ്ട്. അതിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് നിക്ഷേപത്തിലെ വളർച്ച 14.4 ശതമാനം എന്ന തോതിലും ബ്രാഞ്ചിന്റെ കാര്യത്തിൽ 2.8 ശതമാനവുമാണെന്നാണ്. 1980 മുതൽ 2021 വരെയുള്ള ഘട്ടത്തിലാണ് ഇത്. അതായത് ബാങ്കിങ്, വായ്പ, നിക്ഷേപം, ഇൻഷുറൻസ് തുടങ്ങിയ കാര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട് എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

സാമ്പത്തികമായ വളർച്ചയുടെയും കരുത്തിന്റെയും അടിസ്ഥാന ശിലകളാണ് ഇത്.

**വിദ്യാഭാസവും നൈപുണ്യവുമുള്ള തൊഴിൽ സേന**

വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഒരു വൈജ്ഞാനിക സമ്പദ്വ്യവസ്ഥ യാഥാർഥ്യ മാക്കാൻ കഴിയൂ. വിജ്ഞാനത്തിന്റെ ഉല്പാദന രംഗത്തെ ഒരു പാലം എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസം നിർണ്ണായകമായ റോൾ വഹിക്കുന്നു. ഒരാൾക്ക് അയാൾ ആർജ്ജിച്ചിട്ടുള്ള അറിവുകൾ പ്രയോജനപ്രദമാക്കുന്നതിന് അടിസ്ഥാന വിദ്യാഭ്യാസം ഒരു പ്രധാനപ്പെട്ട ഘടകമാണ്. സാങ്കേതിക വിദ്യ, ശാസ്ത്രം, എൻജിനീയറിങ് എന്നിവയിലുള്ള വിദ്യാഭ്യാസം സാങ്കേതികമായ നൂതനമായ കണ്ടെത്തലു കൾക്ക് ഏറ്റവും അനിവാര്യമാണ്.

സാമ്പത്തിക വളർച്ചയുടെ രംഗത്ത് വിദ്യാഭ്യാസം ഉളവാക്കുന്ന സദ്ഫലങ്ങളെ കുറിച്ച് കോഹൻ, സോട്ടോ (2001) എന്നിവരും ബാറോയും (1991) വിശദമാക്കിയിട്ടുണ്ട്. ശരാശരി സ്കൂൾ വർഷങ്ങൾ അഥവാ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങളെ കുറിച്ചുള്ള 'ക്രോസ്സ് കൺട്രി ടൈം സീരീസ്' എന്ന അടിസ്ഥാന വിവരങ്ങളെ ആസ്പദമാക്കിയായിരുന്നു ഇവരുടെ പഠനം. ഹനുഷേക്, കിംക്കോ (2000) എന്നിവർ സാമ്പത്തിക വളർച്ച വിദ്യാഭ്യാസ നിലവാരത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്നതിനെ കുറിച്ചാണ് പഠനം നടത്തിയത്. അവർ കണ്ടെത്തിയ കാര്യം വിദ്യാഭ്യാസത്തിന്റെ നിലവാരം സാമ്പത്തിക വളർച്ചയെ പോസിറ്റീ വായി സ്വാധീനിക്കുന്നു എന്നാണ്. മാനവശേഷി മൂലധനം സൃഷ്ടിക്കുന്നു എന്നതാണ് വിദ്യാഭാസ ത്തിന്റെ ഏറ്റവും വലിയ പ്രാധാന്യം. മാനവ മൂലധനത്തിന്റെ നിലവാരത്തിൽ ഉയർച്ചയുണ്ടാ കുന്നതോടെ ഒരു സമ്പദ്വ്യവസ്ഥയുടെ നൂതന ആവിഷ്കാരത്തിനുള്ള ശേഷിയിലും വളർച്ച പ്രകടമാകുന്നു. അത് പുതിയ സാങ്കേതിക വിദ്യക്ക് വഴി തുറക്കുന്നു. തുടർന്ന് സാമ്പത്തിക വളർച്ചയിൽ മെച്ചപ്പെട്ട സാദ്ധ്യതകൾ ഉളവാക്കുന്നു (ബെൻഹബീബ്, സ്പീഗൽ – 1994). ഇന്ത്യയിൽ ആദ്യമായി സംപൂർണ്ണ സാക്ഷരത കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. പ്രാഥമിക, സെക്കണ്ടറിതല വിദ്യാഭ്യാസ മേഖലയിലെ മികച്ച നേട്ടവും ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ത്വര തുടങ്ങിയ കാര്യങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ വേറിട്ടതാക്കുന്നു.

മാനവശേഷി മൂലധന സൂചികയെ ആധാരമാക്കി യാണ് ഒരു വൈജ്ഞാനിക സമ്പദ്വ്യവസ്ഥയെ നാം

$$In(x) = \beta_0 + \beta_1 t + Ut.......... (1)$$

**Table 2:** OLS regression results

| Dependent Variable | Coefficient Constant | Coefficient Time | R2 |
|---|---|---|---|
| Elog(Bank Deposit) | 7.407***<br>(180.7) | 0.144***<br>(84.95) | 0.994 |
| log(Bank Branches) | 7.588***<br>(193.7) | 0.0283***<br>(17.42) | 0.88 |

*Source: Author's*
*(figures in the parentheses are t ratio's and *** implies significance at 1% level)*

വിശകലനം ചെയ്യുന്നത്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലുമുള്ള നിക്ഷേപത്തിന്റെ പ്രതിഫലനം കൂടിയാണ് അത്. സാക്ഷരത എന്നാൽ മാനവശേഷി മൂലധനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അളവുകോലാണ്. കേരളത്തിന്റെ കാര്യത്തിൽ താഴെ കാണുന്ന ഘടകങ്ങൾ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. 94 ശതമാനമാണ് കേരളത്തിന്റെ സാക്ഷരതാ നിരക്ക്. സ്ത്രീകളുടെ കാര്യത്തിൽ അത് 92.07 ശതമാനവുമാണ്. 1951 ൽ സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അന്തരം 22 ശതമാനം ആയിരുന്നെങ്കിൽ 2011 ൽ 4.04 ശതമാനമാണ് (സെൻസസ് 2011). ഇക്കാര്യത്തിൽ 1961 മുതൽക്കുള്ള സ്ഥിതി ഒന്നാം രേഖാചിത്രത്തിൽ കാണാം (രേഖാചിത്രം 1).

തുടർ വിദ്യാഭ്യാസം, സാക്ഷരതാ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ കേരളം സ്ഥാപിച്ചിട്ടുള്ള ഒരു പ്രധാന സ്ഥാപനമാണ് കേരള സാക്ഷരത മിഷൻ അതോറിറ്റി.

അക്ഷരാഭ്യാസമില്ലാത്തവർ, സ്കൂളുകളിൽ നിന്ന് പഠനം നിർത്തുന്നവർ, തുടർ വിദ്യാഭ്യാസം ആഗ്രഹിക്കുന്നവർ തുടങ്ങിയവർക്ക് ഗുണം കിട്ടുന്ന തരത്തിലാണ് ഇത് പ്രാവർത്തി കമാക്കുന്നത്.

### നൂതന ആശയ സാക്ഷാത്കാരവും ഐ സി ടി അടിസ്ഥാന സൗകര്യവും

ഒരു വൈജ്ഞാനിക സമ്പദ്ഘടനയുടെ പ്രകടനം എന്നത് അതിലെ വൈജ്ഞാനിക പ്രവർത്തകരുടെ പ്രവർത്തനത്തെയും വിജ്ഞാനത്തിന്റെ വ്യാപനത്തെയും ആശ്രയിച്ചാണ് നില കൊള്ളുന്നത്. സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ ഘടകങ്ങളാണ് ഇതിന് ആധാരമാവുക. പേറ്റന്റ് അപേക്ഷകൾ, സ്റ്റാർട്ട് അപ്പുകൾ, പുതിയ ബിസിനസ് രെജിസ്ട്രേഷൻ, പൊതുസേവന കേന്ദ്രങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിൽ നിർണ്ണായകമാണ്. 2010 നു ശേഷം പരിഗണിച്ച പേറ്റന്റ് അപേക്ഷകളുടെ എണ്ണം രേഖാചിത്രം രണ്ടിൽ കൊടുത്തിട്ടുണ്ട് (രേഖാചിത്രം 2).

'ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ' കാര്യത്തിൽ ഇപ്പോൾ കേരളം ഒന്നാം സ്ഥാനത്താണ്. എം എസ് എം ഇ യൂണിറ്റുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ പന്ത്രണ്ടാം സ്ഥാനത്തുമാണ്. ഇന്ത്യയിലെ മൊത്തം എം എസ് എം ഇ യൂണിറ്റുകളിൽ 5 .62 ശതമാനം കേരളത്തിലാണ്. 2022–23 സാമ്പത്തിക വർഷത്തെ കേരള സർക്കാർ സംരംഭകത്വ വർഷമായി പ്രഖ്യാപിക്കു കയുണ്ടായി. 'എന്റെ സംരംഭം, നാടിന്റെ അഭിമാനം' എന്ന ആപ്തവാക്യവുമായാണ് ഇത് നടപ്പിൽ വരുത്തിയത്. ഇതിന്റെ ഭാഗമായി ഒരു ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി. കേരളത്തിന്റെ സാമ്പത്തിക വികാസവും എം എം എസ് എം ഇ വളർച്ചയും തമ്മിൽ വളരെ പോസിറ്റീവായ ഒരു ബന്ധം നമുക്ക് കാണാൻ കഴിയും (കേരള സർക്കാർ–2023).

ഐ സി ടി രംഗത്തെ വികസനവും അതിന്റെ പ്രയോഗവും സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നു എന്നതിന് വ്യക്തമായ തെളിവുകൾ ഉണ്ട്. (പൈലറ്റ്, ലീ –2001, ജോർജെൻസൺ, സ്റ്റീറോ–2000, ഒലീനർ, സിഷെൽ–2000). ലോകബാങ്ക് പറയുന്നത്, ഐ സി ടി വൈജ്ഞാനിക സമ്പദ്ഘടനയുടെ നട്ടെല്ലാണ് എന്നാണ്. കംപ്യൂട്ടർ, ടെലിഫോൺ, റേഡിയോ തുടങ്ങിയവയുടെ ഉപയോഗം തുടങ്ങിയ നിരവധി കാര്യങ്ങൾ ഇക്കാര്യത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്.

കേരളം രാജ്യത്തിൻറെ ഐ ടി ഹബ് എന്ന രീതിയിൽ വളരുകയാണ്. നൈപുണ്യമുള്ള ലേബർ, സർക്കാരിന്റെ മുൻകൈയിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിന് സഹായകമാണ്. മൊബൈൽ, ടെലിഫോൺ എന്നിവയുടെ സാന്ദ്രത കേരളത്തിൽ വളരെ ഉയർന്ന തോതിലാണ്. ബ്രോഡ്ബാൻഡ്, മൊബൈൽ ഇന്റർനെറ്റ് എന്നിവയുടെ സേവനവും സംസ്ഥാനത്ത് ഉയർന്ന തോതിലാണെന്ന് കാണാവുന്നതാണ്.


Figure (1): Literacy Rate of Kerala
100
90
80
70
60
50
40
30
20
10
0
1961
1971
1981
1991
2001
2011
Men
Women


Figure (2): Number of Patent Applications Processed
100
90
80
70
60
50
40
30
20
10
0
2010
2011
2012
2013
2014
2015
2016
2017
2018
2019
2020
2021

**എംപിരിക്കൽ എസ്റ്റിമേഷൻ : കോയിന്റെഗ്രേഷൻ ടെസ്റ്റ്**

**സ്റ്റേഷനറി ടെസ്റ്റ്**

കോയിനെഗ്രേഷന്റെ ക്രമം കണ്ടെത്തുന്നതിന് യൂണിറ്റ് റൂട്ട് ടെസ്റ്റിംഗ് അത്യാവശ്യമാണ്. ഇതിലെ എട്ട് ഘടകങ്ങളും സ്ഥിരത പുലർത്തുന്ന തല്ലെന്നാണ് അനുമാനം. എന്നാൽ അതിലെ ആദ്യ ഘടകം എൽ (1) സ്ഥിരതയാർന്ന പ്രകടനം കാഴ്ച വയ്ക്കുന്നതായി കാണാം. അതിനാൽ കോയിന്റെഗ്രേഷൻ പരിശോധ നയിലേക്ക് കടക്കുന്നത് അഭികാമ്യമാണ്. സ്റ്റേഷനറി ടെസ്റ്റിന്റെ ഫലം പട്ടിക മൂന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് കാണിക്കുന്നത് എല്ലാ ഘടകങ്ങളും സ്ഥിരതയാർന്ന പ്രകടനമാണ് കാഴ്ച വയ്ക്കുന്നത് എന്നാണ് (പട്ടിക 3)

ഇക്കാര്യത്തിലെ ലാഗിന്റെ കാര്യത്തിലുള്ള ദൈർഘ്യം മനസിലാക്കുന്നതിന് എ ഐ സി, ബി ഐ സി, എച്ച് ക്യൂ സി എന്നീ വേരിയബിളുകളാണ് കണക്കിലെടുക്കുന്നത്. ഇതിന്റെ റിസൾട്ടാണ് നാലാമത്തെ പട്ടികയിൽ കാണുന്നത്. ഇതിൽ എ ഐ സി = അകെയ്ക്ക് ക്രൈറ്റീരിയ, ബി ഐ സി = ഷ്വാർസ് ബേസിൻ ക്രൈറ്റീരിയ, എച്ച് ക്യൂ സി = ഹനാൻ – ക്വിൻ ക്രൈറ്റീരിയ. ഇതിൽ ബി ഐ സി യുമായി ബന്ധപ്പെട്ട ഒരു ലാഗും എ ഐ സി, എച്ച് ക്യൂ സി എന്നീ ഘടകങ്ങളുമായി ബന്ധപ്പെടുത്തി രണ്ടു ലാഗും കാണാവുന്നതാണ്. അതുകൊണ്ട് കോയിന്റെഗ്രേഷൻ പരീക്ഷണവുമായി മുന്നോട്ട് പോകുന്നതിന് രണ്ടു ലാഗ് പ്രയോജനപ്പെടുത്തു കയാണ് (പട്ടിക 4).

കേരളത്തിന്റെ വൈജ്ഞാനിക സമ്പദ്ഘടനയെ നിർണ്ണയിക്കുന്നതിന് ജോഹാൻസന്റെ രീതി ശാസ്ത്രം ഉപയോഗിച്ചുള്ള കോയിന്റെഗ്രേഷൻ ടെസ്റ്റ് ആണ് സ്വീകരിക്കുന്നത്. ഇതിൽ എയ്ൻ മൂല്യം പരമാവധിയായും കോയിന്റെഗ്രേഷൻ ടെസ്റ്റ് ചെയ്യുന്നതിന് സ്ഥിതിവിവര കണക്കുകളും ഉപയോഗിച്ചിട്ടുണ്ട് (പട്ടിക 5).

കോയിന്റെഗ്രേഷൻ ടെസ്റ്റിന്റെ ഫലങ്ങളാണ് പട്ടിക അഞ്ചിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രണ്ടു ടെസ്റ്റുകളും സീറോ കോഇന്റെഗ്രിറ്റിങ് വെക്റ്ററുകളുടെ നൾ സിദ്ധാന്തത്തെ നിരാകരിക്കുന്നതാണ്. അതായത് നാല് കോയിന്റെഗ്രേഷൻ സമവാക്യങ്ങൾ ഇത് മൂലം സൃഷ്ടിക്കപ്പെടുന്നു. ട്രേസ് ടെസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്, മാക്സ് – എയ്ഗൻ വാല്യൂ ടെസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് എന്നിവ ഇതിൽ പ്രധാനമാണ്. ഇത് വ്യക്ത മാക്കുന്നത് ഹ്രസ്വകാലാടിസ്ഥാനത്തിൽ സമതുലിതമായ അവസ്ഥയിൽ നിന്നും ചില മാറ്റങ്ങൾ പ്രകടമാണെങ്കിലും വേരിയബിളുകൾ സമന്വയിക്കുന്നു എന്നാണ്. അത് മറ്റു ഘടകങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തുകയും ദീർഘകാലാടിസ്ഥാനത്തിൽ സമതുലിതമായ ഒരു സ്ഥിതി സംജാത മാക്കുകയും ചെയ്യുന്നു.

ഈ കണ്ടെത്തലുകൾ അടി വരയിടുന്ന ഒരു കാര്യം വേരിയബിളുകൾ ഒന്നാം ഓർഡർ പ്രകാരം എൽ (1) ക്രമപ്പെടുത്തിയിരിക്കുന്നു എന്നതാണ്. അവയുടെ ദീർഘകാലാടി സ്ഥാനത്തിലുള്ള ബന്ധങ്ങൾ സമതുലിതാ വസ്ഥയിൽ നിന്നും വേറിട്ടു പോകുന്നതിൽ നിന്നും തടയുന്നു. അതായത് സാമ്പത്തിക ശക്തികൾ ക്രമാനുഗതമായി സമതുലിതാവസ്ഥ വീണ്ടെടുക്കുന്നു എന്ന് സാരം. ഇതിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് ഈ എട്ട് ഘടകങ്ങളും തമ്മിൽ ദീർഘകാലാടി സ്ഥാനത്തിൽ ഒരു സംതുലിതാവസ്ഥയുണ്ട് എന്നതാണ്. അത് ഒരേ ദിശയിൽ തന്നെ ചലിക്കുയും ശക്തമായ സാമ്പത്തിക വളർച്ച ഉറപ്പാക്കുകയും ചെയ്യുന്നു. കേരളത്തിന്റെ പുരോഗതിയിൽ പ്രത്യേകിച്ച് ഒരു വൈജ്ഞാനിക സമ്പദ്ഘടന എന്ന നിലയി ലേക്കുള്ള അതിന്റെ മാറ്റത്തിൽ ഈ ഘടകങ്ങൾ തമ്മിൽ സഹകരിക്കുന്ന രീതിയിലുള്ള ഒരു നീക്കം കാണുവാൻ കഴിയുന്നു.

**Table 3:** Unit root test: The KPSS and ADF test results

| Variable | Model | Level/Differenced Series | ADF Test statistic(tau) | KPSS | Inference |
|---|---|---|---|---|---|
| log (Net State Domestic Product) | Constant<br>Constant& Trend | First Difference | -4.369***<br>-4.351*** | 0.196 | I(1) |
| log(Bank Deposit) | Constant<br>Constant& Trend | First Difference | -3.831***<br>-3.739*** | 0.195 | I(1) |
| log(Students Enrolled) | Constant<br>Constant& Trend | First Difference | -7.983***<br>-7.841*** | 0.413 | I(1) |
| log(Government Expenditure on Education) | Constant<br>Constant& Trend | First Difference | -35.305***<br>-4.161*** | 0.359 | I(1) |
| log(Government Expenditure on ICT) | Constant<br>Constant& Trend | First Difference | -6.593***<br>-6.654*** | 0.171 | I(1) |
| log(Higher Education) | Constant<br>Constant& Trend | First Difference | -6.345***<br>-6.299*** | 0.207 | I(1) |
| log(Engineering Graduates & Post Graduates) | Constant<br>Constant& Trend | First Difference | -7.609***<br>-7.819*** | 0.260 | I(1) |
| log(Branch Expansion) | Constant<br>Constant& Trend | First Difference | -6.593***<br>-6.654*** | 0.394 | I(1) |

*Source: Author's *** shows significance at 1 per cent level*

**Table 4: Lag selection criteria and significance**

| Lags | Loglik | P(LR) | AIC | BIC | HQC |
|---|---|---|---|---|---|
| 1 | 428.77127 | .... | -18.295962 | -15.224772* | -17.194046 |
| 2 | 533.52839 | 0.00000 | -20.386071* | -14.584933 | -18.304673* |

*Source: Author's Estimation*

**Table 5: Johansen cointegration test results**

| Rank | Eigenvalue | Trace test | L.max test |
|---|---|---|---|
| 0 | 0.87926 | 281.90 [0.0000] | 82.450 [0.0000] |
| 1 | 0.80913 | 199.45 [0.0000] | 64.590 [0.0001] |
| 2 | 0.74754 | 134.86 [0.0000] | 53.684 [0.0003] |
| 3 | 0.59009 | 81.176 [0.0040] | 34.781 [0.0349] |
| 4 | 0.44187 | 46.395 [0.0667] | 22.743 [0.1895] |
| 5 | 0.30071 | 23.652 [0.2226] | 13.950 [0.3833] |
| 6 | 0.17872 | 9.7022 [0.3100] | 7.6785 [0.4211] |
| 7 | 0.050566 | 2.0237 [0.1549] | 2.0237 [0.1549] |

*Source: Author's Estimation. Figures in parentheses are p values*

**ഉപസംഹാരം**

സാമ്പത്തിക വളർച്ചക്കൊപ്പം തന്നെ വിജ്ഞാനത്തിന്റെ അടിത്തറ ബലപ്പെടുന്നു എന്ന് എൻഡോജീനസ് ഗ്രോത്ത് സിദ്ധാന്തം വ്യക്തമാക്കുന്നു. വിജ്ഞാനം മുന്നിൽ നിന്ന് നയിക്കുന്ന ഒരു വിതരണ ശ്രിംഖല സാമൂഹ്യവും സാംസ്‌കാരികവുമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നു. അത് സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ അനുഭവത്തിൽ 1980 മുതൽ 2021 വരെയുള്ള ഘട്ടത്തിലെ വിജ്ഞാനത്തിന്റെ ഉത്പാദനം, വിതരണം, പ്രയോഗം എന്നീ കാര്യങ്ങളെ സ്വാധീനിച്ച വ്യത്യസ്ത ഘടകങ്ങളെ വിശകലനം ചെയ്യുകയായിരുന്നു ഈ പഠനത്തിൽ. ഇതിൽ നിന്നും അനുമാനിക്കാൻ കഴിഞ്ഞ കാര്യം എൻ എസ് ഡി പി , വിദ്യാഭ്യാസ മേഖലയിലെ സർക്കാർ ചെലവുകൾ, പ്രാഥമികം, സെക്കണ്ടറി, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ഐ സി ടി അനുബന്ധമായ ഘടകങ്ങൾ, സമ്പദ്ഘടനയുടെ സാമ്പത്തികമായ സുസ്ഥിരത തുടങ്ങിയ ചില പ്രധാന ഘടകങ്ങൾ വൈജ്ഞാനിക സമ്പദ്യവസ്ഥയിലേക്കുള്ള പരിണാമത്തിൽ ഒന്നാം നിരയിൽ എൽ (1) വരുന്നു എന്നാണ്. ദീർഘകാലാടിസ്ഥാനത്തിൽ ഈ ഘടകങ്ങളെല്ലാം തമ്മിൽ നിർണ്ണായകമായ രീതിയിൽ പ്രതിവർത്തിക്കുന്നു. അതുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക ഘടനയുടെ വികാസത്തിൽ വൈജ്ഞാനിക സമ്പദ്ഘടന അതി നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു എന്ന് ചുരുക്കം. അതിനായി പ്രാഥമിക, ദ്വിതീയ, ത്രിതീയ തല വിദ്യാഭ്യാസത്തിൽ നിക്ഷേപം നടത്തുന്നതിന് മുൻതൂക്കം നൽകേണ്ടതുണ്ട്. ശാസ്ത്രം, സാങ്കേതിക വിദ്യ, നൂതന ആശയങ്ങൾ തുടങ്ങിയ കാര്യങ്ങൾക്ക് നൽകിയ മുൻതൂക്കം വികസന രംഗത്ത് പുതിയ പന്ഥാവ് വെട്ടി തുറക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇത്തരം ഘടകങ്ങൾ തമ്മിലുള്ള പരസ്പര ബന്ധിതമായ പ്രവർത്തനം ദീർഘകാലാടിസ്ഥാനത്തിൽ വൈജ്ഞാനിക സമ്പദ്യവസ്ഥ എന്ന നിലയിലേക്കുള്ള പരിവർത്തനത്തെ വലിയ സ്വാധീനം ചെലുത്തുന്നതായി കാണാം. അതുകൊണ്ട് ഇതിലെ ഏതെങ്കിലും ഒരു ഘടകത്തിന് നൽകുന്ന മുൻതൂക്കം മറ്റു ഘടകങ്ങളെയും കാര്യമായി സ്വാധീനിക്കുന്നു. ഇത് കേരളത്തെ വിജ്ഞാനം നയിക്കുന്ന ഒരു സമ്പദ്ഘടനയായി പരിവർത്തനം ചെയ്യുന്നതിൽ വ്യക്തമായ സഹായം നൽകുകയും ചെയ്യുന്നു.

■

(തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ അസോസിയേറ്റ് പ്രൊഫസറാണ് ഡോ. വീണ രഞ്ജിനി കെ കെ)

## End Notes

1 "Enablers" pillar variables are inputs - human capital, investment, knowledge workers, business environment, safety and legal environment, for the innovation environment. "Performance" pillar variables capture the outcome, that is, knowledge output and knowledge diffusion.

2 Classical contributions such as Nelson's 1959 article "The Simple Economics of Basic Economic Research" and Arrow's 1962 paper "Economic Welfare and the Allocation of Resources for Invention" showed that in these kinds of circumstances, government policy has a basis for either directly controlling or subsidize knowledge production.

3 Starting in January 2023, a weekly price analysis report that includes the wholesale and retail prices of thirteen essential commodities is being prepared and published.

4 The central government kicked off the Padna Likhna Abhiyan (PLA) project with the aim of eradicating illiteracy, which KSLMA has also carried out at the state level (GOK, 2023). The various tribal literacy programs are called Attappadi Tribal Literacy Program, Wayanad Tribal Literacy Program, Navachethana Special Literacy Program for Scheduled Castes, Changathi Special Literacy Program for Migrant Laborers, and Samanwaya Special Project for Transgender Continuing Education adds flavour to the commitment of the state government for a literate state. Moreover, there are equivalency programs at hand for dropouts. With initiatives like the "Kerala Knowledge Economy Mission" and "Vidya Kiranam," which are parts of the Nava Kerala Mission and a continuation of the "PothuVidyabhyasa Samrakshana Yajnam," the government commits to significantly contribute towards the requirements for both secondary and vocational education.

5 The credit of having incubators goes to Kerala Startup Mission. Thiruvananthapuram, Ernakulam and Malabar occupy start-up facility with 50 startups, 66 startups and 54 startups respectively as on 31.03.2022 (GoK,2023).

6 KSIDC & KINFRA are nodal agencies the Government of Kerala for spearheading investment promotion initiatives for nurturing and developing medium and large scale units in the state, creating sector-specific industrial infrastructure and ecosystem, and nurturing entrepreneurship and start-ups.

7 The District Industries Centres (DIC) and baking system by advancing credit act as a moderator for the growth and promotion of MSME and conventional industries. It constitutes handicrafts, khadi, food processing industries, coir, wood, bamboo, garment making etc

8 KFON project with high-speed fibre connectivity. Kerala Infrastructure and Technology for Education (KITE) materialised schools throughout the State with the newest ICT devices backed by ultra-fast broadband internet access, the essential digital resource portals, and trained teachers, fashioning an ICT-enabled ecosystem as a whole. Department of Science and Technology by providing research and development support, incentivise science and technology to reach out towards the entire sector of the economy thus positively contributing towards Kerala's knowledge economy.

## References

Abramovitz, M., & David, P. A. (1996). Technological change and the rise of intangible investments: The U.S. economy's growth path in the twentieth century. In *Employment and growth in the knowledge-based economy.*

APEC Secretariat. (2003). *The drivers of new economy in* APEC. APEC Secretariat.

Arrow, K. J. (1962). The economic implications of learning by doing. Review of Economic Studies, 29(3), 155-173.

Arrow, K. J. (1962). The economic implications of learning by doing. *Review of Economic Studies,* 29(80), 155-173.

Barkhordari, S., Fattahi, M., & Azimi, N. A. (2019). The impact of knowledge-based economy on growth performance: Evidence from MENA countries. *Journal of the Knowledge Economy,* 10(4), 1168-1182.

Barro, R. J. (1991). Economic growth in a cross-section of countries. *Quarterly Journal of Economics,* 106(2), 407-443.

Benhabib, J., & Spiegel, M. M. (1994). The role of human capital in economic development: Evidence from aggregate cross-country and regional US data. *Journal of Monetary Economics,* 34(2), 143-173.

Bhattacharya, I., & Sharma, K. (2007). India in the knowledge economy-An electronic paradigm. *International Journal of Educational Management,* 21(6), 543-568.

Bhattacharya, I., & Sharma, K. (2007). India in the knowledge economy-An electronic paradigm. *International Journal of Educational Management,* 21(6), 543-568.

Census (2011) Office of the Registrar General & Census Commissioner, Government of India.

Cohen, D., & Soto, M. (2001). Growth and human capital: Good data, good results. *OECD Economics Department Working Papers,* No. 262, OECD Publishing.

Drucker, P. (1998). From capitalism to knowledge society. In D. Neef (Ed.), *The knowledge economy* (pp.15-34). Butterworth-Heinemann.

Elamkulam, P. N. K. (1970). *Studies in Kerala history.* National Book Stall.

GoK (2023). Kerala Economic Review, Kerala State Planning Board, Government of Kerala.

Hanushek, E. A., & Kimko, D. D. (2000). Schooling, labor force quality, and the growth of nations. *American Economic Review,* 90(5), 1184-1208.

Hogan, T. (2011). An overview of the knowledge economy, with a focus on Arizona. *A Report from the Productivity and Prosperity Project (P3), An Initiative Supported by the Office of the University Economist/WP Carey School of Business.*

https://www.researchgate.net/profile/Sudeep-Subramanian/publication363480305

Hvidt, M. (2016). Challenges to implementing 'Knowledge based economies' in the Gulf region. *Videnscenter om det moderne Mellemøsten.*

India Innovation Index. (2020). NITI Aayog, Government of India, New Delhi.

India Skills Report. (2023), Confederation of Indian Industries.

Jorgenson, D. W., & Stiroh, K. J. (2000). Raising the speed limit: U.S. economic growth in the information age. *Brookings Papers on Economic Activity, 2000*(1), 125-211.

Lucas, R. E. (1988). On the mechanics of economic development. *Journal of Monetary Economics,* 22(1), 3-42.

Lundvall, B.-Å., & Johnson, B. (1994). The learning economy. *Journal of Industry Studies,* 1(2), 23-42.

Manoj, P. K., & Sudeep, S. (n.d.). Information and communication technology for economic development: The case of Kerala economy. *Research Gate.*

National Youth Policy (2021) *Ministry of Youth Affairs and Sports,* Government of India.

NITI Aayog. (2020). Healthy states, progressive India: Fourth edition of the State Health Index for 2019-20. NITI Aayog. https://www.niti.gov.in

OECD. (1996). *The knowledge-based economy* (No. OECD/GD(96)102). OECD Publishing.

OECD. (2000). *Knowledge management in the learning society*. OECD Publishing.

OECD. (2001). *The wellbeing of nations: The role of human and social capital.* Centre for Education Research and Innovation, OECD Publishing.

Oliner, S. D., & Sichel, D. E. (2000). The resurgence of growth in the late 1990s: Is information technology the story? *Journal of Economic Perspectives,* 14(4), 3-22.

Pilat, D., & Lee, H. (2001). The role of information technology in economic growth: A survey of the evidence. *OECD Economics Department Working Papers,* No. 280. OECD Publishing.

Powell, W. W., & Snellman, K. (2004). The knowledge economy. *Annual Review of Sociology,* 30, 199-220.

Romer, P. M. (1986). Increasing returns and long-run growth. *Journal of political economy*, 94(5), 1002-1037.

Romer, P. M. (1990). Endogenous technological change. *Journal of political Economy,* 98(5, Part 2), S71-S102.

Rosenberg, N. (1982). *Inside the black box: Technology and economics.* Cambridge University Press.

Winter, S. G. (1987). Knowledge and competence as strategic assets. In D. J. Teece (Ed.), *The competitive challenge: Strategies for industrial innovation and renewal* (pp. 159-184). Ballinger Publishing Company.

World Bank (1998), *'Knowledge for Development',* World Development Report,

World Bank, Washington, DC.

World Bank. (2003). *Information and communications technology: A world bank group strategy.* World Bank.

World Bank. (2018) http://web.worldbank.org/archive/website01503/WEB/0__CO-10.HTM

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

# വായ്പാ നയത്തിൽ കരുതലോടെ റിസർവ് ബാങ്ക്

അശ്വതി റേച്ചൽ വർഗീസ്

**സംഗ്രഹം**

*റിസർവ് ബാങ്കിന്റെ മോണിറ്ററി പോളിസി കമ്മറ്റിയുടെ (എം പി സി) കഴിഞ്ഞ യോഗം ഒന്നിനെതിരെ അഞ്ചു വോട്ടോടെ റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ മാറ്റമില്ലാതെ നിലനിർത്തി. 'വിത്ഡ്രോവൽ ഓഫ് അക്കോമഡേഷൻ' എന്ന മുൻനിലപാടിൽ നിന്നും 'ന്യൂട്രൽ' നിലപാടിലേക്കുള്ള മാറ്റമായിരുന്നു ഇത്. ഇന്ത്യയുടെ ആഭ്യന്തര വളർച്ച, പണപ്പെരുപ്പത്തിൽ പ്രകടമാകുന്ന മാറ്റം തുടങ്ങിയ കാര്യങ്ങളിൽ ആത്മവിശ്വാസം പ്രകടമാക്കിയ എം പി സി പക്ഷെ, പണപ്പെരുപ്പം റിസർവ് ബാങ്കിന്റെ നിർദിഷ്ട ലക്ഷ്യത്തിലേക്ക് കൊണ്ട് വരുന്നതിന് മുൻതൂക്കം നൽകണമെന്ന നിലപാടാണ് കൈക്കൊണ്ടത്. അന്താരാഷ്ട്രരംഗത്ത് പ്രകടമാകുന്ന രാഷ്ട്രീയമായ അരക്ഷിതാവസ്ഥ, കാലാവസ്ഥയിലെ മാറ്റങ്ങൾ, ആഗോളതലത്തിലെ വിലക്കയറ്റം തുടങ്ങിയ കാരണങ്ങളാണ് ഇതിന് കാരണമായി കമ്മറ്റി ചൂണ്ടിക്കാട്ടുന്നത്. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റത്തെ പ്രത്യേകിച്ച് പഴം, പച്ചക്കറി ഇനങ്ങളുടെ കാര്യത്തിലെ, വലിയ ആശങ്കയായി ആർ ബി ഐ വിലയിരുത്തുന്നു.*

**പ്രധാന വാക്കുകൾ :** *പണനയം, പണപ്പെരുപ്പം, വളർച്ച*

### 1 . ആമുഖം

പുനഃസംഘടിപ്പിക്കപ്പെട്ട എം പി സിയുടെ യോഗം 5–1 എന്ന വോട്ടിംഗ് നിലയിൽ റിപ്പോ നിരക്ക് 6.5 ശതമാനം എന്ന നിരക്കിൽ തുടരുന്നതിന് തീരുമാനിക്കുകയായിരുന്നു. പണനയ സമീപന ത്തിന്റെ കാര്യത്തിൽ 'വിത്ഡ്രോവൽ ഓഫ് അക്കോമഡേഷൻ' എന്ന നിലപാടിൽ നിന്നും 'ന്യൂട്രൽ' നിലപാടിലേക്ക് മാറുന്നതിന് കമ്മിറ്റി ഏകകണ്ഠമായാണ് തീരുമാനമെടുത്തത്. 2022 ഏപ്രിലിന് ശേഷം ആദ്യമായാണ് ഇത്തരമൊരു മാറ്റം ഉണ്ടാകുന്നത്. പണപ്പെരുപ്പവും വളർച്ചയും തമ്മിലുള്ള ഏകോപനം സമതുലിതമായാണ് നീങ്ങുന്നത് എന്ന നിലപാടാണ് സമിതി സ്വീകരിച്ചത്. വളർച്ചയെ ത്വരിതപ്പെടുത്തുന്ന തരത്തിൽ പണപ്പെരുപ്പത്തെ ലക്ഷ്യ മിട്ടിരിക്കുന്ന നിലയിലേക്ക് കൊണ്ട് വരണമെന്നും സമിതി നിലപാടെടുത്തു. ഉയരുന്ന പണപ്പെരുപ്പത്തിന്റെ അപകട സാധ്യതകളെ കൂടുതൽ കരുതലോടെ പരിശോധിക്കുന്നതിന് ഇത് എം പി സിക്ക് മുന്നിൽ വഴി തുറക്കുന്നതായി കാണാം. ഭാവിയിൽ പലിശ നിരക്ക് താഴ്ത്തുന്നതിനുള്ള ശ്രമങ്ങളുടെ സൂചനയും ഇത് നൽകുന്നു.

### 2. പണപ്പെരുപ്പം നേരിടാൻ കരുതലോടെ

നിലപാടിൽ മാറ്റം വരുത്തിയെങ്കിലും പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ കൂടുതൽ ജാഗ്രതയോടെയുള്ള നീക്കമാണ് റിസർവ് ബാങ്ക് കൈക്കൊള്ളുന്നത്. കഴിഞ്ഞ രണ്ടു വർഷമായി തുടരുന്ന കർക്കശമായ പണനയ സമീപനം വഴിയായി മുഖ്യ പണപ്പെരു

പ്പത്തെ ലക്ഷ്യമിടുന്ന പരിധിയിൽ കൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പണപ്പെരുപ്പത്തെ സഹനപരിധിയായ 4 ശതമാനത്തിൽ തുടർച്ചയായി നില നിർത്തുക എന്ന കാര്യം മർമ്മപ്രധാന മാണെന്ന് റിസർവ് ബാങ്ക് ഗവർണർ പ്രത്യേകം എടുത്തു പറയുന്നു.

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പണപ്പെരുപ്പ നിരക്ക് നാല് ശതമാനത്തിൽ താഴെയായി തുടർന്നിരുന്നു. അടിസ്ഥാന പലിശ നിരക്കിലും ഭക്ഷ്യ പണപ്പെരുപ്പത്തിന്റെ കാര്യത്തിലും സംഭവിച്ച കുറവാണ് ഇതിന് കാരണമായത്. ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ കോർ പണപ്പെരുപ്പം ശരാശരി 3.3 ശതമാനം എന്ന നിലയിലാണ് നീങ്ങിയത്. എന്നിരുന്നാലും ഭക്ഷ്യ വസ്തുക്കളുടെ അടക്കം വിലയിൽ വർധനക്കുള്ള സാദ്ധ്യതകൾ ശക്തമാണ്. പച്ചക്കറികൾ, പരിപ്പ് വർഗ്ഗങ്ങൾ, ധാന്യങ്ങൾ, ഭക്ഷ്യ എണ്ണകൾ എന്നിവയുടെ കാര്യത്തിൽ വില വർധന ശക്തമായ നിലയിലാണ്. പച്ചക്കറികളുടെ കാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ട്. കാരണം, ഉപഭോക്തൃ വില സൂചികയിൽ 6 ശതമാനം സ്വാധീനം അത് ചെലുത്തുന്നു. മാത്രവുമല്ല, ഇപ്പോഴും ചാഞ്ചാട്ട സ്വഭാവമുള്ള അവയുടെ വിലനിലവാരം കുടുംബങ്ങളുടെ ബജറ്റിനെ താളം തെറ്റിക്കുന്ന ഒന്നാണ്.

മൺസൂൺ, വിളവെടുപ്പിന് മുൻപുള്ള മഴ, ആഗോളതലത്തിൽ ഭക്ഷ്യഎണ്ണകളുടെ വിലക്കയറ്റം തുടങ്ങിയ ഘടകങ്ങൾ പണപ്പെരുപ്പ നിരക്ക് ഉയരുന്നതിനുള്ള സാദ്ധ്യതകൾ നൽകുന്നതാണ്. ഈ വർഷത്തെ മഴയുടെ കണക്ക് പരിശോധിക്കുമ്പോൾ അത് സാധാരണ മൺസൂണിനെക്കാൾ 8 ശതമാനം കൂടുത ലായിരുന്നു എന്ന് കാണാം. വിതരണ രംഗത്തെ പ്രശ്നങ്ങൾ തുടർക്കഥയാവുകയുമാണ്. ഖരീഫ് സീസണിലെ പയർ, പരിപ്പ് ഇനങ്ങളുടെയും എണ്ണക്കുരുക്കളുടെയും വിത്തിറക്കൽ പരിശോധിച്ചാൽ അത് ഏതാനും വർഷങ്ങളിലെ ശരാശരിയേക്കാൾ കുറവാണെന്ന് കാണാം. ഇത് ആശങ്കയുണർത്തുന്ന കാര്യമാണ്. മൺസൂൺ കാലം നീണ്ടു നിന്നതും വിളവെടുപ്പിന് മുൻപ് മഴ പെയ്തതും വിളകൾ നശിക്കാനിടയാക്കുമെന്ന ആശങ്കയും ശക്തമാക്കുന്നു.

ഭക്ഷ്യപണപ്പെരുപ്പം കൂടുന്നതിന് പുറമെ അന്താരാഷ്ട്ര വിപണികളിൽ ഉത്പന്ന വില ഉയരുന്നതും ബ്രെന്റ് ക്രൂഡിന്റെ ഉയർന്ന വിലയും പണപ്പെരുപ്പം പിന്നെയും ശക്തമാക്കുന്ന ഘടകങ്ങളാണ്. കൃത്യമായ നിരീക്ഷണം ഇത് അനിവാര്യമാക്കുന്നു. ഒരു മാസത്തെ സ്ഥിതി പരിശോധിച്ചാൽ വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ലോഹങ്ങളുടെ വില 8 ശതമാനം കണ്ട് ഉയർന്നിട്ടുണ്ട്. ബ്രെന്റ് ക്രൂഡിന്റെ വില 9 ശതമാനവും കൂടി. ഇനിയുള്ള മാസങ്ങളിൽ ഭക്ഷ്യ പണപ്പെരുപ്പത്തിന്റെ ബേസ് എഫക്ട് കൂടുതൽ തിരിച്ചടിയാവുന്നതിനും സാധ്യ തയുണ്ട്. ഇത് ഭക്ഷ്യപണപ്പെരുപ്പം വീണ്ടും കൂടുന്നതിന് സ്വാഭാവികമായും വഴിയൊരുക്കുന്നു.

2024 സെപ്റ്റംബർ മാസത്തിൽ ചില്ലറ വിലയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിരക്ക് ആഗസ്റ്റിലെ 3.7 ശതമാനത്തിൽ നിന്ന് 5.5 ശതമാനമായി ഉയർന്നു. 10 ബേസിസ് പോയിന്റ് ഉയർന്ന കോർ പണപ്പെരുപ്പം 3.5 ശതമാന ത്തിലേക്ക് കയറിയെങ്കിലും തുടർച്ചയായ പതിനൊന്നാം മാസവും 4 ശതമാനത്തിലും താഴെയായി തുടർന്നു. വ്യക്തിഗതമായ ഉത്പന്നങ്ങളുടെ കാര്യത്തിൽ സെപ്റ്റംബർ മാസത്തിൽ പണപ്പെരുപ്പം 9 ശതമാനമായി. ആഗസ്റ്റിൽ ഇത് 8 ശതമാനമായിരുന്നു. ഭകഷ്യ പണപ്പെരുപ്പ മാകട്ടെ 5.3 ശതമാനത്തിൽ നിന്നും 8.4 ശതമാനമായി ഉയർന്നു. പച്ചക്കറി ഇനങ്ങളുടെ കാര്യത്തിൽ പണപ്പെരുപ്പം 14 മാസത്തി നിടയിലെ ഏറ്റവും ഉയർന്ന നിലയിലേക്ക് കയറി. എന്നാൽ ഭകഷ്യ എണ്ണകളും രംഗത്ത് 19 മാസങ്ങൾക്ക് ശേഷം വർധന രേഖപ്പെടുത്തുകയായിരുന്നു. പച്ചക്കറികൾ (പ്രതിമാസ വർദ്ധനവ് 3.5 ശതമാനം), ഭക്ഷ്യ എണ്ണകൾ (2.9 ശതമാനം), മുട്ട (1.6 ശതമാനം), പയർ, പരിപ്പ് ഇനങ്ങൾ (0.6

ശതമാനം) എന്നിവയുടെ കാര്യത്തിൽ ശക്തമായ മുന്നേറ്റം തുടർന്നു (രേഖാചിത്രം –1).

ഭക്ഷ്യപണപ്പെരുപ്പത്തിന്റെ കാര്യത്തിലുള്ള റിസ്ക് കൃത്യമായ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്. മൺസൂണിന്റെ കാര്യത്തിലുള്ള ചാഞ്ചാട്ടം, വിളവെടുപ്പിന് മുൻപുള്ള കനത്ത മഴ, എന്നിവ പോലെ അന്താരാഷ്ട്ര മാർക്കറ്റിൽ ഭക്ഷ്യ എണ്ണ വില ഉയരുന്നതും അപകട സാധ്യത കൂട്ടുന്ന കാര്യങ്ങളാണ്. സാധാരണ ലഭിക്കുന്ന തിനേക്കാൾ 8 ശതമാനം അധികം മഴ ലഭ്യമായിട്ടും വിതരണ രംഗത്തെ പ്രതിസന്ധി തുടരുകയാണ് എന്ന പ്രശ്നവുമുണ്ട്. എന്നാൽ പഞ്ചാബ്, ഹരിയാന, കിഴക്കൻ ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാളിലെ ഗംഗാതട പ്രദേശങ്ങൾ തുടങ്ങിയ പ്രധാന കാർഷിക മേഖലകളിൽ വിതയുടെ സീസണിൽ മഴ കുറവായതും പ്രശ്നം കൂടുതൽ വഷളാക്കുന്നുണ്ട്. ഖരീഫ് സീസണിലെ എണ്ണക്കുരുക്കൾ, പയർ വർഗ്ഗങ്ങൾ എന്നിവയുടെ വിത്ത് വിതയ്ക്കൽ കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ശരാശരിയേക്കാൾ താഴെയായിരുന്നു. കൂടുതൽ ഇറക്കുമതി ആവശ്യമായി വരുമെന്ന സൂചനയാണ് ഇത് നൽകുന്നത്. മൺസൂൺ നീണ്ടു നിന്നതും ഒപ്പം വിളവെടുപ്പിന്റെ ഘട്ടത്തിൽ പെയ്ത മഴയും വിളനാശത്തിന് കാരണമാകുമെന്ന ആശങ്കയും ശക്തമാണ്. ഉപഭോക്തൃ വില സൂചികയിൽ 6 ശതമാനം സ്വാധീനം ചെലുത്തുന്ന പച്ചക്കറി വില പ്രകടമായ ചാഞ്ചാട്ടത്തിന് വിധേയമാകുന്നു. ഇത് കുടുംബ ബജറ്റിനെ താളം തെറ്റിക്കുന്നതാണ് (രേഖാചിത്രം 2).

ഭക്ഷ്യ ഉത്പന്ന വിലകൾക്ക് പുറമെ വിദേശ രാജ്യങ്ങളിലെ പ്രശ്നങ്ങളും പണപ്പെരുപ്പം ശക്തമാക്കുന്നതായി മനസിലാക്കാം. മധ്യേഷ്യയിലെ സംഘർഷങ്ങൾ വിതരണ ശ്രിംഖലയിൽ കൂടുതൽ സമ്മർദ മേറ്റുന്നതിനുള്ള സാധ്യത നിലനിൽക്കു കയാണ്. ഇത് ആഗോള വിപണികളിൽ ഊർജ മേഖലയിൽ വിലമുന്നേറ്റത്തിന് കാരണ മാകുന്നുണ്ട്. ഈയിടെ ചൈന പ്രഖ്യാപിച്ച ഉത്തേജക പാക്കേജ് രാജ്യാന്തര മാർക്കറ്റുകളിൽ ഉത്പന്ന വില കൂടുന്നതിന് കാരണമായിട്ടുണ്ട്. സെപ്റ്റംബർ അവസാന വാരത്തിൽ ബ്രെന്റ് ക്രൂഡ് വില 10 ശതമാനം വർധിച്ച് ബാരലിന് 78 ഡോളറായി. അതുകൊണ്ട് ആഗോള രാഷ്ട്രീയമായ മാറ്റങ്ങൾ വളരെ നിർണ്ണായക മാണ്. കാരണം, അത് ഉത്പന്ന വിലയിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട് (രേഖാചിത്രം 3).

2024–25 സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്ക് അനുമാനിക്കുന്നത് 4.5 ശതമാനം പണപ്പെരുപ്പമാണ്. നടപ്പ് പാദത്തിൽ പ്രതീക്ഷിക്കുന്ന പണപ്പെരുപ്പം 4.1 ശതമാന മാണ്. 2024 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പണപ്പെരുപ്പം കുറഞ്ഞ നിരക്കിലായിരു ന്നതാണ് ഇതിന് കാരണം. എന്നാൽ മൂന്നാം പാദത്തിൽ പണപ്പെരുപ്പം നേരത്തെ കണക്കാക്കിയിരുന്ന 4.7 ശതമാനത്തിൽ നിന്നും 4.8 ശതമാനമായി ഉയർത്തിയിരിക്കു കയാണ്. അടുത്ത രണ്ടു പാദങ്ങളിലും പുതുക്കിയ പണപ്പെരുപ്പ നിരക്ക് താരതമ്യേന കുറവാണെങ്കിലും അത് റിസർവ് ബാങ്കിന്റെ ലക്ഷ്യമായ 4 ശതമാനത്തിന് മുകളി ലാണെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. സാധാരണ നിലയിലുള്ള മൺസൂൺ, ഖരീഫ് സീസണിലെ ഉയർന്നവിത്തിറക്കൽ, അണക്കെട്ടുകളിൽ കൂടുതൽ ജലശേഖരം തുടങ്ങിയ കാര്യങ്ങൾ പോസിറ്റീ വായ ഘടകങ്ങളാണ്. എന്നാൽ അന്താരാഷ്ട്ര രംഗത്ത് സംഘർഷങ്ങൾ തുടരുന്നതും കാലാവസ്ഥ വ്യതിയാനം മൂലമുള്ള വെല്ലു വിളികളും ആഗോളതലത്തിൽ ഉത്പന്നങ്ങളുടെ വില കൂടുന്നതും അപകടകരമായ സ്ഥിതിവിശേഷമാണ്. ഈ സാഹചര്യത്തിൽ എം പി സി വളരെ കരുതലോടെയുള്ള നീക്കമാണ് നടത്തിയിരിക്കുന്നത്. പണപ്പെരുപ്പ നിരക്കിനെ 4 ശതമാനമെന്ന ലക്ഷ്യത്തിലേക്ക് കൊണ്ടെ ത്തിക്കുക എന്നതാണ് അതിന്

**Figure 1**: Headline versus core inflation




*Source: MOSPI*

**Figure 2:** Food inflation keeps headline elevated




*Source: MOSPI*

**Figure 3:** Inflation projections




*Source: RBI, Monetary Policy Statement October 2024*

**Figure 4:** Growth projections




*Source: Monetary Policy Statement, October 2024*

പിന്നിൽ (രേഖാചിത്രം 4).

സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ റിസർവ് ബാങ്ക് ശുഭാപ്തി വിശ്വാസം പുലർത്തുന്നു. 2024–25 വർഷത്തിൽ പ്രതീക്ഷിക്കുന്നത് 7.2 ശതമാനം വളർച്ചയാണ്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ ജി ഡി പി വളർച്ച 6.7 ശതമാനമാണ്. ഇത് റിസർവ് ബാങ്ക് കണക്ക് കൂട്ടിയിരുന്നതിനേക്കാൾ 40 ബേസിസ് പോയിന്റ് കുറവാണ്. അതു കൊണ്ട് രണ്ടാം പാദത്തിൽ വളർച്ച അനുമാനത്തിൽ 20 ബേസിസ് പോയിന്റ് കുറവ് വരുത്തുകയുണ്ടായി. 2024 സെപ്റ്റംബർ മാസത്തിൽ സാമ്പത്തിക വളർച്ച പൊതുവെ മന്ദഗതിയിലായിരുന്നു വെന്നാണ് സൂചന. എന്നാൽ സാമ്പത്തിക വർഷത്തിന്റെ രണ്ടാം അർദ്ധവർഷത്തിൽ ഇതിന് മാറ്റമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാരണത്താൽ വളർച്ചാ അനുമാനത്തിൽ റിസർവ് ബാങ്ക് 10–20 ബേസിസ് പോയിന്റിന്റെ വർധന വരുത്തിയിട്ടുണ്ട്. ഉത്സവകാലം, അനുകൂലമായ മൺസൂൺ, ഉപഭോഗത്തിൽ പ്രകടമായ വളർച്ച തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് ഇത്. ബജറ്റ് കണക്കുകൾക്ക് അനുസൃതമായി സർക്കാർ ചെലവുകൾ ഉയരുമെന്നും പ്രതീക്ഷിക്കുന്നുണ്ട്. ഇതെല്ലം കണക്കിലെടു ക്കുമ്പോൾ ഈ സാമ്പത്തിക വർഷത്തിൽ 7.3–7.4 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്.

**ഉപസംഹാരം**

2024–25 സാമ്പത്തിക വർഷത്തിലെ വളർച്ച, പണപ്പെരുപ്പ അനുമാനങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ റിസർവ് ബാങ്കിന്റെ നയപരമായ നിലപാടുകൾ പൊതുവിൽ സമതുലിതമാണെന്ന് കാണാം. പൊതുവിൽ നോക്കുമ്പോൾ അതിന്റെ കാതലായ വശം ഏറെ കരുതലോടെയുള്ള നീക്കങ്ങൾ എന്നതാണ്. പണപ്പെരുപ്പം നിയന്ത്രണ വിധേയമാക്കുന്ന കാര്യത്തിൽ പൊതുവിൽ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞു വെന്ന് എം പി സി വിലയിരു ത്തുമ്പോൾ ചില റിസ്ക് സാദ്ധ്യതകൾ കൂടി കണക്കിലെടുക്കുന്നുണ്ട്. ഭക്ഷ്യപണപ്പെരുപ്പ ത്തിന്റെ ചാഞ്ചാട്ടം, അന്താരാഷ്ട്ര രംഗത്ത് ഉടലെടുത്തിരിക്കുന്ന അസ്വസ്ഥതകൾ, കാലാവസ്ഥയിലെ മാറ്റങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് അത്. സമീപകാലത്തായി ചില മാറ്റങ്ങൾ കാണാമെങ്കിലും പണപ്പെരുപ്പത്തെ 4 ശതമാനം എന്ന നിലയിലേക്ക് നിയന്ത്രിക്കുക എന്നതാണ് അതിലെ മൗലികമായ കാര്യം.

പണപ്പെരുപ്പത്തിന്റെ അപകട സാധ്യതകളെ കുറിച്ച് കൂടുതൽ വ്യക്തത കൈവരുത്തി, സമീപനങ്ങളിൽ മാറ്റം വരുത്തുവാൻ റിസർവ് ബാങ്ക് തയാറാകുന്നു എന്നതിനാൽ ഇപ്പോഴത്തെ മാറ്റങ്ങളെ ന്യായീകരിക്കാൻ കഴിയുന്നതാണ്. മൂന്നാം പാദത്തിൽ പണപ്പെരുപ്പം 4.8 ശതമാനം എന്ന നിലയി ലായിരിക്കുമെന്ന് അനുമാനിക്കുമ്പോൾ 2024 ഡിസംബർ മാസത്തിൽ പലിശ നിരക്കിൽ കുറവ് വരുത്തുന്ന കാര്യം അല്പം മാറ്റി വയ്ക്കേണ്ട സാഹചര്യം സംജാതകുന്നുണ്ട്. എന്നാൽ പണപ്പെരുപ്പം അടുത്ത മൂന്ന് മാസത്തിനിടയിൽ ആർ ബി ഐയുടെ അനുമാനത്തിനനുസരിച്ച് കുറയുന്നതായാൽ അടിസ്ഥാന പലിശ നിരക്ക് കുറയുന്നതിന് അവസരമൊരുങ്ങും. നിലവിലെ സാഹചര്യം പരിഗണിക്കുമ്പോൾ 2025 ഫെബ്രുവരിയിൽ അപ്രകാരം ഒരു മാറ്റത്തിന് സാധ്യത തെളിയുന്നുണ്ട്.

■

(ഡോ. അശ്വതി റേച്ചൽ വർഗീസ്, അസിസ്റ്റന്റ് പ്രഫസർ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ)

## Reference

RBI, R. B. of I. (2024, October). *Monetary Policy Statement.* Reserve Bank of India; October 2024. https://www.rbi.org.in/Scripts/BS_PressReleaseDisplay.aspx?prid=58851

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

# ആഗോള സാമ്പത്തിക ചലനങ്ങളും ഇന്ത്യയുടെ വിദേശ വ്യാപാരവും

അഞ്ജലികൃഷ്ണ സുധാകരൻ, അമലു സെബി

**സംഗ്രഹം**

*ആഗോള സാമ്പത്തിക രംഗം നേരിടുന്ന കനത്ത വെല്ലുവിളികൾക്കിടയിലും ഇന്ത്യയുടെ വിദേശ വ്യാപാര മേഖല മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നതായി കാണാം. സേവന മേഖലയിൽ നിന്നുള്ള കയറ്റുമതി, വിദേശ മൂലധനത്തിന്റെ സ്ഥിരതയാർന്ന ഒഴുക്ക്, കറൻസിയുടെ കാര്യത്തിലെ നല്ല രീതിയിലുള്ള മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകം എടുത്തു പറയേണ്ടവയാണ്. വിദേശ വ്യാപാര രംഗത്തെ കമ്മി കുറഞ്ഞു വരുന്നുണ്ടെങ്കിലും പണപ്പെരുപ്പത്തിന്റെ കടുത്ത സമ്മർദം, ബജറ്റ്, ധനക്കമ്മി തുടങ്ങിയ വെല്ലുവിളികൾ ഇന്ത്യൻ സമ്പദ്ഘടന നേരിടുകയാണ്. സാമ്പത്തിക മേഖലയിൽ ഇന്ന് കാണുന്ന ചലനാത്മകത തുടരുന്നതിന് 'ചൈന പ്ലസ് വൺ' എന്ന തന്ത്രപരമായ നിലപാടും വിദേശത്തു നിന്നുള്ള പണവരവും ഏറെ പ്രാധാന്യമുള്ളവയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കണ്ട് വരുന്ന, ജി ഡി പിയിലെ വ്യാപാര മേഖലയുടെ പങ്കിലുള്ള തുടർച്ചയായ മുന്നേറ്റം അന്താരാഷ്ട്ര വിപണികളിലെ ഇന്ത്യയുടെ ഉയർന്നു വരുന്ന മത്സരക്ഷമതയുടെ പ്രത്യക്ഷ തെളിവാണ്. അതോടൊപ്പം ഇന്ത്യയുടെ ഭാവി സാധ്യതകളെയും ഇത് വ്യക്തമാക്കുന്നു.*

**പ്രധാന വാക്കുകൾ :** *ആഗോളവൽക്കരണം, ചരക്ക് ഇറക്കുമതി, സേവന കയറ്റുമതി, പണമയയ്ക്കൽ, ചൈന+1 തന്ത്രം*

**ആമുഖം**

ആഗോള സാമ്പത്തിക മേഖല ഇന്ന് നിരവധി വെല്ലുവിളികൾക്ക് നടുവിലാണ്. ആഗോളവത്കരണത്തിന് ഘടകവിരുദ്ധമായ സമീപനത്തിലേക്ക് രാജ്യങ്ങൾ മാറുന്നു എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. യൂറോപ്പിലെ വിവിധ സമ്പദ്ഘടനകളിലുൾപ്പടെ പല ഉദാഹരണങ്ങളും ഇക്കാര്യത്തിൽ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഇതിൽ പല രാജ്യങ്ങളും തങ്ങളുടെ ഊർജ ആവശ്യങ്ങൾക്കുള്ള ഇറക്കുമതി റഷ്യയിൽ നിന്നും നോർവേ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേക്ക് വഴി മാറ്റുന്ന പ്രവണത ശക്തമാണ്. അന്താരാഷ്ട്ര വാണിജ്യ രംഗത്ത് 'ഡികപ്ലിങ്' പോലുള്ള പുതിയ പ്രവണതകൾക്ക് ഇത് വഴി മരുന്നിടുകയാണ്. അതായത്, ആഗോളവൽക്കരണ ശ്രമങ്ങളിൽ നിന്നും ലോകം പിന്നോക്കം പോവുകയാണ്. എന്നാൽ വിവിധ രാജ്യങ്ങൾക്കിടയിൽ

വ്യത്യസ്തമായ നിലകളിലാണ് ഇത് പ്രാവർത്തികമാകുന്നത് എന്ന് കാണാം.

കോവിഡ് മഹാമാരി, റഷ്യ–ഉക്രൈൻ യുദ്ധം, പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ, ചെങ്കടൽ പ്രതിസന്ധി തുടങ്ങിയവ ഉൾപ്പടെ നിരവധി പ്രതിസന്ധികൾ ഉണ്ടായെങ്കിലും ഇന്ത്യയുടെ വിദേശ വ്യാപാര മേഖല മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നതായി കാണാം. സേവന മേഖലയിൽ നിന്നുള്ള കയറ്റുമതിയിൽ ഉണ്ടായ വളർച്ചയും വിവിധ ഉത്പന്നങ്ങളുടെ ഇറക്കുമതിയിൽ പ്രകടമായ കുറവുമാണ് ഇതിന് തുണയായത്. 2004–05 സാമ്പത്തിക വർഷത്തിൽ 37.5 ശതമാനമായിരുന്ന ഇന്ത്യയുടെ 'തുറന്ന വ്യാപാര സൂചകം' 2023–24 സാമ്പത്തിക വർഷത്തിൽ 45.9 എന്ന നിലയിലേക്ക് വളർന്നതായി നമുക്ക് കാണാം. ആഗോള സാമ്പത്തിക മേഖലയുമായുള്ള ഇന്ത്യയുടെ സഹവർത്തിത്വത്തിന്റെ കരുത്താണ് ഇത് കാണിക്കുന്നത്.

**വിദേശവ്യാപാര രംഗത്തെ ഇന്ത്യയുടെ നേട്ടം**

വിദേശവ്യാപാര രംഗത്തെ ഇന്ത്യയുടെ വളർച്ച ആഗോള മേഖലയിലെ പ്രവണതകളുമായി ചേർന്ന് പോകുന്നുവെന്ന് വിലയിരുത്താം. വലിയ വെല്ലുവിളികൾ ഉണ്ടായെങ്കിലും 2023–24 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ കയറ്റുമതി 0.23 ശതമാനം ഉയർന്നു. എന്നാൽ ഇറക്കുമതിയാകട്ടെ 4.9 ശതമാനം കണ്ട് കുറഞ്ഞു. സാമ്പത്തിക സർവെ റിപ്പോർട്ട് പ്രകാരം ഇന്ത്യ വികസ്വര രാജ്യങ്ങളോടെന്ന പോലെ വികസിത രാജ്യങ്ങളോടും വ്യാപാര രംഗത്ത് മത്സരിക്കുന്നു എന്ന് വ്യക്തമാകുന്നുണ്ട്. 1990 മുതൽ 2022 വരെയുള്ള കാലയളവിൽ ആഗോളതലത്തിലെന്ന പോലെ ഇന്ത്യയിലും ജി ഡി പിയിൽ വിദേശ വ്യാപാരത്തിന്റെ പങ്ക് ഉയർന്നു വരുന്നതായി കാണാം. എന്നാൽ 2023 ൽ ഇത് നേരിയ തോതിൽ കുറഞ്ഞു. ആ വർഷം ജി ഡി പിയിൽ വിദേശ വ്യാപാരത്തിന്റെ പങ്ക് 50 ശതമാനത്തിൽ നിന്നും 45.9 ശതമാനം എന്ന തോതിലേക്ക് കുറയുകയുണ്ടായി.

കറന്റ് അക്കൗണ്ടിന്റെ കാര്യത്തിലും നേട്ടം കൈവരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞു. 2022 –23 ൽ 6700 കോടി ഡോളറായിരുന്ന കറന്റ് അക്കൗണ്ടിലെ കമ്മി (ജി ഡി പിയുടെ 2 ശതമാനം) 2023 24 ൽ 2320 കോടി ഡോളറിലേക്ക് (ജി ഡി പിയുടെ 0.7 ശതമാനം) താഴ്ന്നു. സേവന മേഖലയിലെ കയറ്റുമതിയിൽ ഉണ്ടായ വർധനയും വിദേശത്തു നിന്നുള്ള പണവരവ് കൂടിയതുമാണ് ഇതിന് കാരണം. അത് വിദേശ വ്യപാര രംഗത്തെ കമ്മി കുറയുന്നതിനും സഹായകമായി. എന്നിരുന്നാലും നിലവിലെ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ഇത് കാര്യമായ ഒരു നേട്ടമെന്ന് നിലയിൽ എണ്ണാൻ കഴിയുന്നതല്ല. സാഹചര്യങ്ങൾ എപ്പോഴും മാറാവുന്ന സ്ഥിതിയുണ്ട്.

**മൂലധന മേഖലയിലെ സ്ഥിരതയും വെല്ലുവിളികളും**

മൂലധനത്തിന്റെ കാര്യത്തിലേക്ക് വരുമ്പോൾ ഇന്ത്യ താരതമ്യേന സ്ഥിരതയാർന്ന പ്രകടനം കാഴ്ച്ച വയ്ക്കുന്നതായി കാണാം. 2023–24 സാമ്പത്തിക വർഷത്തിൽ പ്രകടമായ വിദേശ പോർട്ടഫോളിയോ നിക്ഷേപത്തിലെ വളർച്ചയും വിദേശ നിക്ഷേപത്തിൽ ഉണ്ടായ വളർച്ചയും ഇതിന് കാരണമാണ്. വികസ്വര രാജ്യങ്ങളുടെ കൂട്ടത്തിൽ പോർട്ടഫോളിയോ നിക്ഷേപത്തിന്റെ കാര്യത്തിൽ ഏറ്റവും ഉയർന്ന നേട്ടം കൈവരിച്ചിരിക്കുന്ന രാജ്യം ഇന്ത്യയാണ്. എന്നാൽ നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ് ഡി ഐ) കുറയുന്നു എന്നത് ഒരു ആശങ്കയാണ്. പ്രത്യേകിച്ച് വിപണന ശ്രിംഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി, ധനകാര്യ വിപണികളിലെ ചാഞ്ചാട്ടം തുടങ്ങിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ. വ്യവസായ, സേവന മേഖലകളിൽ നേരിട്ടുള്ള വിദേശ നിക്ഷേപം കോവിഡിന് മുൻപുണ്ടായിരുന്ന സ്ഥിതിയെക്കാൾ താഴെയാണെന്ന് കാണാം.

**സേവനമേഖലയുടെ കയറ്റുമതിയിലെ വർധന**

കഴിഞ്ഞ മൂന്ന് ദശകങ്ങളായി സേവന മേഖലയിൽ നിന്നുള്ള ഇന്ത്യയുടെ കയറ്റുമതി

ശരാശരി 14 ശതമാനം വാർഷിക വളർച്ച കൈവരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വളർച്ചയും ഒപ്പം സേവന മേഖലയിലെ ഇറക്കുമതിയിൽ ഉണ്ടായ കുറവും ഈ മേഖലയിൽ കാര്യമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് കാരണമായിട്ടുണ്ട്. സേവന മേഖലയിൽ നിന്നുള്ള കയറ്റുമതിയുടെ കാര്യത്തിൽ ഇന്ത്യ ആഗോളാടിസ്ഥാനത്തിൽ ഏഴാം സ്ഥാനത്താണ്. 2001ൽ ഇരുപതിനാലാമത്തായിരുന്നു ഇൻഡ്യയുടെ സ്ഥാനം. ഈ രംഗത്ത് ഐ ടി, സോഫ്ടടയർ മേഖലകളാണ് പ്രധാന പങ്ക് വഹിച്ചരിക്കുന്നത്. ബിസിനസ് സേവന മേഖല ഇപ്പോൾ നല്ല നിലയിലുള്ള വളർച്ചയുടെ ഘട്ടത്തിലാണ്.

ആഗോള കേപ്പബിലിറ്റി സെന്ററുകളുടെ (ജി സി സി) ഒരു ഹബ് എന്ന നിലയിലേക്കുള്ള ഇന്ത്യയുടെ വളർച്ച, സേവന മേഖലയിൽ നിന്നുള്ള കയറ്റുമതിക്ക് കൂടുതൽ ഊർജം പകർന്നു. ബഹുരാഷ്ട്ര കമ്പനികൾ വിദേശ രാജ്യങ്ങളിൽ പടുത്തുയർത്തുന്ന യൂണിറ്റു കളാണ് ജി സി സി. നൈപുണ്യമുള്ള ഇന്ത്യയിലെ തൊഴിൽസേന, കുറഞ്ഞ ഉത്പാദനച്ചെലവ്, പ്രവർത്തന രംഗത്തെ കുശലത തുടങ്ങിയ ഘടകങ്ങൾ ഇക്കാര്യത്തിൽ ഇന്ത്യക്ക് തുണയായി. 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' സാഹചര്യങ്ങൾ വളർത്തുന്നതിനായി സർക്കാർ കൈക്കൊണ്ട ഡിജിറ്റൽ ഇന്ത്യ പോലുള്ള പദ്ധതികളും നയങ്ങളും ഇത്തരമൊരു മാറ്റത്തിന് സഹായകമായി. അതുകൊണ്ട് ഇന്ത്യയുടെ വളർച്ചയിൽ ജി സി സികൾ സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്.

**ചാഞ്ചാട്ടങ്ങൾക്കിടയിൽ കറൻസിയുടെ സ്ഥിരത**

അമേരിക്കയുടെ ഡോളർ ഉൾപ്പടെയുള്ള ലോകത്തെ പ്രധാനപ്പെട്ട കറൻസിയുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ കറൻസി വിപണി സ്ഥിരത പുലർത്തി നീങ്ങുന്നതായി മനസിലാക്കാം. മാക്രോ ഇക്കണോമിക് അടിസ്ഥാന ഘടകങ്ങൾ, ധനകാര്യ മേഖലയിലെ സുസ്ഥിരത, വിദേശ വ്യാപാര രംഗത്തെ മെച്ചപ്പെട്ട പ്രകടനം തുടങ്ങിയ കാര്യങ്ങളാണ് ഇതിന് കാരണം. ആഗോള രംഗത്ത് പ്രകടകമാകുന്ന രാഷ്ട്രീയ അസ്വസ്ഥതകളും ഉയർന്ന പലിശ നിരക്കുകളും വിലയിലെ പ്രകടമായ ചാഞ്ചാട്ടവും ഒക്കെ കണക്കിലെടുക്കുമ്പോൾ ഏറ്റവും കുറവ് മാറ്റങ്ങൾക്ക് വിധേയമായ കറൻസി ഇന്ത്യൻ രൂപയാണ്.

ഇത്തരമൊരു സ്ഥിതി തുടർന്ന് പോകുന്നതിന് വിനിമയ നിരക്കിന്റെ അനുകൂലമായ സാഹചര്യവും ഒപ്പം ബാലൻസ് ഓഫ് പേയ്മെന്റ് സ്ഥിതിയും അനുകൂലമായി തുടരേണ്ടതുണ്ട്. 2024 ജൂൺ 21 ലെ കണക്കുകൾ പ്രകാരം ഇന്ത്യയുടെ വിദേശനാണ്യ ശേഖരം 653.7 ബില്യൺ ഡോളറാണ്. പത്ത് മാസത്തേക്കുള്ള ഇറക്കുമതി കവർ ചെയ്യുന്നതിനും ആഗോള സാമ്പത്തിക വ്യതിയാനങ്ങളിൽ നിന്നും ഇന്ത്യൻ സമ്പദ്ഘടനയെ സംരക്ഷിക്കുന്നതിനും പര്യാപ്തമായ തുകയാണ് ഇത്.

**ഇന്ത്യക്ക് മുന്നിലുള്ള വെല്ലുവിളികൾ**

സാമ്പത്തിക മേഖലയിൽ ഇന്ത്യ താരതമ്യേന ശക്തമായ ഒരു സ്ഥിതിയിലാണെങ്കിലും നിരവധിയായ വെല്ലുവിളികൾ ഉരുണ്ട് കൂടുന്നുണ്ട്. ഇരട്ട ബാലൻസ് ഷീറ്റ് കമ്മിയാണ് രാജ്യം നേരിടുന്ന ഒരു പ്രധാന പ്രശ്നം. അതുകൊണ്ട് വിദേശ വ്യാപാര കമ്മി നേരിടുന്നതിനൊപ്പം ധനകാര്യ സുസ്ഥിരതയും ഇന്ത്യ നിലനിർത്തേണ്ടതുണ്ട്. ആഗോള രംഗത്ത് അനിശ്ചിതത്വം തുടരുകയും പണപ്പെരുപ്പ സമ്മർദം ശക്തമായി നില നിൽക്കുകയും ധനകാര്യ വിപണികൾ ചാഞ്ചാട്ട പാതയിൽ തുടരുകയും ചെയ്യുന്ന പശ്ചാത്തല ത്തിൽ പണപ്പെരുപ്പ രംഗത്ത് കറന്റ് അക്കൗണ്ട് കമ്മി ഉളവാക്കുന്ന സമ്മർദ്ദം റിസർവ് ബാങ്കിന് മേൽ വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

അതുകൊണ്ട് ഇത്തരം വെല്ലിവിളികളെ മറികടക്കുന്നതിന് ഏകോപിതമായ ഒരു തന്ത്രം ആവിഷ്കരിക്കുക എന്നത് അനിവാര്യമാണ്. ആഭ്യന്തരവും ബാഹ്യവുമായ സുസ്ഥിരത നിലനിർത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്.

**'ചൈന പ്ലസ് വൺ' തന്ത്രവും വ്യാപാര, നിക്ഷേപ മേഖലകളുടെ ബാലൻസിങ്ങും**

'ചൈന പ്ലസ് വൺ' എന്ന തന്ത്രം അടിസ്ഥാന മാക്കി ചൈനയുമായി വളരെ കരുതലോടെയുള്ള സാമ്പത്തിക ബന്ധത്തിനാണ് ഇന്ത്യ ശ്രമിക്കുന്നത് ചൈനയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതി കുറയ്ക്കുകയും എന്നാൽ അവരുടെ നിക്ഷേപം ആകർഷിക്കുകയും ചെയുക എന്നതാണ് ഈ തന്ത്രത്തിന്റെ കാതൽ. ആഗോള വ്യാപാര രംഗത്ത് ചൈന വ്യക്തമായ ആധിപത്യം പുലർത്തുന്നുണ്ട് എന്നാൽ ഇന്ത്യ ഉൾപ്പടെയുള്ള രാജ്യങ്ങൾ ചൈനയെ ആശ്രയിക്കുന്നത് പരമാവധി പരിമിതപ്പെടുത്തുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. മാനുഫാക്റ്ററിങ് മേഖല വിപുലപ്പെടുത്തുകയും ആഗോള വിതരണ ശ്രിംഖലയിൽ നല്ല സ്വാധീനം ചെലുത്തുകയും ചെയ്യുക എന്ന ഇന്ത്യ ഉയർത്തുന്ന ലക്ഷ്യം സാധിതമാകണമെങ്കിൽ ചൈനയുമായുള്ള സഹവർത്തിത്വം ആവശ്യമായി വരുന്നു. അതുകൊണ്ട് ചൈനയുമായുള്ള വ്യാപാര യുദ്ധവും സൈനീക നീക്കങ്ങളും അടക്കമുള്ള ഭൂതകാലത്തെ അനുഭവങ്ങൾ പാഠമാക്കി ഒരു ബാലൻസിംഗ് ഉണ്ടാകുന്നതിന് ഇന്ത്യൻ ഗവണ്മെന്റ് ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇറക്കുമതി കുറയ്ക്കുകയും ചൈനയിൽ നിന്നുള്ള നിക്ഷേപങ്ങൾ ആകർഷിക്കുകയും ചെയ്യുന്നതായാൽ വിദേശ നിക്ഷേപം വഴിയായുള്ള നേട്ടങ്ങൾ കൊയ്യുന്നതിന് ഇന്ത്യക്ക് സാധ്യമാകും.

**വിദേശ നിക്ഷേപത്തേക്കാൾ സുരക്ഷിതം റെമിറ്റൻസ്**

വിദേശ നിക്ഷേപങ്ങളെക്കാൾ സ്ഥിരതയാർന്നതും സുരക്ഷിക്തമായ സാമ്പത്തിക സ്രോതസാണ് റെമിറ്റൻസ് എന്നത് തെളിയിക്കപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. വിദേശ നിക്ഷേപം ചാക്രിക ചലനങ്ങൾക്ക് വിധേയവും ഒപ്പം സാമ്പത്തിക മാന്ദ്യമടക്കമുള്ള പ്രതികൂല സാഹചര്യങ്ങളോട് സെൻസിറ്റീവായി പ്രതികരിക്കുന്നതുമാണ്. വിദേശ രാജ്യങ്ങളിലെ സാമ്പത്തിക സാഹചര്യങ്ങൾ അവിടെ നിന്നുള്ള പണത്തിന്റെ വരവിനെ ഏറെ സ്വാധീനിക്കാറുണ്ട്. ഇത് ഇന്ത്യയുടെ കറന്റ് അക്കൗണ്ട് കമ്മി അടക്കമുള്ള കാര്യങ്ങളെ അട്ടിമറിക്കുന്നതിന് സാധ്യത നൽകുന്നതുമാണ്. എന്നിരുന്നാലും റെമിറ്റൻസ് ഉയർത്തുന്നതിന് ഇന്ത്യ കാര്യമായി ശ്രമിക്കേണ്ടത് ആവശ്യമാണ്. പ്രത്യേകിച്ച് എണ്ണ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ നിന്നും. അതിനൊപ്പം വിനിമയ നിരക്കിലെ മാറ്റങ്ങൾ അനുകൂലമാക്കി മാറ്റുന്നതിനും ശ്രമം നടത്തേണ്ടതുണ്ട്.

**ഉപസംഹാരം**

അതിവേഗം ശിഥിലീകൃതമാകുന്ന ആഗോള സാമ്പത്തിക രംഗത്ത് ഇന്ത്യയുടെ വിദേശ വ്യാപാര മേഖല താരതമ്യേന മികച്ച നിലയിലാണെന്ന് കാണാം. സേവന മേഖലയിൽ നിന്നുള്ള ഉയരുന്ന കയറ്റുമതി, വിദേശ മൂലധനത്തിന്റെ വരവ്, മികച്ച കറൻസി മാനേജ്മെന്റ് തുടങ്ങിയ ഘടകങ്ങളാണ് ഇതിന് പിന്തുണ നൽകുന്നത്. എന്നാൽ ആഗോള സാമ്പത്തിക രംഗത്ത് അനിശ്ചിതത്വം തുടരുന്ന സാഹചര്യത്തിൽ വിദേശ വ്യാപാര രംഗത്തെയും ധനകാര്യ സുസ്ഥിരതയുടെ കാര്യത്തിലും കാര്യക്ഷമമായ ശ്രദ്ധസ്വീകരി ക്കേണ്ടതുണ്ട്. വരും വർഷങ്ങളിലും സാമ്പത്തിക മേഖലയിൽ ഇത്തരത്തിലുള്ള മുന്നേറ്റം തുടരുന്നതിന് മികച്ച തന്ത്രങ്ങളും ഒപ്പം നല്ല ഏകോപനത്തോടെയുള്ള നയസമീപനങ്ങളും ഇന്ത്യ സ്വീകരിക്കേണ്ടതുണ്ട്.

■

(അഞ്ജലി കൃഷ്ണസുധാകരൻ, അമലു സെബി എന്നിവർ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഗവേഷക വിദ്യാർത്ഥിനികളാണ്)

## References

Economic Survey 2023-24, Government of India

Union Budget 2024-25, Government of India

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

# തൊഴിലും തൊഴിലില്ലായ്മയും ഇന്ത്യൻ സാഹചര്യത്തിൽ

റിഥിക് എം.എസ്, ഗോപിക ജി

**സംഗ്രഹം**

*ഇന്ത്യയിലെ തൊഴിൽ മേഖല, തൊഴിലില്ലായ്മ എന്നീ കാര്യങ്ങളിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങളെ കുറിച്ചാണ് ഈ ലേഖനം പരിശോധിക്കുന്നത്. യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ, തൊഴിൽ രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം, തൊഴിൽ സൃഷ്ടിക്കുന്നതിനെ കുറിച്ചുള്ള സർക്കാരിന്റെ വാദമുഖങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഈ പഠനം കൂടുതൽ കേന്ദ്രീകരിക്കുന്നു. സാമ്പത്തിക സർവ്വേറിപ്പോർട്ട് ഇന്ത്യയിലെ തൊഴിൽ രംഗത്തെവളരെ പകിട്ടാർന്ന ഒരു ചിത്രം നൽകുമ്പോൾ സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി (സി എം ഐ ഇ) പോലുള്ള ചില ഏജൻസികൾ അത്ര നല്ല ചിത്രമല്ല വരച്ചു കാട്ടുന്നത്. തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉയരുന്നതായി കാണുന്നുണ്ടെങ്കിലും അതിൽ കൂടുതലും ഉണ്ടാകുന്നത് അസംഘടിത മേഖലകളിലാണ്. തൊഴിലവസരങ്ങൾ കൂടുന്നു എന്ന് കാണിക്കുന്നതിന് സർക്കാർ ഉയർത്തിക്കാട്ടുന്നത് എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (ഇ പി എഫ് ഒ) കണക്കുകളാണ്. എന്നാൽ പലപ്പോഴും അത് അത്ര വിശ്വാസയോഗ്യമല്ല. സർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ചില പദ്ധതികളെ കുറിച്ചും ഈ ലേഖനത്തിൽ പരിശോധിക്കുന്നുണ്ട്.*

**പ്രധാന വാക്കുകൾ :** *തൊഴിലില്ലായ്മ, തൊഴിൽ രംഗത്തെ വനിതാ പങ്കാളിത്തം, ഇ പി എഫ് ഒ, തൊഴിലധിഷ്ഠിത പദ്ധതികൾ*

2019 ലെ തിരഞ്ഞെടുപ്പിന് മുൻപായി ചില അസാധാരണ സാഹചര്യങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിക്കുകയുണ്ടായി. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ഉൾപ്പടെയുള്ള ഏജൻസികളുടെ പരിശോധനയും അംഗീകാരവും ലഭ്യമായെങ്കിലും തൊഴിൽ, തൊഴിലില്ലായ്മ എന്നിവയുടെ കുറിച്ചുള്ള റിപ്പോർട്ടുകൾ പൂഴ്ത്തിവയ്ക്കുന്ന സ്ഥിതിയുണ്ടായി. എന്നാൽ പിന്നീട് ഈ റിപ്പോർട്ട് മാധ്യമങ്ങൾക്ക് ചോർന്നു കിട്ടി. അപ്പോൾ നീതി ആയോഗ്, സർവേയുടെ രീതിശാസ്ത്രം അടക്കമുള്ള കാര്യങ്ങൾ ശരിയായ രീതിയിലായിരുന്നില്ല എന്ന വിചിത്ര വാദമുഖങ്ങളാണ് മുന്നോട്ട് വച്ചത്. റിപ്പോർട്ടിൽ പുനഃപരിശോധന ആവശ്യ മാണെന്ന് അവർ നിലപാടെടുത്തു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് സർക്കാർ അവകാശപ്പെട്ട സ്ഥാനത്ത് 45 വർഷത്തിനിടയിലെ ഏറ്റവും

ഉയർന്ന തൊഴിലില്ലായ്മ രാജ്യത്ത് രേഖപ്പെടുത്തി എന്ന് റിപ്പോർട്ടിൽ ഉണ്ടായിരുന്നതാണ് അതിന് കാരണമായത്. പൊതു തിരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തു വന്നതിന് ശേഷം മാറ്റങ്ങൾ ഒന്നും വരുത്താതെ തന്നെ ഇ റിപ്പോർട്ട് പുറത്തു വിട്ടു. അതിനു ശേഷം നോട്ട് നിരോധനം, കോവിഡ് മഹാമാരി തുടങ്ങിയ കാര്യങ്ങളുടെ പ്രത്യാഘാതത്തിൽ നിന്നും ഇന്ത്യൻ സമ്പദ്വ്യവസ്ഥ മോചിതമായി എന്ന് സ്ഥാപിക്കുന്നതിന് ഇതേ റിപ്പോർട്ട് തന്നെയാണ് ഗവൺമെന്റ് ആയുധമാക്കിയത്.

അന്താരാഷ്ട്ര തൊഴിൽ സംഘടനയും (ഐ എൽ ഒ) ഇൻസ്റ്റിട്യൂട്ട് ഫോർ ഹ്യൂമൻ ഡെവലപ്മെന്റും (ഐ എച്ച് ഡി) ഇന്ത്യ എംപ്ളോയ്മെന്റ് റിപ്പോർട്ട് പുറത്തു വിടുകയുണ്ടായി . സർക്കാരിന്റെ സർവേയിലെ വിവരങ്ങളാണ് അവർ ഉപയോഗിച്ചത്. രാജ്യത്തെ തൊഴിൽ രംഗത്തിന്റെ സ്ഥിതിയെ കുറിച്ച് വിശദമായി പരിശോധിച്ച റിപ്പോർട്ടിൽ യുവാക്കൾക്കിടയിൽ കൂടി വരുന്ന തൊഴിലില്ലായ്മയെ കുറിച്ച് പ്രത്യേകം പരാമർശിക്കുന്നുണ്ട്. ഈ റിപ്പോർട്ട് പ്രകാരം 2022 ൽ സെക്കണ്ടറിതലത്തിലും അതിനു മുകളിലും വിദ്യാഭ്യാസം നേടിയവർക്കിടയിലെ തൊഴിലില്ലായ്മ 18.4 ശതമാനമാണ്. ബിരുദധാരികൾക്കിടയിൽ ഇത് 29.1 ശതമ ാനവുമാണ്. വേതനവും സമ്പാദ്യവും മാറ്റമില്ലാതെ തുടരുകയോ കുറയുകയോ ചെയ്യുന്നു എന്നാണ് റിപ്പോർട്ട് വ്യക്തമാക്കിയത്. പുതുതായി സൃഷ്ടിക്കപ്പെടുന്ന തൊഴിലുകൾക്ക് വേണ്ടത്ര ഗുണമേന്മയില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. എം എൻ ആർ ഇ ജി എ പദ്ധതിക്ക് കീഴിൽ തൊഴിൽ ലഭിക്കാൻ അപേക്ഷ നൽകുന്ന ആളുകളുടെ എണ്ണത്തിൽ തുടർച്ചയായ വർധനയുണ്ടായി. കൂലിയുടെ കാര്യത്തിൽ മാറ്റമില്ലാത്ത സ്ഥിതിയുണ്ടായി. തൊഴിൽമേഖല നേരിടുന്ന സമ്മർദ്ദമാണ് ഇത് ചൂണ്ടിക്കാട്ടുന്നത്.

എന്നാൽ ഏറ്റവും ഒടുവിൽ പുറത്തു വന്ന സാമ്പത്തിക സർവേ റിപ്പോർട്ട് രാജ്യത്തെ തൊഴിൽ സ്ഥിതിയെ കുറിച്ച് ശുഭോദർക്കമായ ചിത്രമാണ് അവതരിപ്പിച്ചിട്ടുള്ളത്. പ്രത്യേകിച്ച് യുവാക്കൾ, സ്ത്രീകൾ എന്നിവരുടെ പങ്കാളിത്തത്തെ കുറിച്ച്. സർക്കാരിന്റെ പീരിയോഡിക് ലേബർ ഫോഴ്സ് സർവെ (പി എൽ എഫ് എസ്) അവകാശപ്പെടുന്നത് തൊഴിലില്ലായ്മ നിരക്ക് കുറയുന്നു എന്നാണ്. അതുപോലെ ലേബർ ഫോഴ്സ് പാർട്ടിസിപ്പേഷൻ റേറ്റ് (എൽ എഫ് പി ആർ), ജോലിക്കാരുടെ എണ്ണം എന്നിവയും ഉയരുന്ന പ്രവണതയാണ് കാഴ്ച്ച വയ്ക്കുന്നത്. തൊഴിലില്ലായ്മ നിരക്ക് 3.2 ശതമാനമാണെന്നാണ് സർവെ വ്യക്തമാക്കുന്നത്. ആഴ്ച തോറുമുള്ള കണക്കുകൾ പ്രകാരം ഇത് 5.1 ശതമാനവുമാണ്. പ്രതിദിന നിരക്കാകട്ടെ 5.5 ശതമാനവുമാണ്. എന്നാൽ സി എം ഐ ഇ യുടെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 9.2 ശതമാനമാണ്. ഇത് ആശങ്കാജനകമായ ഒന്നാണ്. തൊഴിലിന്റെ കാര്യത്തിലെ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പി എൽ എഫ് എസ് മാനദണ്ഡവുമായി പൊരുത്തപ്പെടുന്ന ഒന്നല്ല. കാരണം, വീട്ടിൽ സ്ത്രീകൾ ചെയ്യുന്ന ജോലികൾ പോലും തൊഴിലിന്റെ പട്ടികയിലാണ് പി എൽ എഫ് എസ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അന്തരാഷ്ട്ര തൊഴിൽ മാനദണ്ഡങ്ങൾ പ്രകാരമാണ് സി എം ഐ ഇ സർവെ നടത്തുന്നത്. 2022 ലെ കണക്കുകൾ പ്രകാരം 15 വയസിനും അതിനു മുകളിലും പ്രായമുള്ളവരുടെ തൊഴിൽ പങ്കാളിത്തം 55.2 ശതമാനമാണ്. ആഗോളതലത്തിലുള്ള ശരാശരിയാകട്ടെ 59.8 ശതമാനമാണ്.

### ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ നിരക്ക്

സ്ത്രീകളുടെ തൊഴിൽപങ്കാളിത്തത്തിന്റെ കാര്യത്തിൽ വൻ ഇടിവാണ് ദൃശ്യമായത്. 2004–05 സാമ്പത്തിക വർഷത്തിൽ 39.7 ശതമാനം പങ്കാളിത്തമുണ്ടായിരുന്നത് 2017–18 ൽ 22.9 ശതമാനമായി കുറഞ്ഞു. എന്നാൽ

പിന്നീട് ഇത് ഉയരുന്ന സ്ഥിതി ദൃശ്യമായി. 2022–23 ആയപ്പോൾ 34.1 ശതമാനമായി. ഗ്രാമീണ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തത്തിൽ ഉണ്ടായ വർധനയാണ് ഇതിന് കാരണമെന്നാണ് പീരിയോഡിക്കൽ ലേബർ ഫോഴ്സ് സർവെ വ്യക്തമാക്കുന്നത്. ഇതേ കാലഘട്ടത്തിൽ 15 വയസ്സ് മുതൽ 59 വയസ്സ് വരെയുള്ളവരുടെ തൊഴിൽ പങ്കാളിത്തം 51.5 ശതമാനത്തിൽ നിന്ന് 58.3 ശതമാനമായി ഉയർന്നു. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ ഉണ്ടായ വളർച്ചയാണ് ഇതിൽ പ്രധാന പങ്ക് വഹിച്ചത്.

ഇക്കാര്യത്തിൽ ഗുണപരമായ മാറ്റങ്ങൾ പ്രകടമാണെങ്കിലും സ്ത്രീകളുടെ സാമ്പത്തികമായ സ്ഥിതിയിൽ മാറ്റം വന്നുവെന്ന് വിലയിരുത്താൻ കഴിയില്ല. മുൻപ് നടന്ന പല സർവ്വേകളിലും വേതനം ഇല്ലാതെ സ്ത്രീകൾ ചെയ്യുന്ന ജോലികൾ കണക്കിൽപെടാതെ പോയിട്ടുണ്ട്. അതുകൊണ്ട് സ്ത്രീ പങ്കാളിത്തത്തിന്റെ കണക്കുകൾ യഥാർത്ഥത്തിൽ ഉള്ളതുമായി പൊരുത്തപ്പെടുന്നതല്ല. പി എൽ എഫ് എസിന്റെ കണക്കെടുപ്പിന്റെ രീതികൾ മെച്ചപ്പെട്ടത് സ്ത്രീപങ്കാളിത്തം ഉയർത്തി കാട്ടുന്ന കാര്യത്തിൽ ഒരു പങ്ക് വഹിച്ചിട്ടുണ്ട് . എന്നാൽ കഴിഞ്ഞ ആറ് വർഷമായി ഉണ്ടായ തുടർച്ചയായ മുന്നേറ്റത്തിന്റെ കാരണം ഇത് മാത്രമാണെന്ന് അനുമാനിക്കാൻ കഴിയില്ല.

ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ കൂടിയത് കൊണ്ടാണ് സ്ത്രീകളുടെ പങ്കാളിത്തം ഉയർന്നത് എന്ന നിഗമനം അത്ര ശാസ്ത്രീയമായിരിക്കില്ല. കാരണം, പുരുഷന്മാരുടെ കാര്യത്തിൽ ഇത്തരം വളർച്ചയുണ്ടായിട്ടില്ല എന്നതാണ്. എന്നാൽ സ്ത്രീകളുടെ തൊഴിലിന്റെ രംഗത്ത് ഗുണപരമായ ചില മാറ്റങ്ങൾ ഉണ്ടാകുന്നു എന്ന് വിലയിരുത്താൻ കഴിയും. ഗ്രാമീണ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്ന സ്ത്രീകളുടെ എണ്ണം 2017–18 ൽ 55.9 ശതമാനമായിരുന്നത് 2022–23 ൽ 70.1 ശതമാനമായി കൂടിയിട്ടുണ്ട്. വലിയ സംരംഭങ്ങൾ മുതൽ ചെറുകിട കാർഷിക സംരംഭങ്ങൾ വരെ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഈ വിഭാഗത്തിൽ വേതനമില്ലാതെ ജോലിയിലേർപ്പെട്ടിട്ടുള്ള സ്ത്രീകളുടെ സംഖ്യ 33.1 ശതമാനത്തിൽ നിന്നും 38.4 ശതമാനമായി ഉയർന്നതായി കാണാം.

സാധാരണ ജോലികളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണമാകട്ടെ 31.3 ശതമാനത്തിൽ നിന്നും 19.6 ശതമാനത്തിലേക്ക് താഴ്ന്നിട്ടുണ്ട്. ശമ്പളക്കാരായ സ്ത്രീ ജോലിക്കാരുടെ എണ്ണം മാറ്റമില്ലാതെ 10 ശതമാനം എന്ന നിലയിൽ തുടർന്നു. വേതനമില്ലാതെ ജോലി ചെയ്യുന്ന സ്ത്രീകളുടെ അല്ലെങ്കിൽ സ്വന്തം സംരംഭങ്ങളിൽ ജോലി ചെയ്യുന്ന വനിതകളുടെ എണ്ണം കൂടിയതാണ് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയരാൻ കാരണമായതെന്ന് വ്യക്തമാണ്. സംഘടിത മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമായത് കൊണ്ടല്ല ഇത് എന്നത് വ്യക്തമാണ്.

**ഇ പി എഫ് ഒ ഡേറ്റയും ചില മിഥ്യാധാരണകളും**

ഐ എൽ ഒ, ഐ എച്ച് ഡി എന്നിവയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്ക് എതിർവാദം ഉയർത്തുന്നത് പ്രധാനമായും ഇ പി എഫ് ഒ, നാഷണൽ പെൻഷൻ പദ്ധതി, ഇ എസ് ഐ എന്നിവയുടെ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ്. കേന്ദ്ര സ്ഥിതിവിവര മന്ത്രാലയം ഇത് സംബന്ധിച്ച വിവരങ്ങൾ എല്ലാ മാസവും പുറത്തുവിടുന്ന. എന്നാൽ പേ റോൾ വിവരങ്ങളെ മാത്രം ആസ്പദമാക്കി നടത്തുന്ന ഇത്തരം വിവരശേഖരണം യഥാർത്ഥ തൊഴിൽ സൃഷ്ടിക്കലുമായി കാര്യമായ ബന്ധമില്ലാത്ത ഒന്നാണ്. ഈ പദ്ധതികളിൽ അംഗങ്ങളാകുന്നവരുടെ എണ്ണത്തെ ആസ്പദമാക്കിയുള്ള വിവരങ്ങൾ മാത്രമാണ് ഇതുവഴി ലഭ്യമാകുന്നത്. വാസ്തവത്തിൽ ഭരണപരമായ നടപടികൾ ജീവനക്കാരുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർധനയെയും ഇടിവിനെയും കാര്യമായ

വിധത്തിൽ സ്വാധീനിക്കുന്നതായി നമുക്ക് കാണാം. പുതിയ തൊഴിലവസരങ്ങളുടെ സൃഷ്ടിയുമായി ഇതിന് പരിമിതമായ ബന്ധം മാത്രമാണുള്ളത്.

അതിനാൽ തന്നെ പുതിയ തൊഴില വസരങ്ങളെ കുറിച്ചുള്ള കണക്കുകളിൽ കാര്യമായ അപാകതകളുണ്ടെന്ന് കാണാം. അതിന്റെ കാരണങ്ങൾ ഇവയാണ്.

1952 ലെ ഇ പി എഫ് ആൻഡ് എം പി ആക്ട് ബാധകമായിട്ടുള്ള സ്ഥാപനങ്ങളിലെ കരാർ തൊഴിലാളികളും പ്രോവിഡന്റ് ഫണ്ടിൽ ഉൾപ്പെടുന്നുണ്ട്. ഇരുപതോ അതിൽ കൂടുതലോ പേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ ഇ പി എഫിൽ രെജിസ്റ്റർ ചെയ്തിരിക്കണമെന്നത് നിയമപരമായ വ്യവസ്ഥയാണ്. അതനുസരിച്ച് കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരും ഇ പി എഫിൽ രെജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പവൻഹാൻസ് ലിമിറ്റഡും ഏവിയേഷൻ കർമചാരി സംഘടനയും തമ്മിൽ സുപ്രീം കോടതിയിൽ നടന്ന ഒരു കേസിൽ ഇത് നിർബന്ധമാക്കി കൊണ്ടുള്ള വിധി ഉണ്ടായിട്ടുണ്ട്. 2020 ജനുവരി 17 നു പുറപ്പെടുവിച്ച ഈ വിധിയിൽ കരാർ തൊഴിലാളികളെ ഇ പി എഫിൽ രെജിസ്റ്റർ ചെയ്തിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇക്കാരണത്താൽ കരാർ ജീവനക്കാരിൽ നല്ലൊരു വിഭാഗത്തിന് ഇ പി എഫ് ഒയിൽ അംഗത്വമുണ്ടാകാം. ഇവർ ഇ പി എഫ് ഒ ഡേറ്റ പ്രകാരം പുതുതായി ചേർന്ന ജീവനക്കാർ എന്നാണ് കണക്കാക്ക പെടുന്നത്. പക്ഷെ ഇവർ നേരത്തെ തന്നെ ജോലി ചെയ്യുന്നവരാണ്. ഇവരുടെ ഇ പി എഫ് ഒ അംഗത്വത്തിന് ഔദ്യോഗികമായ അംഗീകാരം പിന്നീട് ലഭിക്കുന്നതുമാകാം. ഇരുപതോ അതിൽ കൂടുതലോ ജോലിക്കാരാ കുമ്പോൾ സ്ഥാപനങ്ങൾ ഇ പി എഫ് ഒയിൽ അംഗമാകുന്നു. എന്നാൽ അത് പുതുതായു ണ്ടാകുന്ന തൊഴിൽ എന്ന നിലയിൽ പരിഗണിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് ഇതിനെ പുതിയ തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിനുപരിയായി നിലവിലെ ജോലിക്ക് അംഗീകാരം നൽകുന്നു എന്ന് മാത്രമേ കണക്കാക്കാൻ കഴിയൂ.

ഏതായാലും ഹാജർ ബുക്കിൽ ഉൾപ്പെടുന്നു എന്ന ഒറ്റക്കാരണത്താൽ എല്ലാവര്ക്കും തൊഴിലുള്ളതായി കണക്കാക്കാൻ കഴിയില്ല. അത്തരത്തിലുള്ള എണ്ണത്തെ പുതിയ തൊഴിൽ സൃഷ്ടിക്കലായും കാണാൻ കഴിയുന്നതല്ല. 2017 സെപ്റ്റംബർ മുതൽ 2018 ഏപ്രിൽ വരെയുള്ള കാലയളവിലാണ് ഇ പി എഫ് ഒ പേ റോൾ വിവരങ്ങൾ പുറത്തു വിടാൻ തുടങ്ങിയത്. മാസം തോറുമുള്ള പേ റോൾ വിവരങ്ങൾ കണക്കാക്കുന്നത് പ്രത്യേക രീതി ഉപയോഗിച്ചാണ് . ഇ പി എഫ് ഒയിൽ ചേരുന്ന ജീവനക്കാരുടെ എണ്ണം ആധാർ ഉപയോഗിച്ച് പരിശോധിക്കുന്നു. ഒരു സ്ഥാപനം വിട്ട് മറ്റൊരു സ്ഥാപനത്തിൽ ജോലിക്ക് കയറുന്നവരുടെ എണ്ണവും കണക്കെടുപ്പിന് പരിഗണിക്കുന്നു. അതു കൊണ്ട് ഇ പി എഫ് ഒയിൽ എൻറോൾ ചെയ്യുന്നു എന്നത് കൊണ്ട് മാത്രം പുതിയ തൊഴിൽ സൃഷ്ടിച്ചതായി കണക്കാക്കാൻ നിർവാഹമില്ല. കരാർ ജീവനക്കാരെ ഉൾപ്പെടുത്തുന്നതടക്കമുള്ള രീതികൾ തൊഴിൽ നേടുന്നുവരുടെ എണ്ണം പെരുപ്പിച്ച് കാണിക്കുന്നതായി ഇതിൽ നിന്നും വ്യക്ത മാകുന്നുണ്ട്.

രെജിസ്ട്രേഷൻ പ്രക്രിയ ലളിതമാക്കപ്പെട്ടി രിക്കുന്നതും ഇത്തരത്തിൽ എണ്ണം കൂടു തലായി കാണുന്നതിന് ഒരു കാരണമാണ്. വളരെ എളുപ്പത്തിൽ ചെലവുകളില്ലാതെ ഇപ്പോൾ ഓൺലൈൻ രെജിസ്ട്രേഷൻ സാധ്യമാണ്. അതിനായി ഇ പി എഫ് ഒ ഓഫിസിൽ പോകേണ്ട ആവശ്യം വരുന്നില്ല. ഇ പി എഫ് അക്കൗണ്ടുകൾ യഥേഷ്ടം എങ്ങോട്ട് വേണമെങ്കിലും മാറ്റാവുന്നതുമാണ്. തൊഴിലുടമയ്ക്ക് മാറ്റമുണ്ടായാലും എൻറോൾമെൻറ് നമ്പർ സ്ഥിരമായിരിക്കും. അതുകൊണ്ട് തൊഴിൽ സ്ഥാപനം

മാറുമ്പോൾ പി എഫ് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് പകരം പുതിയ സ്ഥാപന ത്തിലേക്ക് മാറ്റാൻ കഴിയുന്നു. സേവനങ്ങൾ കൂടുതൽ വേഗത്തിൽ അംഗങ്ങൾക്ക് എത്തിക്കുന്നതിന് ഇ പി എഫ് ഒ പല വിധത്തിലുള്ള ഇലക്ട്രോണിക് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതെല്ലം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്ക പ്പെടുന്നു എന്ന നിലയിൽ പരിഗണിക്കാൻ കഴിയുന്നതല്ല. സാങ്കേതികവും നിയമപരവു മായ ചില നീക്കുപോക്കുകൾ മാത്രമാണ് എന്നതാണ് യാഥാർഥ്യം.

ഇരുപതിൽ കുറവ് ജീവനക്കാരുള്ള സ്ഥാപനങ്ങൾ ഇ പി എഫ് നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. 19 പേർ ജോലി ചെയ്യുന്ന ഒരു സ്ഥാപനമെടുക്കുക. അതിന് ഇ പി എഫ് ബാധകമല്ല. എന്നാൽ ഒരാൾ കൂടി ചേർന്നാൽ ആ സ്ഥാപനം ഇ പി എഫിൽ ഉൾപ്പെടുന്നു. അപ്രകാരം സംഭവിക്കുമ്പോൾ ഇ പി എഫ് ഒ ഡേറ്റ കാണിക്കുന്നത് 20 പുതിയ തൊഴിൽ സൃഷ്ടിക്കപ്പെട്ടു എന്നാണ്. ഈ കേസിൽ പക്ഷെ പുതുതായി സൃഷ്ടിക്കപ്പെട്ടത് ഒരു തൊഴിലവസരം മാത്രമാണ്. അതുകൊണ്ട് ഇ പി എഫ് ഒ വിവരങ്ങൾ പലപ്പോഴും പർവ്വതീകരിച്ചതായി കണക്കാക്കേണ്ടി വരും.

**തൊഴിലധിഷ്ഠിത പദ്ധതികൾ**

2020 ൽ തുടക്കം കുറിച്ച ഉല്പാദന ബന്ധിതമായ പദ്ധതികൾക്കൊപ്പം കേന്ദ്ര സർക്കാർ 2024–25 ലെ ബജറ്റിന്റെ ഭാഗമായി തൊഴിലധിഷ്ഠിത പദ്ധതികൾക്കും തുടക്കം കുറിക്കുകയുണ്ടായി. 5 പ്രധാന പദ്ധതി കളാണ് ഇത്തരത്തിൽ അവതരിപ്പിച്ചത്. അതിൽ മൂന്നെണ്ണം പുതിയ തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യം വച്ചുള്ളതാണ്. നൈപുണ്യ വികസനം ലക്ഷ്യമാക്കിയുള്ളതാണ് മറ്റു രണ്ടെണ്ണം. കാർഷികേതര മേഖലയിൽ പുതുതായി 78.51 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടി ക്കണമെന്നാണ് സാമ്പത്തിക സർവെ കണക്കാക്കുന്നത്.

സ്കീം എ: സംഘടിത മേഖലയിൽ ആദ്യമായി ജോലിയാരംഭിക്കുന്ന ആളു കളെയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇ പി എഫ് ഒയിൽ രെജിസ്റ്റർ ചെയ്യുന്ന ഇവർക്ക് മൂന്ന് തവണകളായി ഒരു മാസത്തെ വേതനം (പരമാവധി 15000 രൂപ) നൽകുന്നു.

സ്കീം ബി : നിർമ്മാണ മേഖലയിലെ പുതിയ തൊഴിലവസരങ്ങളുടെ സൃഷ്ടിയാണ് ഇതിന്റെ ലക്ഷ്യം. പുതുതായി ഒരാൾ ജോലിയിൽ പ്രവേശിക്കുമ്പോൾ അയാൾക്ക് മാത്രമല്ല തൊഴിലുടമക്കും പ്രോത്സാഹനം നൽകുന്ന തിനുള്ള പദ്ധതിയാണ് ഇത്. ഇവരുടെ ആദ്യത്തെ നാലു വർഷത്തിൽ ഇ പി എഫ് ഒയിൽ അടയ്ക്കുന്ന വിഹിതത്തെ അടിസ്ഥാ നമാക്കി ആനുകൂല്യം ലഭ്യമാക്കുന്നു. ഒരു ലക്ഷം രൂപ വരെ വേതനമുള്ള ജീവനക്കാർക്ക് ഈ പദ്ധതിയുടെ നേട്ടം ലഭ്യമാകുന്നു.

സ്കീം സി: ഇ പി എഫ് ഒ വിഹിതമായി നൽകുന്ന തുകക്ക് മാസം തോറും 3000 രൂപ വരെ തൊഴിലുടമക്ക് ലഭിക്കുന്ന പദ്ധതിയാണ് ഇത്. ഒരു ലക്ഷം രൂപ വരെ വേതനം ലഭിക്കുന്ന പുതിയ ജീവനക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നു.

ഇവയിൽ ആദ്യത്തെ രണ്ടു പദ്ധതികളിലും ജീവനക്കാർക്ക് ആനുകൂല്യം നേരിട്ട് നൽകുന്നു. എന്നാൽ മൂന്നാമത്തേതിൽ തൊഴിലുടമകൾക്കാണ് ആനുകൂല്യം നൽകുന്നത്. എല്ലാ പദ്ധതികളും പുതുതായി ജീവനക്കരെ നിയമിക്കുന്നതിന് തൊഴിലുടമക്ക് സബ്സിഡി ലഭ്യമാക്കുന്ന തരത്തിലുള്ള താണ്. ഇ പി എഫ് ഒ വിഹിതം ശമ്പളത്തിന്റെ ഭാഗമാണ്. ശമ്പളം സംബന്ധിച്ച ചർച്ചകളിൽ ഇതും ഇടം പിടിക്കുന്നുണ്ട്. തൊഴിലുടമകൾ കുറഞ്ഞ ശമ്പളം നൽകുന്നതിന് ഇത് ഒരു കാരണമാകാറുണ്ട്.

യഥാർത്ഥത്തിൽ ഇ പി എഫ് ഒ ഡേറ്റ പ്രകാരം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടോ എന്ന ചോദ്യം ഉയരുന്നുണ്ട്. ഇല്ല എന്ന് തന്നെയാണ് അതിനുള്ള ഉത്തരം. ഇ പി എഫ് ഒയിലെ രെജിസ്ട്രേഷൻ അനുസരിച്ച് പുതിയ തൊഴിൽ ഉണ്ടാകുന്നുണ്ട്. അതുപോലെ തന്നെ ഇ പി എഫ് ഒയിൽ ചേരാതെ നിരവധി പേർ പല സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നുണ്ട്. ഇ പി എഫ് ഒയുടെ ഭാഗമാവുക വഴി സാമൂഹ്യമായ സുരക്ഷിതത്വം സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇ പി എഫ് ഒ എന്ന സ്ഥാപനത്തിന്റെ ഒരു പ്രധാന ലക്ഷ്യവും ഇതാണ്.

എന്നാൽ അടിസ്ഥാനപരമായ പ്രശ്നം അതല്ല. പുതിയ ജോലി സൃഷ്ടിക്കുന്നതിനുള്ള പ്രധാനമായ തടസം അതിനുള്ള അധികചെലവാണ്. അത് പരിശീലനത്തിനുള്ള ചെലവാകാം, വൈദഗ്ദ്യം സൃഷ്ടിക്കുന്നതിനുള്ള ചെലവാകാം. പല രീതിയിലുള്ള അധികച്ചെലവ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്നുണ്ട്. എന്നാൽ അത് മാത്രമാണോ പ്രശ്നം. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് കുറയുന്നതിനുള്ള പ്രധാന കാരണം ഘടനപരമാണ്.

നമ്മുടെ സമ്പദ്ഘടനയിൽ ഡിമാൻഡ് കുറയുന്നു എന്ന പ്രശ്നം വളരെ ശക്തമാണ്. എൻ എസ് എസ് ഒയുടെ ഹൌസ്ഹോൾഡ് ചെലവ് സർവെ കണക്കാക്കുന്നത് ഇന്ത്യയിലെ ഗ്രാമീണ മേഖലയുടെ മാസം തോറുമുള്ള, പ്രതിശീർഷ ചെലവഴിക്കൽ 3773 രൂപയാണ്. നഗര പ്രദേശങ്ങളിൽ ഇത് 6459 രൂപയുമാണ്. ആവശ്യത്തിന് ഡിമാൻഡ് ഇല്ലാതെ വരുമ്പോൾ ഉല്പാദനത്തിൽ മാന്ദ്യം സംഭവിക്കുന്നു. ഇത് സ്വകാര്യ മുതല് മുടക്കിനെ പ്രതികൂലമായി ബാധിക്കുന്നു. കണക്കുകൾ പരിശോധിച്ചാൽ ഇന്ത്യയിൽ 2011–12 മുതൽ സ്വകാര്യ മുതൽമുടക്ക് കുറഞ്ഞു വരികയാണ്. 2020–21 ൽ ഇത് ജി ഡി പിയുടെ 19.6 ശതമാനം എന്ന നിലയിലേക്ക് താഴ്ന്നു. സർക്കാരിന്റെ കണക്കുകൾ അടിസ്ഥാനമാക്കി ഐ എൽ ഒ നടത്തിയ പഠനപ്രകാരം ഇന്ത്യയിലെ ഒരു തൊഴിലാളിയുടെ ശരാശരി പ്രതിമാസ വേതനം 2012 ൽ 12100 രൂപയായിരുന്നത് 2022 ൽ 10925 രൂപയായി കുറഞ്ഞു.

തൊഴിലുകൾ സൃഷ്ടിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികളിൽ നിന്നുള്ള ഗുണം ലഭിക്കണമെങ്കിൽ കമ്പനികൾ ഓരോ വർഷവും പുതിയ നിയമനങ്ങൾ നടത്തണം. ഈ നിബന്ധന പ്രതികൂലമായി മരുന്ന്. അതായത് കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന തൊഴിലാളികളെ കരാർ പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. സർക്കാർ സബ്സിഡി ലഭിക്കണമെങ്കിൽ ഇത്തരത്തിൽ ജീവനക്കാരെ പിരിച്ചുവിടുക എന്നത് അനിവാര്യതയായി മാറുന്നു.

സംഘടിത മേഖലയിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രോത്സാഹന പദ്ധതിയാണ് കഴിഞ്ഞ രണ്ടു വർഷമായി നടപ്പാക്കി വരുന്നത്. ഇന്ത്യയിലെ തൊഴിൽ വിപണി പ്രായേണ അസംഘടിതമാണ്. 90 ശതമാനത്തോളം തൊഴിലും അസഘടിത മേഖലയിലാണ്. ഈ യാഥാർഥ്യം മുന്നിൽ നിൽക്കെ ഇ പി എഫ് ഒ യുടെ ഡേറ്റ ഉപയോഗിച്ച് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ കണക്കെടുക്കുന്നത് യാഥാർഥ്യവുമായി പൊരുത്തപ്പെടാത്ത ഒരു കാര്യമാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അവകാശവാദങ്ങൾ ഉയർത്തുന്നത് സർക്കാർ ഒഴിവാക്കുകയാണ് വേണ്ടത്.

### മറ്റു ചില പദ്ധതികൾ

സ്കീം ഡി : അടുത്ത അഞ്ചു വർഷം കൊണ്ട് 20 ലക്ഷം യുവാക്കളെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. സംസ്ഥാന സർക്കാരുകളും വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടാണ് ഇത് നടപ്പാക്കുക. വ്യവസായങ്ങൾക്ക് ആവശ്യമായ നൈപുണ്യമുള്ള തൊഴിലാളികളെ നൽകുന്നതിനായി 1000 ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂ

കളുടെ നിലവാരം ഉയർത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

സ്കീം ഇ: അഞ്ചു വർഷം കൊണ്ട് ഇന്ത്യയിലെ 500 പ്രമുഖ കമ്പനികളിൽ ഒരു കോടി യുവാക്കൾക്ക് ഇന്റേൺഷിപ്പ് നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. ഇവർക്ക് 5000 രൂപ വീതം പ്രതിമാസ അലവൻസായി നൽകും. കൂടാതെ ഒറ്റത്തവണ സഹായമായി 6000 രൂപയും നൽകുന്നതാണ്. ബിസിനസ് മേഖലയുമായും പ്രഫഷണൽ സാഹചര്യങ്ങളുമായി ഇണങ്ങുന്നതിന് യുവാക്കൾക്ക് അവസരം ഒരുക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം.

ഈ പദ്ധതിയുടെ ഒരു പ്രധാന പ്രശ്നം ധനകാര്യ ഫെഡറലിസവുമായി ബന്ധപ്പെട്ടതാണ്. കാരണം ഇത്തരം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സർക്കാരുകൾക്ക് മേൽ വലിയ ബാധ്യത അടിച്ചേൽപ്പിക്കുന്നതിന് കാരണമാകുന്നുണ്ട്. 500 പ്രമുഖ കമ്പനികൾ എന്ന് പറയുമ്പോൾ അതിന് വേണ്ടത്ര വ്യക്തതയില്ല. സ്റ്റൈപൻഡ്, പ്രത്യേക ധനസഹായം എന്നിവയുടെ കാര്യത്തിൽ ചെലവുകൾ സർക്കാർ വഹിക്കേണ്ടതുണ്ട്. പരിശീലനത്തിന് ആവശ്യമായ മറ്റു ചെലവുകൾ കമ്പനികളുടെ സി എസ് ആർ ഫണ്ടിൽ നിന്നും ലഭ്യമാക്കണമെന്നുമാണ് വ്യവസ്ഥ. അതായത് നൈപുണ്യ വികസനത്തിന്റെ പേരിൽ കമ്പനികൾക്ക് സി എസ് ആർ ഫണ്ട് യഥേഷ്ടം വിനിയോഗിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകുന്നു.

ഐ എൽ ഒയുടെ ഇന്ത്യ എംപ്ലോയ്മെന്റ് റിപ്പോർട്ട് പ്രകാരം രാജ്യത്തെ അണ്ടർ എംപ്ലോയ്മെന്റ് നിരക്ക് 7.5 ശതമാനമാണ്. അത്തരം ഒരു സ്ഥിതി ഉണ്ടാകുമ്പോൾ അത് കേവലം തൊഴിൽ നൈപുണ്യത്തിന്റെ മാത്രം പ്രശ്നമെന്ന് കരുതാൻ കഴിയില്ല. അത് ഘടനാപരമായ പ്രശ്നമാണ്. എന്നാൽ പുതിയ പദ്ധതി വഴിയായി നൈപുണ്യമുള്ള ഒരു തൊഴിൽ സേനയെ വാർത്തെടുക്കാൻ കഴിയുന്നതാണ്. സാമ്പത്തിക സർവേയിൽ ഒരിടത്തും അണ്ടർ എംപ്ലോയ്മെന്റ് എന്നതിനെ കുറിച്ച് പരാമർശമില്ല. ഇ എൽ ഐ, ഇന്റേൺഷിപ്പ് പദ്ധതി എന്നിവ ഉല്പാദനവുമായി ബന്ധപ്പെടുന്ന ലാഭം ഉയർത്തുന്നതിന് സഹായകമാണ്. കാരണം, അത് കുറഞ്ഞ ചെലവിൽ തൊഴിൽ ലഭ്യമാക്കുന്നു എന്നതിന് പുറമെ കമ്പനികൾക്ക് തൊഴിൽ സൗജന്യമായി പ്രയോജനപ്പെടുത്തുവാൻ കഴിയുകയും ചെയ്യുന്നു. ഇന്ത്യയിൽ അസംഘടിത തൊഴിൽ മേഖലയിൽ തൊഴിലിന്റെ നിലവാരം കുറവാണ് എന്നത് ഗൗരവതരമായ ഒരു പ്രശ്നമാണ്.

സ്വയംതൊഴിലും സാധാരണ തൊഴിലുകളുമാണ് ഇന്ത്യയിലെ തൊഴിൽ മേഖലയുടെ സിംഹഭാഗവും. മൊത്തം തൊഴിലാളികളുടെ 82 ശതമാനവും അസംഘടിത മേഖലയിലാണ് പ്രവർത്തിക്കുന്നത്. 90 ശതമാനം പേരും തൊഴിലെടുക്കുന്നത് അനൗദ്യോഗികമായാണ്. 2019 നു ശേഷം അസംഘടിത മേഖലയിലെ തൊഴിലിന്റെ എണ്ണത്തിൽ വർധന പ്രകടമാണ്. ഇനി സംഘടിത മേഖലയിലേക്ക് വന്നാൽ 500 ജോലിക്കാരിൽ താഴെ ജോലി ചെയ്യുന്ന കമ്പനികളിലാണ് 60 ശതമാനം ജീവനക്കാരും ജോലി ചെയ്യുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രാദേശികമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമാണ്. എന്നാൽ ഇത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാകയാൽ ധനകാര്യ ഫെഡറലിസം, കേന്ദ്ര വിഹിതങ്ങളുടെ വിതരണത്തിൽ കാണുന്ന അസമത്വം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഉയർന്നു വരുന്നു.

■

(റിഥിക് എം.എസ്, ഗോപിക ജി എന്നിവർ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഗവേഷക വിദ്യാർത്ഥികളാണ്)

## References

Ashwini Deshpande (2024), "Illusory or real? Unpacking the recent increase in women's labour force participation in India" Centre for Economic Data and Analysis (CEDA), Ashoka University.

Government of India, Ministry of Finance, Department of Economic Affairs, & Economic Division. (2024). Economic Survey 2023-24.

India Budget | Ministry of Finance | Government of India. https://www.indiabudget.gov.in/

Mehrotra, S., & Sarkar, K. (2024). Govt Claims of Job Creation Based on EPFO Enrolment Data Are Misleading. The Wire

P C Mohanan (2024). "Daily status, weekly status, usual status: Why labour force participation rates vary by reference period" Centre for Economic Data and Analysis (CEDA), Ashoka University.

*കേരള ഇക്കോണമി*
*പുസ്തകം 5 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2024*

GIFT GULATI INSTITUTE OF FINANCE AND TAXATION

# മിഷൻ ലൈഫ് – കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള ഇന്ത്യൻ മാതൃക

ഋജു മോഹൻ എ, മുനവറ സുബൈർ

**സംഗ്രഹം**

*കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിനുള്ള നയസമീപനങ്ങളുടെ പോരായ്മകൾ പരിശോധിക്കുക എന്നതാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്. അമിതമായ ഉപഭോഗം, വാതകങ്ങൾ പുറന്തള്ളുന്ന കാര്യത്തിൽ രാജ്യങ്ങൾ തമ്മിലുള്ള വ്യത്യാസം, പ്രകൃതിയുമായി ചേർന്ന് പോകുന്ന പരിഹാര മാർഗ്ഗങ്ങൾ, വികസ്വര രാജ്യങ്ങൾക്കു മേൽ പാശ്ചാത്യ രീതികൾ അടിച്ചേൽപ്പിക്കുന്നത് കൊണ്ടുള്ള പ്രത്യാഘാതങ്ങൾ തുടങ്ങിയ വിഷയങ്ങൾക്ക് പ്രാധാന്യം നൽകിയാണ് ഈ പരിശോധന. 2023–24 സാമ്പത്തിക വർഷത്തെ സാമ്പത്തിക സർവേയുടെ 'കാലാവസ്ഥ വ്യതിയാനവും ഇന്ത്യയും – എന്തുകൊണ്ട് നാം നമ്മുടെ വീക്ഷണത്തിലൂടെ കാണണം' എന്ന തലക്കെട്ടിലുള്ള പതിമൂന്നാമത്തെ അധ്യായം ഇത്തരമൊരു പരിശോധനക്ക് ആധാരമായി വരുന്നു. ഒരു ബദൽ മാർഗം എന്ന നിലയിൽ ഇന്ത്യ മുന്നോട്ട് വയ്ക്കുന്നത് 'മിഷൻ ലൈഫ്' എന്ന ആശയമാണ്. വ്യക്തിപരമായ ഉത്തരവാദിത്വങ്ങൾ, വിവേകത്തോടെയുള്ള ഉപഭോഗം, സുസ്ഥിര ജീവിതം എന്നിവയാണ് ഇതിന്റെ കാതൽ. മിഷൻ ലൈഫ് നേരിടുന്ന വെല്ലുവിളികൾ, അതായത് വ്യക്തിഗതവും നിയമപരവുമായ പ്രവർത്തനങ്ങളുടെ ബാലൻസിംഗ് നഗരവത്കരണത്തിന്റെ നിയന്ത്രണവും സാമ്പത്തികമായ അസമത്വവും ആധുനികവും പാരമ്പരാഗതവുമായ കാർഷിക രീതികൾ തമ്മിലുള്ള സംഘർഷങ്ങൾ തുടങ്ങിയ വിഷയങ്ങളും ഈ ലേഖനം ചർച്ച ചെയ്യുന്നു. ആഗോളതലത്തിൽ കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് ഊന്നൽ നൽകിയും ഇത്തരമൊരു പ്രതിഭാസത്തിന്റെ അടിസ്ഥാന കാരണങ്ങൾ വിലയിരുത്തിയുമാണ് ഈ ലേഖനം സമാപതീകരിക്കുന്നത്.*

**പ്രധാന വാക്കുകൾ :** *കാലാവസ്ഥാ വ്യതിയാനം, കാലാവസ്ഥാ പ്രവർത്തനം, കാലാവസ്ഥാ ഉത്തരവാദിത്തം, മിഷൻ ലൈഫ്, സുസ്ഥിരത*

## 1 . ആമുഖം

ഈ പ്രശ്നത്തെ നേരിടുന്നതിന് ഇന്ത്യക്ക് ചില അടിസ്ഥാന കാഴ്ചപ്പാടുകൾ ഉണ്ട്. സമത്വത്തിൽ അധിഷ്ഠിതമായ സാമ്പത്തിക വളർച്ച എന്ന സവിശേഷമായ കാഴ്ചപ്പാടിലൂടെ വേണം പ്രശ്നത്തെ സമീപിക്കാൻ. കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രശ്നങ്ങൾ നേരിടുമ്പോൾ ഉപഭോഗ രീതികളിൽ അത് കൂടുതലായി ഊന്നുന്നത് കാണാം. എന്നാൽ സുസ്ഥിരമായ ജീവിതം എന്ന ആശയം ഇന്ത്യൻ സാമൂഹ്യ രീതിയുടെ തന്നെ അടിസ്ഥാനപരമായ ഒരു ഘടകമാണ്. ഗ്ലാസ്ഗോവിൽ ചേർന്ന ഇരുപത്തി

യാറാമത് യു.എൻ ക്ളൈമറ്റ് ചേഞ്ച് സമ്മേളനത്തിൽ ഇന്ത്യ അവതരിപ്പിച്ച മിഷൻ ലൈഫിന്റെ അടിസ്ഥാനം ഈ തത്വങ്ങളാണ്. ജീവിതത്തിന്റെ മേന്മ ഒട്ടുംചോർന്നു പോകാതെ തന്നെ വ്യക്തിപരമായ ഉത്തരവാദിത്വബോധം പാലിക്കുന്നതിനൊപ്പം, പ്രകൃതിക്കിണങ്ങുന്ന തരത്തിലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നീ കാര്യങ്ങൾക്കാണ് അതിൽ ഊന്നൽ നൽകിയിട്ടുള്ളത്.

ഇത്തരത്തിലുള്ള ഒരു നയസമീപനം സ്വീകരിക്കുന്നതിന്റെ കാരണങ്ങളെ കുറിച്ച് 2023–24 ലെ സാമ്പത്തിക സർവേയിൽ വിശദമാക്കുന്നുണ്ട്.

1. ജീവിതത്തെ കുറിച്ചുള്ള അടിസ്ഥാപനപരമായ ധാരണ : മനുഷ്യൻ കണ്ടെത്തിയ സാങ്കേതിക വിദ്യകളും പരിഹാര മാർഗ്ഗങ്ങളും നിലവിലെ പാരിസ്ഥിതികമായ വെല്ലുവിളികൾ നേരിടുന്നതിന് പര്യാപ്തമല്ല. അതുകൊണ്ട് പ്രകൃതിയുമായി ചേർന്ന് പോകുന്ന, സമഗ്രതയിലൂന്നിയുള്ള ഒരു സമീപനം ഇക്കാര്യത്തിൽ ആവശ്യമാണ്.

2. സാമൂഹ്യവും പാരിസ്ഥിതികവുമായ പ്രത്യാഘാതങ്ങളെ കാലാവസ്ഥ വെല്ലുവിളികൾ നേരിടുന്നതിനുള്ള നിലവിലെ പരിഹാര മാർഗ്ഗങ്ങൾ അവഗണിക്കുകയാണ്.

3. ഇപ്പോൾ നടക്കുന്ന വിപുലമായ അടിസ്ഥാന സൗകര്യ വികസനത്തിന്റെയും സമയത്തിന്റെ അപര്യാപ്തയുടെയും അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കാർബൺ പുറന്തള്ളൽ നിർദിഷ്ട കലാപരിധിക്കകത്ത് തന്നെ പൂർണ്ണമായും ഒഴിവാക്കുക എന്ന കാര്യം പ്രായോഗികമായ ഒന്നല്ല.

4. ലോകത്ത് ആവശ്യത്തിനുള്ളതെല്ലാമുണ്ട്, എന്നാൽ അത്യാഗ്രഹത്തിനുള്ളതില്ല: ഫോസിൽ ഇന്ധനങ്ങളിൽ നിന്നും മാറി പുനരുപയോഗ ഊർജ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് ഒരു പരിഹാരമാർഗ്ഗമായി നിർദേശിക്കപ്പെടുന്നത്. ഇത് പക്ഷെ, അമിതമായ ഉപഭോഗം, സുസ്ഥിരമായ രീതികളുടെ നടപ്പാക്കൽ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾക്ക് മതിയായ ഉത്തരം നൽകുന്നില്ല.

5. ആഗോളതലത്തിൽ നടക്കുന്ന, ഊർജ പ്രതിസന്ധിക്ക് പരിഹാരമാകുന്ന സാങ്കേതിക വിദ്യയ്ക്ക് വേണ്ടിയുള്ള അന്വേഷണം : വികസിത രാജ്യങ്ങൾ നിർമ്മിത ബുദ്ധി കേന്ദ്രീകരിച്ചുള്ള ഒരു സംവിധാനത്തിലേക്ക് നീങ്ങുമ്പോൾ വികസ്വര രാഷ്ട്രങ്ങൾ കാലാവസ്ഥാ പ്രശ്നങ്ങളെ അതിജീവിക്കുന്നതിനുള്ള രാജ്യാന്തരതലത്തിലുള്ളശ്രമങ്ങൾക്ക് അനുസൃതമായി ഉയരുന്നില്ല എന്ന പ്രശ്നം അവശേഷിക്കുകയാണ്.

6. വിവരങ്ങൾ അടിസ്ഥാനമാക്കുന്നു എന്ന് ഭാവിക്കുന്നു, എന്നാൽ വ്യക്തിഗത വിവരങ്ങളെ കാര്യമായി എടുക്കുന്നില്ല : ഊർജാവശ്യം എന്നത് പ്രതിശീർഷമായ ഒന്നാണ്. പക്ഷെ നിലവിൽ പൊതുവിലുള്ള കണക്കുകളെമാത്രമാണ് ആധാരമാക്കുന്നത്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമാണെങ്കിലും പ്രതിശീർഷാടിസ്ഥാനത്തിലും മൊത്തത്തിലുള്ളതുമായ വാതക പുറന്തള്ളൽ ഇന്ത്യയിൽ കുറവാണെന്ന് കാണാം. 1850 മുതൽ 2019 വരെയുള്ള കണക്കുകളെടുത്താൽ ലോകത്ത് ആകെ പുറന്തള്ളപ്പെട്ട വാതകങ്ങളുടെ നാല് ശതമാനം മാത്രമാണ് ഇന്ത്യയിൽ നിന്നും ഉണ്ടായിട്ടുള്ളത്.

7. വികസനത്തിലും ഉപഭാഗത്തിലും രാജ്യങ്ങൾ തമ്മിൽ നിലനിൽക്കുന്ന അന്തരംപരിഗണിക്കുമ്പോൾ എല്ലാ രാജ്യങ്ങൾക്കുമായി ഒരേ രീതിയിലുള്ള 'സീറോ എമിഷൻ' പരിധി നിർണ്ണയിക്കുന്നത് ന്യായീകരിക്കാൻ കഴിയില്ല.

8. പരിസ്ഥിതിക്ക് തങ്ങൾ ഏൽപിച്ച ആഘാതങ്ങളെ കുറിച്ച് വികസിത രാജ്യങ്ങൾക്ക് ബോധ്യമുണ്ടാകണം. അതുകൊണ്ട് വികസിത രാജ്യങ്ങൾക്ക് സാങ്കേതിക വിദ്യ , വിഭവങ്ങൾ തുടങ്ങിയവ

കൈമാറാൻ അവർ തയ്യാറാകണം.

9. കാലാവസ്ഥ വ്യതിയാനം നേരിടുന്ന തിനുള്ള ഫണ്ടിന്റെ അപര്യാപ്തത : 2030–ൽ നിജപ്പെടുത്തിയിരിക്കുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് വികസ്വര രാജ്യങ്ങൾക്ക് 600 കോടി ഡോളർ ആവശ്യമാണ്. പക്ഷെ ഇക്കാര്യത്തിൽ വികസിത രാജ്യങ്ങൾ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ നിന്നും പിന്നോക്കം പോയിരിക്കുന്നു. ഇതിനാവശ്യമായ ഫണ്ട് വായ്പയായാണ് പലപ്പോഴും ലഭ്യമാക്കുന്നത്.

10. പാശ്ചാത്യ രാജ്യങ്ങൾ 'ന്യൂ കളക്ടീവ് ക്വാൺഡിഫൈഡ് ഗോൾ' (എൻ സി ക്യൂ ജി), മുന്നോട്ട് വയ്ക്കുന്നുണ്ട് അതിലേക്കുള്ള സംഭാവനകൾ അവർ സ്വയം തീരുമാനിച്ച് നൽകുമ്പോൾ വികസ്വര രാജ്യങ്ങൾ അവർ പുറന്തള്ളുന്നതിന് ആനുപാതികമായി നൽകണമെന്ന് നിഷ്കർഷിക്കുന്നു.

അതുപോലെ പാശ്ചാത്യ രീതികൾ പിന്തുടരണം എന്നാണ് വികസിത രാഷ്ട്രങ്ങൾ നിഷ്കർഷിക്കുന്നത്. വികസ്വര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അത് പാരിസ്ഥിതികമായ പ്രതിസന്ധി രൂക്ഷമാക്കുകയാണ്. മാംസ ഉല്പാദനവും, ഭവനനിർമ്മാണവും വളരെ പ്രധാനപ്പെട്ട രണ്ടു ഉദാഹരണങ്ങളാണ്.

**മാംസഉല്പാദനം**

മാംസ ഉല്പാദന പ്രക്രിയയും ഭക്ഷ്യ വസ്തുക്കളുടെ അവശിഷ്ടവും : മാംസത്തിന്റെ ഉപഭോഗം വർധിക്കുന്നത് മൂലം ആധുനിക രീതിയിലുള്ള കാലിത്തീറ്റയുടെ ഉല്പാദനവും ഉയരുന്നു. ഇത് ആഗോള തലത്തിൽ ഭക്ഷ്യസുരക്ഷക്ക് വലിയ ഭീഷണി ഉയർത്തുന്നുണ്ട്

വികസിത രാജ്യങ്ങളിൽ ശക്തമായ ഈ രീതി വികസ്വര രാജ്യങ്ങളിലും ശക്തി പ്രാപിക്കുകയാണ്. മൃഗസംരക്ഷണ മേഖലയിൽ പാശ്ചാത്യ മാതൃക പിന്തുടരുന്നതാണ് ഇതിന് കാരണം.

ഭക്ഷ്യ മേഖലയിലെ സുസ്ഥിരമല്ലാത്ത പ്രവണതകൾ മണ്ണ് മലിനമാക്കുന്നതിന് പുറമെ ജലത്തിന്റെ ഗുണമേന്മയെയും ബാധിക്കുന്നു.

കാർഷിക രംഗത്ത് സുസ്ഥിരമായ രീതികൾ അനുവർത്തിക്കുന്നതിലൂടെ ആഗോള തലത്തിൽ പട്ടിണി കുറയ്ക്കുന്നതിനും ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കുന്നതിനും സഹായകമാണ്. കാർഷിക മേഖലയിലെ മാലിന്യം റീസൈക്കിൾ ചെയ്യുന്ന സംയോജിത കൃഷി രീതികൾ ഉപയോഗിക്കുന്നത് അഭികാമ്യമായ മാർഗമാണ്.

**ഭവനനിർമ്മാണം**

സാമ്പത്തികമായപുരോഗതിക്ക് അനുസൃതമായി കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും അണുകുടുംബ രീതിയിലേക്കുള്ള മാറ്റം ഇന്ന്വളരെ വേഗത്തിലാണ്. കൂടുതൽ വീടുകൾ നിർമിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് സൃഷ്ടിക്കുന്നത്.

കൂടുതൽ നഗരവത്കരണത്തിന് ഇത് വഴിതുറക്കുന്നു. ഉയർന്ന തോതിലുള്ള ഊർജ ഉപയോഗത്തിനും അതോടൊപ്പം പരിസ്ഥിതി മലിനീകരണത്തിനും ട്രാഫിക് കുരുക്കിനും ഇത് കാരണമാകുന്നുണ്ട്.

ചെറിയ വീടുകൾ കൂടുതലായി നിർമ്മിക്കുന്നത് കാർബൺ പുറന്തള്ളലും ജലത്തിന്റെ ഉപയോഗവും വർധിക്കുന്നതിന് കാരണമാകുന്നതായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

നടുമുറ്റവും, വായു സഞ്ചാരമേറിയ അകത്തളങ്ങളുമുള്ള, പ്രാദേശികമായി ലഭ്യമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് ഉണ്ടാക്കിയിരുന്ന പരമ്പരാഗതമായ വീടുകൾ, കോൺക്രീറ്റ് ചെയ്ത ആധുനിക കെട്ടിടങ്ങളെക്കാൾ കൂടുതൽ ആരോഗ്യദായകമാണെന്ന് കാണാം.

**2. മിഷൻ ലൈഫ്: കാലാവസ്ഥ വ്യതിയാനത്തിനെതിരായ ഇന്ത്യയുടെ മറുപടി**

2023–24 ലെ സാമ്പത്തിക സർവേയാണ് മിഷൻ ലൈഫ് എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ആഗോള കാലാവസ്ഥാ

പ്രതിസന്ധി നേരിടുന്നതിനുള്ള കർമ പദ്ധതിയുടെ കേന്ദ്രസ്ഥാനത്ത് വ്യക്തിയുടെ ഉത്തരവാദിത്വത്തെഅത് പ്രതിഷ്ഠിക്കുന്നു. ഇത്തരത്തിലുള്ള ഒരു കർമപദ്ധതി എന്തുകൊണ്ട് പ്രധാനമാകുന്നുവെന്ന് താഴെ പറയുന്ന കാരണങ്ങളിൽ നിന്നും വ്യക്തമാകുന്നു.

സാമ്പത്തികവും വ്യവസായികവുമായ വികസന തന്ത്രങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് ലളിതമായ ജീവിത രീതികൾ പിന്തുടരുന്ന ജനത ആവശ്യമാണ്. അത് കാലാവസ്ഥ വ്യതിയാനം, പാരിസ്ഥിതിക പോരാട്ടങ്ങളിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഒന്നാണ്.

ഇത്തരത്തിലുള്ള ഒരു ജീവിത ശൈലി ഇന്ത്യക്ക് കൈമുതലായി ഉണ്ടായിരുന്നു. പക്ഷെ പിന്നീട് വന്ന മുതലാളിത്ത വികസന രീതികൾ അതിനെ മാറ്റിമറിക്കുകയായിരുന്നു.

സ്വയം സന്നദ്ധമായി ഉപഭോഗ രീതികളിൽ മാറ്റം വരുത്തുന്നത് സുസ്ഥിര ജീവിത ശൈലിക്ക് അനുഗുണമാകുന്ന ഒന്നാണ്. ഇന്ത്യയിൽ നടപ്പാക്കിയ, സ്വയം സന്നദ്ധമായി പാചക വാതക സബ്സിഡി ഉപേക്ഷിക്കുന്ന പദ്ധതി ഇതിന് നല്ലൊരു ഉദാഹരണമാണ്.

വ്യക്തികളുടെ ജീവിത രീതി, ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ നിലനിൽക്കുന്ന നിയമങ്ങൾ, നയങ്ങൾ, ഉത്തേജക നടപടികൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ നിർണ്ണായ കമാണ്.

ഇക്കാര്യങ്ങളിൽ സർക്കാരുകൾ, സാമൂഹ്യ നേതാക്കൾ, മാധ്യമങ്ങൾ എന്നിവ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഉജ്ജ്വല പദ്ധതിയുടെ വിജയം ഇതിന് നല്ല ഉദാഹരണമാണ്.

ലൈഫ് എന്ന ആശയം പ്രാധാന്യം നൽകുന്നത് അമിത ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ജീവിത ശൈലിക്കാണ്.

കൂടുതൽ ശ്രദ്ധയോടെയുള്ള ജീവിതം അതായത്, അനാവശ്യമായി മാലിന്യങ്ങൾ സൃഷ്ടിക്കാതിരിക്കൽ അടക്കമുള്ള കാര്യങ്ങളിൽ ഊന്നിയുള്ള ജീവിതക്രമത്തിന് അത് പ്രാധാന്യം നൽകുന്നു.

**3. മിഷൻ ലൈഫ് രീതിയുടെ പരിമിതികൾ**

ഇത് ക്രിയാത്മകവും മികച്ചതുമായ ഇന്ത്യൻ ജീവിത രീതിയാണെങ്കിലും ചില പരിമിതികൾ നമുക്ക് ഇതിൽ കാണാവുന്നതാണ്.

നിയമപരമായ നിയന്ത്രണവും വ്യക്തിഗതമായ ഉത്തരവാദിത്വവും : ഭൂമിയുടെ സംരക്ഷണത്തിന് ഉതകുന്ന രീതിയിലുള്ള ചില ഉത്തരവാദിത്വങ്ങൾ ഇത് വ്യക്തിഗത മാക്കി മാറ്റുന്നുണ്ട്. നിലവിലുള്ള നയസമീപനങ്ങൾക്ക് ഇത് അനുകൂലമാണെങ്കിലും വ്യാപകമായ പങ്കാളിത്തവും ഒപ്പം സമർപ്പണവും അതിന് ആവശ്യമാണെന്ന് കാണാം (ദേശീയ തലത്തിൽ നിർണ്ണയിക്കപ്പെടുന്ന സംഭാവനകൾ–2015).

നഗരവത്കരണവും ജനസാന്ദ്രതയും : പ്രകൃതിയിൽ നിന്നും വേറിട്ട് നിൽക്കുന്ന ഇടങ്ങളാണ് പലപ്പോഴും നഗര പ്രദേശങ്ങൾ. അവിടെ സ്വാഭാവിക പ്രകൃതിയുമായി ചേരുന്ന തലത്തിലുള്ള കാര്യങ്ങൾ നടപ്പാക്കുക എന്നത് വെല്ലുവിളി നിറഞ്ഞതാണ്. നഗരപ്രദേശങ്ങളിൽ കാണുന്ന ഉയർന്ന ജനസാന്ദ്രത കാര്യങ്ങൾ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു (ലോക സാമ്പത്തിക ഫോറം–2020).

സങ്കീർണ്ണമാകുന്ന പാർപ്പിട പ്രശ്നം : നമുക്ക് യോജിക്കാൻ കഴിയില്ലെങ്കിലും നഗരവത്കരണവും അണുകുടുംബ രീതികളും അനുസ്യൂതം തുടരുക തന്നെ ചെയ്യും. പരമ്പരാഗതമായ പാർപ്പിട രീതികളുടെ പരിമിതികൾ നാം മനസിലാക്കുകയും പാരിസ്ഥിതികമായ പ്രത്യാഘാതങ്ങൾ പരമാവധി പരിമിതപ്പെടുത്തുന്ന രീതിയിൽ ആധുനിക ശൈലി പ്രാവർത്തികമാക്കുകയുമാണ് വേണ്ടത്.

സാമ്പത്തികമായ അസമത്വം : ജനങ്ങളിൽ നല്ലൊരു വിഭാഗം ദാരിദ്ര്യത്തിൽ കഴിയുമ്പോൾ

അവരെ സംബന്ധിച്ചിടത്തോളം നിലനിൽപ്പ് തന്നെയാണ് ഏറ്റവും പ്രധാന പ്രശ്നം. അവിടെ പാരിസ്ഥിതികമായ പ്രശ്നങ്ങൾക്ക് പിന്നീടുള്ള സ്ഥാനമേയുള്ളൂ. പ്രകൃതി ക്കിണങ്ങുന്ന വിധത്തിലുള്ള പരിഹാര മാർഗ്ഗങ്ങൾ നടപ്പാക്കുമ്പോൾ അത് കൂടുതൽ ചെലവേറിയതായി മാറുന്നു. കുറഞ്ഞ സാമ്പത്തിക ശേഷിയുള്ള രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അത് താങ്ങാൻ കഴിയുന്ന ഒന്നല്ല (ഓക്സ് ഫാം ഇന്ത്യ–2021).

പരമ്പരാഗത, ആധുനിക കൃഷി രീതികൾ തമ്മിലുള്ള വ്യത്യാസം : പരമ്പരാഗത കൃഷി രീതികൾ പൊതുവെ പരിസ്ഥിതിക്ക് ഇണങ്ങുന്നതും സുസ്ഥിരവുമാണ്. എന്നാൽ ഉത്പാദനക്ഷമത ഉയർത്തുക എന്നതാണ് ആധുനിക കൃഷിരീതികളുടെ അടിസ്ഥാനം. ഇത് മണ്ണിന്റെ ഗുണമേന്മ ഇല്ലാതാക്കുന്ന സ്ഥിതിയുണ്ട് . ഉല്പാദനക്ഷമതക്ക് പ്രാധാന്യം നൽകുമ്പോൾ പ്രകൃതി സൗഹൃദമായ മാർഗ്ഗങ്ങൾ അവലംബിക്കുക എളുപ്പമല്ലാ താകുന്നു. ഉയർന്ന ജനസാന്ദ്രത പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കുന്നു. സ്ഥലത്തിന്റെ ദൗർലഭ്യമാണ് ഉയർന്ന ജനസാന്ദ്രത മൂലമുണ്ടാകുന്ന മറ്റൊരു പ്രധാന വൈതരണി (ലോക സാമ്പത്തിക ഫോറം–2020).

കാലിത്തീറ്റയുടെ പ്രശ്നം : മാംസത്തിന്റെ കയറ്റുമതിയുടെ കാര്യത്തിൽ ഇന്ത്യ ലോകത്ത് അഞ്ചാം സ്ഥാനത്താണ്. 2022–23 ലെ കണക്കുകൾ നോക്കിയാൽ കയറ്റുമതിയുടെ 79 ശതമാനം ബീഫാണ് (പോത്തിറച്ചി). അതുവഴി കാര്യമായ വരുമാനവും തൊഴിലും ലഭ്യ മാക്കുന്നുണ്ട്. എന്നാൽ സംയോജിത കൃഷി രീതികൾ ഈ മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി മാറുമോ എന്നതാണ് കാതലായ പ്രശ്നം. സാമ്പത്തിക മായ വലിയ പ്രാധാന്യ മുള്ളതിനാൽ ഈ മേഖലയെ അവഗണിക്കാനും കഴിയുന്നതല്ല.

രാഷ്ട്രീയമായ ഇച്ഛാശക്തിയും നടപടികളിലെ നൈരന്തര്യവും : മിഷൻ ലൈഫ് പോലുള്ള പദ്ധതികളുടെ വിജയം ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. സർക്കാരിലും നയസമീപനങ്ങളിലുമുള്ള മാറ്റങ്ങൾ പാരിസ്ഥിതിക പദ്ധതികളുടെ നടത്തിപ്പിന്റെ വേഗത്തെ ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ മാറി മാറി വരുന്ന ഭരണകൂടങ്ങളുടെ കാര്യത്തിൽ തുടർച്ചയായുള്ള പ്രതിബദ്ധത അത്യന്താ പേക്ഷിതമാണ് (സെന്റർ ഫോർ പോളിസി റിസർച്ച് –2020)

**4. ഉപസംഹാരം**

2023–24 ലെ സാമ്പത്തിക സർവേയുടെ 'കാലാവസ്ഥ വ്യതിയാനം നമ്മുടെ വീക്ഷണ ത്തിലൂടെ' എന്ന അധ്യായം വ്യക്തമാക്കുന്ന പ്രധാന പ്രശ്നം ഒറ്റപ്പെട്ട പ്രശ്നങ്ങൾക്ക് പൊതുവായുള്ള പരിഹാരം എന്നതാണ് അതായത് സവിശേഷമായ ഓരോ പ്രശ്നത്തിനും പ്രത്യേകമായ രീതിയിൽ തന്നെ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

ഇന്ന് നാം നേരിടുന്ന പാരിസ്ഥിതികമായ പ്രശ്നങ്ങൾക്ക് നരവംശത്തോളം തന്നെ പഴക്കമുണ്ട്. മനുഷ്യൻ അവന്റെ ആവശ്യങ്ങൾ ക്കനുസൃതമായ ഭൂമി ഉപയോഗിക്കാൻ തുടങ്ങിയ കാലം മുതൽ ഈ പ്രശ്ന മാരംഭിക്കുന്നു. വ്യാവസായിക വിപ്ലവത്തിന്റെ ഘട്ടം വന്നതോടെ കാര്യങ്ങൾ വളരെ രൂക്ഷമായി. ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം സ്ഥിതി കൂടുതൽ വഷളാക്കുകയും ചെയ്തു. വ്യവസായ വിപ്ലവത്തിന്റെ ഘട്ടം മുതൽ കാർബൺ ഡൈ ഓക്സൈഡിന്റെ പുറന്തള്ളൽ ഉയരുന്നതായി ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട് . അതുകൊണ്ട് കാലാവസ്ഥ വ്യതിയാനം എന്നത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നം തന്നെയാണ്. അതിന് പ്രത്യേകമായ പരിഹാര മാർഗവും കണ്ടെത്തേണ്ടതുണ്ട് ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക എന്നതാണ് അതിൽ പ്രധാനപ്പെട്ട കാര്യം. ഫോസിൽ ഇന്ധനങ്ങളാണ് കാർബൺ ബഹിർഗമനം

ഉണ്ടാക്കുന്ന ഒരു പ്രധാന വഴിയെങ്കിൽ അതിനുള്ള പരിഹാരം അത്തരം ഇന്ധന ങ്ങളുടെ ഉപയോഗം കുറയ്ക്കുക എന്നത് തന്നെയാണ്. ഇക്കാര്യത്തിൽ ഇന്ത്യക്ക് അതിന്റെ പ്രതിജ്ഞ പാലിക്കാൻ കഴിഞ്ഞി ട്ടുണ്ടെന്ന് കാണാം.

1. 2005–നും 2019–നുമിടയിൽ ഇന്ത്യ വാതകങ്ങളുടെ പുറന്തള്ളൽ ജി ഡി പിയുമായി താരതമ്യം ചെയ്യുമ്പോൾ 33 ശതമാനം കണ്ട് കുറച്ചിട്ടുണ്ട്. അതുവഴി 2030–ൽ നേടേണ്ട എൻ സി ഡി ലക്ഷ്യം 11 വർഷം മുൻപ് തന്നെ ഇന്ത്യക്ക് നേടാൻ കഴിഞ്ഞു.

2. ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കാത്ത മാർഗ്ഗങ്ങൾ ഉപയോഗിച്ച്വൈദ്യുതി ഉല്പാദിപ്പി ക്കുന്നതിന് 40 ശതമാനം ശേഷി കൈവരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. അതും 2030–ലെ ലക്ഷ്യത്തെക്കാൾ ഒൻപത് വർഷം മുൻപാണ്. 2017–നും 2023–നുമിടയിൽ ഇന്ത്യ 100 ഗിഗാ വാട്ട് വൈദ്യുതി ഉൽപ്പാദനശേഷി അധികമായി കൈവരിച്ചിട്ടുണ്ട്. അതിന്റെ 80 ശതമാനവും ഫോസിൽ ഇതര ഇന്ധനങ്ങൾ ഉപയോഗിച്ചാണ്.

3. ഇന്റർനാഷണൽ സോളാർ അലയൻസ് (ഐ എസ് എ), കോ അലിയേഷൻ ഫോർ ഡിസാസ്റ്റർ റീസൈലന്റ് ഇൻഫ്രാസ്ട്രക്റ്റർ (സി ഡി ആർ ഐ), ക്രീയേഷൻ ഓഫ് ലീഡ് ഐ ടി, ഇൻഫ്രാസ്ട്രക്ച്ചർ ഫോർ റീസൈലന്റ് ഐലൻഡ് സ്റ്റേറ്റ്സ് (ഐ ആർ ഐ എസ്), ബിഗ് കാറ്റ് അലയൻസ് തുടങ്ങിയ രാജ്യാന്തര കൂട്ടായ്മകളുമായി ചേർന്നുള്ള ഇന്ത്യയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

ഇതിനു പുറമെ, ചരിത്രപരമായി കുമിയുന്ന വാതകപുറന്തള്ളൽ, പ്രതിശീർഷ മലിനീ കരണം തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാന മാക്കിയുള്ള കാലാവസ്ഥാ നീതിയും ഇന്ത്യക്ക് അനുകൂലമാണ്. ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ വാതക പുറന്തള്ളൽ രാജ്യം ഇന്ത്യയാണെന്നുള്ള ആരോപണത്തിനുള്ള ഉചിതമായ മറുപടി കൂടിയാണ് ഇത്.

എന്നാൽ സാമ്പത്തിക സർവേയുടെ മേല്പറഞ്ഞ അധ്യായത്തിൽ ഇത്തരം പ്രധാനപ്പെട്ട വസ്തുതകൾ അർഹമായ രീതിയിൽഇടം പിടിച്ചിട്ടില്ല. ഇന്ത്യയുടെ പരമ്പരാഗതമായ ധർമം എന്ന ആശയത്തിന് മുൻതൂക്കം നൽകുന്നതിനുള്ള വ്യഗ്രതയിൽ കാലാവസ്ഥാ വ്യതിയാനത്തെ തങ്ങളുടേതായ വീക്ഷണത്തിലൂടെ കാണുവാനാണ് ശ്രമിക്കുന്നത്. അതാണ് മിഷൻ ലൈഫ്. ഏഴു അടിസ്ഥാന ആശയങ്ങൾക്കാണ് ഇത് ഊന്നൽ നൽകിയി രിക്കുന്നത്. ഊർജം, ജലം എന്നിവയുടെ സംരക്ഷണം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കലും ഇ–വേസ്റ്റും, സുസ്ഥിര ഭക്ഷ്യ സംവിധാനത്തിലെക്കുള്ള മാറ്റം, മാലിന്യം കുറയ്ക്കലും ആരോഗ്യ കരമായ ജീവിത ശൈലിയും എന്നിവയാണ് അവയിൽ പ്രധാനം. അതിൽ ഏറ്റവും കൗതുകകരമായ കാര്യം പാരമ്പര്യ ജീവിത രീതിയിൽ സമൂഹം അനുവർത്തിച്ചിരുന്ന ശൈലി വ്യക്തികളുടെ ഉത്തരവാദിത്വം എന്ന നിലയിലേക്ക് പുനർനിർണ്ണയിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നത് എന്നതാണ്. കാലാവസ്ഥയുടെ കാര്യത്തിലെ മുഖ്യ ഉത്തരവാദിത്വം വ്യക്തിഗത ശ്രമങ്ങളാണെ ന്നാണ് ഈ അധ്യായത്തിൽ പറഞ്ഞു വയ്ക്കുന്നത്. എന്നാൽ രാജ്യത്തിൻറെ പാരമ്പര്യമായ ധർമ്മം എന്ന ആശയം സാമൂഹികമായ കാഴ്ചപ്പാടിൽ ഊന്നിയതാണ്. വ്യക്തികൾ അതിനനുസൃതമായാണ് ജീവിതം നയിച്ചത്. അതായത് യഥാ രാജ, തഥാ പ്രജ എന്ന രീതി. ഈ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുമ്പോൾ ലോകബാങ്കിന്റെ വ്യക്തിഗത സാമ്പത്തിക തത്വങ്ങളുടെ ചുവട് പിടിച്ചുള്ള, ഇന്ത്യയുടെ പരമ്പരാഗതധർമം എന്ന ആശയത്തിന്റെ ആധുനികമായ ഒരു രൂപമാണ് ഈ അധ്യായത്തിലൂടെ വ്യക്തമാക്കി യിരിക്കുന്നത്. അതായത് സാമൂഹികമായ

ഉത്തരവാദിത്വങ്ങളെ മുറുകെ പിടിക്കുമ്പോഴും വ്യക്തികൾ നിർവഹിക്കേണ്ട പങ്കിനെ അത് കൂടുതൽ വ്യക്തമാക്കുകയാണ്.

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക എന്നതാണ് മലിനീകരണം കുറയ്ക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്നതാണ് മർമ്മപ്രധാനമായ കാര്യം. ഭരണകൂടങ്ങൾക്കാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം നിർവഹിക്കാനുള്ളത്. ഫോസിൽ ഇന്ധനങ്ങളുടെ വിനിയോഗം കുറയ്ക്കുന്നതിനുള്ള തീരുമാനം എടുക്കാൻ കഴിഞ്ഞാൽ വലിയൊരളവോളം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും.

■

(ഋജു മോഹൻ എ, മുനവ്വറ സുബൈർ എന്നിവർ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഗവേഷക വിദ്യാർത്ഥിനികളാണ്)

## References

Centre for Policy Research. (2020). Political Economy of Climate Policy in India. Retrieved from CPR

Economic Survey 2023-24, Ministry of Finance, Government of India.

FAO. (2020). India at a Glance. Retrieved from FAO.

India's Nationally Determined Contributions. (2015). Retrieved from UNFCCC.

Ministry of Human Resource Development. (2020). Environmental Education in India. Retrieved from MHRD

NITI Aayog. (2019). Composite Water Management Index. Retrieved from NITI Aayog

Oxfam India. (2021). India Inequality Report. Retrieved from Oxfam India

UNESCO. (2017). Cultural Diversity and Sustainable Development. Retrieved from UNESCO

World Economic Forum. (2020). Urbanization in India. Retrieved from WEF

https://idronline.org/article/climate-emergency/how-does-budget-2024-address-climate-change/

https://thewire.in/environment/budget-2024-25-addresses-some-climate-concerns-but-misses-many-others

https://energy.economictimes.indiatimes.com/news/renewable/union-budget-2024-25-introduces-climate-finance-taxonomy-to-drive-sustainable-growth/112278923

GST updates

Vidya V Devan

# Significant GST simplification and rationalization measures unveiled during Quarter 2 of 2024-25

## I. GST Collections during July, August, and September 2024 in India

July witnessed the highest Gross GST Revenue in this quarter i.e. Rs 1,82,075 Crore, which shows a growth of 10.2% compared to July 2023. August, 2024 has once again seen enhanced GST collections of Rs. 1,74,962 crore, up by 10% on YoY basis. There has been a growth of 8.9% in CGST, 7.3% in SGST and 12.5% in IGST compared to August 2023. Total Gross GST Revenue of the month of September is Rs. 1 ,73,240 Crore (Table-1) .

**Table 1**

| MONTHS | CGST | SGST | IGST | CESS |
|---|---|---|---|---|
| JULY | 32,386 | 40,289 | 96,447 | 12,953 |
| AUGUST | 30,862 | 38,411 | 93,621 | 12,068 |
| SEPTEMBER | 31,422 | 39,283 | 90,594 | 11,941 |



## GST Revenue of Kerala - Change from July - September 2024 over July- September 2023

**Table 2**

| MONTHS | 2023 | 2024 | Growth Rate |
|---|---|---|---|
| JULY | 2381 | 2493 | 4.7 |
| AUGUST | 2306 | 2511 | 8.9 |
| SEPTEMBER | 2505 | 2675 | 6.8 |
| TOTAL | 7192 | 7679 | 6.8 |




Note: Rs in crore
Source: Goods and Services Tax
https://services.gst.gov.in/services/advisoryandreleases/read/510
https://services.gst.gov.in/services/advisoryandreleases/read/516
https://services.gst.gov.in/services/advisoryandreleases/read/527

## II. Important recommendations by 54th Meeting of the GST Council held on 9th September 2024

The GST Council inter-alia made the following recommendations relating to changes in GST tax rates, provide relief to individuals, measures for facilitation of trade and measures for streamlining compliances in GST.

### A. Changes/Clarifications in GST Tax Rates:

**GOODS**

**1. Namkeens and Extruded/Expanded Savoury food products**

- The GST rate of extruded or expanded products, savoury or salted (other than un-fried or un-cooked snack pellets, by whatever name called, manufactured through process of extrusion), falling under HS 1905 90 30 to be **reduced from 18% to 12%** at par with namkeens, bhujia, mixture, chabena (pre-packaged and labelled) and similar edible preparations in ready for consumption form which are classifiable under HS 2106 90. The GST rate of 5% will continue on un-fried or un-cooked snack pellets, by whatever name called, manufactured through process of extrusion.
- To also **clarify** that the reduced GST rate of 12% on extruded or expanded products, savoury or salted (other than un-fried or un-cooked snack pellets, by whatever name called, manufactured through process of extrusion), falling under HS 1905 90 30 is applicable **prospectively.**

**2. Cancer Drugs**

- The GST rate on cancer drugs namely, Trastuzumab Deruxtecan, Osimertinib and Durvalumab **to be reduced** from 12% to 5%.

**3. Metal Scrap**

- **Reverse Charge Mechanism (RCM) to be introduced** on supply of metal scrap by unregistered person to registered person provided that the supplier shall take registration as and when it crosses threshold limit and the recipient who is liable to pay under RCM shall pay tax even if supplier is under threshold.
- A **TDS of 2%** will be applicable on supply of metal scrap by registered person in B to B supply.

**4. Roof Mounted Package Unit (RMPU) Air Conditioning Machines for Railways**

- To **clarify** that Roof Mounted Package Unit (RMPU) Air Conditioning Machines for Railways would be classified under HSN 8415 attracting a GST rate of 28%.

**5. Car and Motor cycle seats**

- To **clarify** that car seats are classifiable under 9401 and attract a GST rate of 18%.
- GST rate on car seats classifiable under 9401 **to be increased** from 18% to 28%. This uniform rate of 28% will be applicable **prospectively** for car seats of motor cars in order to bring parity with seats of motorcycles which already attract a GST rate of 28%.

## SERVICES

1. **Life and Health insurance**

- GST Council recommended to constitute a Group of Ministers (GoM) to holistically look into the issues pertaining to GST on the life insurance and health insurance. The GoM members are Bihar, UP, West Bengal, Karnataka, Kerala, Rajasthan, Andhra Pradesh, Meghalaya, Goa, Telangana, Tamil Nadu, Punjab, and Gujarat. The GoM is to submit the report by end of October 2024.

2. **Transport of passengers by helicopters**

- To **notify** GST @ 5% on the transport of passengers by helicopters on seat share basis and to regularize the GST for past period on '*as is where is*' basis. To also **clarify** that charter of helicopter will continue to attract 18% GST.

3. **Flying training courses**

- To **clarify** by way of a circular that the approved flying training courses conducted by DGCA approved Flying Training Organizations (FTOs) are exempt from the levy of GST.

4. **Supply of research and development services**

- The GST Council recommended to **exempt** supply of research and development services by a Government Entity; or a research association, university, college or other institution, notified under clauses (ii) or (iii) of sub-section (1) of section 35 of the Income Tax Act, 1961 using Government or private grants.
- Past demands to be **regularized** on '*as is where is*' basis.

5. **Preferential Location Charges (PLC)**

- To **clarify** that location charges or Preferential Location Charges (PLC) paid along with the consideration for the construction services of residential/commercial/industrial complex before issuance of completion certificate forms part of composite supply where supply of construction services is the main service and PLC is naturally bundled with it and are eligible for same tax treatment as the main supply that is, construction service.

6. **Affiliation services**

(i) To **clarify** that affiliation services provided by educational boards like CBSE are taxable. However, to **exempt** affiliation services provided by State/Central educational boards, educational councils and other similarly placed bodies to Government Schools prospectively. The issue for the past period between 01.07.2017 to 17.06.2021 to be regularized on '*as is where is*' basis.

(ii) To **clarify** by way of circular that the affiliation services provided by universities to their constituent colleges are not covered within the ambit of exemptions provided to educational institutions in the notification No. 12/2017-CT(R) dated 28.06.2017 and GST **at the rate of 18% is applicable** on the affiliation services provided by the universities.

